ആനന്ദ ഏവ വിജയതേ
മനഃ സ്വസ്ഥതൈവാനന്ദഃ
മനോജയ ഏവ മഹാജയഃ
അഹിംസൈവ പരമോ ധർമ്മഃ

ആനന്ദവിമാനം.

ഗ്രന്ഥകർത്താ:-

ബ്രഹ്മാനന്ദസ്വാമി ശിവയോഗി.

ആനന്ദമതാദ്ധ്യക്ഷാ യോഗിനീദേവിയാൽ
പ്രസിദ്ധപ്പെടുത്തുന്നതു്

(4-ാം പതിപ്പു് കോപ്പി 500)

ആലത്തൂർ,
സിദ്ധാശ്രമം പ്രസ്സിൽ
അച്ചടിച്ചതു്.

1954.

വില ഉറുപ്പിക 1. അണ 4. Price Re. 1-4-0.

(സിദ്ധാശ്രമത്തിലെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതം)

1 ആനന്ദഏവവിജയതെ!　3 മനോജയഏവമഹാജയഃ
2 മനഃസ്വാസ്ഥ്യതൈവാനന്ദഃ 4 അഹിംസൈവപരമോധമ്മഃ
5 അജ്ഞാനദുഖായൈവ യജ്ഞാദികമ്മ
6 ആനന്ദമതമേവസഹജംസവ്വേഷാമന്യത് സവ്വംകല്പിതം.

ആനന്ദവിമാനം

BRAHMANANDASWAMI SIVAYOGI

FOUNDER OF

ANANDAMATHA.

ആനന്ദശ്രീ പരമഹംസ ബ്രഹ്മാനന്ദസ്വാമി ശിവയോഗി സൽഗുരു പൂജ്യപാദർ, 1852 ആഗസ്റ്റ് 26-ാംനു അവതരിച്ചു.

അഹിംസ, ആലോചന, പൌരുഷം, ജ്ഞാനം, രാജയോഗം ഇവയുടെ പൂജ്യതയും, അജ്ഞാനകമ്മകാണ്ഡം, അയുക്തമതാചാരങ്ങൾ ഇവയുടെ ത്യാജ്യതയും അനുഭവയുക്തിപുരസ്സരം തെളിയിക്കുന്ന അഥവാ മനുഷ്യനെ മനുഷ്യനാക്കിതീക്കുന്ന ആനന്ദമതം സ്ഥാപിക്കുകയും അനേക മുമുക്ഷുക്കളെ ആനന്ദികളാക്കി തീക്കുകയും ചെയ്തു.

1929 സപ്തമ്പ്ര് 10-ാംതിയ്യതി പുനരുത്ഥാനരഹിതമായ മഹാനന്ദസമാധിയടഞ്ഞു.

ഈ പരമഗുരുവിന്റെ മഹാനന്ദസമാധി പ്രകാശവൈചിത്ര്യം കാണികളേവരേയും ആനന്ദഭരിതന്മാരാക്കി തീത്തു.

എന്ന് ശിഷ്യാ,

യോഗിനീദേവി, ആനന്ദമതാദ്ധ്യക്ഷാ.

ആനന്ദഏവ വിജയതേ

അഹിംസൈവ പരമോധർമ്മഃ

മുഖവിന്യാസം.

പദ്യം

ഇല്ലില്ലീശ്വരനെന്നനാസ്തികമതം വാദിപ്പവർക്കും കരി—
കല്ലുംനമ്മുടെദൈവമെന്നു കരുതും കൂട്ടർക്കുമെല്ലാവനും
നല്ലാനന്ദവിമാനമാണിതു വഴിക്കുല്ലാസമോടെത്തിടാം
തല്ലുംതർക്കവുമെന്നിയെ സഹജമാമാനന്ദലോകത്തിനേ.

ഹിന്ദുക്കളെ വൃഥാ തമ്മിൽതല്ലിപ്പിക്കുന്ന ജാതിഭേദാനാചാരാദികളേയും, വിഗ്രഹാരാധനാദികളായ അജ്ഞാനകർമ്മങ്ങളേയും വിധിച്ചു ഇഹപരസുഖങ്ങളിൽ നിന്നു അധഃപതിപ്പിക്കുന്ന അനവധി കപടപ്രമാണങ്ങൾ ഹിന്ദുമതത്തിൽ കലർന്നു കിടക്കുന്നു. ആ പ്രമാണങ്ങളിൽ ഈശ്വരകല്പിതമാണ്, ആദിനാഥകഥിതമാണ്, മഹർഷിപ്രോക്തമാണ് എന്നിങ്ങിനെ പ്രയോഗിച്ചു കാണുന്നതുകൊണ്ടു ഹിന്ദുക്കൾ അവയെ ബലമായി വിശ്വസിച്ചു അവയിൽ പറയുംപ്രകാരം ആചരിച്ചും വരുന്നു. അതുകൊണ്ടാണ് ഹിന്ദുക്കൾ അധഃപതിച്ചതും അധഃപതിക്കുന്നതും. ആ പ്രമാണങ്ങൾ എല്ലാം ശരി എന്നാണ് ഇന്നുള്ള വിദ്വാന്മാരുടെ വിശ്വാസം. അതുകൊണ്ടാണ് ഇക്കാലത്ത് മതപരിഷ്കാരപ്രിയന്മാരും, പണ്ഡിതന്മാരും, യോഗികൾ, ജ്ഞാനികൾ എന്നു പ്രസിദ്ധപ്പെട്ടവരും ആ കപടപ്രമാണങ്ങളെ അടിസ്ഥാനമാക്കി പ്രസംഗിക്കുന്നതും, പുസ്തകങ്ങളെ എഴുതി കൂട്ടുന്നതും, പത്രങ്ങളിൽ എഴുതിവിടുന്നതും വായനശാലാദികളിൽ ആ പ്രമാണങ്ങളെ കുത്തിനിറച്ചിട്ടുള്ളതും. ഇങ്ങിനെ ഇവർ ചെയ്യുന്നതുകൊണ്ടു "വെളുക്കാൻ തേച്ചു പാണ്ടു പിടിച്ചു" എന്നു പറഞ്ഞകൂട്ടത്തിൽ യഥാർത്ഥജ്ഞാനപരിഷ്കാരം സിദ്ധിക്കാതെ അജ്ഞാനകർമ്മകാണ്ഡത്തിൽ പെട്ടു ദുഃഖിപ്പാനാണ് സംഗതി വർദ്ധിച്ചു വരുന്നതു! നോക്കുക. നായന്മാർ ഗുരുവായൂർ മുതലായ ക്ഷേത്രങ്ങളിൽ കൊ

ണ്ടുപോയി താലികെട്ടു കല്യാണം കഴിച്ചു തുടങ്ങിയിരിക്കുന്നു. അസംബന്ധം ക്ഷേത്രത്തിൽ വെച്ചുചെയ്താൽ അതു സംബന്ധമാകുമൊ? ചത്തപുല പത്തുദിവസത്തെ ആചരിച്ചാൽ മതി എന്നു തീൎച്ചപ്പെടുത്തി അങ്ങിനെ ചില നായന്മാർ ആചരിക്കയാൽ തെക്കൻദിക്കിൽ ചിലേടത്തു് വക്കാണം തുടങ്ങിയിരിക്കുന്നു. പതിനഞ്ചുദിവസം ആചരിച്ചവൎക്കും, പത്തുദിവസം ആചരിച്ചവൎക്കും ആശൌചം (പുല)പോയ അടയാളമൊന്നും കാണുന്നില്ല. വന്നാലല്ലയോ പോകുക? ചില സ്വാമിയാരന്മാർ നായന്മാരെക്കൊണ്ടു ക്ഷേത്രംകെട്ടിച്ച് പൂണുനൂലിടിവിച്ചു ശാന്തിക്കോലം കെട്ടിക്കുവാൻ ശ്രമിച്ചുവരുന്നു. ഈഴവർ ക്ഷേത്രം കെട്ടലും ശാന്തിക്കോലം കെട്ടലും നിറവേററികഴിഞ്ഞു ആശാരിമാരും, തട്ടാരും, കൊല്ലന്മാരും മററു പലരും പൂണുനൂലിട്ടു പിങ്കുടുമ വെച്ചു പൂജാദികൾ തുടങ്ങി. ഈ അജ്ഞാനവിലാസങ്ങൾ ഇവരുടെ ഇടയിൽ പണ്ടുണ്ടായിരുന്നില്ല. ഇക്കാലത്തെ മതപരിഷ്കാര പ്രസംഗാദികളിൽനിന്നുണ്ടായതാകുന്നു. ഹിന്തുക്കൾക്കു മതവിഷയമായ യോഗക്ഷേമത്തെ വരുത്തേണമെന്നു വിചാരിക്കുന്ന കൂട്ടർ ഭേദദൃഷ്ടിയേയും അജ്ഞാനകൎമ്മങ്ങളേയും വൎദ്ധിപ്പിക്കുന്ന കള്ളപ്രമാണങ്ങളെ കളകളെപ്പോലെ കളഞ്ഞു സമദൃഷ്ടി, ദയാ, ജ്ഞാനം, ശാന്തി മുതലായ സൽഗ്ഗുണങ്ങളെ നൽകുന്ന സൽപ്രമാണങ്ങളെ മാത്രം വായനശാലാദികളിൽ സംഗ്രഹിക്കയും അവയെ അടിസ്ഥാനമാക്കി കൎമ്മകാണ്ഡത്തെ അടിച്ചുടച്ചും പ്രസംഗാദികൾ ചെയ്കയുമാണ് വേണ്ടതു്. എന്നാൽ പരിഷ്കാരം പരിഷ്കാരമായിട്ടുതന്നെ പരിണമിക്കും. അല്ലെങ്കിൽ വായനശാലകളും, സംസ്കൃതപാഠശാലകളും ഹിന്തുസൎവ്വകലാശാലയും പ്രസംഗാദികളും "വെളുക്കാൻതേച്ചു പാണ്ടുപിടിച്ചു" എന്നു പറഞ്ഞകൂട്ടത്തിൽതന്നെ.

"ദോഷമുക്തൊയദാ സൂതസ്തദാ മൃത്യുരുജാപഹഃ
സാക്ഷാദമൃതമേവൈഷഃ ദോഷയുക്തോരസോവിഷം"

അൎത്ഥം—രസത്തിന്റെ ദോഷത്തെ നീക്കി സേവിച്ചാൽ മഹാവ്യാധിയെ നീക്കുന്ന ഒരുഅമൃതമാണ് രസം. രസത്തിന്റെ

ദോഷത്തെ നീക്കിയില്ലെങ്കിൽ അതു് വിഷമാണ്. എന്നു രസമഞ്ജരി. ഈശ്വരസൃഷ്ടമാണ് എന്നുകരുതി രസത്തെശുദ്ധിചെയ്തു ദോഷത്തെ നീക്കാതെ സേവിച്ചാൽ കുഷ്ഠം, മൂർച്ഛ, മഹാദാഹം മുതലായ അനേക രോഗത്തെ ഉണ്ടാക്കി കൊല്ലും. അപ്രകാരം ഹിന്തുമതത്തിന്റെ ദോഷാംശത്തെ (കപടപ്രമാണങ്ങളെ) നീക്കാതെ ആചരിച്ചാൽ ജാതിഭേദ കുഷ്ഠവ്യാധി, അജ്ഞാനമൂർച്ഛ, ഉപവാസമഹാദാഹം, പക്ഷഭേദപക്ഷവാതം മുതലായ മഹാരോഗത്തെ ഉണ്ടാക്കി മേലും ഹിന്തുക്കളെ നശിപ്പിച്ചു കൊണ്ടേ ഇരിക്കും. അതിന്റെ നിവാരണത്തിന്നുവേണ്ടിയാണ് ഞാൻ ഹിന്തുമതദോഷാംശമായ കർമ്മകാണ്ഡകപടപ്രമാണങ്ങളെ ഖണ്ഡിച്ചു എന്റെ മോക്ഷപ്രദീപാദികളിൽ സാരാംശമായ യോഗജ്ഞാനത്തെ മാത്രം നിക്ഷേപിച്ചതു. ശസ്ത്രവൈദ്യന്റെ ശസ്ത്രക്രിയ സഹിക്കാതെ ചില രോഗികൾ നിലവിളിച്ചു പല ചാപല്യവും കാണിക്കും. അപ്രകാരം നമ്മുടെ ജ്ഞാനശസ്ത്രക്രിയയെ സഹിക്കാതെ അജ്ഞാനരോഗികൾ നിലവിളികൂട്ടി പല ഗോഷ്ടികളേയും കാണിക്കുന്നുണ്ടു്. ആ ഗോഷ്ടികളുടെ സ്വരൂപമാണ് നമ്മെ ആക്ഷേപിച്ചു ചില പുസ്തകങ്ങളും, പത്രങ്ങളും അനുമോദനപത്രങ്ങളും കാണപ്പെടുന്നവ. അക്കാര്യം ഇരിക്കട്ടെ. ഉണ്ണുമ്പോൾ കല്ലു കടിച്ചാൽ കല്ലിനെ നീക്കിക്കളയുന്നതുപോലെ ആനന്ദാനുഭവത്തിന്നു വിരോധികളായ കപടപ്രമാണങ്ങളെ കണ്ടാൽ തള്ളിക്കളയേണ്ടത് അത്യാവശ്യമാകുന്നു. രസത്തിൽ ദോഷം എങ്ങിനെ കടന്നുകൂടി അപ്രകാരം ഹിന്തുമതത്തിൽ കപടപ്രമാണങ്ങൾ എങ്ങിനെ കടന്നുകൂടി? എന്നു അന്വേഷിച്ചു അറിയേണ്ട ആവശ്യമില്ല. അറിഞ്ഞേ മതിയാവൂ എന്നു ചിലർ വിചാരിക്കുന്നുണ്ടെങ്കിൽ അവർക്കുവേണ്ടി അല്പം പറയാം—

1. ആനന്ദത്തെ നൽകുന്ന യോഗത്തെ വളരെ ഗോപ്യമായി വെക്കേണ്ടതാണ്. മോഹാദികൾകൊണ്ടു അപാത്രങ്ങൾക്കു ഉപദേശിച്ചാൽ അവന്റെ ശിരസ്സ് പൊട്ടിത്തെറിച്ചുപോകും എന്നു ശിവൻ ശപിച്ചിരിക്കുന്നു. ആ ശിവശാപത്തെ ആലോചിച്ചു

സനകാദി സർവ്വമഹർഷികളും ആദിനാഥൻ മുതലായ സർവ്വയോഗികളും ആനന്ദകാരണമായ യോഗത്തെ പുറത്തേക്കുവിട്ടുകൂടാ എന്ന ഭയത്താൽ കപടപ്രമാണങ്ങളെ ഉണ്ടാക്കി യോഗത്തെ മറച്ചുവെച്ചു എന്നു ശിവജ്ഞാനദീപികയിൽ ശിവൻ പറഞ്ഞിരിക്കുന്നു. കേൾപ്പിൻ.

"പ്രഗോപ്യമേവകല്ല്യാണിയോഗമാനന്ദസഞ്ചയം
മോഹാദിഭിരപാത്രേഷു യോപദിഷ്ടോനരാധമഃ"
"ശാപോസ്തീതിശിരസ്തസ്യസ്ഫുടത്യേവസഹസ്രശഃ
ഇതിസഞ്ചിന്ത്യമച്ഛാപംസനകാദ്യാമഹർഷയഃ
ആദിനാഥാദയസ്സർവ്വേബഹിർഗ്ഗമഭിയാധിയാ
ഗോപയന്തിസ്മതന്മൂലംവ്യാജശാസ്ത്രൈശ്ചതൽകൃതൈഃ"

2. സുബ്രഹ്മണ്യൻ അഗസ്ത്യർക്കു യോഗത്തെ ഉപദേശിച്ചപ്പോൾ "ലോകത്തിൽ ഇങ്ങിനെയല്ല കാണുന്നതു, ക്ഷേത്രംകെട്ടി കല്ലിനെ പ്രതിഷ്ഠിച്ചു പൂജിക്കുന്ന സമ്പ്രദായമാണ് കാണുന്നതു. അങ്ങിനെ വരുവാൻ കാരണമെന്താണ്?" എന്നു അഗസ്ത്യൻ ചോദിച്ചു അപ്പോൾ യോഗജ്ഞാനത്തെ അഭ്യസിച്ചു നാട്ടിലുള്ളവരൊക്കെ യോഗികളായിത്തീരും എന്നുകരുതി ശിവൻതന്നെ ലോകത്തെ വിഗ്രഹാരാധന, തീർത്ഥസ്നാനാദികളിൽ ഭ്രമിച്ചു പിശാചത്തെപ്പോലെ അലഞ്ഞുതിരിയുമാറാക്കിയതാകുന്നു എന്നാണു സുബ്രഹ്മണ്യൻ ഉത്തരം പറഞ്ഞതു. അഗസ്ത്യരുടെ ചോദ്യം! "എറലാമെൻറുചൊല്ലിച്ചൊന്നീരയ്യ! ഇവ്വുലകിൽ തൈവകുലമെൻറു ചൊല്ലി, പേരെല്ലാംകൂടി ആലയംതാൻകെട്ടി, പേശാതകല്ലുകളെപ്പിടത്തുവൈത്തു, പാരെല്ലാം പൂചൈ നിവേത്തിയംചെയ്തു പലരുമെക്കൂടിയ തൈപ്പണിയലാമൊ? സുബ്രഹ്മണ്യരുടെ ഉത്തരം. വിളമ്പുകിറേൻ അറിവുള്ള മൈന്താ കേള്, വിതമാക അപ്പടിയുമില്ലാവിട്ടാൽ, നലംപെറവെജ്ഞാനമതൈ പാർത്തുതാനും നാട്ടിലുള്ള ജനങ്കളെല്ലാം യോഗിയാവാർ..................കാണപ്പാകോവിലെൻറും, തീർത്ഥമെൻറും, കാശിനിയിൽ ചെമ്പാലെ വിഗ്രഹം താനെൻറും, പൂണപ്പാഉലകത്തോർ തങ്കളൈത്താൻ പേപോലെ തിരിന്തലയപ്പടത്താരീചൻ" എന്നു സുബ്രഹ്മണ്യജ്ഞാ

നത്തിൽ പറഞ്ഞിരിക്കുന്നു. ആനന്ദയോഗത്തെ അറിവാൻ നിർവ്വാഹമില്ലാതെ ജനങ്ങൾ പിശാചങ്ങളെപ്പോലെ ഓടി അലയേണ്ടതരത്തിൽ യാഗവ്രതവിഗ്രഹാരാധന തീർത്ഥസ്നാനാദി കർമ്മങ്ങളെ കല്പിക്കുന്ന കപടപ്രമാണങ്ങൾ വേദാദികളായ ഹിന്തുമത ഗ്രന്ഥങ്ങളിൽ സർവ്വത്ര കലർന്നു കിടക്കുന്നതു ശരിയാണ്. അതുകൊണ്ടാണ് യോഗം പ്രചാരത്തിൽ വരാഞ്ഞതും "നയോഗഃപൃഥിവീതലെ" യോഗം ഭൂമിയിലില്ലെന്നു ദേവീഭാഗവതത്തിൽ പറവാൻ കാരണമായതും. മേൽകാണിച്ച ശിവജ്ഞാനദീപികയിലും സുബ്രഹ്മണ്യജ്ഞാനത്തിലും പറയുന്നതുപോലെ പറയുന്നതായാൽ സനകാദിമഹർഷികളും, ശിവനും ചെയ്തതുപോലെ ശ്രീകൃഷ്ണനും ആനന്ദയോഗത്തെ മറച്ചുവെക്കുവാൻവേണ്ടിയും നാട്ടിലുള്ളവരെല്ലാം യോഗികളായിത്തീർന്നുകൂടാ എന്നു കരുതിയും ഗീതയിൽ അജ്ഞാനകർമ്മകാണ്ഡത്തെ ഇടകലർന്നു വർഷിച്ചതാണെന്നു പറയുന്നതിന്നു യാതൊരു വിരോധവും ഇല്ല. ഞാൻ അങ്ങിനെ പറയുകയില്ല. സനകാദിമഹർഷികളെയും ശിവനെയും മറ്റും ദൂഷ്യപ്പെടുത്താതെതന്നെ കഴിപ്പാൻ മതിയായ കാരണം ഉണ്ടു്

1. കർമ്മകാണ്ഡാചാര്യന്മാർ തങ്ങളുടെ പൂജ്യതയേയും ലഭ്യത്തേയും നിലനിർത്തുവാൻവേണ്ടി യോഗത്തിലും, ജ്ഞാനത്തിലും കർമ്മകാണ്ഡത്തെ കലർത്തിട്ടുണ്ട്. ഇങ്ങിനെ സ്വാർത്ഥതൽപരന്മാർ ഹിന്തുമതത്തിൽ പലതും എഴുതിച്ചേർത്തിട്ടുണ്ടു്.

"ദ്വിജൈർഭോഗരതൈർവ്വേദെ ദർശിതംഹിംസനംപശോഃ"

അർത്ഥം—ഭോഗതൽപരന്മാരായ ദ്വിജന്മാർ വേദത്തിൽ (ജ്ഞാനത്തിൽ) പശുഹിംസ വേണമെന്നു കാണിച്ചതാകുന്നു. (പശുഹിംസയോടുകൂടിയ യാഗകർമ്മത്തെ ചേർത്തതാകുന്നു) എന്നു ദേവീഭാഗവതത്തിൽ പറഞ്ഞിരിക്കുന്നു. "നാനാകപടശാസ്ത്രാണി പ്രപഞ്ചകഥിതാനിവൈ" അനേക കപടശാസ്ത്രങ്ങൾ പ്രപഞ്ചത്തിൽ പ്രശംസിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നു ശിവജ്ഞാനദീപികയിൽ പറഞ്ഞിരിക്കുന്നു 2. സമദൃഷ്ടി, ദയാ, ജ്ഞാനം, ശാന്തി, സ്വാനുഭവം മുതലായതു് തികഞ്ഞു പരിപക്വദശയിൽ

എത്തുന്നതിന്നുമുമ്പായി പാണ്ഡിത്യഡംഭംകൊണ്ടും മതഗ്രന്ഥങ്ങൾ പലതും എഴുതിയിട്ടും വ്യാഖ്യാനിച്ചിട്ടും ഉണ്ടു. ഇന്നും അങ്ങിനെ ചെയ്യുകാണുന്നു. ഇങ്ങിനേയും ഹിന്തുമതത്തിന്നു അശുദ്ധി ഭവിച്ചിട്ടുണ്ടു. 3. പല പുഷ്പങ്ങളെയും കലൎന്നു ഒരു പൂമാലയേയും പല മണികളേയും കലൎന്നു ഒരു മണിമാലയേയും കോൎത്തുണ്ടാക്കുന്നതുപോലെ പല ഗ്രന്ഥങ്ങളിൽ പറയുന്നതിനെ എടുത്തു ചേൎത്ത് ഒരു ഗ്രന്ഥത്തെ ഉണ്ടാക്കുന്ന സമ്പ്രദായം ഇന്നും ഗ്രന്ഥകാരന്മാരുടെ ഇടയിൽ പ്രസിദ്ധമാണ്. അങ്ങിനെ രചിക്കുന്നതുകൊണ്ടും യോഗവും, ജ്ഞാനവും, വിഗ്രഹാരാധന, വ്രതം, തീൎത്ഥാടനം മുതലായ കൎമ്മങ്ങളും ഒരേ ഗ്രന്ഥത്തിൽ ഇടകലൎന്നു കാണുന്നതാണ്. ഗ്രന്ഥകാരന്മാർ ആത്മാനന്ദാനുഭവമില്ലാത്തവരായതുകൊണ്ടു "ഇതെല്ലാം മുക്തിഭുക്തികൾക്കു ഉതകുന്നതാണെ"ന്നു അതാതു ഗ്രന്ഥങ്ങളിലെ പ്രയോഗംകണ്ടു വിശ്വസിച്ചു അതെല്ലാം എടുത്ത് ചേൎത്തു ഗ്രന്ഥമാലകളെ കോൎക്കുന്നതാണ്. ആത്മാനന്ദാനുഭവമുള്ളവരാകുന്നു എങ്കിൽ മുക്തിക്കുപകരിക്കുന്ന മനോലയമാൎഗ്ഗത്തെ (യോഗജ്ഞാനസാരാംശത്തെ) മാത്രമെ എടുത്തു എഴുതുകയുള്ളൂ. ജ്ഞാനകാണ്ഡത്തേയും മുക്തിക്കു വിരോധമായ അജ്ഞാനകൎമ്മകാണ്ഡത്തേയുംകൂടി കലൎന്നു ഒരുഗ്രന്ഥത്തെ ഒരിക്കലും എഴുതുകയില്ല. എന്തിന്നു അധികം പറയുന്നു? ഹിന്തുക്കൾക്ക് തത്വം മനസ്സിലാകാതെ തമ്മിൽതല്ലേണ്ട തരത്തിലും കഠിനകഷ്ടത്തിൽ പെടേണ്ട തരത്തിലുമാണ് ഹിന്തുമതഗ്രന്ഥങ്ങളുടെ കിടപ്പു. അതു നമുക്കു ഇന്നു അനുഭവമാണല്ലോ. ഗ്രന്ഥകാരന്മാർ പറഞ്ഞതെല്ലാം ശരി എന്നു വിശ്വസിപ്പാൻ വേണ്ടി ഈശ്വരോക്തമാണു, അവതാരപ്രോക്തമാണു എന്നും മററും ഗ്രന്ഥങ്ങളിൽ പ്രയോഗിച്ചിട്ടും ഉണ്ടു. അവയെ വിശ്വസിച്ചു ജനങ്ങൾ ആനന്ദപദവിയിൽനിന്നു പതിക്കുന്നു. അതിന്റെ നിവാരണത്തിന്നു വേണ്ടി ഗ്രന്ഥകാരന്മാരാൽ കല്പിക്കപ്പെട്ട ന്യൂനതകളിൽ ചിലതിനെ ഈ ആനന്ദവിമാനത്തിലും ഞാൻ വിശദമാക്കിയതാകുന്നു ഭഗവൽഗീതാദി പ്രമാണങ്ങൾ ശ്ലോക

ങ്ങളായിരിക്കുന്നതുകൊണ്ടുതന്നെ ഗ്രന്ഥകാരന്മാരാൽ കല്പിക്കപ്പെട്ടവയാണെന്നു അനുഭവപ്പെടുന്നു. പണ്ടുണ്ടായിരുന്ന കൃഷ്ണാൎജ്ജുനാദികളും ഇന്നുള്ളവരും പരസ്പരം സംസാരിക്കുന്നതും വാദപ്രതിവാദങ്ങൾ ചെയ്യുന്നതും ശ്ലോകത്തിലും, പാട്ടിലും സംഗീതത്തിലും മററുമാണൊ? അല്ല.

"അഷ്ടാദശപുരാണാനികവിഭിഃ കല്പിതാനിവൈ
തേഷുമുഹ്യന്തിചജനാധൎമ്മാധൎമ്മഭിയാവൃഥാ
നസൂക്ഷ്മംഗ്രസതെവിദ്വാൻപ്രപഞ്ചരസസംഗതഃ"

പതിനെട്ടു പുരാണങ്ങൾ കവികളാൽ നിൎമ്മിക്കപ്പെട്ടവയാകുന്നു. അവയിൽ ജനങ്ങൾ ഇതു ധൎമ്മം, ഇതു അധൎമ്മം എന്ന ഭയത്തോടുകൂടി വൃഥാ മോഹിക്കുന്നു. പ്രപഞ്ചരസാസക്തനായ പണ്ഡിതൻ സൂക്ഷ്മത്തെ അറിയുന്നില്ല. എന്നു ശിവജ്ഞാനദീപികയിൽ പറഞ്ഞിരിക്കുന്നു. അപ്പോൾ പ്രമാണംകൊണ്ടും, അനുഭവംകൊണ്ടും ഭഗവൽഗീതാദികൾ കവികളാൽ കല്പിക്കപ്പെട്ടവയാണെന്നു സിദ്ധിച്ചു. ഗ്രന്ഥങ്ങളിലെ പരസ്പരവിരോധങ്ങളെയും അസംഭവങ്ങളുടെ സംഭവങ്ങളേയും മററും ആലോചിച്ചാലും കവികളാൽ ഒരുകാലത്തു കല്പിക്കപ്പെട്ടവയാണെന്നു തെളിയുന്നു. ഭഗവൽഗീത പതിനെട്ടു അദ്ധ്യായവും യുദ്ധാരംഭത്തിൽ അല്പസമയംകൊണ്ടു പറഞ്ഞവസാനിക്കുമൊ? പറഞ്ഞു അവസാനിക്കുന്നതുവരെ രണ്ടൊ നാലൊ ദിവസത്തേക്കു യുദ്ധം നിൎത്തിവെച്ചതായിട്ടും കാണുന്നില്ല. അരികളുടെ അലൎച്ചകൊണ്ടും ചെകിടടയുമാറുള്ള ആനകാദി വാദ്യങ്ങളുടേയും, ആനകളുടേയും, അശ്വങ്ങളുടേയും, ഞാണൊലികളുടേയും, ധ്വനിപ്രതിധ്വനികൾകൊണ്ടും, ദ്യാവാഭൂമികൾകൂടി മുഴങ്ങിക്കൊണ്ടിരിക്കുമ്പോൾ കലഹഭൂമിയിലെ കോലാഹലം പറയേണ്ടതുണ്ടൊ? അവിടെവെച്ചു ശ്ലോകരൂപേണ ഈ ഭാരിച്ച ഭഗവൽഗീതയെ ഭാഷിച്ചതു എങ്ങിനെയാണ്. ആ ഭാഷണത്തെ എങ്ങിനെയാണു കേൾക്കുക? എന്നല്ല പ്രകൃതത്തിന്നു ഉപയോഗമുള്ള ക്ഷത്രിയധൎമ്മമായ യുദ്ധത്തെ മാത്രം ഉപദേശിച്ചു അൎജ്ജുനനെ ധീരനാക്കി യുദ്ധത്തിൽ പിടിച്ചിറക്കുവാ

നല്ലയൊ സംഗതിയുള്ളതു? ധീരനാക്കുവാൻ ആ വിശ്വരൂപത്തെ ഒന്നു കാണിച്ചാൽ മതിയല്ലൊ. "കൃഷ്ണൻ സാക്ഷാൽ ഈശ്വരൻ തന്നെ" എന്നു ആ വിശ്വരൂപത്തെ കണ്ട മാത്രക്കു അൎജ്ജുനന്നു ബോദ്ധ്യംവരും. ലോകത്തെ മുഴുവനും ഹിംസിപ്പാൻ പറഞ്ഞാലും അൎജ്ജുനൻ ചെയ്യും. പാപഭയ ശങ്കയൊ മററൊ ലവലേശം അങ്കുരിക്കയില്ല. അങ്ങിനെ ഇരിക്കെ അപ്രകൃതങ്ങളായ ബ്രാഹ്മണാദി ധൎമ്മങ്ങൾ, സാംഖ്യയോഗം, കൎമ്മയോഗം, കൎമ്മസന്ന്യാസയോഗം, സന്ന്യാസയോഗം, ധ്യാനയോഗം, വിജ്ഞാനയോഗം, താരകബ്രഹ്മയോഗം, രാജഗുഹ്യയോഗം, വിഭൂതിയോഗം, ഭക്തിയോഗം, ശ്രദ്ധാത്രയവിഭാഗയോഗം, പ്രകൃതിപുരുഷവിവേകയോഗം, ഗുണത്രയവിഭാഗയോഗം, പുരുഷോത്തമയോഗം, മോക്ഷസന്ന്യാസയോഗം എന്നിങ്ങിനെ പലതരത്തിൽ പരിഭ്രമിക്കേണ്ട വിധത്തിൽ ഗ്രന്ഥവിസ്താരത്തെ വരുത്തുവാൻ സംഗതിയുണ്ടൊ? അതിന്നപ്പോൾ മനസ്സു വരുമൊ? സമയമുണ്ടൊ? സമരകോലാഹല സമയമല്ലയൊ? ഭവനത്തിൽ തീപ്പിടിപെട്ടിരിക്കുന്ന സമയത്ത് കൂപത്തെകുഴിപ്പാൻ (കിണറു കുഴിപ്പാൻ) ആരെങ്കിലും പുറപ്പെടുമൊ? പുറപ്പെടുന്ന പക്ഷവും "ധൎമ്മാല്പോഗ്രന്ഥവിസ്തരഃ" ധൎമ്മം ചുരുക്കം മററുള്ളതെല്ലാം ഗ്രന്ഥവിസ്താരം എന്ന പ്രമാണത്തെ അനുസരിച്ചു ഗ്രന്ഥവിസ്താരത്തിന്നു പുറപ്പെടാതെ ചുരുക്കത്തിൽ ധൎമ്മത്തെ ധരിപ്പിക്കുവാനല്ലയൊ പുറപ്പെടുക? മോക്ഷവിരോധികളായ ജാതിഭേദ യാഗാദികൎമ്മങ്ങളെ ഉപദേശിക്കുമൊ? എന്നിങ്ങിനെ ആക്ഷേപിക്കുമ്പോൾ ചെവി കൊടുക്കുന്നില്ല. എന്നുമാത്രമല്ല നമ്മുടെ കൂട്ടർ കയക്കയും ചെയ്യുന്നു. ആക്ഷേപത്തിൽ വല്ലന്യായമുണ്ടൊ, വല്ലഗുണമുണ്ടൊ, ഉണ്ടെങ്കിൽ എടുക്കാം, ഇല്ലെങ്കിൽ തള്ളിക്കളയാം എന്നു വിചാരിച്ചു ഒന്നു ക്ഷമിക്കുന്നില്ല. ചിലർ "കലികാലദോഷമാണു, അതാണ് ജാതിഭേദാനാചാരവിഗ്രഹാരാധനാദികളെയും ഭഗവൽഗീതയെയും ആക്ഷേപിക്കുന്നതു" എന്നു കണ്ണുചിമ്മി പറയുന്നു. എന്റെ മോക്ഷപ്രദീപാദികളെ വായിച്ച സാരഗ്രാഹിയായ ഒരു ചെറുപ്പക്കാ

രൻ കൂടി ഇങ്ങിനെ പറയുകയില്ല. അത്ര യുക്തിയുക്തമായി കലികാലാപവാദത്തെയും, വിഗ്രഹാരാധനാദികളെയും ജാതിഭേദത്തെയും ഞാൻ ഖണ്ഡിച്ചിട്ടുണ്ടു്. ജാതിഭേദങ്ങളും തത്തൽധർമ്മകർമ്മങ്ങളും ദൈവകല്പിതങ്ങളൊ സഹജങ്ങളൊ ആകുന്നുവെങ്കിൽ അവയെ ഖണ്ഡിപ്പാൻ ആരും ഇച്ഛിക്കയില്ല. അവനവന്റെ കണ്ണിനെ കുത്തിപ്പൊട്ടിക്കുവാനൊ സൌന്ദര്യത്തെ കളവാനൊ സഹജമായ സുഖത്തെ ത്യജിപ്പാനൊ ആരെങ്കിലും ഇച്ഛിക്കുമൊ? ഇല്ല. അപ്പോലെ സഹജങ്ങളാണു് ജാതിഭേദധർമ്മങ്ങൾ എന്നു വരികിൽ അവയെ നശിപ്പിപ്പാൻ പടുമൂഢനും ഇച്ഛിക്കയില്ല.

"ദാസ്യായൈവഹിസൃഷ്ടൊസൌബ്രാഹ്മണസ്യസ്വയംഭുവാ"

എന്നു മനുസ്മൃതിയിൽ പറഞ്ഞപ്രകാരം ബ്രാഹ്മണരുടെ ശുശ്രൂഷക്കുവേണ്ടി മാത്രമാകുന്നു ബ്രഹ്മാവു് ശൂദ്രരെ സൃഷ്ടിച്ചതു എങ്കിൽ ഇന്നു ബ്രാഹ്മണർ ജോഡുകൊണ്ടു അടിച്ചു ഓടിച്ചാലും ശൂദ്രർ ബ്രാഹ്മണരുടെ പാദമെ ശരണം എന്നു പറഞ്ഞു ശുശ്രൂഷിച്ചു കിടക്കുമായിരുന്നു. ബ്രാഹ്മണ ശുശ്രൂഷയെ വിടുകയില്ല. സഹജമായ സ്വഭാവത്തെ ആർ വിടും? വിട്ടാലും പോകയില്ല. ചന്ദ്രൻ ശീതളത്വത്തെവിടുമൊ? വിട്ടാലും അതു പോകുമൊ? ബ്രാഹ്മണത്വവും ഈശ്വരകല്പിതമൊ സഹജമൊ ആകുന്നുവെങ്കിൽ അതിനെ ഉപേക്ഷിപ്പാൻ ബ്രാഹ്മണർക്കും തോന്നുകയില്ല. ചില ബ്രാഹ്മണർ യാഗാദി സഹജധർമ്മങ്ങളെ ഉപേക്ഷിച്ചു ക്രിസ്ത്വാദിമതത്തിൽ ചേരുകയില്ല. ചേർന്നാലും കൃസ്ത്യന്മാരാകയില്ല. ആന ആട്ടിൻകൂട്ടത്തിൽ ചേർന്നാൽ ആടാകുമൊ? ഇല്ല. ഇങ്ങിനെ ആലോചിക്കുമ്പോൾ ജാതിഭേദധർമ്മങ്ങളും വിഗ്രഹാരാധനാദി കർമ്മങ്ങളും ദൈവകല്പിതങ്ങളൊ സഹജങ്ങളൊ എന്നു സ്വല്പവിശങ്കിപ്പാൻഅവകാശമില്ല. ഭേദദൃഷ്ടികളും സ്വാൎത്ഥതൽപരന്മാരും ദയാഹീനന്മാരും ആത്മതത്വത്തെ അറിയാത്തവരുംആയ ഗ്രന്ഥകാരന്മാരുടെ പ്രബലതകൊണ്ടു ജാതിഭേദങ്ങളും തത്തൽധർമ്മകർമ്മങ്ങളും പണ്ടു കല്പിക്കപ്പെട്ടവയാകുന്നു. അവയിലുള്ള ന്യൂനതകളെ

സമദൃഷ്ടികളായ ജ്ഞാനികൾ കണ്ടുപിടിച്ചു ആക്ഷേപിക്കുമ്പോൾ "അവർ അസുരസ്വഭാവികളാണ്, നിരീശ്വരന്മാരാണ്, കലികാലദോഷമാണ് അതാണ് ഇങ്ങിനെ ആക്ഷേപിക്കുന്നതു" എന്നും മററും സമാധാനം പറഞ്ഞു പരിഹസിച്ചു തങ്ങളുടെ കൃതികളെ നിലനിൎത്തുവാൻവേണ്ടി മുൻകൂട്ടി പല ഉപായങ്ങളേയും കല്പിച്ചിട്ടുണ്ട്. അവയിൽ ഒന്നാണ് "കലികാലത്തു വൎണ്ണധൎമ്മാശ്രമാചാരങ്ങൾക്കു ലോപം വരും, കലി നീചനാണു, അതുകൊണ്ടു നീചന്മാർ മഹത്വത്തെ പ്രാപിക്കും, നിരീശ്വരന്മാർ വൎദ്ധിക്കും" എന്നുംമററും ഇടക്കിടെ ഗ്രന്ഥങ്ങളിൽ കാണുന്ന പ്രയോഗം. കലിയുഗത്തിന്നു സഹജമായ ധൎമ്മത്തിന്നു ലോപം വരുത്തുവാനൊ വിപരീതമാക്കുവാനൊ ഉള്ള ദോഷശക്തിയുണ്ടെങ്കിൽ എന്താ കലികാലമാണെന്നു പറയപ്പെടുന്ന ഇക്കാലത്ത് കരിമ്പിന്റെ മാധുൎയ്യത്തിന്നും, ചന്ദ്രന്റെ ശീതളത്വത്തിന്നും, സജ്ജനത്തിന്റെ സൽസ്വഭാവത്തിന്നും ലോപം വരുത്താത്തതു (ഹാനി വരുത്താത്തതു) എന്താ കരിമ്പിന്നു കശപ്പിനേയും കാരസ്കരത്തിന്നു (കാഞ്ഞിരത്തിന്നു) മാധുൎയ്യത്തേയും, ചന്ദ്രന്നു ഉഷ്ണത്തേയും, സജ്ജനത്തിന്നു അസൽസ്വഭാവത്തേയും കലികാലദോഷം ഉണ്ടാക്കാത്തതു? കലികാലത്തിന്റെ ദോഷമാണെങ്കിൽ സമദൃഷ്ടി ദയാ ജ്ഞാനവിശിഷ്ടങ്ങളായ സൽശാസ്ത്രങ്ങളെ ജ്ഞാനികൾ ആക്ഷേപിക്കാത്തതു എന്താണു? കലികാലത്തിന്നു ശത്രു കൎമ്മകാണ്ഡക്കാരണവർ മാത്രമെ ഉള്ളൂ എന്നുണ്ടൊ? നല്ലകാലമാണെന്നു ഹിന്തുക്കളാൽ വിചാരിക്കപ്പെടുന്ന കൃതത്രേതാദ്വാപരകാലങ്ങളിലും ജ്ഞാനികൾ ജാതിഭേദയാഗവിഗ്രഹാരാധനാദി കൎമ്മങ്ങളെ പ്രതിപാദിക്കുന്ന കൎമ്മകാണ്ഡത്തെ ആക്ഷേപിച്ചതു എന്താണ്? നമ്മുടെ ജ്ഞാനികൾക്കു പുറമെ കലികാലമെന്ന ഒരു കാലമുണ്ടെന്നു സമ്മതിക്കാത്ത അന്യമതക്കാരും ജാതിഭേദവിഗ്രഹാരാധനാദി കൎമ്മങ്ങളെ ആക്ഷേപിക്കുന്നതു എന്താണു? ഭേദദൃഷ്ട്യാ കലഹിപ്പിച്ചിട്ടും വ്രത തീൎത്ഥങ്ങളാൽ പട്ടിണി കിടത്തിയിട്ടും പലദിക്കിലലയിപ്പിച്ചിട്ടും വിഗ്രഹാരാധനാദി കൎമ്മങ്ങ

ളിൽ ചാടിച്ചിട്ടും ദുഃഖത്തിൽപെടുത്തുന്ന കർമ്മകാണ്ഡക്കാരണ വൻെറ ദോഷമെന്നല്ലാതെ കലികാല ദോഷമാണെന്നൊ മററൊ ശബ്ദിപ്പാൻ അവകാശമില്ല. ഗ്രന്ഥകാരന്മാരുടെ കൃതികളിൽ കാണുന്ന കഥ ഉള്ളതോ ഇല്ലാത്ത കെട്ടുകഥയൊ എങ്ങിനെയു ള്ളതൊ ആയിരുന്നു കൊള്ളട്ടെ. ഏതിൽനിന്നും സാരമെടുക്കേ ണ്ടതാകകൊണ്ടു ഭഗവൽഗീതയുടെ സാരാംശത്തെ ഞാൻ മോക്ഷ പ്രദീപത്തിൽ എടുത്തു ചേർത്തിട്ടുണ്ടു. സാരാംശം അപ്രകാരമല്ല, "ഭഗവൽഗീതാദി ഗ്രന്ഥങ്ങൾ മുഴുവനും സാരംതന്നെ. അധികാ രിതാരതമ്യേന ജാതിഭേദങ്ങളും വിഗ്രഹാരാധനാദികർമ്മങ്ങളും അവയിൽ കല്പിച്ചിട്ടുള്ളതാണു, അതെല്ലാം അനുഷ്ഠിക്കപ്പെടേ ണ്ടവ തന്നെ ഭഗവാൻ പറഞ്ഞിട്ടുള്ളതാണു" എന്നു വാദിച്ചു നമ്മോടു കലഹത്തിന്നു വരുന്നതു അന്ധവിശ്വാസം കൊണ്ടും, അജ്ഞാനംകൊണ്ടും, അസൂയകൊണ്ടും തന്നെ എന്നു തെളിയിക്കു ന്നതു ലോകയോഗക്ഷേമത്തിന്നു ഉതകുന്നതുകൊണ്ടു ഭഗവൽഗീ താദികളിലെ ചില ന്യൂനതകളെ ഈ ആനന്ദവിമാനത്തിൽ വി ശേഷിച്ചു തെളിയിച്ചതാകുന്നു. ന്യൂനതകളെ തെളിയിച്ചുകൊടു ക്കുമ്പോൾ യുക്തികൊണ്ടും അനുഭവംകൊണ്ടും സമാധാനിക്കാതെ "കലികാലദോഷമാണു, നിരീശ്വരനാണു, അഹങ്കാരിയാണു" എന്നുംമററും പറഞ്ഞു കൊഞ്ഞനം കാണിക്കുന്നതു പണ്ഡിതന്മാ ൎക്കു മണ്ഡനമല്ല. ഇങ്ങിനെ ഗോഷ്ഠികാണിക്കുന്നതു ശരിയായി സമാധാനിക്കുവാൻ കഴിയാത്ത കാരണമാകുന്നു. ഹിന്തുമതത്തിൽ കലൎന്നുകിടക്കുന്ന കള്ളപ്രമാണങ്ങളെ ആക്ഷേപിച്ചാലെ ഹിന്തു ക്കൾക്കു യോഗക്ഷേമം ഭവിക്കയുള്ളു. അതിന്നു ഒരുവൻ പുറപ്പെ ട്ടാൽ "അവൻ അഹങ്കാരിയാണു, സമദൃഷ്ടിയുള്ള ജ്ഞാനിയല്ല, സമദൃഷ്ടിയുള്ള ജ്ഞാനി ചിലതിനെ ആക്ഷേപിക്കയും ചിലതി നെ അംഗീകരിക്കയും ചെയ്യുമൊ? നന്മയെന്നും, തിന്മയെന്നും ജ്ഞാനിക്കു രണ്ടുണ്ടൊ. എല്ലാംഒരുപോലെ വിചാരിക്കയെഉള്ളു" എന്നുംമററും അധിക്ഷേപിക്കുന്നു. ഈ അധിക്ഷേപകന്മാൎക്കു ഇഷ്ടപ്പെട്ട ജ്ഞാനികളെ കാണേണമെങ്കിൽ ഭ്രാന്താസ്പത്രിയിൽ

തന്നെ പോകണം. അവിടെ നന്മതിന്മകളെ ഗണിപ്പാൻ തലച്ചോറില്ലായ്കയാൽ അന്നത്തേയും അമേദ്ധ്യത്തേയും കലൎന്നു കൊടുത്താൽ അപ്പടിയെ തിന്നുന്ന ജ്ഞാനികളെ കാണാം. സൎവ്വമതങ്ങളിലും ഉള്ള ജ്ഞാനികളാണു സത്ത് എന്നും, അസത്തു എന്നും നന്മതിന്മകളെ ഭാഗിച്ചിട്ടുള്ളതു അവരെല്ലാം സമദൃഷ്ടിയില്ലാത്ത അഹങ്കാരികളായ അജ്ഞാനികളാണൊ? "യുക്തിയുക്തമുപാദേയം.........അന്യത്വന്നാമിവത്യാജ്യം" "യൽസാരഭൂതം തദുപാസിതവ്യം" ഇത്യാദി പ്രമാണങ്ങൾകൊണ്ടു യുക്തിയുള്ളതിനേയും സാരമുള്ളതിനേയും സ്വീകരിക്കേണം, മററുള്ളവയെ പുല്ലുപോലെതള്ളിക്കളയേണം എന്നുപറഞ്ഞ പ്രമാണകൎത്താക്കന്മാരും ആ വചനത്തെ അനുസരിക്കുന്ന സൎവ്വമതസ്ഥസാരഗ്രാഹികളും സമദൃഷ്ടിയില്ലാത്ത അഹങ്കാരികളായ അജ്ഞാനികളാണൊ? അജ്ഞാനകൎമ്മക്കാരണവന്റെ കാൎയ്യസ്ഥന്മാൎക്കു എന്താ പറഞ്ഞുകൂടാത്തതു? അവൎക്കൊ കപടപ്രമാണങ്ങളെ കണ്ടുപിടിപ്പാൻ ജ്ഞാനക്കണ്ണില്ല. ജ്ഞാനക്കണ്ണുള്ളവരിൽ അസൂയയും അതിയായിട്ടുണ്ടു. അതിരില്ലാത്ത മത്സരവും ഉണ്ടു്. ഈ ത്രിദോഷകോപസന്നിപാതം ഇവരെ ഏതുകാലത്തുവിടുമൊ എന്നറിയുന്നില്ല. മേൽപറഞ്ഞ സന്നിപാതലക്ഷണം തികഞ്ഞുകാണാത്ത പലൎക്കും നമ്മുടെ മോക്ഷപ്രദീപാദി ദിവ്യരസായനം നല്ലവണ്ണം ഫലിച്ചു കാണുന്നുണ്ടു. അവൎക്കു ഇതു കലിയുഗമായിട്ടല്ലാ ഇരിക്കുന്നതു. ആനന്ദയുഗമായിട്ടാണു തീൎന്നിട്ടുള്ളതു എന്നതു ആനന്ദസോപാനത്തെ വായിച്ചുനോക്കിയാൽ അറിയാം. അങ്ങിനെയുള്ളവരുടെ ആനന്ദവൎഷത്തെ അല്ലാതെ കൎമ്മവേദാന്തയോഗികളുടെ ആക്ഷേപവൎഷത്തെ ഞാൻ വിലവെച്ചിട്ടില്ല. അതുതന്നെയാണ് ഈആനന്ദവിമാനത്തിന്നുംകാരണം. ഹിന്തുക്കൾമതതത്വത്തെ അറിയാതെയാണ് മററു മതങ്ങളിലേക്കു ഓടിപ്പോകുന്നതും മത്സരിച്ചു മഹാദുഃഖത്തിൽ മുങ്ങിമയങ്ങിക്കിടക്കുന്നതും. ആ മതതത്വത്തെ എല്ലാവൎക്കും മനസ്സിലാക്കുവാൻ യോഗജ്ഞാനശാലകളെ ഏൎപ്പെടുത്തി തത്വപ്രസംഗമാണു ചെയ്യേണ്ടതു. അങ്ങി

നെ ചെയ്യാതെ അജ്ഞാനത്തെ വൎദ്ധിപ്പിക്കുന്ന അമ്പലപ്പണിക്കു അനേകായിരം ഉറുപ്പിക ചിലവുചെയ്യുന്നു. അമ്പലം ആദ്യപടവാണെന്നു പ്രസംഗിക്കയും ചെയ്യുന്നു. തിരിഞ്ഞാലും മറിഞ്ഞാലും എവിടെ നോക്കിയാലും ക്ഷേത്രങ്ങൾ ഉണ്ടു. അവയെ കാണുമ്പോൾ ഒരു കുട്ടിക്കൂടി കുമ്പിടുന്നതും ഉണ്ടു. ആ കുട്ടിക്കു പ്രസംഗിച്ചു അജ്ഞാനത്തെ അകത്തു കടത്തിയിട്ടാണൊ അങ്ങിനെ ചെയ്യുന്നതു? അല്ല അജ്ഞാനകൎമ്മങ്ങളെ പഠിക്കുവാൻ ആരുടേയും പ്രസംഗം വേണ്ടാ. "കാക്കേ! നീ കറുത്തിരിക്ക്, കാഞ്ഞിരമേ നീ കയ്ക്കു്, ജലമേ! നീ താണപ്രദേശത്തേക്കു ഒഴുക" എന്നു പ്രസംഗിക്കേണ്ടാ, പുസ്തകങ്ങളേയും എഴുതി അച്ചടിപ്പിക്കേണ്ട. അപ്രകാരം കൎമ്മകാണ്ഡയന്ത്രത്തിരുപ്പിൽ പണ്ടേ തന്നെ ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന ഹിന്തുക്കളെ അതിലേക്കു തിരിക്കുവാൻ പ്രസംഗങ്ങളും നൂതന പുസ്തകങ്ങളും ആവശ്യമില്ല. തൊണ്ണൂറു വയസ്സായിട്ടും ഹിന്തുമതതത്വം എന്തെന്നറിയാതെ അന്ധാളിച്ചു കൎമ്മാന്ധാന്ധുവിൽകിടന്നു അന്തരിക്കുന്ന ഹിന്തുസന്തതികളെ ഉദ്ധരിക്കുന്ന യോഗജ്ഞാന പ്രസംഗങ്ങളോടുകൂടിയ യോഗജ്ഞാന ശാലകളെയാണ് പ്രതിഷ്ഠിക്കേണ്ടതു. എന്നാൽ അമ്പലങ്ങളിലെ അജ്ഞാനക്കൂത്തു കാണുമ്പോൾ അവിടേക്കു ഓടിപ്പോയി അജ്ഞാനകൎമ്മത്തെ കണ്ടു പഠിക്കുന്നതുപോലെ യോഗജ്ഞാന ശാലകളെ കാണുമ്പോൾ അവിടേക്കു ഓടിപ്പോയി യോഗജ്ഞാന പ്രസംഗങ്ങളെ കേട്ടു ഹിന്തുമതതത്വത്തേയും മനസ്സിലാക്കിത്തുടങ്ങും. ഈ ആനന്ദവിമാനത്തിൽ ആക്ഷേപിച്ചിട്ടുള്ളതു ഗ്രന്ഥകാരന്മാരാൽ കല്പിക്കപ്പെട്ട അവതാരാദികളേയും ഈശ്വരനേയും അവരുടെ ന്യൂനതകളേയും പററിയാകുന്നു. അല്ലാതെ യഥാൎത്ഥപ്രവൎത്തകന്മാരെയും യഥാൎത്ഥദൈവത്തേയും പററിയല്ല. ശിവൻ, വിഷ്ണു, ശ്രീരാമൻ, ശ്രീകൃഷ്ണൻ മുതലായി ക്ഷേത്രങ്ങളിൽ കാണപ്പെടുന്ന ദേവന്മാർ ശില്പികളാൽ നിൎമ്മിക്കപ്പെട്ടവരാകുന്നു. കഥകളിയിൽ കാണപ്പെടുന്ന ശിവവിഷ്ണുശ്രീരാമകൃഷ്ണാദികൾ കളിക്കാരാൽ നിൎമ്മിക്കപ്പെട്ട ദേവന്മാരാകുന്നു. ഭഗവൽഗീതാദി

ഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന ശ്രീകൃഷ്ണാർജ്ജുനാദികൾ ഗ്രന്ഥകാരന്മാരാൽ കല്പിക്കപ്പെട്ടവരാകുന്നു. കഥകളിയിൽ കൊട്ടിന്നും, താളത്തിന്നും, പാട്ടിന്നും അനുസരിച്ചു കളിക്കുന്ന ദേവന്മാരുടെ അഭിനയത്തിൽ കുററംകണ്ടാൽ ആക്ഷേപിക്കുന്നില്ലയൊ? അപ്രകാരം ഗ്രന്ഥകാരന്മാരാൽ കല്പിക്കപ്പെട്ട ഈശ്വരകൃഷ്ണാർജ്ജുനാദികളുടെ വചനവ്യാപാരങ്ങളിൽ കാണുന്ന തെററിനെ ഇനിക്കാക്ഷേപിപ്പാൻ അധികാരമുണ്ടു. ഇതു ലോകോപകാരത്തിന്നു വേണ്ടി മാത്രമാകുന്നു. "നാനാകപടശാസ്ത്രാണി" ഇത്യാദിപ്രമാണങ്ങൾകൊണ്ടും അനുഭവയുക്തികൊണ്ടും അനേക കപടപ്രമാണങ്ങൾ ഹിന്തുമതത്തിൽ കലന്നുകിടപ്പുണ്ടു. അവയെ വിശ്വസിച്ചു വിദ്വാന്മാർ തെററിപ്പോകുന്നു ആ വിദ്വാന്മാരെ പിന്തുടന്നു ജനങ്ങളും ജ്ഞാനാനന്ദപദവിയിൽനിന്നു തെററി വിഗ്രഹാരാധനാദി കമ്മകാണ്ഡത്തിൽപെട്ടു ദുഃഖിക്കുന്നു എന്നതു ഞാൻ എന്റെ മോക്ഷപ്രദീപ, വിഗ്രഹാരാധനാനന്ദസൂത്രങ്ങളിൽ വിസ്തരിച്ചു തെളിയിച്ചിട്ടുണ്ടു. അതുകൊണ്ടു ഇതിൽ ആ ഭാഗത്തെ ചേക്കാത്തതാകുന്നു.

എന്നു,

29—6—1916 ബ്രഹ്മാനന്ദസ്വാമി ശിവയോഗി.





ആനന്ദ ഏവ വിജയതേ.

അഹിംസൈവ പരമോധർമ്മഃ

ആനന്ദവിമാനം.

തണുപ്പോടു ദേഹത്തെ ചേർത്താലെ തണുപ്പു സിദ്ധിക്കയുള്ളു. അപ്പോലെ ഗാത്രക്ഷേത്രത്തിൽ വിളങ്ങുന്ന ആനന്ദത്തോടു മനസ്സിനെ ചേർത്താലെ ആനന്ദം സിദ്ധിക്കു. വെയിലത്ത് ഓടിനടന്നാൽ താപം ഉണ്ടാകുന്നതുപോലെ വിഗ്രഹാരാധന, വ്രതം, തീർത്ഥാടനം, യാഗം മുതലായ ദുഃഖകർമ്മങ്ങളെ അനുഷ്ഠിച്ചാൽ ദുഃഖമെ സിദ്ധിക്കയുള്ളു. ആനന്ദം സിദ്ധിക്കയില്ല. "ഈശ്വരാർപ്പണമായിട്ടാണ് കർമ്മങ്ങളെ ചെയ്യുന്നത്, അതിനാൽ ഈശ്വരൻ പ്രസാദിച്ചു ഇഹപരസുഖങ്ങളെ തരും" എന്നു വിചാരിക്കുന്നതും പറയുന്നതും യുക്തമല്ല. നമുക്കു വിശക്കുമ്പോൾ നാം തന്നെ ആഹാരംകഴിച്ചു നമ്മുടെ വിശപ്പിനെ മാററണം. നമുക്കു ദാഹിക്കുമ്പോൾ നാം തന്നെ വെള്ളം കുടിച്ചു ദാഹത്തെ തീർക്കണം. "ഈശ്വര! എന്റെ ക്ഷുത്തിനേയും ദാഹത്തേയും ശമിപ്പിച്ചു തൃപ്തനാക്കേണമെ" എന്നു പ്രാർത്ഥിച്ചാലും ഈശ്വരാർപ്പണമായി പായസാദി പദാർത്ഥങ്ങളേയും, പാൽ, പാനീയം മുതലായ പേയങ്ങളേയും വെച്ചു പൂജിച്ചാലും ഏകാദശ്യാദി വ്രതങ്ങൾ എടുത്താലും നമ്മുടെ വിശപ്പും ദാഹവും വർദ്ധിക്കുകയെയുള്ളു, മാറുകയില്ല. ഈശ്വരൻ മാററുകയും ഇല്ല. വിശപ്പും ദാഹവുംകൊണ്ടുള്ള ദുഃഖത്തെതീർക്കേണ്ടു ചുമതല നമ്മുടേതാകുന്നു. ഈശ്വരന്റെ അല്ല. അപ്രകാരം "മുക്തി എന്ന വാക്കിന്റെ അർത്ഥം ദുഃഖത്തിൽ നിന്നു വേർപെട്ട ആനന്ദത്തെ പ്രാപിക്കുക എന്നതാകുന്നു" എന്നറിഞ്ഞു ദുഃഖകർമ്മങ്ങളായ വിഗ്രഹാരാധനാദികളെ വെടിഞ്ഞു ആനന്ദത്തെ ചേരേണ്ടു ഭാരം നമ്മുടേതാകുന്നു. അറിവില്ലാത്ത കുട്ടികൾ വല്ല അനർത്ഥങ്ങളിൽ വീഴുമ്പോഴൊ പാററകൾ കൂട്ടംകൂട്ടമായി അഗ്നിയിൽ പതിക്കുമ്പോഴൊ ഈശ്വരൻ അവയെവിലക്കുന്നില്ല. അപ്രകാരം അറിവില്ലാതെ മുക്തിക്കു വിപരീതങ്ങളായ വിഗ്രഹാരാധനാദി ദുഃഖകർമ്മങ്ങളിൽ പതിക്കുന്ന കർമ്മികളെ

ഈശ്വരൻ വിലക്കി ആനന്ദത്തോടുചേർക്കുന്നില്ല ചേർക്കയും ഇല്ല. അറിവില്ലാതെ അഗ്നിയിൽ പതിക്കുന്ന അതിദയനീയങ്ങളായ പാററകളിൽ (ശലഭങ്ങളിൽ) കൂടി ദയകാണിക്കാത്ത ദൈവം കർമ്മഠന്മാരിൽ ദയകാണിക്കുമെന്നു വിചാരിപ്പാൻ ലേശംപോലും അവകാശമില്ല. കർമ്മഠന്മാരുടെ കൊട്ടിന്നും താളത്തിന്നും അനുസരിച്ചു കളിക്കുന്ന ഒരു വികാരിയായ ദൈവം ഇല്ല. ഉണ്ടെങ്കിൽ കർമ്മഠന്മാരാണ് ചക്രവർത്തിത്വാദി പ്രതാപത്തോടും സംപൂർണ്ണ ജ്ഞാനസമ്പത്തിയോടുംകൂടി വിളങ്ങേണ്ടതു്. അത്രവളരെ സകാമകർമ്മങ്ങളും നിഷ്കാമകർമ്മങ്ങളും അവരാൽ ചെയ്യപ്പെടുന്നുണ്ടു്. എന്നിട്ടു എന്തുഫലം? സ്വജാതിയെക്കൂടി അറിവാൻ ജ്ഞാനം സിദ്ധിക്കാതെ ഞാൻ ബ്രാഹ്മണൻ, നീ ശൂദ്രൻ നീ ഈഴവൻ, എന്നിങ്ങിനെ ഇന്നും മത്സരിക്കുന്നു. ചക്രവർത്തിത്വാദിസ്ഥാനമാന സ്വാതന്ത്ര്യങ്ങൾപോയിട്ടു അനവധികർമ്മികൾ ഉപജീവനത്തിന്നുവേണ്ടി സ്വധർമ്മകർമ്മങ്ങളെ വിട്ടു പല വേലകളിൽ ഏർപ്പെട്ടിട്ടും ക്രിസ്ത്യാദി ഭിന്നമതങ്ങളിൽ ചേർന്നിട്ടും കാണപ്പെടുന്നു. ഇതാണൊ സകാമകർമ്മസിദ്ധി? ഇതാണൊ നിഷ്കാമകർമ്മസിദ്ധി? ഇങ്ങിനെ കർമ്മികളുടെ ഇടയിൽ അന്നും ഇന്നും ഉള്ള അനേക സംഭവങ്ങളെ ആലോചിക്കുമ്പോൾ ഇവരെ ദുഃഖകർമ്മങ്ങളിൽ നിന്നു വിലക്കി ജ്ഞാനാനന്ദപദവിയിലേക്കു ദൈവം തിരിക്കുന്നില്ല എന്നതു നല്ലവണ്ണം തെളിയുന്നു. "എന്നാൽ യോഗികൾക്കു ദൈവം എന്താ കൊടുത്തിരിക്കുന്നതു്? എന്താ കൊടുക്കുന്നതു?" എന്നു കർമ്മികൾചോദിക്കുമായിരിക്കാം. യോഗികൾക്കും ആർക്കും ദൈവം ഒന്നും പക്ഷപാതിയായി കൊടുത്തിട്ടില്ല, കൊടുക്കുന്നതുമില്ല. യാഗവ്രതതീർത്ഥസ്നാനവിഗ്രഹാരാധനാദികൾകൊണ്ടു ദൈവം പ്രസാദിച്ചു ചിത്തശുദ്ധിയേയോ മുക്തിയെയോ ഭക്തിയേയോ തരും എന്ന തെററിധാരണ യോഗികൾക്കു് ഇല്ലായ്കയാൽ അനേകം പണംചിലവുചെയ്തു ക്ഷേത്രം കെട്ടിയിട്ടും ബിംബാരാധന ചെയ്തിട്ടും വ്രതങ്ങളെടുത്തു പട്ടിണികിടന്നിട്ടും ഉറക്കമൊഴിച്ചിട്ടും കാററുംവെയിലും സഹിച്ചു കാശ്യാദി ദൂരദിക്കുകളിൽ തീർത്ഥസ്നാനങ്ങൾക്കുവേണ്ടി ഓടി

അലഞ്ഞിട്ടും ശൈവവൈഷ്ണവാദിമൂൎത്തിഭേദേനതമ്മിൽതല്ലിയിട്ടും
ഉള്ള അജ്ഞാന മഹാദുഃഖം കൎമ്മികൾക്കുള്ളതുപോലേ യോഗി
കൾക്കില്ല. ഇതു വലിയതായ ഒരു ലാഭമല്ലയോ? ഗാത്രക്ഷേ
ത്രത്തിലുള്ള ആനന്ദത്തോടു മനസ്സിനെ ചേൎക്കുന്നതിനാലുള്ള ആ
നന്ദമോ യോഗികൾക്കു് അനിൎവ്വചനീയവുമാകുന്നു. മനുഷ്യജന്മ
ത്തിൽ ഇതിൽമീതെ എന്താ ഒന്നു സിദ്ധിപ്പാനുള്ളതു്. അറിയേ
ണ്ടതിനെ അറിഞ്ഞു അനുഷ്ഠിക്കുന്നതാണ് മനുഷ്യധൎമ്മം. നോം
സവാരിചെയ്യുന്ന കുതിര കുമാൎഗ്ഗത്തിൽഓടുമ്പോൾ അതിനെ നേ
ൎവഴിക്കു് തെളിച്ചു നമ്മുടെ ഭവനത്തിൽ ചേൎക്കേണ്ട ഭാരം നമ്മു
ടെതാകുന്നു, ഈശ്വരൻെറയല്ല. അപ്പോലെ വിഗ്രഹാരാധനാദി
ദുഃഖമാൎഗ്ഗത്തിൽ ഓടുന്ന മനഃകുതിരയെ ശിക്ഷിച്ചു യഥാൎത്ഥവ
ഴിക്കു തിരിച്ചു ആത്മാനന്ദവീട്ടിൽ ചേൎക്കേണ്ടഭാരം നമ്മുടേതാ
ണ്, ഈശ്വരൻെറ ഭാരമല്ല. ഈശ്വരൻ നമ്മുടെ കുതിരക്കാര
നല്ല. കൂട്ടിൽനിന്നു പതിച്ചു പറക്കാൻ കഴിയാതെ പിടഞ്ഞു
ദുഃഖിക്കുന്ന ഒരു പക്ഷിക്കുഞ്ഞിനെക്കൂടി അതിൻെറ കൂട്ടിൽ ദൈ
വം എടുത്തുചേൎത്തിക്കാണുന്നില്ല. വഴിതെററി വാവിട്ടുകരയുന്ന
ആട്ടിൻകുട്ടി, മാട്ടിൻകുട്ടി, മാൻകുട്ടിമുതലായ ദയനീയ ജന്തുകുട്ടി
കൾക്കുകൂടി ദൈവം വഴികാണിച്ചുകൊടുത്തു കാണുന്നില്ല. നദീ
പ്രവാഹത്തിൽ ഒലിച്ചുപോകുന്ന എറുമ്പുമുതലായ ദീനജീവിക
ളേയും ഈശ്വരൻ കയററിവിടുന്നില്ല. ആടു, കോഴിമുതലായ
അനേകപ്രാണികളെ മനുഷ്യർ അറുക്കുമ്പോൾ ആ അന്യായ
കൎമ്മത്തെ കണ്ടിട്ടും അവയുടെ ആൎത്തനാദം കേട്ടിട്ടും ആ അനാ
ഥപ്രാണികളുടെ സങ്കടനിവൃത്തിയെക്കൂടി ഈശ്വരൻ ചെയ്യുന്നി
ല്ല. തീയ്യിൽ കൂട്ടംകൂട്ടമായി വീണു വെന്തുരുകിച്ചാകുന്ന പാററ
ക്കുകൂടി ദൈവം വഴികാണിച്ചുകൊടുക്കുന്നില്ല. ഇങ്ങിനെ പല
തും നശിച്ചിട്ടുള്ളതും നശിക്കുന്നതും നമുക്കു അനുഭവമാകുന്നു. അ
ങ്ങിനെ ഇരിക്കെ യഥാൎത്ഥവഴിയെ അറിവാൻ അവകാശപ്പെട്ട
മനുഷ്യർ യോഗജ്ഞാനശാസ്ത്രങ്ങൾ ഉണ്ടായിട്ടും ഉപദേശിപ്പാ
ൻ ഗുരുവുണ്ടായിട്ടും ആനന്ദമാൎഗ്ഗത്തെ വിട്ടു വിഗ്രഹാരാധനാദി

കളായ വിപരീത വിഷമവഴിയിൽ അലയുമ്പോൾ അവർക്കുമാത്രം ദൈവം വഴികാണിച്ചു ആനന്ദത്തിൽ ചേർക്കുമെന്നു കരുതുന്നതു ഒട്ടും ശരിയല്ല. പാററമുതലായ പ്രാണികൾക്കു സഹായിച്ചാൽ പായസം, പഴം, ഫലം, പൂപം, പാൽ, പാനകംമുതലായ ഭക്ഷ്യപേയപദാർത്ഥങ്ങളെ ദൈവത്തിന്നു അനുഭവിക്കുവാൻ കിട്ടുകയില്ല, വാദ്യഘോഷങ്ങളോടും ഛത്രചാമരാദികളോടും ആനപ്പുറത്തു എഴുന്നള്ളിക്കുക, സ്തുതിക്കുക, നമസ്കരിക്കുക മുതലായ കർമ്മങ്ങളാലുള്ള ബഹുമാന സന്തോഷങ്ങളും ദൈവത്തിന്നു സിദ്ധിക്കയില്ല. മനുഷ്യർക്കു സഹായിച്ചാൽ ആ അനുഭവവും പൂജ്യതയും ദൈവത്തിന്നു സിദ്ധിക്കും. അതുകൊണ്ടു ദൈവം മനുഷ്യർക്കു സഹായിക്കും. പാററ മുതലായ ജന്തുക്കൾക്കു ദൈവത്തെ പൂജിപ്പാനും മററും കഴിയാത്തതുകൊണ്ടു അവർക്കു ദൈവം സഹായിക്കയില്ല” എന്നു കർമ്മികൾ പറയുന്നു എങ്കിൽ ഈശ്വരൻ സ്വാർത്ഥപ്രതിപത്തിയെ ആഗ്രഹിച്ചു ദുർബ്ബലപ്രാണികളെ ഉപേക്ഷിച്ച് പ്രബലകക്ഷിയിൽ കൂടുന്ന ദുർഗ്ഗുണമൂർത്തിയും പക്ഷപാതിയും വികാരിയുമാണെന്നു സമ്മതിക്കേണ്ടിവരും. ദൈവം അങ്ങിനെയുള്ള വികാരിയാണെന്നു വിചാരിപ്പാനോ വിവാദിപ്പാനോ കർമ്മികൾക്കു ഒന്നും കൊടുത്തുകാണുന്നില്ല. കൊടുക്കാത്തതിരിക്കട്ടെ ക്ഷേത്രത്തിൽ ഉത്സവകാലത്തിൽ ദൈവത്തിനെ എഴുന്നള്ളിക്കുമ്പോൾകൂടി ചിലപ്പോൾ ആന വിരണ്ടു ആനക്കാരനേയും ശാന്തിക്കാരനേയും മററും കുത്തിക്കൊല്ലുന്നു. വെടിമരുന്നുപ്രയോഗംകൊണ്ടു ചിലർ ദുർമ്മരണത്തെ പ്രാപിക്കുന്നു. ദൈവം വികാരിയാണെങ്കിൽ തന്റെ മംഗളമായ എഴുന്നള്ളത്തിൽ മരണം മുതലായ അമംഗളം വരുന്നതു കണ്ടിരിക്കുമോ? ഭക്തന്മാർക്കു കുണ്ഠിതം വരുത്തുമൊ? ഇങ്ങിനെ ലോകത്തിലുള്ള ഏതൊരു സംഭവത്തെ ആലോചിച്ചാലും ദൈവം വികാരിയല്ലന്നതാണ് വിശദമായിരിക്കുന്നതു്. ഇതിനെപ്പററി പിന്നീടു ഞാൻ അല്പം പറയാം. ഹേ ആനന്ദകാംക്ഷികളെ! നമ്മുടെ ദേഹത്തിലുള്ള ചളിയെ നോം തന്നെ തേച്ചുകഴുകിക്കളയേണം. അങ്ങിനെ ചെയ്യാതെ

ദൈവഭാവനയോടുകൂടി ബിംബത്തെ തേച്ചുകഴുകിയാലും "ദൈവമെ! എന്റെ ദേഹത്തിലുള്ള ചളിയെ കളഞ്ഞുതരേണമെ" എന്നു പ്രാർത്ഥിച്ചാലും പൂജിച്ചാലും ദൈവം നമ്മുടെ ദേഹത്തിലുള്ള ചളിയെ തേച്ചുകഴുകിക്കളഞ്ഞുതരികയില്ല. ദൈവം നമ്മുടെ വാലിയക്കാരൻ (ഭൃത്യൻ) അല്ല. ദേഹത്തിലുള്ള ചളിയെ കളയേണ്ട ഭാരം നമ്മുടേതാകുന്നു. ദൈവത്തിന്റെ ഭാരമല്ല. അപ്രകാരം ചിത്തത്തിലുള്ള രാഗദ്വേഷാദിമാലിന്യത്തെ നീക്കം ചെയ്യേണ്ടുന്ന ഭാരം നമ്മുടെതാകുന്നു, ദൈവത്തിന്റെയല്ല. നമ്മുടെ സസ്യഭൂമിയിലുള്ള കളകളെ കളവാൻവേണ്ടി ദൈവത്തെ പൂജിച്ചതുകൊണ്ടു ദൈവം വന്നു കള പറിച്ചുകളകയില്ല. ദൈവം നമ്മുടെ കൂലിക്കാരൻ അല്ല. കളകളെ പറിച്ചു നീക്കം ചെയ്യേണ്ടുന്ന ഭാരം നമ്മുടേതാകുന്നു, ദൈവത്തിന്റെയല്ല. അപ്പോലെ ആനന്ദ സസ്യം വിളയേണ്ടുന്ന നമ്മുടെ ചിത്തഭൂമിയിലുള്ള രാഗദ്വേഷാദികളെ നീക്കംചെയ്യേണ്ടുന്ന ഭാരം നമ്മുടേതാകുന്നു. ദൈവത്തിന്റെയല്ല. ശത്രുജയത്തിന്നായികൊണ്ട് രാജാവ് എത്രതന്നെ ദൈവത്തെ പൂജിച്ചാലും യുദ്ധം വേണ്ടുംവണ്ണം ചെയ്തില്ലെങ്കിൽ ദൈവം രാജശത്രുക്കളോടു യുദ്ധംചെയ്തു രാജാവിന്നു സാമ്രാജ്യത്തെ നൽകയില്ല. ദൈവം രാജാവിന്റെ ഭടനായകൻ അല്ല. ദൈവം അനുഗ്രഹിച്ചിട്ടും സാമ്രാജ്യത്തെ നൽകയില്ല. ശത്രുക്കളെ ജയിക്കേണ്ട ചുമതല രാജാവിന്റേതാകുന്നു, ദൈവത്തിന്റെയല്ല. അപ്രകാരം രാഗദ്വേഷാദി ശത്രുക്കളേയും കർമ്മകാണ്ഡരാക്ഷസനേയും ജ്ഞാനശസ്ത്രംകൊണ്ടു ഖണ്ഡിച്ചു മോക്ഷരാജ്യത്തെ സമ്പാദിക്കേണ്ട ഭാരം നമ്മുടേതാകുന്നു, ദൈവത്തിന്റെയല്ല. നാം വെയിലത്ത് ഓടിനടന്നു താപാദി ദുഃഖങ്ങൾ നേരിടുമ്പോൾ ആ ദുഃഖം തീരുവാൻ നാംതന്നെ തണലിൽ ചെന്നിരിക്കേണം. അങ്ങിനെ ചെയ്യാതെ "ദൈവമെ! വെയിലുകൊണ്ടുള്ള താപാദിദുഃഖങ്ങൾ സഹിക്കുന്നില്ലല്ലൊ, നീ ഭക്തവത്സലനല്ലേ? സർവ്വശക്തനല്ലേ? എന്താ എന്റെ ആതപദുഃഖത്തെയും കാൽകഴച്ചിലിനെയും മാററിതരാത്തതു?" എന്നു സങ്കടപ്പെട്ടു ഭജി

ച്ചാലും രേച്ചകം നേന്നാലും ദൈവം വന്നു വെയിലുകൊള്ളാതിരി പ്പാൻ നമുക്കു കുപ്പിടിച്ചു തരികയോ ഓട്ടുന്നതുകൊണ്ടുള്ള കാൽ കടച്ചിൽ മാറാൻ ദൈവം നമ്മുടെ കാൽ തിരുമ്പിത്തരികയൊ അല്ലെങ്കിൽ ദൈവം നമ്മെ എടുത്തുകൊണ്ടുപോയി തണലിൽ ഇരുത്തി ആശ്വാസിപ്പിക്കയൊ അനുഗ്രഹിച്ചു ആശ്വാസിപ്പിക്കയൊ ചെയ്യുകയില്ല. തണലത്തുചെന്നിരുന്നു താപാദി ദുഃഖത്തെ നീക്കേണ്ട ഭാരം നമ്മുടെതാകുന്നു. ദൈവത്തിൻെറയല്ല. അപ്രകാരംതീൎത്ഥാടനത്തിന്നായിക്കൊണ്ടു കാശി, ഹരിദ്വാരം, രാമേശ്വരം മുതലായ സ്ഥലങ്ങളിൽ ഓടിനടന്നിട്ടും വ്രതങ്ങൾകൊണ്ടു പട്ടിണി കിടന്നിട്ടും ക്ഷേത്രംകെട്ടി ബിംബാരാധനചെയ്തിട്ടും യാഗാദികൎമ്മങ്ങളെ ചെയ്തിട്ടും സംസാരവിഷയത്തിൽ അലഞ്ഞിട്ടും ദുഃഖിക്കുന്ന മനസ്സിനെ ആ ദുഃഖകൎമ്മങ്ങളിൽനിന്നു വേൎപെടുത്തു (ആ കൎമ്മങ്ങളെ ത്യജിച്ചു) ഗാത്രക്ഷേത്രത്തിലുള്ള ആനന്ദത്തോടു ചേൎക്കേണ്ടുമതല നമ്മുടേതാകുന്നു, ദൈവത്തിൻെറ അല്ല. അതുകൊണ്ടു നാം തന്നെ ആനന്ദത്തോടു മനസ്സിനെ ചേൎക്കേണം. അങ്ങിനെ ചേൎക്കുമ്പോൾ ദുഃഖത്തിൽനിന്നു വേൎപെട്ട മനസ്സ് ആനന്ദത്തിൽ ലയിക്കും. ഇതുതന്നെ ആനന്ദസിദ്ധി, ഇതുതന്നെ മുക്തി, ഇതുതന്നെ രാജയോഗം ഇതുതന്നെ ജീവപരൈക്യം.

ഹേ ആനന്ദകാംക്ഷികളെ! "താൻ പാതി ദൈവം പാതി" എന്ന് പറഞ്ഞതിൽ തൻെറ പകുതിമാത്രമേ ബാക്കിയിൽ ഇരിക്കുന്നുള്ളു. അതു നാം ശരിയായി ചെയ്താൽമതി. ദൈവത്തിൻെറ പകുതി ബാക്കിയിൽ ഇരിക്കുന്നില്ല. നോം അപേക്ഷിച്ചു ചെയ്യിപ്പിക്കേണ്ടതും ഇല്ല. അപേക്ഷിച്ചാൽ ചെയ്യുകയും ഇല്ല. നമ്മുടെ വാസസ്ഥലത്ത് ജലം ഇല്ലെങ്കിൽ നൊം കുളമൊ കിണറൊ കുഴിച്ചാൽ നമുക്കു വെള്ളം കിട്ടും. വിഗ്രഹാരാധനാദികൾകൊണ്ടു ദൈവത്തെ പ്രസാദിപ്പിച്ചു ജലത്തെ അവിടെ സൃഷ്ടിപ്പിക്കേണ്ട. നമുക്കു രോഗം നീക്കേണ്ടുന്ന സിദ്ധമൂലികയുടെ ആവശ്യം നേരിടുമ്പോൾ ആ മൂലിക ഏതു ദിക്കിൽ ഏതു കാട്ടിൽ കിട്ടുമെന്നു അന്വേഷിച്ചാൽ നമുക്കു കണ്ടുപിടിക്കാം.

യോഗധ്യാനങ്ങൾകൊണ്ടോ വിഗ്രഹാരാധനാദികൾകൊണ്ടോ ദൈവത്തെപ്രസാദിപ്പിച്ചു ആമൂലികയെ സൃഷ്ടിപ്പിക്കേണ്ട. അങ്ങിനെസ്സൃഷ്ടിക്കുന്ന വികാരിയും അല്ല ദൈവം. കാശിയിലും, മക്കത്തിലും ബിലാത്തിയിലും, ഹിമവൽപർവ്വതത്തിലും മററും ചെന്നുചേരേണ്ടവർ അവിടവിടെ ചെന്നുചേരേണം. "കാശികാശി, മക്കംമക്കം, ബിലാത്തിബിലാത്തി" എന്നുംമററും ജപിച്ചതുകൊണ്ടും വിഗ്രഹാരാധനാദികൾ ചെയ്തതുകൊണ്ടും അവിടവിടെ എത്തുകയില്ല. ദൈവത്തോടപേക്ഷിച്ചു ആവക സ്ഥലങ്ങളെ സൃഷ്ടിപ്പിക്കേണ്ട ആവശ്യവും ഇല്ല. അപ്രകാരം ശാശ്വതാനന്ദരാജ്യത്തെ (ആനന്ദത്തെ) പ്രാപിക്കേണ്ടവരും മനസ്സിനെ ആനന്ദപദവിയിൽക്കൂടി നടത്തി ആനന്ദത്തെ ചേരേണ്ടതാകുന്നു. ആനന്ദത്തെ സൃഷ്ടിപ്പിക്കേണ്ടോ! അതു് എപ്പോഴും ഹാജരുണ്ട്. "വാഴപ്പഴം തിന്നുവാൻ ആഗ്രഹമുള്ളവർ വാഴക്കുഴി കുത്തി വാഴവെച്ചു വളത്തിയാലെ അതു കാച്ചു പഴം തിന്നുവാൻ സംഗതി വരികയുള്ളു. അപ്പോലെ ദൈവാനുഗ്രഹഫലത്തെയും ബിംബപ്രതിഷ്ഠാദി ക്രിയാരൂപേണ ഫലിപ്പിച്ചാലെ ആനന്ദത്തെ അനുഭവിപ്പാൻ സംഗതി വരൂ" എന്നു വിചാരിക്കുന്നതു തെററാണ്. നമ്മുടെ കൺവ്യാധിയെ ചികിത്സിച്ചു മാററിയാൽ സൂര്യവെളിച്ചത്തെ കാണാം. "ദൈവമെ! എന്റെ കൺവ്യാധി ശമിച്ചു സൂര്യനെ ഉദിപ്പിക്കേണമെ" എന്നു പ്രാർത്ഥിച്ചിട്ടോ വിഗ്രഹാരാധനാദികൾ ചെയ്തിട്ടോ സൂര്യനെ ഉദിപ്പിക്കേണ്ടോ. അപ്പോലെമനസ്സിനെ ശരിക്കുവെച്ചാൽ ആനന്ദവെളിച്ചത്തെ അനുഭവിച്ചു ആനന്ദിക്കാം. അതിന്നു ദൂരത്തിൽ ഓടി അലയേണ്ടാ, അയൽവക്കത്തുക്കൂടി പോകേണ്ടാ, നമ്മുടെ അകത്തുതന്നെയുണ്ട്. കണ്ടുപിടിക്കേണ്ട ചുമതല നമ്മുടെതാകുന്നു. ഇംഗ്ലീഷുകാർ കോലാറിലുള്ള സ്വർണ്ണഖനികളെ കണ്ടുപിടിച്ചിരിക്കുന്നു. അതു അവിടെ ഉള്ളതുതന്നെ. വിഗ്രഹാരാധനാവ്രതാദികൾകൊണ്ടു അവർ ദൈവത്തെപ്രസാദിപ്പിച്ചു സൃഷ്ടിപ്പിച്ചതല്ല. ദൈവം പക്ഷപാതിയായിട്ടു അവക്കു കാണിച്ചുകൊടുത്തതും അല്ല. ഇന്ത്യയിലുള്ള ആ സ്വർണ്ണഖനികളെ അന്ന

കായിരം കാലംകൊണ്ടും ഹിന്തുക്കൾക്കു കണ്ടുപിടിക്കുവാൻ കഴി
ഞ്ഞുവൊ? "എന്റെദാരിദ്ര്യം മാററിത്തരേണമെ" എന്നുപ്രാൎത്ഥി
ച്ചുംകൊണ്ടു വിഗ്രഹാരാധനാദി കൎമ്മങ്ങളാൽ ദൈവത്തെ ആരാധി
ക്കുന്ന ഹിന്തുക്കൾക്കു കഷ്ടും കണക്കുമില്ല. ഇവൎക്കൊ യോഗികൾ
ക്കൊ ജ്ഞാനികൾക്കൊ ആ സ്വൎണ്ണഖനികളെ ദൈവം കാണിച്ചു
കൊടുക്കാഞ്ഞത് എന്താണ്? മൈസൂരിലാണ് ആസ്വൎണ്ണഖനികൾ
മൈസൂർ മഹാരാജാവിനാലും മററുള്ള മാലോകരാലുംപൂജിക്കപ്പെട്ടു
വരുന്ന ശങ്കരാചാൎയ്യപരമ്പരയും അവിടെയാണ്. ശാരദാംബയെ
നിത്യം പൂജിക്കുന്ന ആ ശങ്കരാചാൎയ്യപരമ്പരക്കും ശാരദാംബ മൈ
സൂരിലുള്ള ആ സ്വൎണ്ണഖനികളെ കാണിച്ചുകൊടുക്കാഞ്ഞതെന്താ
ണ്. ഇങ്ങിനെആലോചിക്കുന്തോറും കാണേണ്ടതിനെ കാണേണ്ടു
വഴിക്കു പോയാൽ മാത്രമെ കാണുകയുള്ളു എന്നതു സിദ്ധമായിരി
ക്കുന്നു. വിഗ്രഹാരാധന, വ്രതം മുതലായകൎമ്മങ്ങൾ ഒന്നും കാണേ
ണ്ടതിനെ കാണ്മാൻ (ശാശ്വതാനന്ദത്തെ അനുഭവിപ്പാൻ) ലേശം
പോലും ആവശ്യമില്ല. വടക്കുഭാഗത്തേക്കു നമ്മുടെ ദൃഷ്ടിയെ തി
രിച്ചാൽ വടക്കുഭാഗത്തിലുള്ള വസ്തുക്കളെ കാണാം. അപ്രകാരം
തന്നെ കിഴക്കോട്ടും, തെക്കോട്ടും, പടിഞ്ഞാട്ടും ദൃഷ്ടിയെതിരിച്ചാൽ
അതാതു ഭാഗങ്ങളിലുള്ള വസ്തുക്കളെകാണാം. ആകാശത്തിൽ ദൃഷ്ടി
യെവെച്ചാൽ അനേകനക്ഷത്രങ്ങളേയും ചന്ദ്രസൂൎയ്യന്മാരേയുംകാണാം.
ഇങ്ങിനെ ബാഹ്യത്തിൽ കാണേണ്ടതിനെ കാണ്മാൻ ദൃഷ്ടിയെ ബാ
ഹ്യത്തിൽ വെച്ചാൽമതി. വിഗ്രഹാരാധനാദികൾ ഒന്നും ആവ
ശ്യമില്ല. അപ്രകാരം ഉള്ളിലുള്ള പരമാത്മാവിനെ കാണ്മാനും
ഉള്ളിലേക്കു ദൃഷ്ടിയെ (മനസ്സിനെ) തിരിച്ചാൽമതി. അതറി
യാതെ രൂപധ്യാനങ്ങളും, സ്തോത്രങ്ങളും, മന്ത്രജപങ്ങളും, വിഗ്ര
ഹാരാധനാവ്രതതീൎത്ഥസ്നാനാദി ദുഃഖകൎമ്മങ്ങളും, വേദശാസ്ത്രേതി
ഹാസാദി പാരായണങ്ങളും, ചെയ്തുകൊണ്ടു അലയുന്നു. മലകളെ
യും, നദികളെയും, സമുദ്രങ്ങളെയും, വൃക്ഷങ്ങളെയും, മററു സ്ഥൂല
വസ്തുക്കളെയും നോം കാണുന്നതു അവയുടെ രൂപത്തെ നോം ധ്യാ
നിച്ചിട്ടൊ കരിങ്കല്ലുകൊണ്ടൊ മററൊ പ്രതിമകളെ ഉണ്ടാക്കി

അൎച്ചനാദികളെ ചെയ്തിട്ടൊ അല്ല. സ്ഥൂലദൃഷ്ടിയെ അവയുടെ നേരെ നിൎത്തുന്നതുകൊണ്ടാകുന്നു കാണുന്നത്. അപ്രകാരം സൂക്ഷ്മവസ്തുവിൻെറ (ആനന്ദത്തിൻെറ) സിദ്ധിക്കു സൂക്ഷ്മദൃഷ്ടിയെ (മനസ്സിനെ) ആനന്ദസ്ഥാനത്തിങ്കൽ നിൎത്തുകയാണു വേണ്ടതു്. ഇതു ആൎക്കും ആവാം. ബുദ്ധിമാന്മാൎക്കും, വേദശാസ്ത്രാദികളെല്ലാം പഠിച്ചവൎക്കും ഒരക്ഷരം അറിഞ്ഞുകൂടാത്തവൎക്കും. അല്പബുദ്ധികൾക്കും, ബാഹ്യത്തിൽ ദൃഷ്ടിയെ വെച്ചാൽ പൎവ്വതാദിസ്ഥൂലവസ്തുക്കളെ കാണാം. അപ്പോലെ അല്പബുദ്ധികൾക്കും സൎവ്വന്മാൎക്കും ആനന്ദസ്ഥാനത്തിൽ മനസ്സിനെ വെച്ചാൽ ആനന്ദത്തെ അനുഭവിക്കാം, പഠിപ്പില്ലാത്ത അല്പബുദ്ധികൾക്കു സ്ത്രീസംഗത്താൽ സന്തതിയുണ്ടാകുന്നു അപ്രകാരം അവൎക്കു ആത്മസംഗത്താൽ ആനന്ദസന്തതിയും ഉണ്ടാകും. സ്ത്രീസംഗം, ബാഹ്യസംഗം. ആത്മസംഗം, ആന്തരസംഗം. ആത്മസംഗത്തിന്നു പഠിപ്പില്ലാത്ത അല്പബുദ്ധികൾക്കു അധികാരമില്ല എന്നു വാദിക്കുന്നതു സ്ത്രീസംഗത്തിന്നു അല്പബുദ്ധികൾക്കു അധികാരമില്ല എന്നു് വാദിക്കുന്നതുപോലെ അസംബന്ധമാകുന്നു. രാജയോഗത്താൽ ആത്മാനന്ദത്തെ അനുഭവിക്കാത്ത വെറും പഠിപ്പുമാത്രമുള്ള പണ്ഡിതന്മാരാണു് ഇങ്ങിനെവാദിച്ചു് അല്പബുദ്ധികൾ വിഗ്രഹാരാധനാദികളെ ചെയ്തുകൊള്ളേണമെന്നു കല്പിച്ചതും കല്പിക്കുന്നതും. അതിനെ അനുസരിച്ചു മറ്റുള്ളവരും പറയുന്നു. രാജയോഗം വഴിക്കു ഏവനും ആനന്ദത്തെ അനുഭവിക്കാം. ജലത്തോടു ദേഹത്തെ ചേൎത്താൽ തണുപ്പും മധുരപദാൎത്ഥത്തോടു നാവിനെ ചേൎത്താൽ മധുരവും ഏവനും സിദ്ധിക്കും. ബുദ്ധിമാന്മാൎക്കും പഠിപ്പുള്ളവൎക്കും മാത്രമെ ജലത്തോടു ചേൎന്നാൽ തണുപ്പു സിദ്ധിക്കു, പഞ്ചസാര തിന്നാൽ മധുരിക്കു, ബുദ്ധിയും പഠിപ്പും ഇല്ലാത്തവൎക്കു ജലത്തൊടു ചേൎന്നാൽ തണുപ്പു സിദ്ധിക്കയില്ല. അതുകൊണ്ടു അവർ ആദിയിൽ വെയിലത്തുകിടന്നു ശീലിക്കേണം പഞ്ചസാര തിന്നാൽ മധുരിക്കയില്ല. അതുകൊണ്ടു ആദിയിൽ കാഞ്ഞിരക്കായ തിന്നേണം എന്നു പറയുന്നതുപോലെ ഇരിക്കുന്നു ബുദ്ധിയും പഠിപ്പും

ഇല്ലാത്തവൎക്കു ആദിയിൽ രാജയോഗം ശീലിച്ചുകൂടാ ആനന്ദിച്ചു കൂടാ ആകയിൽ വിഗ്രഹാരാധനാ, വ്രതം, തീൎത്ഥസ്നാനം മുതലായ ദുഃഖകൎമ്മങ്ങളെ ചെയ്യേണമെന്നു പറയുന്നതു്. വിഗ്രഹാരാധനാദി ദുഃഖകൎമ്മങ്ങൾകൊണ്ടു ഇഹലോകസിദ്ധിയൊ, ഈശ്വരപ്രസാദമൊ, ചിത്തശുദ്ധിയൊ ഉണ്ടാകുമൊ? അതും ഇല്ല. അവയെ അനുഷ്ഠിക്കുന്നതു അതിസങ്കടമായിട്ടും ഇരിക്കുന്നു. എത്ര പണച്ചിലവു്? എത്ര കായക്ലേശം! ഓരോപൂജാവിധികളേയും വ്രതാനുഷ്ഠാനവിധികളേയും വിചാരിക്കുമ്പോൾതന്നെ സങ്കടത്തിൽപെട്ടുപോകുന്നു. അങ്ങിനെയുള്ള വിഗ്രഹാരാധനാദി വിപരീതവിഷമകൎമ്മങ്ങളാണത്രെ പഠിപ്പില്ലാത്ത സ്വല്പബുദ്ധികൾക്കു എളുപ്പം (നിഷ്പ്രയാസം). ഏവൎക്കും സുഖകരമായ രാജയോഗം പഠിപ്പില്ലാത്ത സ്വല്പബുദ്ധികൾക്കു് മഹാ പ്രയാസമാണത്രെ. ഇങ്ങിനെ പറയുന്നവർ രാജയോഗസുഖം അങ്ങാടിമരുന്നൊ പറിമരുന്നൊ എന്താണെന്നു അറിഞ്ഞുകൂടാത്തവരാകുന്നു എന്നു് ആയിരം പ്രാവശ്യംപറഞ്ഞാലും അധികപ്രസംഗമായി വരികയില്ല. ഹെ ആനന്ദകാംക്ഷികളെ! ജലത്തിന്റെഅരികിലിരുന്നുംകൊണ്ടു "ജലം ജലം" എന്നു ലക്ഷം ജപിച്ചാലും ജലത്തെ സ്തുതിച്ചാലും പ്രാൎത്ഥിച്ചാലും നമസ്കരിച്ചാലും അനേക പൂജാദ്രവ്യങ്ങൾകൊണ്ടു ജലത്തെ പൂജിച്ചാലും താപം നീങ്ങുകയില്ല തണുപ്പും സിദ്ധിക്കയില്ല. ജലത്തോടു ദേഹം ചേൎന്നാൽ മാത്രമെ താപശാന്തിയും തണുപ്പും സിദ്ധിക്കയുള്ളു. അപ്രകാരം മനസ്സ് ആനന്ദത്തോടു ചേൎന്നാൽമാത്രമെ ദുഃഖനിവൃത്തിയും ആനന്ദവും സിദ്ധിക്കയുള്ളു. ജപിച്ചാലും, സ്തുതിച്ചാലും, പ്രാൎത്ഥിച്ചാലും, വിഗ്രഹാരാധനാദി കൎമ്മങ്ങളെ ചെയ്താലും ദുഃഖനിവൃത്തിയും ആനന്ദവും സിദ്ധിക്കുന്നതല്ല. ആനന്ദം എന്നും മനസ്സ എന്നും രണ്ടായി പറഞ്ഞതുകൊണ്ടു രണ്ടു ഭിന്നവസ്തുക്കൾ എന്നു ഗ്രഹിക്കരുതു്. ജലം എന്നും പോള എന്നും രണ്ടായി വ്യവഹരിക്കുന്നുണ്ടെങ്കിലും രണ്ടും ഒന്നുതന്നെ. പോളക്കു ജലത്തിൽതന്നെ ലയം. അപ്രകാരം മനസ്സിന്നും ആനന്ദത്തിൽതന്നെ ലയം. മനോലയംകൊണ്ടെ

ദുഃഖത്തിൽനിന്ന വേർപെടുകയുള്ളൂ. നോക്കുക. സഹിക്കുവാൻ കഴിയാത്ത മഹാദുഃഖമൊ മമ്മവലിയൊ നമുക്കു ഉണ്ടായാൽ അന്ന ദാനമൊ, ഗോദാനമൊ, ഭൂദാനമൊ, ജപമൊ, സ്തോത്രമൊ, പ്രാൎത്ഥനയൊ, വിഗ്രഹാരാധനാദി കൎമ്മങ്ങളൊ ചെയ്യതുകൊണ്ടു ആ ദുഃഖം മാറുന്നില്ല. നാം ഉറക്കത്തിൽ പെട്ടുപോയാൽ അപ്പോൾ ആ ദുഃഖത്തെ അറിയുന്നില്ല. മനസ്സ ലയിച്ചതുകൊണ്ടല്ലയൊ ദുഃഖമറിയാഞ്ഞതു്? ഉറക്കത്തിൽനിന്ന ഉണരുമ്പോൾ പിന്നെയും ദുഃഖം സഹിക്കാതെ നിലവിളിക്കുന്നു. ഇതു സൎവ്വമതസ്ഥന്മാൎക്കും അനുഭവമാകുന്നു. ഈ സൎവ്വമതജനാനുഭവംകൊണ്ടുതന്നെ മനോലയമാണ് സൎവ്വമതസ്ഥന്മാൎക്കും ദുഃഖനിവൃത്തിയെന്ന മുക്തിയെന്നു തെളിയുന്നു മുക്തി പലവിധത്തിലാണെന്നു സ്മരിപ്പാൻകൂടി അവകാശമില്ല. സന്തതിയുണ്ടാകുവാൻ പല മതക്കാൎക്കും പല വഴിയില്ല. സ്ത്രീപുരുഷസംഗം എന്ന ഏകവഴിയെ ഉള്ളൂ. അപ്രകാരം ശാശ്വതാനന്ദത്തെ പ്രാപിപ്പാനും അഖിലമതക്കാൎക്കും ആത്മമനഃസംഗം എന്ന ഏക വഴിയെ ഉള്ളൂ. പല വഴിയില്ല. ഇങ്ങിനെ തത്വം ആലോചിക്കുമ്പോൾ എല്ലാവരും ഒരു മതക്കാർ തന്നെ. അങ്ങിനെ ഇരിക്കെ ഭിന്നമതക്കാരാണെന്നു അഭിമാനിച്ചുകൊണ്ടു ഹിന്തുക്കളും മററു മതക്കാരും പരസ്പരം കലഹിക്കുന്നയുക്തി ശരിയല്ല എന്നു വിചാരിക്കുന്ന അസ്മാദൃക്കുകൾ, ഹിന്തുക്കളിൽതന്നെ നാനാജാതികളും ഭിന്നമതങ്ങളും വിശേഷിച്ചു വിഗ്രഹാരാധനാദി കൎമ്മങ്ങൾ യോഗജ്ഞാനമുക്തിക്കുള്ള അടിപ്പടിയാണെന്നുള്ള അടിപിടികളും ശരിയാണെന്നു വിചാരിക്കുമൊ. ഏകയോഗക്ഷേമത്തിനുവേണ്ടി അവയെ ആക്ഷേപിക്കാതെ ഇരിക്കുമൊ? ഹെ ആനന്ദകാംക്ഷികളെ! മനോലയംതന്നെയാണു സൎവ്വസംഗപരിത്യാഗമെന്നു പറയപ്പെടുന്നതും. നാം ഉറങ്ങുമ്പോൾ ഭാൎയ്യയും, പുത്രന്മാരും, ധനവും, ഭവനവും എല്ലാം ഉണ്ടു്. അതേയും ഒന്നിനേയും നാം അറിയുന്നില്ല. ഒന്നോടും നമുക്കു സംഗവും ഇല്ല. നമ്മുടെ ഭാൎയ്യാപുത്രാദികളെ നാം ഉപേക്ഷിക്കയൊ തല്ലിക്കൊല്ലുകയൊ ഭവനത്തെ ചുട്ടുകളഞ്ഞു നശിപ്പിക്കയൊ ചെയ്യി

ട്ടില്ല. മനസ്സു അടങ്ങുമ്പോഴെക്കു സൎവ്വസംഗപരിത്യാഗവും സംസാരനാശവും ദുഃഖഹാനിയും തനിയെ സിദ്ധിച്ചുവല്ലൊ. ഇ പ്രകാരം ആനന്ദത്തിലുള്ള മനോലയമാണു സൎവ്വസംഗപരിത്യാഗ മെന്നറിയാതെ നാടും വീടും സൎവ്വവും ഉപേക്ഷിച്ചു ഓടിപ്പോയി സന്യസിക്കുന്നവരുടെ കഷ്ടകൎമ്മം ശോചനീയം തന്നെ. കാവി വസ്ത്രാദികൾ ധരിച്ചു ഭിക്ഷയെടുത്തു കഞ്ഞികുടി സമയംപോലെ കഴിപ്പാൻ കഴിവില്ലാതെ പെരുവഴിയിലൊ, മരച്ചുവട്ടിലൊ, കാട്ടിലൊ, കാശ്യാദിസ്ഥലങ്ങളിലൊ, ഗുഹയിലൊ കിടന്നു ചത്താൽ മുക്തി എന്നാണ് ഇക്കൂട്ടർ മനസ്സിലാക്കിയിട്ടുള്ളതു്. എവിടെ ഓടിപ്പോയാലെന്താണ്? അവിടേയും വീട്ടിലേയും നാട്ടിലേയും മററും ചിന്ത വരാമല്ലൊ. മനസ്സു അടങ്ങുമ്പോൾ വീട്ടിലിരിക്കുമ്പോൾതന്നെ സൎവ്വചിന്തയും ദുഃഖവും വിട്ടുപോകുന്നുവല്ലൊ. ഇങ്ങിനെ ആലോചിച്ചു മനസ്സിനെ അടക്കാതെ കൎമ്മികളും കഠിന കൎമ്മങ്ങളിൽ പെട്ടു ദുഃഖിക്കുന്നു. പൂജിക്കുമ്പോൾകൂടി അവരുടെ മനസ്സിന്നു ചലനംതന്നെ. ജലഗന്ധം, പുഷ്പം, ധൂപം, ദീപം, നൈവേദ്യം മുതലായ പദാൎത്ഥങ്ങളിൽ മനസ്സിനെ ചാടിക്കുന്നു. കാശിരാമേശ്വരം മുതലായ നാനാക്ഷേത്രങ്ങളിലും, തീൎത്ഥങ്ങളിലും, വ്രതങ്ങളിലും, യാഗാദികൎമ്മങ്ങളിലും മനസ്സിനേയും ദേഹത്തേയും ഓടിച്ചു ക്ഷീണിച്ചു ദുഃഖിക്കുന്നു. ഒതുക്കേണ്ട മനസ്സിനെ ഓടിക്കുകയാണ് ചെയ്യുന്നതു്. മൎക്കടത്താൻ സ്വഭാവേന ഒരിടത്തിരിക്കാതെ മരത്തിന്റെ ശാഖകൾതോറും ഓടിച്ചാടിക്കളിക്കുന്ന ജാതിയാകുന്നു. ആ മൎക്കടന്ന് അല്പം മദ്യവുംകൊടുത്തു അതിനെ ഒരുതേളും കടിച്ചു ഒരു പിശാചുവും അതിനെ വന്നു പിടികൂടി എന്നു വെക്കുക. എന്നാൽ ആ മൎക്കടം കാണിക്കുന്ന ഗോഷ്ടികൾ എന്തെല്ലാമായിരിക്കും? അപ്രകാരം സാധാരണയായി സംസാര മഹാവൃക്ഷത്തിന്റെ വിഷയശാഖകൾതോറും സദാ ഓടിച്ചാടി അലയുന്ന മനോമൎക്കടത്തിന്നു അജ്ഞാനമദ്യത്തേയും കൊടുത്തു വ്രതപട്ടിണിയാകുന്ന തേളിന്നു കടിപ്പാനും ഇടയാക്കി വിഗ്രഹാരാധനാദികൎമ്മപിശാചത്തിന്റെ പീഡക്കും സംഗതി വരുത്തി

യാൽ ആ മനോമർക്കടത്തിന്നു സ്വൈരമുണ്ടൊ, സ്വസ്ഥതയുണ്ടൊ,
സുഖമുണ്ടൊ? സദാനേരവും അലഞ്ഞലഞ്ഞു വലഞ്ഞു ദുഃഖിപ്പാ
നല്ലയൊ അവകാശം? കഷ്ടം! കഷ്ടം! പറഞ്ഞിട്ടെന്തുഫലം? ഫ
ലമില്ലെന്നു പറവാനും പാടില്ല എന്നതു നമ്മുടെ മോക്ഷപ്രദീ
പാദി സിദ്ധഗ്രന്ഥങ്ങളുടെ പ്രചാരം നമ്മെ ഉണർത്തിച്ചു ഉദാസീ
നാവസ്ഥയിൽനിന്നു ഉത്ഥാനം ചെയ്യിപ്പിക്കുന്നു. അതുകൊണ്ടു
പിന്നെയും പിന്നെയും പറയുന്നതാകുന്നു.

"ഈശ്വരൻ ഭക്തവത്സലനും, ഭക്താഭീഷ്ടദാതാവും, ദീന
ബന്ധുവും ദയാനിധിയും, ലോകപിതാവും, സർവ്വജ്ഞനും ആകുന്നു.
അതുകൊണ്ടു ഭക്തന്മാരും, ദീനന്മാരും, ദയനീയന്മാരും, പുത്രന്മാ
രും ആയ ഞങ്ങളിൽ വാത്സല്യാദികളെ കാണിപ്പാൻ കടപ്പെട്ട
വനാകുന്നു. ഈശ്വരൻ സർവ്വശക്തനായതുകൊണ്ടു ഞങ്ങൾക്കു
ഇഹപരസുഖങ്ങളെ തരുവാൻ ശക്തനും ആകുന്നു. തരികയും
ചെയ്യും" എന്നാണു കർമ്മികൾ വാദിക്കുന്നതു്. ഇതു ശരിയല്ലാ
എന്നതു ശ്രുതിയുക്ത്യനുഭവങ്ങൾകൊണ്ടു എന്റെ വിഗ്രഹാരാധ
നയിൽ പ്രബലമായി തെളിയിച്ചിട്ടുണ്ടു്. ഇതിൽ ഇതരകാരണ
ങ്ങൾ കൊണ്ടുകൂടി ഈ വാദം ശരിയല്ലെന്നു തെളിയിച്ചുകൊള്ളുന്നു.
ഈശ്വരൻ ഭക്തവത്സലനും ഭക്താഭീഷ്ടദാതാവുമാണെന്നു പറയു
മ്പോൾ തന്നെ ഭജിക്കുന്നവർക്കുമാത്രം അഭീഷ്ടത്തെ കൊടുക്കുന്ന ദുര
ഭിമാനിയും പക്ഷപാതിയും വികാരിയുമായ ഒരു ദുഷ്പ്രഭുവിന്നു
സമനാണു് ഈശ്വരൻ എന്നു വരുന്നു. "സമം സർവ്വേഷു ഭൂതേഷു
തിഷ്ഠന്തം പരമേശ്വരം" സർവ്വപ്രാണികളിലും ഈശ്വരൻ സമനാ
ണെന്നു ഘോഷിക്കുന്ന ശ്രുതിക്കും വിരോധമായിരിക്കുന്നു. അനു
ഭവത്തിന്നും വിരോധമായിരിക്കുന്നു. അന്നും ഇന്നും ആർക്കും ഈ
ശ്വരൻ പക്ഷപാതത്തെ ചെയ്തുകാണുന്നില്ല. നിഷ്പക്ഷപാതിയും
നിർവ്വികാരിയും ആയ ആനന്ദവസ്തുവിൽ (ഈശ്വരനിൽ) ഇങ്ങിനെ
യുള്ള ദോഷത്തെ ആരോപിക്കുന്നതു തെററാണ്. ഭക്തന്മാരാ
ണെന്നു അഭിമാനിക്കുന്ന കർമ്മികൾ ഇങ്ങിനെ ഈശ്വരനെ ദുഷ്
പ്രഭുവിന്നു സമനാക്കി നിന്ദിക്കയാണൊ ചെയ്യേണ്ടതു്? ഇവർ

"ഈശ്വരൻ ദീനബന്ധുവും ദയാനിധിയും ലോകപിതാവും ആകുന്നു" എന്നു പറയുന്നതുകൊണ്ടു വിഗ്രഹാരാധനാദികൾ ആവശ്യമില്ലാ എന്നും വരുന്നു. എങ്ങിനെ എന്നാൽ, ലോകത്തിൽ ദയാനിധികളും പിതാക്കന്മാരും ദീനന്മാരുടേയും പുത്രന്മാരുടേയും ദീനതയെ കണ്ടാൽ സഹിക്കുന്നില്ല. സ്വയമേവ ദീനന്മാൎക്കും പുത്രന്മാൎക്കും കഴിയുന്ന സഹായംചെയ്തു സങ്കടനിവൃത്തിയെ ചെയ്തുകാണുന്നു. ഇങ്ങിനെ ചെയ്യുന്നതു ദീനന്മാരും പുത്രന്മാരും ദയാനിധികൾക്കും പിതാക്കന്മാൎക്കും വല്ലതും കൊടുത്തിട്ടൊ പ്രാൎത്ഥിച്ചിട്ടൊ അല്ല. ഞാനും എറാൽവെള്ളത്തിൽ പെട്ടുകാണുന്ന എറുമ്പിനെയുംകൂടി എടുത്തുകയററി വിടാറുണ്ടു്. എറുമ്പു എന്നോടു സങ്കടം ബോധിപ്പിച്ചിട്ടൊ എന്നെ പൂജിച്ചിട്ടൊ ഇനിക്കു വല്ലതും തന്നിട്ടൊ അല്ലാ അങ്ങിനെ ചെയ്യുന്നതു്. അനാഥപ്രാണികളായ ആടു കോഴി മുതലായ ജന്തുക്കളെ മനുഷ്യർ ഹിംസിക്കുന്നതുകണ്ടു സഹിച്ചുകൂടാതെയാണു് ഹിംസാദോഷത്തെപററി എന്റെ മോക്ഷപ്രദീപത്തിലും ആനന്ദസൂത്രത്തിലും ഞാൻ വളരെ വിസ്തരിച്ചതു്. ഈ അനാഥപ്രാണികളെപ്പോലെതന്നെ മനുഷ്യന്മാരും വിഗ്രഹാരാധനാദികൎമ്മങ്ങൾകൊണ്ടു ആനന്ദപദവിയിൽനിന്നു പതിച്ചു അതിസങ്കടപ്പെടുന്നതിനെകണ്ടു സഹിച്ചുകൂടാതെയാണു് ജാതിഭേദ വിഗ്രഹാരാധനാദികളെ ഖണ്ഡിച്ചു ആനന്ദപദവിയെ പ്രകാശിപ്പിച്ചുകൊണ്ടു സിദ്ധഗ്രന്ഥങ്ങളെ ഞാൻ നിൎമ്മിച്ചതും. ഇങ്ങിനെ പണ്ടും ഇന്നും പല ദയാലുക്കളും ദീനന്മാരുടെ അപേക്ഷാദികൾ കൂടാതെതന്നെ പലതും ചെയ്തിട്ടുണ്ടു് ചെയ്യുന്നതുമുണ്ടു്. ദൈവം (ആനന്ദം) ദീനബന്ധുവും ദയാനിധിയുമാണെങ്കിൽ ഇങ്ങിനെ നമ്മുടെ അപേക്ഷാദികൾ കൂടാതെതന്നെ നമ്മുടെ അഭീഷ്ടങ്ങളെ നൽകും. നമ്മെ സംസാരസങ്കടത്തിൽനിന്നു ഉദ്ധരിക്കയും ചെയ്യും. വിഗ്രഹാരാധനാദികൎമ്മങ്ങൾ ആവശ്യമില്ല. പുത്രന്മാരുടെ നേരെ പിതാക്കന്മാൎക്കുള്ള വാത്സല്യാദികളെ ഓൎത്താലൊ ലോകപിതാവും മാതാവും ആയ ദൈവം നമുക്കു വേണ്ടുന്നതു സകലവും ചെയ്വാൻകടപ്പെട്ടിരിക്കുന്നു.

വ്യഷ്ടിപിതാവു ബാല്യത്തിൽ നമ്മെ എടുത്തു ലാളിക്കുന്നു. കളിപ്പിക്കുന്നു, ഇഷ്ടവസ്തുക്കളെ നല്കുന്നു. ദീനം പിടിക്കുമ്പോൾ ചികിത്സിക്കുന്നു, ഓടിനടക്കാറായ കാലത്തു ആഹാരം കഴിക്കേണ്ടു സമയത്തിൽ കണ്ടിട്ടില്ലെങ്കിൽ തേടിപ്പിടിച്ചു കൊണ്ടുവന്നു ആഹാരത്തെ നല്കുന്നു, വിദ്യാഭ്യാസകാലത്തു വിദ്യയെ പഠിപ്പിക്കുന്നു പിതാവിൻെറ അഭാവകാലത്തുകൂടി പുത്രന്മാർ അരിഷ്ടിച്ചുകൂടാ എന്ന വിചാരത്തിൽ സ്വത്തിനെ സമ്പാദിച്ചു ഉറപ്പിക്കുന്നു. ഇങ്ങിനെ പിതാക്കന്മാർ അതാതുസമയത്തു പുത്രഹിതാർത്ഥം ചെയ്യുന്ന കൃത്യങ്ങളെ ചുരുക്കിപ്പറവാൻകൂടി പ്രയാസമായിരിക്കുന്നു. പുത്രന്മാർ ഉപദേശിച്ചിട്ടൊ, പ്രാർത്ഥിച്ചിട്ടൊ, പ്രതിഫലാദികൾ കൊണ്ടു പിതാക്കന്മാരെ പ്രീതിപ്പെടുത്തിയിട്ടൊ അല്ല പുത്രഹിതത്തെ ചെയ്യുന്നതു്. അങ്ങിനെ ചെയ്യുന്നതു് പിതൃധർമ്മമാകുന്നു. അപ്രകാരം ലോകപിതാവും പിതൃധർമ്മത്തെ ചെയ്വാൻ സ്വയമേവ കടപ്പെട്ടിരിക്കുന്നതുകൊണ്ടു നാം പൂജിക്കാതെതന്നെ സകല സുഖങ്ങളെ നൽകുവാനും സംസാരസമുദ്രത്തിൽനിന്നു നമ്മെ കയററി വിടുവാനും അവകാശമുണ്ടു്. കുട്ടികൾ കുളത്തിൽവീണു വെള്ളം കുടിച്ചു പള്ളവീർത്തു മുങ്ങിച്ചാകുമാറായിക്കണ്ടാൽ അതു കണ്ടിരിക്കുന്ന പിതാക്കന്മാർ ലോകത്തിൽ ഉണ്ടോ? അക്ഷണം പിടിച്ചു കയററി വിടുകയില്ലയൊ? "എന്നെ പൂജിക്ക്, ഇനിക്ക് വല്ലതും കാഴ്ചവെക്ക്, എന്നാലെ നിന്നെ കയററിവിടു" എന്നു പറയുന്ന പിതാവുണ്ടോ? ഇല്ല. നമ്മുടെ വ്യഷ്ടിപിതാവിന്നുള്ളതുപോലെ ലോകപിതാവിന്നു ക്ഷുൽപിപാസാദികൾകൊണ്ടോ, ദാരിദ്ര്യരോഗങ്ങൾകൊണ്ടോ, വാർദ്ധക്യാദ്യവസ്ഥാഭേദങ്ങൾകൊണ്ടോ ഉള്ള ദുഃഖവും ഇല്ല, ദുരഭിമാനവും ഇല്ല. ഇതേവരെ പറഞ്ഞ സംഗതികൾകൊണ്ടും വിഗ്രഹാരാധനാദികൾ ആവശ്യമില്ല. ആ വക കർമ്മങ്ങൾകൊണ്ടു ദൈവം പ്രസാദിച്ചു കാണുന്നതും ഇല്ല. ഈശ്വരൻ സർവ്വജ്ഞനും ദയാനിധിയും ലോകപിതാവും ആകുന്നു എന്നു സമ്മതിക്കുന്ന അവസ്ഥക്കു ഒന്നും അറിഞ്ഞുകൂടാത്തവനോടു് സങ്കടം പറഞ്ഞു മനസ്സിലാക്കുന്നതുപോലെയും, ഫലേച്ഛുവായ

ദയാഹീനനു വല്ലതും കൊടുത്തിട്ടു പ്രസാദിപ്പിക്കുന്നതുപോലെയും. ഈശ്വരനെ പ്രസാദിപ്പിപ്പാൻ വിചാരിക്കുന്നതുതന്നെ തെററാണു്. അതെല്ലാം ഈശ്വരനിന്ദയായിട്ടാണു കലാശിക്കുന്നതു. ഇങ്ങിനെ ആലോചിക്കുന്തോറും ഈശ്വരനെ സഗുണനായി വിചാരിക്കുന്ന കർമ്മികൾക്കു വിഗ്രഹാരാധനാദികർമ്മങ്ങൾ ലേശംപോലും ആവശ്യമില്ലെന്നാണു് സിദ്ധിക്കുന്നതു്. ഈശ്വരനെ നിർഗ്ഗുണവസ്തുവാണെന്നു വിചാരിക്കുന്ന പക്ഷത്തിലൊ സ്വപ്നേപി വിഗ്രഹാരാധനാദികർമ്മങ്ങൾ ആവശ്യമില്ല. ആവശ്യമുണ്ടെന്നു തോന്നുന്നതു് ആലോചിക്കാത്തതുകൊണ്ടും, ആലോചിച്ചു ഗുണദോഷങ്ങളെ വേർതിരിച്ചറിവാൻ ശക്തിയില്ലാത്തതുകൊണ്ടും ആകുന്നു. ആലോചിക്കാതെ ഇരിപ്പാൻ കാരണമെന്താകുന്നു എങ്കിൽ—ഓരോ സമുദായങ്ങൾ അനേകകാലമായി പരമ്പരയായി പരിശീലിച്ചു ഉറച്ചു പഴകിയ സംഗതികളെപ്പററി ആരും ആലോചിക്കുകയില്ല. നോക്കുക? ഞാൻ ബ്രാഹ്മണനൊ മററുവല്ല ജാതിയോ, ഞാൻ ശൂദ്രനൊ അല്ലെയൊ, ഞാൻ ഈഴവനൊ അല്ലയൊ, എന്താ ബ്രാഹ്മണൻ, എന്താ ശൂദ്രൻ, എന്താ ഈഴവൻ എന്നും മററും പറവാൻ കാരണം? ഇങ്ങിനെ ചിലജാതിയുണ്ടോ? ശൂദ്രരിൽതന്നെ കിരിയത്തിലെ, ചാന്നതു്, വട്ടക്കാട്ടെ, പള്ളിച്ചാൻ എന്നിങ്ങിനെ അനേക ജാതിഭേദങ്ങൾ കാണുന്നു. ഇങ്ങിനെ ഹിന്തുക്കളുടെ ഇടയിൽ അല്ലാതെ മുഹമ്മദീയാദി മററു മതക്കാരുടെ ഇടയിൽ കാണപ്പെടുന്നില്ല. ആ മതക്കാർ ഈ ജാതിഭേദത്തെപ്പററി ആക്ഷേപിച്ചു അപഹസിക്കയും ചെയ്യുന്നു. പരസ്പരം തൊടുവാനും തൊട്ടതു തിന്നുവാനുംകൂടി പാടില്ലാത്ത ഈ ജാതിഭേദകുഷ്ഠവ്യാധി നമ്മുടെ ഇടയിൽ മാത്രം വരുവാൻ കാരണമെന്താണു്? കിരിയത്തിലെ, ചാന്നതു്, വട്ടക്കാട്ടെ എന്നും മററും പറയുന്നതിന്നു് അർത്ഥമെന്താണു്? ഇങ്ങിനെ ചിലജാതിഭേദങ്ങൾ ഉണ്ടോ? ഉണ്ടെങ്കിൽ കറുത്തിട്ടോ, വെളുത്തിട്ടോ, ഉരുണ്ടിട്ടോ, നീണ്ടിട്ടോ ഏതേതു ലക്ഷണങ്ങളോടുകൂടിയവയാണു് ഓരോ ജാതികൾ? എന്നു ഒന്നും ആലോചിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ

ബാല്യംമുതല്ക്കെ ഇന്നിന്നജാതിയാണെന്നു് കേട്ടു പഴകിപ്പോയതുകൊണ്ടാകുന്നു. ഹിംസിക്കാതേയും, മാംസം തിന്നാതേയും ഇരിക്കുന്ന ചില സംഘക്കാരെ കണ്ടിട്ടും ഹിംസ മഹാപാപമാണെന്നു ഘോഷിക്കുന്നതിനെ കേട്ടിട്ടുംകൂടി മത്സ്യാദിമാംസങ്ങളെ തിന്നുശീലിച്ച മനുഷ്യർ ഹിംസിക്കുന്നതും മാംസം തിന്നുന്നതും ശരിയൊ എന്നു് ഒന്നു ആലോചിക്കുന്നില്ല. അവർ ബാല്യംമുതല്ക്കെ മത്സ്യാദിമാംസങ്ങളെ തിന്നു ശീലിച്ചു പഴകിപ്പോയതുകൊണ്ടാകുന്നു അതിനെപ്പററി ആലോചിക്കാത്തതു്. ഇങ്ങിനെ ഏതേതു സംഘക്കാർ ഏതേതിൽ ആദിമുതൽ പഴകിവരുന്നുവൊ അതാതിൻെറ ഗുണദോഷങ്ങളെപ്പററിയുള്ള ആലോചന അത്ര വേഗത്തിൽ അവരുടെ അകത്തു കടക്കുകയില്ല. അപ്രകാരം വിഗ്രഹാരാധനാദികൎമ്മങ്ങളിലും അനേകായിരം കാലമായി പഴക്കം വന്നതുകൊണ്ടും അവ ഇഹപരസുഖങ്ങൾക്കു അടിസ്ഥാനമാണെന്നു ഉള്ളിൽ ഉറച്ചുപോയതുകൊണ്ടും ആ വക കൎമ്മങ്ങളെപ്പററി ആക്ഷേപിച്ചാലും ആലോചിക്കാത്തതാകുന്നു. അഥവാ ആലോചിച്ചാലും ഗുണദോഷങ്ങളെ വേർതിരിച്ചറിവാൻ ശക്തിവരുന്നില്ല. അതു എന്തുകൊണ്ടാകുന്നു എങ്കിൽ ഫലമൂലാദികൾകൊണ്ടു വിഗ്രഹങ്ങളെ പൂജിക്കുക, സ്തുതിക്കുക, പ്രാൎത്ഥിക്കുക, നമസ്കരിക്കുക, വ്രതമനുഷ്ഠിക്കുക, തീൎത്ഥസ്നാനം ചെയ്യുക മുതലായ ദേഹവ്യാപാരംകൊണ്ടു ആലോചനചെയ്തു തള്ളേണ്ടതിനെ തള്ളുവാനുള്ള മനശ്ശക്തി (ബുദ്ധിശക്തി) ഉണ്ടാകയില്ല. ആലോചനാ എന്ന മനോവ്യാപാരംകൊണ്ടുമാത്രമെ ആ ശക്തി സിദ്ധിക്കൂ. നോക്കുക! ഞാണിന്മേൽ കളി മുതലായവയെ അഭ്യസിച്ചവർ അംഗങ്ങൾകൊണ്ടു കാണിക്കുന്ന അഭ്യാസങ്ങളെ കാണുമ്പോൾ അത്ഭുതം തോന്നുന്നു. അവർ ആദി മുതല്ക്കെ അങ്ങിനെ ദേഹത്തെ അഭ്യസിച്ചു പഴക്കിയതുകൊണ്ടാണു ആ സാമൎത്ഥ്യം സിദ്ധിച്ചതു്. ആ കളിക്കാരെപോലെ ദേഹംകൊണ്ടു കാണിപ്പാൻ ഇനിക്കു കഴികയില്ല. ഞാൻ അപ്രകാരം കായികാഭ്യാസം ചെയ്യാത്തതു തന്നെ അതിന്നു കാരണം. എന്നെപ്പോലെ മനസ്സിന്നുള്ള

ആലോചനാശക്തി ആ കളിക്കാൎക്കു കാണുന്നില്ല. മനസ്സിനെ യഥാൎത്ഥവിചാരത്തിൽ അവർ എന്നെപ്പോലെ ശീലിച്ചിട്ടില്ല. അതുതന്നെ അതിന്നു കാരണം. ഏതേതു അംഗത്തിനെകൊണ്ടു ഏതേതിനെ അഭ്യസിക്കുന്നുവൊ, അതാതിന്നു അതാതിൽ ശക്തി കൂടും. നാം വലത്തെ കൈകൊണ്ടു ഉണ്മാനും, എഴുതുവാനും, തിന്മാനും, തുന്നാനും മററും ശീലിച്ചതുകൊണ്ടു അക്കാൎയ്യങ്ങളിൽ അതിന്നുള്ള സാമൎത്ഥ്യം എടത്തെ കയ്യിന്നില്ല. കൎമ്മികളും നമസ്കാരവിഗ്രഹാരാധനാദികായികവ്യാപാരങ്ങളിൽ പരിചയിച്ചു ആലോചനയെ വിട്ടതുകൊണ്ടു തത്വവിചാരജ്ഞാനശക്തി സിദ്ധിക്കാത്തതാകുന്നു. അതുകൊണ്ടു കൎമ്മകാണ്ഡക്കാരണവരുടെ കല്പനകേട്ടു കഷ്ടകൎമ്മങ്ങളിൽപെട്ടു സ്വാതന്ത്ര്യസുഖവും ആത്മാനന്ദവും സിദ്ധിക്കാതെ വലയുന്നതാകുന്നു. തത്വവിചാരശക്തിയുണ്ടെങ്കിൽ ദൈവം ഇവരുടെ കൊട്ടിന്നും താളത്തിന്നും പൂജാദികൎമ്മക്കും അനുസരിച്ചു കളിക്കുന്ന വികാരി അല്ലാ എന്നതിന്നു ഈ ലോകപ്രകൃതിതന്നെ വിശേഷപ്പെട്ട വേദമായി വിളങ്ങിക്കൊണ്ടിരിക്കുന്നു. ഈ വേദത്തെ സൎവ്വമതസാരഗ്രാഹികളും സമ്മതിക്കും. മററുള്ള വേദപ്രമാണങ്ങളെ പരസ്പരം സമ്മതിക്കയില്ല. ഹിന്തുക്കൾ ബ്രഹ്മാവിന്റെ മുഖത്തിൽനിന്നു പുറപ്പെട്ടതാണു് വേദം. അതുകൊണ്ടു ഞങ്ങളുടെ വേദമാണു് മീതെ എന്നു വാദിക്കുന്നു. മററുള്ള മതക്കാർ അതിനെ സമ്മതിക്കുന്നില്ല എന്നു മാത്രമല്ല ദൂഷ്യവും പറയുന്നു. ഹിന്തുക്കൾ പറയുംപ്രകാരം ചതുർമുഖനായിട്ടു (നാൽമുഖനായിട്ടു) ഒരു സൃഷ്ടികൎത്താവുതന്നെ ഇല്ലെന്നും വാദിക്കുന്നു. ഹിന്തുക്കൾ സൎവ്വന്മാരും ഒത്തുകൂടി പ്രാൎത്ഥിച്ചാലും ബ്രഹ്മാവിനെ കൊണ്ടുവന്നു വേദംബ്രഹ്മസൃഷ്ടമാണെന്നു തെളിയിപ്പാൻ കഴികയില്ല. ബ്രഹ്മാവിന്നു സമൻസൊ വാറണ്ടൊ അയച്ചു വരുത്തി വിചാരണചെയ്തു തെളിവു എടുത്തു തീൎപ്പു് കല്പിപ്പാനുള്ള ജഡ്ജിമാരും ഇല്ല. പിന്നെങ്ങിനെ വേദം ബ്രഹ്മമുഖത്തിൽനിന്നു പുറപ്പെട്ടതാണെന്നു ഹിന്തുക്കൾ തെളിയിക്കും? ഇങ്ങിനെതന്നെ ഒരു മതക്കാൎക്കും അവരവരുടെ വേദങ്ങളുടെ ദിവ്യത്വത്തെ തെളി

യിപ്പാൻ കഴികയില്ല. ഇന്നു ചിലർ ചില പുസ്തകങ്ങളേയും ആചാരഭേദങ്ങളേയും കല്പിക്കുന്നുണ്ടു്. അപ്പോലെ അന്നു ചിലർ ചെയ്യുതാണെന്നു തീർച്ചപ്പെടുത്തുന്നതെ യുക്തമായിരിക്കയുള്ളു. എന്നാൽ മതവിഷയത്തിൽ ഭിന്നാഭിപ്രായത്തോടുകൂടി വാദിക്കുന്ന സർവ്വമതസ്ഥന്മാരും ഈ ലോകം ഒരു മഹാശക്തിയിൽനിന്നു ഉത്ഭവിച്ചതാണെന്നു സമ്മതിക്കുന്നുണ്ടു്. അതുകൊണ്ടു ഈ ലോകത്തെ ഒരു വേദപുസ്തകമാക്കി വെച്ചു വാദിച്ചാൽ സർവ്വമതസാരഗ്രാഹികളും സമ്മതിപ്പാനെ അവകാശമുള്ളു. അഗ്നി ചൂടുള്ള വസ്തുവല്ലെയൊ? സൂര്യൻ പൊതുവിലുള്ള ഒരു ലോകദീപമല്ലെയൊ? നിണക്കു് ശിരസ്സു ഒന്നല്ലയൊ? എന്നു ചോദിച്ചാൽ ആരും എതിത്തു വാദിക്കയില്ല. അതുകൊണ്ടു ഈ ലോകത്തെ നാം പ്രമാണമാക്കി ആലോചിച്ചാൽ ദൈവം ദയാവാത്സല്യാദി ഗുണങ്ങളോടും സൃഷ്ട്യാദികർമ്മങ്ങളോടും കൂടിയ വികാരിയല്ല, നിർഗ്ഗുണനും നിർവ്വികാരിയുമാകുന്നു എന്നു തെളിയും. അല്പം ഒന്നു ആലോചിക്കുക. ദൈവത്തിന്നു ഇങ്ങിനെ ഒരു ലോകത്തെ സൃഷ്ടിച്ചിട്ടു ലാഭം എന്തു്? സർവ്വമനുഷ്യരേയും സർവ്വപ്രാണികളേയും സങ്കടസമുദ്രത്തിൽ മുങ്ങിപൊങ്ങി മയങ്ങി വീർപ്പുമുട്ടിച്ചാകേണ്ടതരത്തിലാണൊ സൃഷ്ടിക്കേണ്ടതു്? ദയാവാത്സല്യാദി ഗുണലേശമെങ്കിലും ഉണ്ടെങ്കിൽ ഇങ്ങിനെചെയ്യുമൊ? കുഷ്ഠവ്യാധി, പ്രമേഹം, ക്ഷയം, തിമിരം, വാതം, ശ്വാസകാസം, ഗ്രഹണി, അർശസ്സ് മുതലായ അനേക കഠിനരോഗങ്ങൾ പിടിപെട്ടു ദേഹം അളിഞ്ഞു ചീഞ്ഞിട്ടും ശോഷിച്ചിട്ടും, കുരുടന്മാരായിട്ടും, മൊടന്തന്മാരായിട്ടും, കുരച്ചിട്ടും, ഏങ്ങിയിട്ടും ഓരോ കഠിനോപദ്രവത്തിൽപെട്ടു പ്രാണവേദന സഹിച്ചുകൂടാതെ ഈശ്വരനെ വിളിച്ചു കരഞ്ഞു കരഞ്ഞു ചിരകാലം കിടന്നു ദുഃഖിച്ചു മരിക്കുന്നവർ എത്ര? ഈ വക ദുഃഖം സഹിച്ചുകൂടാതെ ആത്മഹത്യയെ ചെയ്യുന്നവർ എത്ര? ദാരിദ്ര്യവും മഹാവ്യാധിയും രണ്ടും പിടിപെട്ടു ഈശ്വരനെ വിളിച്ചു നിലവിളിച്ചു ദുഃഖിക്കുന്നവർ എത്ര? പരസ്പരം കലഹിച്ചു കുത്തി കലപ്പെടുത്തി ചാകുന്നവർ എത്ര? രാഗദ്വേഷാദി നിമിത്തം എന്തെല്ലാം

അനൎത്ഥങ്ങൾ, എന്തെല്ലാം ദുഃഖങ്ങൾ? പ്രബലന്മാരുടെ പീഡ നിമിത്തം ഈശ്വരനെ വിളിച്ചു ദുഃഖിക്കുന്നവർ എത്ര? ഈശ്വര പ്രസാദത്തിന്നു വേണ്ടി കഠിന വ്രതങ്ങളെ അനുഷ്ഠിച്ചു പട്ടിണി കിടന്നിട്ടും യാഗവ്രത വിഗ്രഹാരാധനാദികളെ ചെയ്തിട്ടും സങ്കട പ്പെടുന്നവർ എത്ര? ഒരു കണ്ണു കണ്ടാൽ മതി ഈശ്വരാ! ഇനിക്കു മറെറാന്നും വേണ്ടാ എന്നു ഈശ്വരനെ പ്രാൎത്ഥിച്ചിട്ടും സ്തുതിച്ചി ട്ടും രാവും പകലും കരഞ്ഞു കണ്ണുനീർ വാൎക്കുന്ന ഭക്തന്മാർ എത്ര? ഈശ്വരന്നു എള്ളോളം ദയയൊ ഭക്തവാത്സല്യമൊ പുത്രസ്നേഹ മൊ ഉണ്ടെങ്കിൽ ഇതെല്ലാം കണ്ടു കണ്ടു സഹിച്ചിരിക്കയില്ല. ഒരു മിനിട്ടുകൊണ്ടു ഇവരുടെ സങ്കടത്തെ തീൎത്തു സന്തോഷിപ്പി ക്കുമായിരുന്നു. കാഴ്ചവെച്ചു കാലുപിടിച്ചു കരഞ്ഞപേക്ഷിച്ചു കൊണ്ടു അടിമയായിക്കിടന്നാൽ ദയയില്ലാത്ത മഹാപാപിയും പരമശത്രുവുംകൂടി ദയ കാണിക്കുന്നു. അതുപോലും ഈശ്വരന്നു ദയ കാണുന്നില്ല. അതുകൊണ്ടു ദയാവാത്സല്യാദി ഗുണങ്ങൾ ലേശംപോലും ഇല്ലാത്ത നിൎഗ്ഗുണവസ്തുവാണ് ഈശ്വരൻ എന്നാ ണ് തെളിയുന്നതു്.

അങ്ങിനെ പറവാൻ പാടില്ല. മനുഷ്യരും മററു പ്രാണി കളും അങ്ങിനെ ദുഃഖം അനുഭവിക്കുന്നതു അവർ ചെയ്ത കുററത്തി ന്റെ (പാപത്തിന്റെ) ഫലമാകുന്നു. അതിനെ അനുഭവിച്ചു തന്നെ തീൎക്കേണം അതിലകത്തു വിടുന്നതു ന്യായമൊ? ഒരു ജഡ്ജി ദയാദിഗുണനിധിയായിരുന്നാലും ഒരു കുററക്കാരനെ വിട്ട യക്കുന്നതു ന്യായമായിരിക്കയില്ല. കൊടുത്ത ശിക്ഷയെ അനുഭ വിച്ചു തീരുന്നതിന്നുമുമ്പു വിടുന്നതും ന്യായമായിരിക്കയില്ല. വി ടാത്തതുകൊണ്ടു ജഡ്ജിയെ ദയാദിഗുണഹീനനായ നിൎഗ്ഗുണൻ എന്നു പറവാൻ പാടില്ല. അപ്രകാരം പാപികളുടെ പാപഫ ലത്തെ അനുഭവിപ്പിക്കുന്ന ദൈവത്തെയും നിൎഗ്ഗുണൻ എന്നു പറ വാൻ പാടില്ലാ എന്നു പറയുന്നുവെങ്കിൽ, ഈ ഉദാഹരണം ഈ ശ്വരവിഷയത്തിലേക്കു പററുന്നതല്ല. ജഡ്ജിയേയും രാജാവി നേയും, സൃഷ്ടികൎത്താവായിട്ടും സൎവ്വശക്തനായിട്ടുംആരും വിചാരി



ക്കന്നില്ല. അവൎക്ക് ആ ശക്തിയും ഇല്ല. ഈശ്വരനെ സൃഷ്ടികൎത്താവായിട്ടും സൎവ്വശക്തനായിട്ടും ലോകപിതാവായിട്ടുമാണ് സൎവ്വരും ഘോഷിക്കുന്നതു്. സൎവ്വശക്തനായതുകൊണ്ടു ഒരു തെററുംകൂടാതെ സൎവ്വപ്രാണികളേയും സൎവ്വദാ ആനന്ദികളായി നടത്തിപ്പാൻ ഈശ്വരനു കഴിയും. സൃഷ്ടികാലത്തിൽതന്നെ കരിമ്പിനു മാധുൎയ്യത്തേയും ചന്ദ്രനു ശീതളത്വത്തേയും മററും സൃഷ്ടിച്ചതുപോലെ മനുഷ്യൎക്കു ജ്ഞാനം, സമദൃഷ്ടി, ദയ, പരസ്പരോപകാരപരത, പാപകൎമ്മങ്ങളിൽ വെറുപ്പ് മുതലായ സൽഗുണങ്ങളെമാത്രം സൃഷ്ടിച്ചു ദുൎഗ്ഗുണങ്ങളെ അരികിൽ അണവാൻ പാടില്ലാത്തവിധം വിലക്കിയതാണെങ്കിൽ ആരും പാപകൎമ്മത്തെ ചെയ്യാതെ ഈശ്വരനെ ഭജിച്ചു നല്ല സ്ഥിതിയിൽ തന്നെ കഴിഞ്ഞുകൊള്ളുമല്ലൊ. മനുഷ്യരുടെ സൽഗുണങ്ങളെ കളവാൻ കഴികയുമില്ല. കളവാൻ അവൎക്കും തോന്നുകയുമില്ല. ചന്ദ്രന്റെ ശീതളത്വത്തേയൊ കരിമ്പിന്റെ മാധുൎയ്യത്തെയൊ കളവാൻ കഴിയുമൊ? ഇല്ല. അങ്ങിനെ ആയാൽ ആരും പാപം ചെയ്കയില്ല. ശിക്ഷയും ദുഃഖവും ആരും അനുഭവിക്കേണ്ടി വരികയും ഇല്ല. ഈശ്വരനു ദയാവാത്സല്യാദി ഗുണങ്ങൾ ലേശമെങ്കിലും ഉണ്ടെങ്കിൽ അങ്ങിനെയല്ലയൊ സൃഷ്ടിക്കേണ്ടിയിരുന്നതു്. അങ്ങിനെ ചെയ്യാത്തതുകൊണ്ടു ഈശ്വരൻ നിൎഗ്ഗുണൻ എന്നു തന്നെയാണ് തെളിയുന്നതു്. ആദിയിൽ ഈശ്വരൻ അത്ര ആലോചിച്ചില്ല അതുകൊണ്ടു അങ്ങിനെയെല്ലാം വന്നുപോയതാണ് എന്നു പറയുന്നു എങ്കിൽ പ്രാണികളുടെ പലവിധ പാപകൎമ്മങ്ങളേയും അതിനാലുള്ള അതിസങ്കടാവസ്ഥയേയും കണ്ടാൽ പിന്നെയെങ്കിലും നന്നാക്കി സൃഷ്ടിക്കേണ്ടതല്ലെയൊ? അങ്ങിനെ ചെയ്യാത്തതുകൊണ്ടും ദൈവം നിൎഗ്ഗുണൻ എന്നുതന്നെ തെളിയുന്നു. ലോകം മുഴുവനും ഹിംസാമയമായിരിക്കുന്നതുകൊണ്ടും അപ്രകാരമല്ലയൊ തെളിയുന്നതു്.

മനുഷ്യർ ഏതെല്ലാം വിധത്തിലാണ് പ്രാണികളെ ദ്രോഹിക്കുന്നതു്? ഏതൊരു പ്രാണിയാണ് മനുഷ്യരുടെ ഉപദ്രവ

ത്തിൽ പെടാത്തത്? കാളകളേയും പോത്തുകളേയും കരികെട്ടി ഉഴുന്നു. അവയെ കഠിനമായി പ്രഹരിക്കുന്നു. ക്ഷീണിച്ചു കിടന്നുപോയാൽ കണ്ണിൽ മുളകരച്ചു എഴുതുന്നു. വാലിനെ പിടിച്ചു പൊട്ടിക്കുന്നു. കടിക്കുന്നു. വണ്ടിക്കാളകൾക്കു ഭാരം അധികമായിട്ടോ, മററു സംഗതികൊണ്ടോ, കിടന്നുപോയാൽ അടിയുടെ പൂരംതന്നെ. കഴുത ഒട്ടകം മുതലായവയെക്കൊണ്ടു ഭാരം ചുമപ്പിച്ചു പീഡിക്കുന്നു. കുതിരകളെ സാററിൽ കെട്ടിയിട്ടും മുതുകിൽ കയറി ഇരുന്നിട്ടും കടിവാളം വെട്ടിപിടിച്ചു അങ്ങോട്ടും ഇങ്ങോട്ടും അതിദൂരം അടിച്ചുപായിക്കുന്നു. കാട്ടിൽ കിടക്കുന്ന ആനകളേയും പിടിച്ചുകൊണ്ടുവന്നു കുന്തംവെച്ചു കുത്തിയിട്ടും അടിച്ചിട്ടും കൊക്കിവെച്ചിട്ടും മരം പിടിപ്പിക്കുന്നു. ആനകളെ എത്ര വെടിവെച്ചുകൊല്ലുന്നു. അപ്പോലെതന്നെ കലമാൻ, കടമാൻ, കാട്ടുപോത്ത്, കരടി, കിടി, കണ്ഠീരവം, വ്യാഘ്രം മുതലായവയേയും വെടിവെച്ചു കൊല്ലുന്നു, നായാട്ടാടി നായ്ക്കളെക്കൊണ്ടു മൃഗങ്ങളെ കടിപ്പിച്ചും കുന്തംകൊണ്ടു കുത്തിയിട്ടും, ഹിംസിക്കുന്നു. ആകാശത്തിൽകൂടി പറക്കുന്ന പലവക പക്ഷികളേയും കണിവെച്ചിട്ടും വെടിവെച്ചിട്ടും ഹിംസിച്ചുതിന്നുന്നു. മത്സ്യങ്ങളേയും ചൂണ്ടലിട്ടിട്ടും വല വീശിയിട്ടും വെടി വെച്ചിട്ടും കൊന്നു തിന്നുന്നു. ഊർപന്നികളുടെ പ്രാണൻ അത്രവേഗത്തിൽ പോകയില്ല. അവയെ ഉലക്കകൊണ്ടടിച്ചടിച്ചു പതച്ചിട്ടും അറുത്തിട്ടും ഹിംസിക്കുന്നു. കഴുത്തിൽ പിടിച്ചു അരിവാൻ ആരംഭിക്കുമ്പോഴെക്കു ആമകൾ കഴുത്തിനെ ഉള്ളിലേക്കു വലിക്കും. അപ്പോൾ അവയെ ജീവനോടുകൂടിത്തന്നെ തീയിലിട്ടു ചുട്ടു കൊന്നു തിന്നുന്നു. കോഴി, ആടു, മൂരി മുതലായവയേയും അറുത്തു മനുഷ്യർ കൊന്നുതിന്നുന്നു. രാഗദ്വേഷാദി നിമിത്തം മനുഷ്യർ മനുഷ്യരേയും പലവിധത്തിൽ ഹിംസിക്കുന്നു. മനുഷ്യർ ചെയ്യുന്ന ഹിംസകളെപ്പററി എഴുതിയാൽ അവസാനിക്കയില്ല. കടലിലും, കരയിലും, കാട്ടിലും, നാട്ടിലും, വീട്ടിലും, മലയിലും, ആകാശത്തിലൊ ഉള്ള സർവ്വ പ്രാണികളേയും മനുഷ്യർ ഹിംസിക്കുന്നു എന്നു സമഷ്ടിയായി പറവാനെ

കഴിയും. ഓരോ പ്രാണികളെ ഹിംസിക്കുമ്പോൾ അവ പ്രാണ
വേദനസഹിച്ചുകൂടാതെ കൈകാലുകൾ പിടച്ചുകാട്ടുന്ന മരണ
ഗോഷ്ഠി കണ്ടാലും ആർത്തനാദം കേട്ടാലും ആർ സഹിക്കും? എ
ള്ളോളം ദയാവാത്സല്യാദി ഗുണങ്ങൾ ഉള്ള ലോകപിതാവായ
ഒരു ദൈവം ഉണ്ടെങ്കിൽ ആ മുഹൂർത്തത്തിൽതന്നെ ആ അനാഥ
പ്രാണികളുടെ അളവില്ലാത്ത ദുഃഖത്തിന്നു ഒരു നിവൃത്തി കല്പിക്കു
മായിരുന്നു. സർവ്വശക്തനായ ദൈവത്തിന്നു് എന്താ കഴിയാത്തതു?
ഹിംസിക്കരുതു എന്നു മനുഷ്യരുടെ മനസ്സിൽ തോന്നിപ്പിക്കാം.
അല്ലെങ്കിൽ ഹിംസിക്കുമ്പോൾ ആ ഹിംസകൻെറ കയ്യിനെ സ്തം
ഭിപ്പിക്കാം, അല്ലെങ്കിൽ മാംസം തിന്ന മാത്രക്കു ഛർദ്ദ്യതിസാ
രത്തെ ഉണ്ടാക്കാം. ഇങ്ങിനെ ഈശ്വരൻ ചെയ്താൽ അനാഥ
പ്രാണികളെ ഹിംസിച്ചാൽ കൈ സ്തംഭിക്കും, മാംസത്തെതിന്നാൽ
ഛർദ്ദ്യതിസാരം തുടങ്ങും എന്നു ഭയപ്പെട്ടു സർവ്വരും ഹിംസാകർമ്മ
ങ്ങളിൽനിന്നു പിൻവലിക്കും. അനാഥപ്രാണിസങ്കടത്തിന്നു നി
വൃത്തിയും വരും. വ്യാഘ്രവും പശുക്കളേയും, പൂച്ച എലിയേയും,
പാമ്പു തവളയേയും ഇങ്ങിനെ അനവധി ദുർബലപ്രാണികളെ
പ്രബലപ്രാണികൾ കൊന്നുതിന്നുന്ന തരത്തിലും, മനുഷ്യരെ ഉപ
ദ്രവിക്കേണ്ട തരത്തിലും, മനുഷ്യരാൽ സകല പ്രാണികളും ഉപ
ദ്രവത്തിൽ പെടേണ്ട തരത്തിലും ആധിവ്യാധിബാധകളാൽ ദുഃ
ഖിക്കേണ്ടതരത്തിലും ജഗത്തിനെ സൃഷ്ടിച്ചതു ദൈവമാണെങ്കിൽ
ആ ജഗൽപിതാവായ ദൈവം നീതി ദയാപുത്രവാത്സല്യാദി സ
ൽഗുണങ്ങളില്ലാത്ത നിർഗ്ഗുണൻ എന്നു മാത്രമല്ലാ തെളിയുന്നതു്!
ദുർഗ്ഗുണനിധി എന്നു കൂടി തെളിയുന്നു. ഹെ! മർത്ത്യന്മാരെ,
ദൈവം സൃഷ്ട്യാദികളെ ചെയ്യുന്നവനാണെന്നും, ദയാദിഗുണങ്ങളു
ള്ളവനാണെന്നും സ്തുതിക്കുന്നതു ദൈവം ദുർഗ്ഗുണനിധിയാണെന്നു
ള്ള നിന്ദയായി കലാശിക്കുന്നു. നിന്ദകൊണ്ടും നേർച്ചകൊണ്ടും,
സ്തുതികൊണ്ടും, കാഴ്ചകൊണ്ടും, പൂജകൊണ്ടും, ഒന്നുകൊണ്ടും വി
കാരമില്ലാത്ത ആനന്ദവസ്തുവാണു് ദൈവം (ആ അനിർവ്വചനീയ
മഹാശക്തി) ദൈവം വിഗ്രഹാരാധനാദികൾകൊണ്ടു അനുഗ്രഹി

ക്കന്നവികാരിയാണെന്നു വിചാരിക്കുന്ന വിദ്വാന്മാൎക്കു ദൈവത്തെ എളുപ്പത്തിൽ കണ്ടുപിടിച്ചു ആനന്ദിപ്പാനുള്ള ഉപായം ഉണ്ടു്. അതു് എന്താകുന്നു എങ്കിൽ, ദൈവത്തെ അസഹ്യമാകുംവണ്ണം അസഭ്യം പറയുകതന്നെ. അപ്പോൾ ദൈവം കോപിച്ചു കൊല്ലുവാനായി വെളിക്കു ചാടിവരും. ആ സമയം "എന്റെ പിതാവെ! നിന്നെ കണ്ടുപിടിപ്പാൻവേണ്ടി ചെയ്ത ഉപായമാണിതു് നിന്ദിക്കേണമെന്നു നിരൂപിച്ചു ചീത്തപറഞ്ഞതല്ല" എന്നു പറഞ്ഞു പിടിച്ചുപൂട്ടി (ആലിംഗനംചെയ്തു) ആനന്ദിക്കാമല്ലൊ. കഷ്ടം കഷ്ടം മതവിഷയമായി എന്തെല്ലാമാണു ലോകത്തിൽകാണിക്കുന്നതു്? അതിന്നായി കളയുന്ന പണത്തിന്നു കയ്യും കണക്കുമില്ല. അതുനിമിത്തം അനുഭവിക്കുന്നെ അജ്ഞാനദുഃഖങ്ങൾക്കും കയ്യും കണക്കുമില്ല.

ഹേ ആനന്ദകാംക്ഷികളെ നമ്മുടെ വ്യവഹാരദോഷത്താൽ ശിരസ്സു ഉഷ്ണിച്ചു ഉറക്കം വരാതെ ബുദ്ധിമുട്ടി ദുഃഖിക്കുമ്പോൾ അതിന്റെ ശാന്തിക്കു പ്രദോഷാദിവ്രതങ്ങൾ എടുത്തു പട്ടിണി കിടന്നിട്ടും വിഗ്രഹാരാധനാദിയായ ക്ലേശകൎമ്മങ്ങളെ ചെയ്തിട്ടും ദൈവത്തെ ഭജിച്ചാൽ ഉഷ്ണം വൎദ്ധിച്ചു പിത്തം മൂൎദ്ധാവിൽ കയറി ഭ്രാന്തു് പിടിക്കയെ ഉള്ളു. ചികിത്സിച്ചു ശിരസ്സിനെ കുളുൎപ്പിച്ചാൽ സുഖമായി ഉറങ്ങാം. അപ്രകാരം രാഗദ്വേഷാദിദോഷത്താൽ മനസ്സുഷ്ണിച്ചു ആനന്ദനിദ്രയെ പ്രാപിക്കാതെ അലഞ്ഞു ദുഃഖിക്കുമ്പോൾ അതിന്റെ ശാന്തിക്കു തീൎത്ഥാടനം ചെയ്തിട്ടും വ്രതവിഗ്രഹാരാധനാദികളെ ചെയ്തിട്ടും കാലത്തെ കളഞ്ഞാൽ കൎമ്മഭ്രാന്തു് വൎദ്ധിച്ചു ജ്ഞാനികളെ അസഭ്യം പറഞ്ഞു ദുഃഖിപ്പാനെ സംഗതി വരൂ. യോഗജ്ഞാനചികിത്സകൊണ്ടു മനസ്സിനെ കുളുൎപ്പിച്ചാൽ ആനന്ദനിദ്രയെ (മുക്തിയെ) പ്രാപിക്കാം. മനസ്സിന്റെ നിശ്ചലത്വംതന്നെ മുക്തി. അതിന്റെ ചലനംതന്നെ സംസാരദുഃഖം. ചിലർ തങ്ങളുടെ കഴുത്തിൽ കയറു കെട്ടിതൂങ്ങിച്ചാകുന്നു. തൂക്കികൊല്ലുവാനുള്ള അധികാരം സേഷൻജഡ്ജിക്കാകുന്നു. ആ അധികാരത്തെ വഹിച്ചതു ഇവിടെ മനസ്സല്ലയൊ?

(മനസ്സിൻെറ ദോഷംകൊണ്ടല്ലയൊ തൂങ്ങിചത്തതു) ചിലർ തങ്ങ ൾതന്നെ വെടിവെച്ചു ചാകുന്നു. ഇക്കാൎയ്യത്തിൽ കാലനൊ കാല ൻെറ ദൂതന്മാരൊ വന്നു തോക്കെടുത്തു വെടിവെച്ചു കൊന്നു എന്നു പറയാമൊ? മനസ്സല്ലയൊ അങ്ങിനെ ചെയ്തതു്? മനസ്സുതന്നെ കാലൻ. മനസ്സുതന്നെ സെഷൻജഡ്ജി. മനസ്സുതന്നെവിഷം. മനസ്സുതന്നെ അമൃതം. മനസ്സ് വിഷയാസക്തമായാൽ വിഷ മായി. മനസ്സു ആനന്ദാസക്തമായാൽ അമൃതമായി. ജലത്തോടു ചേൎന്നാൽ ശൈത്യം സിദ്ധിക്കുന്നതു് സ്വഭാവമാകുന്നു. ആശ്ര യിച്ചവനെ തണുപ്പിക്കേണമെന്ന വിചാരംകൊണ്ടൊ ആശ്രിത വാത്സല്യാദിഗുണംകൊണ്ടൊ ജലം ശൈത്യത്തെ നൽകുന്നതല്ല. ജലം ഉഷ്ണപദാൎത്ഥമാണെന്നു നിന്ദിച്ചാലും നമുക്കുള്ള സിദ്ധിശൈ ത്യംതന്നെ. അപ്പോലെ ആനന്ദത്തോടുള്ള യോഗം (ചേൎച്ച) കൊണ്ടു ആനന്ദം സിദ്ധിക്കുന്നതും സ്വഭാവമാകുന്നു. ആശ്രിത വാത്സല്യാദി ഗുണംകൊണ്ടു ആനന്ദം=ആത്മാവു പ്രസാദിച്ചു ആനന്ദത്തെ നൽകുന്നതല്ല. ആ ആനന്ദത്തെ ദുഃഖവസ്തുവാണെ ന്നു ദുഷിച്ചാലും നമുക്കുള്ള സിദ്ധി ആനന്ദം തന്നെ. സ്തുതിനിന്ദ കൾ ജലത്തിൻെറയും ആനന്ദത്തിൻെറയും പ്രസാദത്തിന്നും അപ്ര സാദത്തിന്നും സാധനമല്ല. പിന്നെന്തിന്നു വിഗ്രഹാരാധനാദിക ൎമ്മങ്ങൾകൊണ്ടു കായക്ലേശധനവ്യയകഷ്ടനഷ്ടങ്ങളെ അനുഭവിച്ചു അജ്ഞാനദുഃഖങ്ങളെ വിലക്കു മേടിക്കുന്നു? മനസ്സിനെ ആനന്ദ ത്തോടു ചേൎക്കുവിൻ ആനന്ദിക്കുവിൻ. ഇതു് സൎവ്വന്മാൎക്കും ജാതി മതഭേദമെന്നിയെ സാധിക്കാമെന്നതു ശ്രുതിയുക്ത്യനുഭവപുരസ്സരം എൻെറ മോക്ഷപ്രദീപാദിസിദ്ധഗ്രന്ഥങ്ങളിൽ വിസ്തരിച്ചു തെ ളിയിച്ചിട്ടുണ്ടു്. വിഗ്രഹാരാധനാദികൎമ്മങ്ങൾ സൎവ്വന്മാൎക്കും അ ജ്ഞാനദുഃഖദോഷകരമാണെന്നും തെളിയിച്ചിട്ടുണ്ടു്. അതുകൊ ണ്ടു് ഇതിൽ വിസ്തരിക്കുന്നില്ല.

ഇതി ബ്രഹ്മാനന്ദസ്വാമി ശിവയോഗി

വിരചിതെ ആനന്ദവിമാനെ ആനന്ദയോഗപ്രകരണം.



ആക്ഷേപ സമാധാന പ്രകരണം.

ആക്ഷേപം 1. സ്വാമിൻ! പരമാത്മാവ്, ആനന്ദം, ശക്തി ഈശ്വരൻ എന്നും മററും പല നാമങ്ങളാൽ വർണ്ണിക്കപ്പെട്ട ദൈവം കരുണാനിധിയാണെന്നും, ഭക്തവത്സലനാണെന്നും, ദീന ബന്ധുവാണെന്നും, സൃഷ്ടിസ്ഥിതിസംഹാരകർത്താവാണെന്നും മുമ്പു സ്തുതിച്ചിട്ടുണ്ടല്ലോ. ഇപ്പോൾ അങ്ങിനെയല്ല, നിർഗ്ഗുണനാണെന്നു പറഞ്ഞതു ശരിയൊ?

സമാധാനം. 1. അതെല്ലാം പൂർവ്വന്മാരെ അനുസരിച്ചു പറഞ്ഞതാകുന്നു. നിർഗ്ഗുണവസ്തുവാണു ദൈവം എന്നാണു എൻെറ അഭിപ്രായം. പൂർവ്വന്മാരും ഇങ്ങിനെ അഭിപ്രായപ്പെട്ടിട്ടുണ്ടു്.

ആക്ഷേപം 2. "സിദ്ധവേഷനായ്" വന്നിട്ടെനിക്കനീ

മദ്ധ്യലക്ഷ്യത്തെ തൊട്ടു കാണിച്ചില്ലെ?

എന്നു സ്വാമിയുടെ ശിവയോഗരഹസ്യത്തിലും മററു കൃതികളിലും പറഞ്ഞതു് സ്വാമിയുടെ സ്വാനുഭവമല്ലെയൊ? അതൊ പൂർവ്വന്മാരെ അനുസരിച്ചു പ്രയോഗിച്ചതൊ? അതു അനുഭവമാണെങ്കിൽ സ്വാനുഭവം കൊണ്ടുതന്നെ ദൈവം സഗുണമാണെന്നു സ്വാമികൾ സമ്മതിച്ചുപോയല്ലൊ. അതിന്നു വിപരീതമായി നിർഗ്ഗുണനാണെന്നു പറഞ്ഞതെങ്ങിനെ?

സമാധാനം. 2. മനസ്സിനെ അന്തർമുഖപ്പെടുത്തുമ്പോൾ പല രൂപങ്ങളും കാണപ്പെടുന്നുണ്ടു്. അതിൽ ഒരു സിദ്ധവേഷൻ മദ്ധ്യലക്ഷ്യത്തെ ഇനിക്കു കാണിച്ചുതരികയുണ്ടായി. ആ സിദ്ധ വേഷനെയാണു് ഞാൻ ഗുരുവായി ആദിനാഥൻ, ഉമാസഹായൻ, ഈശ്വരൻ എന്നും മററും വന്ദിച്ചതു്. ഹിന്തുമതം അങ്ങിനെയാണെല്ലൊ നിബന്ധിച്ചിട്ടുള്ളതും പഠിപ്പിക്കുന്നതും. പിള്ള പഠിത്തത്തിൽതന്നെ,

"ഈശ്വരനെന്നും ഗുരുവെന്നും രണ്ടില്ല
നിശ്ചയിച്ചോർക്കുമ്പോളൊന്നുതന്നെ

എന്നല്ലയൊ പഠിപ്പിക്കുന്നതു്. ആയതുകൊണ്ടു ഈ ആക്ഷേപം അസാരം. ദൈവം നിൎഗ്ഗുണവസ്തു തന്നെ.

ആക്ഷേപം 3. "മനസ്സിനെ അന്തൎമ്മുഖപ്പെടുത്തുമ്പോൾ" എന്നു സ്വാമികൾ അരുളിച്ചെയ്തതുകൊണ്ടു അന്തൎമ്മുഖവഴി അവിടെക്കു മുമ്പുതന്നെ അറിയാമെന്നു സിദ്ധിച്ചു പിന്നെ സിദ്ധവേഷൻ ഉപദേശിക്കേണ്ട ആവശ്യമില്ലല്ലോ.

സമാധാനം 3 ഞാൻ മനസ്സിനെ നയനമദ്ധ്യത്തിൽ വെച്ചിട്ടാണു് അന്തൎമ്മുഖപ്പെടുത്തുവാൻ അഭ്യസിച്ചിരുന്നതു. സുകരമായും യോഗശാസ്ത്രപ്രസിദ്ധമായും ഇരിക്കുന്ന ആത്മസ്ഥാനത്തെ തൊട്ടു കാണിച്ചുതന്നതു് ആ സിദ്ധവേഷനായിരുന്നു. അതിന്നു ശേഷമാണു് ആത്മാനന്ദാനുഭൂതിക്കു എനിക്കു സംഗതി വന്നതു്.

ആക്ഷേപം 4. എന്നാൽ ആരാണു് അങ്ങിനെ സിദ്ധവേഷനായി ഉപദേശിച്ചതു്.

സമാധാനം 4. സ്വപ്നത്തിൽ പലരും പലതും കാണപ്പെടുന്നുണ്ടു്. സംഭാഷണാദികൾ ചെയ്യപ്പെടുന്നതും ഉണ്ടു്. അതൊന്നും ആത്മമനഃശക്തിയിൽനിന്നു അന്യമല്ല. അപ്പോലെ യോഗാഭ്യാസത്തിലും കാണപ്പെടുന്നതും കേൾക്കപ്പെടുന്നതും അനുഭവിക്കപ്പെടുന്നതും ആത്മമനസ്സാന്നിദ്ധ്യംകൊണ്ടു ഉണ്ടാകുന്നതാകുന്നു. ദൈവം ഭക്തവാത്സല്യാദികൾകൊണ്ടു വികാരപ്പെട്ടുവന്നു കാണിക്കുന്നതല്ല. ദൈവം നിൎഗ്ഗുണവസ്തുതന്നെ. എന്നാൽ ആലോചിക്കായ്കയാൽ സ്വപ്നത്തിൽ സ്ത്രീസംഗം ചെയ്തു കാണുമ്പോൾ ചിലർ അതു യക്ഷിബാധയാണെന്നു പറയുന്നു. അതിന്റെ നിവൃത്തിക്കുവേണ്ടി രക്ഷായന്ത്രത്തെ ധരിക്കുന്നു. ഭയങ്കരരൂപംവന്നു ഉപദ്രവിച്ചു സ്വപ്നംകണ്ടാൽ അതു ദേവതാബാധയാണെന്നും, മൂൎത്തിബാധയാണെന്നും വിചാരിച്ചു ഭയപ്പെട്ടു തൽശാന്തിക്കു മാന്ത്രികന്മാരെക്കൊണ്ടുവന്നു രക്ഷായന്ത്രം എഴുതിച്ചുകെട്ടുന്നു. മരിച്ചുപോയ അച്ഛൻ (പിതാവു) വിശക്കുന്നു എന്നു പറഞ്ഞതായി സ്വപ്നംകണ്ടാൽ "ശ്രാദ്ധം ഊട്ടേണ്ടുകാലം അടുത്തിരിക്കുന്നു. അതാണു. അച്ഛൻ വന്നു വിശക്കുന്നു എന്നു പറഞ്ഞതു" എന്നു ചി

ലർ വിശ്വസിച്ചു ഭക്തിപൂർവ്വം ശ്രാദ്ധസദ്യ പൊടിപൊടിക്കുന്നു. മരിച്ചുപോയ അച്ഛൻ മടങ്ങിവരുമൊ? എന്നാൽ ജാഗ്രത്തിൽ തന്നെ വന്നു വേണ്ടതു ആവശ്യപ്പെടാമല്ലൊ. സ്വപ്നത്തിൽ ഈ കണ്ടതെല്ലാം മനസ്സിന്റെ അവസ്ഥാഭേദംകൊണ്ടു് ഉണ്ടായതാകുന്നു. ഇതിനെ ഒരു ദൃഷ്ടാന്തംകൊണ്ടു ഇവിടെ തെളിയിക്കാം. ജീവിച്ചിരിക്കുന്ന പലരേയും നാം സ്വപ്നത്തിൽ കാണുന്നുണ്ടു. ചിലരോടു സരസംഭാഷണം ചെയ്യുന്നുണ്ടു്. ചിലരോടു കഠിനമായി കലഹിക്കുന്നുണ്ടു്. ഇവർ സ്വപ്നത്തിൽ നമ്മുടെ അരികിൽ വന്നിട്ടില്ല. സംഭാഷണാദികൾ നടന്നിട്ടും ഇല്ല. ഉണർന്നതിനു ശേഷം സ്വപ്നത്തിൽ കണ്ടവരുടെ അരികിൽചെന്നു നാം ചോദിച്ചാൽ സ്വപ്നത്തിൽ വന്നിരുന്നു എന്നും മററും അവർ സമ്മതിക്കയും ഇല്ല. ജീവിച്ചിരിക്കുന്നവർ സ്വപ്നത്തിൽവന്നു കണ്ടതു പോലെതന്നെ മരിച്ചവരും മററും സ്വപ്നത്തിൽ വന്നു കണ്ടതും അല്ലാതെ മരിച്ചവർ സ്വപ്നത്തിൽ വന്നിട്ടില്ല യക്ഷിയും വന്നു സ്വപ്നത്തിൽ സംഗം ചെയ്തിട്ടില്ല. ദേവതയും വന്നുബാധിച്ചിട്ടില്ല. ഇപ്രകാരംതന്നെ നമുക്കു സിദ്ധിച്ച സിദ്ധോപദേശവും ദൈവം ഭക്തവാത്സല്യാദിഗുണങ്ങൾ കൊണ്ടുവന്നു ഉപദേശിച്ചതല്ല. മനസ്സിന്റെ അവസ്ഥാവിശേഷത്തിൽനിന്നു സിദ്ധിച്ചതാകുന്നു. ദൈവം നിർഗ്ഗുണവസ്തുതന്നെ.

ആക്ഷേപം 5. സൃഷ്ടിസ്ഥിതിസംഹാരങ്ങളെ ദൈവം ചെയ്യുന്നുണ്ടെന്നു സ്വാമികൾ ചിലേടത്തു കല്പിച്ചിട്ടുണ്ടല്ലൊ. പിന്നെങ്ങിനെ ദൈവം നിർഗ്ഗുണമെന്നു വാദിക്കുന്നു?

സമാധാനം 5. ദൈവത്തിൽനിന്നു സകലവും ഉണ്ടാകുന്നു. ദൈവത്തിൽ സ്ഥിതിചെയ്യുന്നു ദൈവത്തിൽതന്നെ ലയിക്കുന്നു. അതുകൊണ്ടു ദൈവം സൃഷ്ടി മുതലായവയെ ചെയ്യുന്നു എന്നു പറഞ്ഞതാകുന്നു ഭൂമിയിൽനിന്നു പല ഭക്ഷണപദാൎത്ഥങ്ങളും, ഔഷധങ്ങളും, വൃക്ഷങ്ങളും ഉണ്ടാകുന്നു. ഭൂമിയിൽതന്നെ സ്ഥിതിചെയ്യുന്നു. ഭൂമിയിൽതന്നെ ലയിക്കയും ചെയ്യുന്നു. അതുകൊണ്ടു ഭൂമിയെ സസ്യാദികളുടെ മാതാവെന്നൊ, പിതാവെന്നൊ, ബന്ധ

വെന്നൊ, സസ്യാദിസൃഷ്ടിസ്ഥിതിലയകർത്രി എന്നൊ, നമ്മുടെ അന്നദാത്രിയായ മാതാവെന്നൊ പറയുന്നതു യുക്തംതന്നെ. ഏതിൽനിന്നു ജനിക്കുന്നുവൊ അതിനെ മാതാവെന്നും പിതാവെന്നും രക്ഷക്കുള്ള സാധനങ്ങൾ ഏവരിൽനിന്നു ലഭിക്കുന്നുവൊ അവരെ നമ്മുടെ രക്ഷിതാവെന്നും ആശ്രിതവത്സലൻ എന്നും പറയുന്നതു ലോകസമ്പ്രദായമാകുന്നു. സസ്യാദികളുടെ ഉൽപത്തിക്കൊ രക്ഷക്കൊവേണ്ടി ഭൂമി പെണ്ണായിട്ടൊ ആണായിട്ടൊ വികാരപ്പെടുന്നതും ഇല്ല. ഭൂമി കൃഷിക്കാരനുമാത്രം ധാന്യസമ്പത്തിനെ നൽകി, അതുകൊണ്ടു ഭൂമിക്കു സമദൃഷ്ടിത്വം ഇല്ലാ പക്ഷപാതിനിയാണ് എന്നു പറഞ്ഞുകൂടാ. ഭൂമിയെപ്പോലെ ശക്തിയും (ദൈവവും) സമസ്തചരാചരജഗത്തിന്റെ ഉൽപത്തിസ്ഥിതിലയങ്ങൾക്കും ആനന്ദത്തിന്നും ആധാരഭൂതയാകുന്നു, എന്നല്ലാതെ വികാരപ്പെടുന്നു എന്നർത്ഥത്തെ എന്റെ പ്രബന്ധങ്ങളിൽ കല്പിക്കരുതു്. ദൈവം നിർഗ്ഗുണവസ്തുതന്നെ. മോക്ഷപ്രദീപത്തിൽ ശക്തിതത്വസിദ്ധിപ്രകരണത്തെ വായിച്ചുനോക്കുക. എന്നാൽ എന്നോടു ഇങ്ങിനെ ആക്ഷേപിക്കുകയില്ല.

ആക്ഷേപം 6. ദുർഗ്ഗാ, സരസ്വതീ, ലക്ഷ്മീ മുതലായ ദേവിമാരും ത്രിമൂർത്തികളും മററു പലരും ശക്തിയെ ഭജിച്ചിട്ടാണ് ഓരോ സിദ്ധികളെ പ്രാപിച്ചു പൂജ്യന്മാരായിതീൎന്നതു് എന്നു കാണിക്കുന്ന പ്രമാണങ്ങളെ മോക്ഷപ്രദീപത്തിൽ സ്വാമികൾ എടുത്തുചേൎത്തിരിക്കുന്നു. അവർ അങ്ങിനെ പൂജ്യന്മാരായിത്തീൎന്നതു സ്വാമികൾക്ക് അനുഭവമുണ്ടോ? ഇല്ലെങ്കിൽ അനുഭവമില്ലാത്ത പ്രമാണങ്ങളെ എടുത്തുകാണിച്ചു ജനങ്ങളെ സിദ്ധികാംക്ഷികളാക്കി ദുഃഖത്തിൽ സ്വാമികളും ചാടിക്കേണമൊ? അങ്ങിനെ ദുഃഖത്തിൽ ചാടിക്കുന്ന പ്രമാണങ്ങളെ അങ്ങുന്നു് ഖണ്ഡിക്കുകയാണല്ലൊ ചെയ്തിട്ടുള്ളതും ചെയ്യുന്നതും?

"സിദ്ധിയെ കാംക്ഷിച്ചുകൊണ്ടാൽദുഃഖം
സിദ്ധിക്കും ആനന്ദം സിദ്ധിക്കയില്ല"

എന്നു ആനന്ദഗീതയിലും അങ്ങുന്നു് പറഞ്ഞിരിക്കുന്നുവല്ലൊ.

സമാധാനം 6. ശക്തിപ്രധാനമായ ഒരു നൂതനമതത്തെ ഞാനായി സ്ഥാപിപ്പാൻ പുറപ്പെട്ടതല്ല. ശക്തിക്കു പ്രാധാന്യം പണ്ടേ പ്രസിദ്ധപ്പെട്ടിരിക്കുന്നു. എന്നു സംഗതിയെ മാത്രം തെളിയിപ്പാൻവേണ്ടി മോക്ഷപ്രദീപത്തിൽ—

"ദുർഗ്ഗാചതൽ പാദം ധ്യാതപാസർവ്വപൂജ്യാബഭുവഹ"

ഇത്യാദി പ്രമാണങ്ങളെ ചേർത്തതാകുന്നു. ദൈവം സഗുണമെന്നു കാണിച്ചു സിദ്ധികൾ കിട്ടും എന്നു തെളിയിപ്പാനൊ ജനങ്ങളെ സിദ്ധികാംക്ഷികളാക്കി ദുഃഖത്തിൽ ചാടിക്കുവാനൊ ചേർത്തതല്ല.

ആക്ഷേപം 7. ആനന്ദകല്പദ്രുമത്തിൽ സുബ്രഹ്മണ്യൻ, ശക്തി രാമൻ, ശിവൻ, കൃഷ്ണൻ എന്നിങ്ങിനെ മൂർത്തിഭേദങ്ങളെ സ്തുതിച്ചതുകൊണ്ടു അവരെ ഒരോരുത്തരെ വെവ്വേറെഭജിക്കേണ്ടതാണെന്നു സ്വാമികൾ സമ്മതിച്ചുപോയിരിക്കുന്നു. അതുകൊണ്ടു സ്വാമികളും മൂർത്തിഭേദഭ്രമത്തേയും ബാഹ്യോപാസനാഭ്രമത്തേയും ഉണ്ടാക്കിത്തീർത്തിരിക്കുന്നു. ആയതിനാൽ കർമ്മികൾ അപ്രകാരം ചെയ്യുന്നതിനെ ഖണ്ഡിപ്പാൻ അങ്ങേക്കു അവകാശമില്ല.

സമാധാനം 7. എന്റെ സ്തോത്രങ്ങളുടെ പരമാർത്ഥത്തേയും മോക്ഷപ്രദീപത്തിലെ ശക്തിമാഹാത്മ്യത്തേയും മനസ്സിരുത്തി നോക്കിയാൽ ഞാൻ മൂർത്തിഭേദഭ്രമത്തേയും ബാഹ്യോപാസനാഭ്രമത്തേയും ഉണ്ടാക്കിയിട്ടില്ല. ഒരേ ശക്തിയെത്തന്നെയാണു് പലനാമങ്ങൾകൊണ്ടു സ്തുതിച്ചിരിക്കുന്നതു്. ആ ശക്തിയിൽ മനസ്സിനെ ലയിപ്പിക്കേണ്ടതു ഗാത്രക്ഷേത്രം വഴിക്കാണു ബാഹ്യക്ഷേത്രംവഴിക്കല്ലാ എന്നതു തെളിയും.

നോക്കുക. എന്റെ "ശിവാനന്ദവിംശതിയിൽ"

"മുക്കോണത്തിൻ നടുവിൽ നിൽക്കും ബിന്ദുസ്വരൂപ പരമാത്മൻ; എന്നതിന്റെ അർത്ഥം,— സുഷുമ്നാഗ്രത്തിൽ സ്വയം പ്രകാശസ്വരൂപനായിരിക്കുന്ന പരമാത്മാവെ! എന്നാകുന്നു.

എന്റെ "രാമാനന്ദവിംശതിയിൽ"

"എന്നുടെ ഗാത്രക്ഷേത്രം തന്നിൽ നടുസ്ഥൂന്നസീമ്നിഹെ രാമ!" എന്നു പറഞ്ഞതിന്നും സുഷുമ്നാഗ്രത്തിൽ ഉള്ള ആത്മാ

വെ! എന്നാകുന്നു അൎത്ഥം. രമന്തെയോഗിനൊസ്മിന്നിതിരാമഃ യോഗികൾ ആരിൽ രമിക്കുന്നുവൊ അവൻ രാമൻ. യോഗികൾ ആത്മാവിലല്ലെയൊ രമിക്കുന്നതു്.

എൻെറ "കൃഷ്ണസ്തവരത്നത്തിൽ"

"പരിപൂൎണ്ണൻ നീയെങ്ങും ഗുരുവായൂരെങ്ങിനെയൊതുങ്ങുന്നു?" എന്നു പറഞ്ഞതിന്നു അഖണ്ഡ സംപൂൎണ്ണസ്വരൂപനായ നീ സുഷുമ്നാഗ്രത്തിൽ എങ്ങിനെ ഒതുങ്ങുന്നു എന്നാകുന്നു അൎത്ഥം.

ഗുരുവായൂർ—ഗുരുവായിരിക്കുന്ന വായുവിന്നു (പ്രാണന്നു) ഊരായിരിക്കുന്നതു സുഷുമ്നാഗ്രമാകുന്നു.

"വാതാലയം, സിദ്ധപദം, പ്രയാഗാഖ്യം, ചിദംബരം" എന്നു ശിവജ്ഞാനദീപികാ. വാതാലയം എന്ന പദത്തിൻെറ മലയാളമാകുന്നു ഗുരുവായൂർ. എൻെറ ശക്തിസ്തോത്രത്തിൽ.

"കണ്ടു സുഷ്മ്നാനടുവിൽ കുണ്ഡലി
ശൈശക്തിനിന്നെനിത്യം ഞാൻ"

എൻെറ "സുബ്രഹ്മണ്യസ്തോത്രത്തിൽ"

കോടിമിന്നൽ കണക്കെ നിൻപ്രഭ കണ്ടുകണ്ടു സുഷുമ്നയാം
നാഡിമേൽ മരുവുന്നവൻെറ സമസ്തവും സഫലം ഗുഹ!

എൻെറ "ശിവയോഗരഹസ്യത്തിൽ"

"മിന്നൽകോടി കണക്കെസുഷുമ്നാഗ്രം
തന്നിൽ ജ്യോതിസ്വരൂപനായീടുന്ന
നിന്നെക്കണ്ടു ഞാനാനന്ദ മഗ്നനായ്"

ഈ മൂന്നിലും സുഷുമ്നയിൽ വിളങ്ങുന്ന ശക്തിയെ-ആത്മാവിനെത്തന്നെയാണ" ഞാൻ പറഞ്ഞിട്ടുള്ളതു്.

എൻെറ "ആനന്ദഗീതയിൽ"

കണ്ണുചിമ്പിച്ചിത്തം വിണ്ണിൽ വെച്ചീടാനും
ദണ്ണമെന്തിന്നാണ് ആനന്ദം!"

എൻെറ "ജ്ഞാനകുമ്മിയിൽ"

"ആകാശം പാരെടി ജ്ഞാനപ്പെണ്ണെ!"

എൻെറ "സിദ്ധാനുഭൂതിയിൽ"

"കണ്ണുകൾ കൂച്ചിപ്പോയി വിണ്ണിൽജ്യോതിസ്സ്
കണ്ടനേരത്തിൽ"

ഈ മൂന്നിലും വിണ്ണ് ആകാശം എന്ന പദങ്ങൾ സുഷുമ്നാഗ്രത്തെക്കുറിക്കുന്നവയാകുന്നു. ഈ മൂന്നിലും സുഷുമ്നയെ ലക്ഷ്യമാക്കിത്തന്നെയാണ് പറഞ്ഞിട്ടുള്ളതു്.

ദ്വാദശാന്തം മഹാകാശം സ്വർല്ലോകാധാരമാന്തരം"

എന്നു ശിവജ്ഞാനദീപികാ. മഹാകാശം എന്നതിന്റെ മലയാളമാണ് ആകാശം വിണ്ണ് എന്ന പദങ്ങൾ.

ഇങ്ങിനെ ഒരു സുഷുമ്നാസ്ഥാനത്തിൽ ഒരെ പരമാത്മാവിനെ വർണ്ണിക്കയും തദ്ദർശനത്തിന്നു അതെസ്ഥാനത്തിൽ തന്നെ മനസ്സിനെ ചേർക്കേണ്ടതാണെന്നു എന്റെ സ്തോത്രങ്ങൾ കൊണ്ടും ജ്ഞാനഗ്രന്ഥങ്ങൾകൊണ്ടും കാണിക്കയും ചെയ്തിരിക്കുന്നു. ബാഹ്യക്ഷേത്രങ്ങൾതോറും ഓടിനടപ്പാനൊ ജലഗന്ധപുഷ്പധൂപദീപനൈവേദ്യ പദാത്ഥങ്ങളെ സമ്പാദിച്ചു നാനാ വിഗ്രഹാരാധനാദി ചെയ്യാനൊ എന്റെ സ്തോത്രങ്ങളിൽ കല്പിച്ചിട്ടും ഇല്ല. പ്രതിഷ്ഠാകത്താക്കന്മാർ അജ്ഞാനികളാകുന്നു എന്നു എന്നൊന്നും തെളിയിപ്പിക്കുന്ന മായാത്ത ശിലാസ്തംഭങ്ങളെ (ശിവൻ, വിഷ്ണു, രാമൻ, കൃഷ്ണൻ, സുബ്രഹ്മണ്യൻ എന്നിങ്ങിനെ ഓരോ വിഗ്രഹങ്ങളേയും) ഞാൻ നാട്ടിയിട്ടില്ല. വിശേഷിച്ചു "സകലത്തെയും പരിശോധിക്കുമ്പോൾ എല്ലാം ശക്തിമയമായി തന്നെഇരിക്കുന്നു. നാമത്താൽ ഭ്രമിക്കുന്ന കൂട്ടക്കാൎക്കും രുചിക്കേണമെങ്കിൽ അവൎക്കിഷ്ടമുള്ള നാമങ്ങളെത്തന്നെ പറയേണം. അതുകൊണ്ടു അങ്ങിനെ (ബ്രഹ്മം, വിഷ്ണു, ശിവൻ, സുബ്രഹ്മണ്യൻ, രാമൻ) എന്നുംമറ്റും പറഞ്ഞതാകുന്നു. ഞാൻ വർണ്ണിച്ചതെല്ലാം ഒരെവസ്തുവെ തന്നെ എന്നു മോക്ഷപ്രദീപത്തിൽ വ്യാഖ്യാനിച്ചിട്ടും ഉണ്ടു്. എല്ലാംകൊണ്ടും ഒരേ ആത്മാവിൽ ഗാത്രക്ഷേത്രം വഴിക്കു മനസ്സിനെ നിർത്തുവാനല്ലാതെ ഞാൻ വിഗ്രഹാരാധനയെ എന്തിലാണ് എവിടെയാണ് വിധിച്ചിട്ടുള്ളതു്? വിഗ്രഹവിശേഷത്താൽ വിഗ്രഹത്തെ പിളക്കുകയാണ് ചെയ്തിട്ടുള്ളതു്. അതിനാൽ പല

സാരഗ്രാഹികൾ വിഗ്രഹാരാധനയെ വിട്ടുകയും ചെയ്തിരിക്കുന്നു. ഇങ്ങിനെ ഇരിക്കെ ബാഹ്യോപാസനാഭ്രമത്തെയും മൂൎത്തിഭേദഭ്രമത്തേയും സ്തോത്രങ്ങൾ നിമിത്തം ഞാൻ ഉണ്ടാക്കിയിരിക്കുന്നു എന്നു പറയുന്നതു തെററിധരിച്ചിട്ടാകുന്നു. അവതാരങ്ങളും അഷ്ടസിദ്ധികളും ഉണ്ടെന്നു പറഞ്ഞതു പൂൎവ്വന്മാരെയും പ്രമാണങ്ങളെയും അനുസരിച്ചു പറഞ്ഞതാകുന്നു. ഇനിക്ക് അവയിൽ വിശ്വാസമില്ല. അതിന്നു മതിയായ കാരണം ഇതിൽ കൊടുത്തിട്ടുണ്ട്.

ആക്ഷേപം. 8 മന്ത്രവും. സ്തോത്രവും ഒന്നും ആവശ്യമില്ല എന്നു ഇപ്പോൾ സ്വാമികൾ കല്പിക്കുന്നതു സ്വാമികളുടെ സിദ്ധാന്തശ്രുതി സ്തോത്രങ്ങൾക്കു നേരെ വിപരീതമായിരിക്കുന്നു. സ്തോത്രങ്ങൾകൊണ്ടു ആവശ്യമില്ലെങ്കിൽ എന്തിന്നു സ്തോത്രങ്ങളെ സ്വാമികൾ ഉണ്ടാക്കി? മന്ത്രങ്ങൾക്കു സിദ്ധിയില്ലെങ്കിൽ—

"മന്നംപഞ്ചാക്ഷരമതു വഹ്നിവസിക്കുംത്രികോണമദ്ധ്യത്തിൽ
നന്നായൂന്നി നിനച്ചേൻ എന്നതിനാൽ ഞാൻ കരേറി മേൽപെട്ടു" എന്ന് എങ്ങിനെ പറഞ്ഞു?

സമാധാനം 8. മന്ത്രങ്ങളേയും സ്തോത്രങ്ങളേയും എന്നല്ല ദൈവത്തേയുംകൂടി സ്മരിക്കാതെ മനസ്സിനെമാത്രം വെക്കേണ്ട വിധത്തിൽ വെച്ചാൽ മുക്തിയെ പ്രാപിപ്പാൻ കഴിയുന്നതാണെന്നുള്ള ജ്ഞാനവിശേഷം ഇനിക്കുഇപ്പോൾ സിദ്ധിച്ചിരിക്കുന്നു. മന്നം പഞ്ചാക്ഷരമതു എന്ന പദ്യത്തിൽ പറഞ്ഞപ്രകാരം "ത്രികോണമദ്ധ്യ"ത്തിൽ മനസ്സിനെ ഊന്നിയതുകൊണ്ടാണ് ഞാൻ മേൽപെട്ടുകയറിയതു്. പഞ്ചാക്ഷരജപംകൊണ്ടുമാത്രം അങ്ങിനെ വരുവാൻ സംഗതിവരികയില്ലാ എന്നും പിന്നീടുള്ള ആലോചനകൊണ്ടു മനസ്സിലായിരിക്കുന്നു. അതുകൊണ്ടു മന്ത്രസ്തോത്രാദികളെ നിഷേധിച്ചതാകുന്നു. മന്ത്രസ്തോത്രാദികൾക്കു ആത്മജ്ഞാനാനന്ദത്തെ കൊടുപ്പാൻ ശക്തിയുണ്ടെങ്കിൽ ഓങ്കാരം, പഞ്ചാക്ഷരം, അഷ്ടാക്ഷരം, ഗായത്രി മുതലായ മഹാ മന്ത്രങ്ങളെ അക്ഷരലക്ഷം ജപിച്ചിട്ടും സദാ സ്തോത്രാദികളെ ചെയ്തിട്ടും ആത്മ

ജ്ഞാനാനന്ദത്തെ അണുവോളവും അനുഭവിക്കുവാൻ സംഗതി വരാതെ ഹിന്ദുക്കൾ വിഗ്രഹാരാധനാ, യാഗം, വ്രതം, തീൎത്ഥ സ്നാനം മുതലായ അജ്ഞാനദുഃഖകൎമ്മങ്ങളിൽ അലയുവാൻ സംഗതി വരികയില്ല. സംശയമില്ല. മനസ്സിനെ വേണ്ടവിധം വെച്ചാൽ ജപിച്ചാലും ജപിച്ചിട്ടില്ലെങ്കിലും ഈശ്വരനെ സ്മരിച്ചാലും സ്മരിച്ചിട്ടില്ലെങ്കിലും സ്തുതിച്ചാലും സ്തുതിച്ചിട്ടില്ലെങ്കിലും കാരണത്തിനെ കാണാം (ആത്മസാക്ഷാൽകാരം ലഭിക്കാം) ആകാശത്തിൽ ദൃഷ്ടിയെ വെച്ചാൽ "ഓം സൂൎയ്യായനമഃ" എന്നു ജപിച്ചാലും, ജപിച്ചിട്ടില്ലെങ്കിലും സൂൎയ്യനെ സ്തുതിച്ചാലും സ്തുതിച്ചിട്ടില്ലെങ്കിലും സൂൎയ്യനെ ധ്യാനിച്ചാലും ധ്യാനിച്ചിട്ടില്ലെങ്കിലും സൂൎയ്യനെ കാണാം. സൂൎയ്യനെ കാണേണ്ട എന്നുപറഞ്ഞാലും നമുക്കു സൂൎയ്യനെ കാണാം. അപ്രകാരം മനസ്സിനെമാത്രം വെക്കേണ്ട വിധത്തിൽ വെച്ചാൽ ഇനിക്കു ആനന്ദം വേണ്ടാ എന്നുപറഞ്ഞാലും ആനന്ദം സിദ്ധിക്കും.

ആക്ഷേപം 9. ഇങ്ങിനെയാണെങ്കിൽ ആനന്ദം അതിശീഘ്രത്തിൽ സിദ്ധിക്കുമെല്ലൊ.

സമാധാനം 9. ആനന്ദം അതിശീഘ്രത്തിൽ സിദ്ധിച്ചുകാണുന്നു. ചിലൎക്കു ചിരകാലംകൊണ്ടേ സിദ്ധിച്ചു കാണുന്നുള്ളൂ. ഇങ്ങിനെ വ്യത്യാസപ്പെട്ടുകാണുന്നതു് സാധകന്റെ മനസ്സിന്റെ ഭേദംകൊണ്ടുംമാറുമാകുന്നു. ഇതിനെ ചില ഉദാഹരണങ്ങൾ കൊണ്ടു് തെളിയിക്കാം. ഉപാധിയുടെ ഭേദംകൊണ്ടു ചില സ്ത്രീപുരുഷന്മാൎക്കു പ്രഥമ സംഗത്തിൽതന്നെ സന്തതിയുണ്ടാകുന്നു. ചിലൎക്കു ചിരകാലംകൊണ്ടെ സന്തതിയുണ്ടായി കാണുന്നുള്ളു. ഇങ്ങിനെ ആത്മമനസ്സംഗത്തിലും അനുഭവം കാണപ്പെടുന്നു.

2. ഒരുപോലെ പഠിച്ചു പാസ്സായിട്ടുള്ളവർ എല്ലാവരും ഒരുപോലെ ഉന്നതാധികാരികളായി കാണുന്നുണ്ടോ? ഇല്ല. ചിലർ മേലധികാരികളായിട്ടിരിക്കുന്നു. ചിലർ അവരുടെ കീഴിൽ ഇരിക്കുന്നു. ചിലർ തുല്യനിലയിൽ ഇരിക്കുന്നു. ചിലർ ഒന്നും കിട്ടാതെ വട്ടത്തിൽ തിരിയുന്നു. ചിലർ രോഗികളായി ദുഃഖി

ക്കുന്നു. ചിലർ ഫലസിദ്ധികാലത്തിൽ മരിച്ചുപോകുന്നു. ഒരു പോലെ പഠിച്ചു പാസ്സായിട്ടും ഫലസിദ്ധി പലപ്രകാരത്തിലല്ല യൊ കലാശിക്കുന്നതു. അപ്രകാരം തന്നെ യോഗാനന്ദഫലസി ദ്ധിയും. ഫല സിദ്ധിപ്രയത്നത്തിൻെറയും ഉപാധിയുടേയും ഭാഗ്യ ത്തിൻെറയും താരതമ്യം പോലെയാകുന്നു എന്നതു സർവ്വകാൎയ്യ ത്തിലും നമുക്ക് അനുഭവമല്ലയൊ, ഇത് സർവ്വമത സമ്മതവും അല്ലയൊ?

ആക്ഷേപം 10. "യോഗാനന്ദ ചിഹ്നങ്ങളെ കണ്ടവൻ സ മസ്തവിഷയങ്ങളെയും തൃണംപോലെ തള്ളി യോഗാനന്ദത്തെ ശ രണം പ്രാപിക്കും" എന്നു മോക്ഷപ്രദീപത്തിൽ പറഞ്ഞിരിക്കു ന്നു. ഇതിന്നു വിപരീതമായി അങ്ങയുടെ അനുഭവസ്ഥന്മാരായ ചില ശിഷ്യന്മാരിൽ വിഷയവ്യാപാരങ്ങൾ കാണപ്പെടുകയും ചെയ്യുന്നു. ഇത് എന്താണ്?

സമാധാനം 10. ഇനിക്കു യോഗാനന്ദ ചിഹ്നങ്ങളെ കാണ്മാ ൻ സംഗതി വന്നപ്പോൾ വിഷയാസക്തി വിടുകയുണ്ടായി. അ ങ്ങിനെ പണ്ടു ചിലയോഗികൾക്കും ഉണ്ടായ സംഗതിയെ ഞാൻ പ്രമാണം കൊണ്ടറിയും. ആ പ്രമാണത്തെയും എൻെറ അനു ഭവത്തെയും പിടിച്ചു മോക്ഷപ്രദീപത്തിൽ അങ്ങിനെ പറഞ്ഞ താകുന്നു. ചിലക്കു സ്വാനുഭവമുണ്ടായാലും കാലക്രമംകൊണ്ടെ വിഷയവ്യാപാരം വിട്ടുകാണുന്നുള്ളു. ഭീഷ്മർ മഹായോഗിയാ ണത്രെ. അനുഭവസ്ഥനുമാണത്രെ. കാശിരാജപുത്രികളെ അപ ഹരിച്ചില്ലയൊ, ദുര്യോധനൻെറ പക്ഷത്തിൽനിന്നു യുദ്ധംചെയ്തു മരിച്ചില്ലയൊ? പരാശരമഹർഷി കൈവൎത്താംഗനയെ അംഗീക രിച്ചില്ലെയൊ? ശ്രീകൃഷ്ണൻ രുഗ്മിണിയെ അപഹരിച്ചില്ലയൊ? ഇങ്ങിനെ പണ്ടുള്ള യോഗജ്ഞാനികൾ പലരും ചെയ്തു കാണുന്നു ണ്ടു്. ഇതിന്നു കാരണം പലതും ഉണ്ടു്. അതു ഇവിടെ വിസ്ത രിക്കപ്പെടുന്നില്ല.

ആക്ഷേപം 11. ശിവയോഗരഹസ്യത്തിൽ, "സ്ത്രീകളെ ശവ ക്കൂട്ടങ്ങളെപ്പോലെ, ലോകത്തെ ക്രൂരസൎപ്പത്തിനെപ്പോലെ, ആക

വെ വിഷയത്തെ വിഷംപോലെ ഏകചിത്തനായ് വജ്ജിച്ചു കൊള്ളേണം"

ഇങ്ങിനെ പറഞ്ഞിരിക്കുന്നതുകൊണ്ടു യോഗത്തെ അഭ്യസിക്കേണമെങ്കിൽ സവ്വവിഷയങ്ങളേയും വിടേണമെന്നു നിർബ്ബന്ധിച്ചിരിക്കുന്നു.

"വിശേഷാംശാസ്ത്രസംസാരൊയോഗാഭ്യാസസ്യവിഘ്നകൃൽ"

ഇത്യാദി പ്രമാണംകൊണ്ടു ശാസ്ത്രങ്ങളും കൂടി യോഗാഭ്യാസത്തിന്നു വിഘ്നമാണെന്നു മോക്ഷപ്രദീപത്തിൽ പറഞ്ഞിരിക്കുന്നു. ഈ പറഞ്ഞതിന്നു വിപരീതമായി "അയംഗൃഹ്യോ രാജയോഗി" ഇത്യാദി പ്രമാണംകൊണ്ടും ഉദാഹരണങ്ങൾകൊണ്ടും രാജയോഗം സംസാരികൾക്കും സവ്വന്മാക്കും അഭ്യസിക്കാമെന്നു പറഞ്ഞതു എങ്ങിനെ? പൂവ്വാപരവിരോധമല്ലെയൊ?

സമാധാനം 11. മോക്ഷപ്രദീപത്തിലുള്ള യോഗാധികാരപ്രകരണത്തെ വായിച്ചുനോക്കുക. സമാധാനം കിട്ടും. എങ്കിലും അല്പംകൂടി പറയാം. കടുംപഥ്യത്തെ വൈദ്യൻ വിധിച്ചാൽ ചിലർ മാത്രമെ അതിനെഅനുസരിച്ച് ചികിത്സിച്ചു രോഗത്തെ ശമിപ്പിക്കുവാൻ ശ്രമിക്കുന്നുള്ളു. ചിലർ "വറച്ചോറു തിന്നു ജലപാനം കൂടി പാടില്ലാതെ ദാഹിച്ചു കിടന്നു ബുദ്ധിമുട്ടുവാൻ എന്നെക്കൊണ്ടു കഴികയില്ല, രോഗം മാറീട്ടില്ലെങ്കിലും വേണ്ടില്ല ഇഷ്ടംപോലെ വല്ലതുംഅനുഭവിച്ചു ചാകാമല്ലൊ" എന്നുപറഞ്ഞു ചികിത്സയെ വിട്ടു കളയുന്നു. അങ്ങിനെ വരാതിരിപ്പാൻവേണ്ടി "ഇച്ഛാപഥ്യം മതി. ദിവസംപ്രതി മരുന്നിനെ ശീലിക്കുക, രോഗം മാറും" എന്നു വിധിച്ചാൽ എല്ലാവരും ചികിത്സിക്കും. ആരോഗ്യവും സിദ്ധിക്കും. അപ്രകാരം സംസാരത്തിലിരുന്നുകൊണ്ടുതന്നെ യഥാശക്തി യോഗത്തെ ശീലിച്ചാൽ മതി ആനന്ദം സിദ്ധിക്കും എന്നു വിധിച്ചാൽ സവ്വരും അതിന്നു ശ്രമിക്കും ആനന്ദം സിദ്ധിക്കയും ചെയ്യും. ഇതു എനിക്കു എത്രയൊ അനുഭവമാകുന്നു. അതുകൊണ്ടു സവ്വജനോപകാരമായിത്തീരുവാൻ വേണ്ടി സംസാരത്തിൽ ഇരുന്നുകൊണ്ടുതന്നെ രാജയോഗം ശീലി

ക്കാമെന്ന ശ്രുതിയുക്ത്യനുഭവപൂർവ്വം ഞാൻ പിന്നേയും പിന്നേയും സിദ്ധാന്തിച്ചതാകുന്നു. പുത്രമിത്രകളത്രാദിസംസാരത്തെ മുഴുവൻ ഉപേക്ഷിച്ചാലെ യോഗം ശീലിച്ചുകൂട എന്നു വിധിച്ചാൽ അതിനെ അനുസരിപ്പാൻ കോടിയിൽ ഒരുവനൊ മററൊ ഉണ്ടായി എന്നു വന്നേക്കാം. അങ്ങിനെ കഷ്ടപ്രാഥമ്യം വിധിച്ചതു യോഗജ്ഞാനം നശിപ്പാനുള്ള പല കാരണങ്ങളിൽ മുഖ്യകാരണമായിത്തീർന്നിരിക്കുന്നു. സംസാരം മുഴുവനും ഉപേക്ഷിക്കേണമെന്നു വിധിച്ചതു യോഗാഭ്യാസത്തിന്റെ നിർവിഘ്നത്തിന്നു വേണ്ടിയാകുന്നു എങ്കിലും അതു നിർവ്വിഘ്നമായിട്ടാണു് പരിണമിച്ചതു്.

ആക്ഷേപം 12. ശിവയോഗരഹസ്യത്തിൽ—

"കലികാലവും മൂത്തു ചമഞ്ഞിതു, നിലയില്ലാതെയായീ ജനങ്ങൾക്കു"

എന്നു പറഞ്ഞതുകൊണ്ടു കലികാലത്തെ സ്വാമികൾ സമ്മതിച്ചിരിക്കുന്നു. മോക്ഷപ്രദീപത്തിൽ—

"സതാം സത്യയുഗം സാക്ഷാൽ സർവ്വദൈവാസതാംകലിഃ"

എന്ന പ്രമാണംകൊണ്ടും യുക്ത്യനുഭവങ്ങൾകൊണ്ടും കലികാലമില്ലെന്നു ഖണ്ഡിക്കുകയും ചെയ്തിരിക്കുന്നു. ഇതു പൂർവ്വാപരവിരോധമല്ലയൊ?

സമാധാനം 12. പൂർവ്വാപര വിരോധമില്ല. "കലികാലമില്ലെന്നു ഖണ്ഡിച്ചതു് സത്തുക്കൾക്കാകുന്നു. അസത്തുക്കൾക്കു എല്ലായ്പോഴും കലികാലം തന്നെ എന്നാണു് ഞാൻ സിദ്ധാന്തിച്ചിട്ടുള്ളതു്. അങ്ങിനെയല്ലെയൊ ആ പ്രമാണത്തിന്റെ അത്ഥവും? മോക്ഷപ്രദീപത്തിൽ ഞാൻ പറഞ്ഞതും അങ്ങിനെയല്ലെയൊ? സത്തുക്കൾക്കു അന്നും ഇന്നും എന്നും സത്യയുഗം തന്നെ. അസത്തുക്കൾക്കു അന്നും ഇന്നും എന്നും കലിയുഗംതന്നെ," മുഹൂത്തം, യാമം, എന്നും മററും പല ഖണ്ഡങ്ങളായി കാലത്തെ വിഭാഗിച്ചിട്ടുണ്ടു്. അതുകൊണ്ടു കാലം ഖണ്ഡംഖണ്ഡമായി മുറിഞ്ഞിട്ടിരിക്കുന്നില്ല. മുഹൂത്തകാലം വെളുത്ത നിറത്തിൽ ബാല്യരൂപത്തിലുള്ളതാണു്. യാമകാലം ചുവന്ന നിറത്തിൽ വികൃതി

സ്വരൂപത്തിലുള്ളതാണ് എന്നും മററും വിചാരിക്കുന്നതു ശരിയൊ? അപ്രകാരമാണ് കൃതയുഗം സൽസ്വരൂപനും സവ്വക്ഷേമ ഗുണകാരിയും ആകുന്നു. കലിയുഗം കറുത്ത ഭയങ്കരരൂപനും സവ്വക്ഷേമം ദോഷത്തെ ചെയ്യുന്ന ദുഷ്ടനും ആകുന്നു എന്നു വിചാരിക്കുന്നതു്. നാമരൂപാദികളില്ലാതെയും ഭാഗിക്കപ്പെട്ടുവാൻ പാടില്ലാതെയും ഇരിക്കുന്ന കാലത്തിനെ ഭാഗിച്ചു ഭാഗിച്ചു ഓരോ പേരുകഠം മനുഷ്യരാൽ കല്പിക്കപ്പെട്ടതാകുന്നു. മററുള്ള മതക്കാർ ഈ തരത്തിലല്ല കാലത്തിന്നു ഭാഗങ്ങളേയും നാമങ്ങളെയും കല്പിച്ചിട്ടുള്ളതും. വ്യവഹാരസൌകയ്യത്തിന്നുവേണ്ടി ഇങ്ങിനെ ചെയ്തിട്ടുള്ളതുമാകുന്നു.

ആക്ഷേപം 13.

"ബ്രാഹ്മണക്ഷത്രിയവിശാം സ്ത്രീശൂദ്രാണാഞ്ചപാവനം
ശാന്തയെ കമ്മണാമന്യദ്യോഗാന്നാസ്തി വിമുക്തയെ"

എന്ന പ്രമാണത്തെ എടുത്ത് മോക്ഷപ്രദീപത്തിൽ ചേത്തിയതുകൊണ്ടു ജാതിഭേദം ഉണ്ടെന്നു സ്വാമികഠം സമ്മതിച്ചുപോയിരിക്കുന്നു. പിന്നെങ്ങിനെ അതിൽതന്നെ ജാതിഭേദത്തെ ഖണ്ഡിച്ചു?

സമാധാനം 13. പിന്നീടു ഖണ്ഡിച്ചതുകൊണ്ടു തന്നെ ജാതിഭേദത്തെ ഞാൻ സമ്മതിച്ചിട്ടില്ലെന്നതു സിദ്ധമായില്ലെയൊ? സവ്വ മനുഷ്യക്കും കമ്മം നശിപ്പാനും, മോക്ഷം സിദ്ധിപ്പാനും യോഗമല്ലാതെ മറെറാന്നും ഇല്ലെന്ന ഒററ സംഗതിയെ സ്ഥാപിച്ചു യോഗമാഹാത്മ്യത്തെ തെളിയിപ്പാൻവേണ്ടി മാത്രം മേൽപറഞ്ഞ പദ്യത്തെ ചേത്തതാകുന്നു. ജാതിഭേദത്തെ തെളിയിപ്പാൻ വേണ്ടി ചേത്തതല്ല. യോഗമാഹാത്മ്യപ്രകരണത്തിലല്ലയൊ ചേത്തിട്ടുള്ളതും? ബ്രാഹ്മണാദി പദങ്ങളെ എന്റെ ഗ്രന്ഥങ്ങളിൽ പലേടത്തും പ്രയോഗിച്ചിട്ടുണ്ടു്. അതുകൊണ്ടു ഞാൻ ജാതിഭേദത്തെ സമ്മതിച്ചു എന്നു വിചാരിക്കരുതു്. വ്യവഹരിക്കുമ്പോഠം പണ്ടുള്ളവർ കൊടുത്തിട്ടുള്ള പേരിനെ അനുകരിക്കാതെ ഇരിപ്പാൻ നിവ്വാഹമില്ല. ഒരുവന്റെ പേർ ആറുമുഖൻ

എന്നാണെങ്കിൽ ഞാനും അവനെപ്പററി വ്യവഹരിക്കുമ്പോൾ ആറുമുഖൻ എന്നുതന്നെ പറയണം. പരമാൎത്ഥത്തിൽ അവന്നു ഒരുമുഖമെ ഉള്ളു എന്നു കരുതി "ഒരുമുഖൻ ഒരുമുഖൻ" എന്നു ഗദ്യപദ്യങ്ങൾകൊണ്ടു വ്യവഹരിച്ചാൽ അവനും മനസ്സിലാകയില്ല. അന്യന്മാക്കും മനസ്സിലാകയില്ല. "ആരെക്കുറിച്ചാണ് അങ്ങ് വിസ്തരിക്കുന്നതു" എന്നു എന്നോടു ചോദിക്കയുംചെയ്യും. അതുകൊണ്ടു ബ്രാഹ്മണ ശൂദ്രാദി സമുദായ സംജ്ഞകളെ മാററാതെ പ്രയോഗിക്കുവാനെ നിവ്വാഹമുള്ളു. അങ്ങിനെ പ്രയോഗിക്കുന്നതിനാൽ ഇപ്പോൾ ആചരിച്ചു വരുന്ന പ്രകാരമുള്ള പല ജാതികളെയും ഞാൻ സമ്മതിച്ചു എന്നു ഗ്രഹിക്കരുതു. കലികാലം എന്നു ഞാനും പ്രയോഗിച്ചതുകൊണ്ടോ, പ്രയോഗിക്കുന്നതുകൊണ്ടോ അതൊരു ദുഷ്കാലമാണെന്നു മററുള്ളവർ സമ്മതിച്ചിരിക്കുന്നതുപോലെ ഞാനും സമ്മതിച്ചിരിക്കുന്നു എന്നു ഗ്രഹിക്കരുതു. ഞാൻ ഏതൊന്തിനെ ഖണ്ഡിച്ചിട്ടുണ്ടോ അതൊന്നും ഞാൻ സമ്മതിച്ചിട്ടില്ലാ എന്നല്ലയൊ ഗ്രഹിക്കേണ്ടതു? ഒഴിക്കാൻപാടില്ലാത്ത നാമാനുകരണത്താൽ അൎത്ഥത്തെക്കൂടി ഞാൻ അനുസരിച്ചുപോയി എന്നാക്ഷേപിക്കുന്നതു തുച്ഛമാണ്.

ആക്ഷേപം 14.

"ഇജ്യാചാരദമാഹിംസാ ദാനസ്വാദ്ധ്യായകമ്മണാം
അയന്തുപരമൊധമ്മൊ യദ്യോഗേനാത്മസാധനം"

യാഗം, ആചാരം, ദമം, അഹിംസാ, ദാനം, വേദാന്തവിചാരം ഈ കമ്മങ്ങളിൽവെച്ചു യോഗത്താൽ ആത്മാവിനെ കണ്ടുപിടിക്കുന്നതാണ് മുഖ്യധമ്മം എന്നാൎത്ഥമുള്ള ഈ പ്രമാണത്തെ മോക്ഷപ്രദീപത്തിൽ കൊടുത്തിട്ടുള്ളതുകൊണ്ടു യാഗാദികമ്മങ്ങളും ആത്മാവിനെ കണ്ടുപിടിക്കുവാനുള്ള ധമ്മങ്ങൾതന്നെ എന്നു അങ്ങുന്നു സമ്മതിച്ചു പോയിരിക്കുന്നു, പക്ഷെ യോഗമാണ് അവയിൽവെച്ചു പരമധമ്മം എന്നൊരുവിശേഷമെ ഉള്ളു. അങ്ങിനെ ഇരിക്കെ യാഗം, ദാനം എന്ന കമ്മങ്ങളെ എങ്ങിനെ ഖണ്ഡിച്ചു?

സമാധാനം 14. യോഗമാഹാത്മ്യത്തെ തെളിയിപ്പാൻ

വേണ്ടി മാത്രം ഞാൻ മേൽകാണിച്ച് പ്രമാണത്തെ സ്വീകരിച്ചതാകുന്നു. ആപ്രമാണംകൊണ്ടു അതുതെളിയുന്നതുംഉണ്ട്. എന്റെ ആവശ്യം അത്രമാത്രമെ ഉള്ളു. ആ പ്രമാണത്തിൽ പറയുന്ന മററുള്ള കർമ്മങ്ങളുടെ നിരൂപണം ഞാൻ ചെയ്ത് അവയേയും സമ്മതിച്ചിട്ടുണ്ടെങ്കിൽ മാത്രമെ മേൽപ്രകാരം ആക്ഷേപിപ്പാൻ അവകാശമുള്ളു. നിരൂപിച്ചപ്പോൾ തള്ളേണ്ടതായികണ്ടതുകൊണ്ടല്ലയൊ യാഗാചാരദാനങ്ങളെ ഖണ്ഡിച്ചത്. അവയെ മററുള്ള പ്രമാണികൾ സമ്മതിച്ചിട്ടുണ്ടെങ്കിൽ അതു ഇനിക്ക് ബാധകമാണൊ? ഞാൻ "യുക്തിയുക്തമുപാദെയം" "യൽസാരഭൂതം തദുപാസിതവ്യം" ഇത്യാദി പ്രമാണങ്ങളെ അടിസ്ഥാനമാക്കികൊണ്ടു സാരാംശത്തെ മാത്രം അംഗീകരിക്കുന്നവനാകുന്നു. എന്നു കണ്ടും തുറന്നു പറഞ്ഞിട്ടില്ലെയൊ?

മോക്ഷപ്രദീപമുഖവിന്യാസത്തിൽ "ഞാൻ ഉദാഹരിച്ചിട്ടുള്ള പ്രമാണങ്ങളിൽനിന്നും ഉദാഹരണങ്ങളിൽനിന്നും ഞാൻ പറഞ്ഞ സംഗതികളെ തെളിയിപ്പാൻ എത്ര ആവശ്യമുണ്ടൊ അത്രമാത്രം എടുത്തുകൊള്ളേണ്ടതാകുന്നു" എന്നു വ്യക്തമായി പറഞ്ഞിട്ടല്ലയൊ? മോക്ഷപ്രദീപത്തിൽ "കാലംയജ്ഞ തപോദാനെ" ത്യാദിപ്രമാണംകൊണ്ടും യുക്ത്യനുഭവങ്ങൾകൊണ്ടും യാഗാദികർമ്മങ്ങളെ ഖണ്ഡിച്ചിട്ടില്ലയൊ? വിശേഷിച്ചു "യജ്ഞശ്ചാന്ദ്രായണം കൃച്ഛ്റ" ഇത്യാദി പ്രമാണംകൊണ്ടു യാഗാദികൾ ആത്മദർശനോപായമായ യോഗത്തിനു വിഘ്നങ്ങളാണെന്നുകൂടി ഘോഷിച്ചിട്ടില്ലയൊ? ഇങ്ങിനെ എല്ലാമിരിക്കെ യോഗമാഹാത്മ്യത്തെമാത്രം തെളിയിപ്പാൻ വേണ്ടിക്കൊടുത്ത "ഇജ്യാചാരെത്യാ"ദിപ്രമാണത്തിൽനിന്ന് പ്രകൃതത്തിലേക്കു ഉപയോഗമുള്ള അംശത്തെ മാത്രമെ എടുപ്പാൻ അവകാശമുള്ളു. യാഗാദികർമ്മങ്ങൾ ആത്മാവിനെകണ്ടുപിടിക്കുവാനുള്ള ധർമ്മങ്ങളാണെന്നു ഞാൻ സമ്മതിച്ചുപോയിരിക്കുന്നു എന്നു ആക്ഷേപിപ്പാൻ അണുവോളമെങ്കിലും അവകാശമില്ല.

ആക്ഷേപം 15. ജ്ഞാനത്തെ മോക്ഷപ്രദീപത്തിൽ ദൂഷിച്ചു

എന്നുവെച്ചാണ് വേദാന്തികൾക്ക അധികം ആക്ഷേപം.

സമാധാനം 15. ഞാൻ യഥാൎത്ഥജ്ഞാനത്തെ ദൂഷിച്ചിട്ടില്ല. യഥാൎത്ഥജ്ഞാനികൾ എന്നെ ആക്ഷേപിക്കയും ഇല്ല. മനസ്സിനെ ആത്മാവോടുചേൎക്കാതെ മനസ്സ അസ്സതജഡദുഃഖമാണെന്ന പിരിച്ചുതള്ളി അനാത്മാവായ മനസ്സും ദേഹേന്ദ്രിയങ്ങളും കൂടി എന്തൊ ചെയ്തുകൊള്ളട്ടെ. ആത്മാവായ ഇനിക്ക അതൊന്നും ബാധകമല്ല എന്ന പറഞ്ഞു ഹിംസ മുതലായ ക്രൂരകൎമ്മങ്ങളെ ചെയ്തു മേൽക്കമേൽ മനസ്സിനെ മലിനമാക്കിത്തീൎക്കുന്ന വേദാന്തിജ്ഞാനികളേയും അതിന്നിടകൊടുത്ത വേദാന്തത്തിന്റെ ഏതാനും ഭാഗത്തേയും മാത്രമാണ് ഞാൻ ആക്ഷേപിച്ചതു്. ഈ വേദാന്തികളെ യഥാൎത്ഥവേദാന്തഭാഗവും അസഹ്യമാകും വണ്ണം അധിക്ഷേപിച്ചിട്ടുണ്ടു്, നോക്കുക.

"ബുദ്ധാദ്വൈതസതത്വസ്യയഥേഷ്ടാ ചരണംയദി
ശുനാംതത്വദൃശാഞ്ചാപികൊഭേദൊശുചിഭക്ഷണെ"

എന്നു് പഞ്ചദശപ്രകരണം

അൎത്ഥം—അദ്വൈതമായ ആത്മതത്വത്തെ അറിഞ്ഞവന്നു ഒത്തവണ്ണം നടക്കാമെങ്കിൽ അമേദ്ധ്യത്തെ തിന്നുന്ന നായ്ക്കൾക്കും തത്വവിചാരംചെയ്തു വേദാന്തികൾക്കും തമ്മിൽ വ്യത്യാസമെന്താണ്? നായ്ക്കളെപോലെതന്നെ ഒത്തവണ്ണം നടക്കുന്ന വേദാന്തികളും എന്ന സാരം. ഹിന്തുമതവും സൎവ്വമതവും മനസ്സിനെ നന്നാക്കുവാനായി ഒരുപോലെ ഉപദേശിക്കുന്നു എന്തുകൊണ്ടെന്നാൽ അങ്ങിനെ ചെയ്യുന്നതുതന്നെ കാണേണ്ടതിനെ കാണുവാനുള്ള ഉപായം. കണ്ണിനെ കേടുവരുത്തിയാൽ എങ്ങിനെ സൂൎയ്യനെ കാണും? അപ്പോലെ മനക്കണ്ണിനെ കേടുവരുത്തിയാൽ എങ്ങിനെ ആത്മസൂൎയ്യനെ കാണും? കാണുകയില്ല. മനുഷ്യജന്മം വ്യൎത്ഥമായിപ്പോകയും ചെയ്യും അതുകൊണ്ടു മനസ്സിനെ പിരിച്ചുതള്ളുന്നതു അശേഷം ശരിയല്ല. അങ്ങിനെയുള്ള ചില അയുക്തമായ വേദാന്താംശത്തെയാണ് ഞാൻ ആക്ഷേപിച്ചതു്.

ആക്ഷേപം 16. "സുഷുപ്താവിവജലേലവണവ" ദിത്യാദിവാ

ക്യംകൊണ്ടു ആത്മാവിൽ മനോലയം വരുത്തിയിരിക്കുന്ന അവസ്ഥയാണു് ആത്മസാക്ഷാൽകാരം എന്നു പറഞ്ഞ വാസുദേവമനനവാക്യത്തേയും അങ്ങുന്നുനിഷേധിച്ചിരിക്കുന്നുവല്ലൊ. ഇതിൽ മനസ്സിനെ പിരിച്ചു തള്ളിയിട്ടില്ലല്ലൊ.

സമാധാനം 16. വാസുദേവമനനത്തിൽ ഒരിടത്തിൽ മനസ്സിനെ അനാത്മാവായി പിരിച്ചുതള്ളിയിരിക്കുന്നു എന്നു മാത്രമല്ല മനസ്സിൻെറ വ്യാപാരം അണുവോളവും ആത്മാവിന്നുബാധകമല്ല എന്നും പറഞ്ഞിരിക്കുന്നു. അങ്ങിനെ ആത്മാവിൽനിന്നുഅന്യവസ്തുവായിമനസ്സിനെ തീൎച്ചപ്പെടുത്തിയിരിക്കുമ്പോൾ ആത്മാവിൽ മനോലയം വേണമെന്നു പറഞ്ഞതു അസംബന്ധമാണെന്നു കാണിപ്പാൻ വേണ്ടിമാത്രം നിഷേധിച്ചതാകുന്നു. മനോലയം വേണമെന്നു പറയുന്ന വേദാന്തഭാഗത്തെ ഞാൻ നിഷേധിച്ചിട്ടില്ലാ എന്നതു മോക്ഷപ്രദീപത്തിൽ പറഞ്ഞിട്ടുള്ളതും താഴെ ചേൎക്കുന്നതുമായ വാക്യംകൊണ്ടുതന്നെ തെളിയും. “മനസ്സിനെ ആത്മാവിൽയോജിപ്പിച്ചു ലയിപ്പിക്കുന്നതുതന്നെയോഗം സുഷുപ്തിയിലെന്നപോലെ മനസ്സിനെ ആത്മാവിൽ ലയിപ്പിച്ചുകൊണ്ടിരിക്കുവാനുള്ള വഴി ഏതുമതത്തിൽ ഉണ്ടൊ അതു ബുദ്ധമതമായാലും വേദാന്തമായാലും ബ്രഹ്മസമാജമായാലും ക്രിസ്തുമതമായാലും യോഗംതന്നെ എന്നാണു് എൻെറ പക്ഷം. ആ മതത്തെ സ്വീകരിച്ചുകൊൾക. ഇനിക്കു സിദ്ധാന്തമില്ല. തേനീച്ചകൾ ഏതു പുഷ്പത്തിൽ തേൻ ഉണ്ടൊ അതിൽനിന്നു തേനിനെ എടുക്കുന്നു. അപ്പോലെ ബുദ്ധിമാനായ മനുഷ്യൻ ഏതുമതത്തിൽ സാരമുണ്ടൊ ആ മതത്തിൽനിന്നു സാരത്തെ ഗ്രഹിക്കേണ്ടതാകുന്നു” എന്നു പ്രമാണപുരസ്സരം ഞാൻഘോഷിച്ചിരിക്കുന്നു. അത്രമാത്രമൊ “മുക്തിക്കു യോഗം തന്നെയാണു് മുഖ്യമെന്നറിയുന്നതും ജ്ഞാനമല്ലെ” “എന്തിന്നു അധികം പറയുന്നു മുക്തിക്കു മാത്രം എന്നു വിചാരിക്കേണ്ടൊ ആഹാരം കഴിക്കേണമെങ്കിൽ കൂടി ജ്ഞാനം വേണം. അതില്ലാതെ അപത്ഥ്യമായ ഭക്ഷണം കഴിച്ചു ചിലൎക്കു രോഗവും ചിലൎക്കു മരണവുംകൂടി നേരിടുന്നു. അതു

കൊണ്ടു സർവ്വത്തിന്നും ജ്ഞാനം ആവശ്യംതന്നെ" എന്നു സാമാന്യമായും വിശേഷമായും ഇഹപരസുഖഹേതുവായി ജ്ഞാനത്തെ മോക്ഷപ്രദീപത്തിൽ ഞാൻ ശ്ലാഘിച്ചിരിക്കെ "ജ്ഞാനത്തെ ഞാൻ ദുഷിച്ചിരിക്കുന്നു" എന്നു പറയുന്നവർ "ദേഹേന്ദ്രിയ മനസ്സുകൾ വ്യഭിചരിച്ചാലും ഹിംസിച്ചാലും എന്തുചെയ്താലും ഇനിക്കു ബാധകമല്ല ഞാൻ ബ്രഹ്മമാണ്" എന്നു പറഞ്ഞു ഒത്തവണ്ണം നടക്കുന്ന യുക്തിയില്ലാത്ത ഒരുതരം വേദാന്തികളാണ്. ഇക്കൂട്ടർ ഒരുപ്രകാരത്തിൽ ജ്ഞാനത്തെ മനസ്സിലാക്കിയിട്ടുണ്ടു 'എന്റെ അമ്മയുടെ ശ്രാദ്ധം ഇനിക്കൊത്തവണ്ണം" എന്നുപറഞ്ഞപ്രകാരം ഒത്തവണ്ണം നടക്കുന്നതും ഉണ്ട്. അതിനെ അനുസരിച്ചു ഞാൻ പറയാതെ ഇവരുടെ അഭിപ്രായത്തിന്നും നടവടികൾക്കും എതിരായി പറയാത്തതുകൊണ്ടു ജ്ഞാനത്തെ ദുഷിച്ചിരിക്കുന്നു എന്നുപറഞ്ഞുംകൊണ്ട് എന്നെയും എന്റെ മോക്ഷപ്രദീപത്തെയും ആക്ഷേപിക്കുന്നതാകുന്നു. ഇരുട്ടിനെ അകറ്റുവാൻ വെളിച്ചം എന്നപോലെ അനേകകാലമായി ഹിന്തുക്കൾ വളർത്തിവരുന്ന അജ്ഞാനജാതിഭേദകർമ്മവനത്തെ ദഹിപ്പിക്കുവാൻ ഇനിക്കു അഗ്നിയായിത്തീർന്നു ജ്ഞാനമായിരിക്കെ ഞാനും ജ്ഞാനസ്വരൂപനായിരിക്കെ എന്റെ മോക്ഷപ്രദീപാദികളും ജ്ഞാനപ്രദീപങ്ങളായിരിക്കെ ഞാൻ ജ്ഞാനത്തെ ദുഷിച്ചു എന്നു ആക്ഷേപിക്കുന്നതു അയുക്തവും അസമഞ്ജസവും ആകുന്നു. ഞാൻ ജ്ഞാനത്തെ ദുഷിച്ചു എന്നു പറയുന്ന വേദാന്തികൾ എന്തുകൊണ്ടാണ് ഞാൻ യോഗത്തെ ദുഷിച്ചു എന്നു ആക്ഷേപിക്കാത്തതു്?

"തപഃസ്വാദ്ധ്യായേശ്വരപ്രണിധാനാനി ക്രിയായോഗഃ" എന്ന പാതഞ്ജലസൂത്രത്തിന്നു യോഗശാസ്ത്രത്തിൽ പ്രവൃത്തിപരമായി അർത്ഥം കല്പിച്ചിട്ടുള്ളതിനെ ഞാൻ നിഷേധിച്ചു നിവൃത്തിപരമായ അർത്ഥത്തെ മോക്ഷപ്രദീപത്തിൽ കല്പിച്ചിരിക്കുന്നു. ജ്ഞാനകുമ്മിയിൽ ഞാൻ, യോഗശാസ്ത്രോക്തമായ ഷഡാധാരധ്യാനത്തിനെ നിഷേധിച്ചിരിക്കുന്നു. ആനന്ദസൂത്രത്തിൽ ഞാൻ ഹഠയോഗത്തിനെ നിഷേധിച്ചിരിക്കുന്നു. ഇങ്ങിനെ ചെയ്തിരി

ക്കുന്നതുകൊണ്ടു ഞാൻ യോഗദൂഷകനാകുന്നു എന്നുകൂടി വേദാന്തികൾക്കും കർമ്മഠന്മാൎക്കും വിശേഷിച്ചു യോഗികൾക്കും ആക്ഷേപിപ്പാൻ അവകാശമുണ്ട്. ഞാൻ യോഗിയായതുകൊണ്ടു വേദാന്തത്തെ ദൂഷിച്ചതാണെന്നു കണ്ണടച്ചിരുന്നു പറയുന്നകൂട്ടക്കാർ ഞാൻ യോഗിയായിരുന്നുംകൊണ്ടു യോഗത്തെ ദൂഷിപ്പാൻ കാരണമെന്താണ് എന്നുകൂടി ഒന്നു നന്നായി ആലോചിക്കേണ്ടതാണ്. എന്നാൽ ലോകയോഗക്ഷേമത്തിന്നുവേണ്ടിമാത്രം സാരാംശത്തെ എടുത്തു ഏതിലുള്ളതായാലും അസാരാംശത്തെ നിഷേധിച്ചതാകുന്നു എന്നു ബോദ്ധ്യപ്പെട്ടും. മനസ്സിനെ ആത്മാവിൽ യോജിപ്പിക്കേണമെന്നു പറയുന്ന വേദാന്തഭാഗം യോഗമാണ്. ആ യോഗത്തോടുകൂടിയ വേദാന്തത്തെ ഞാൻ ആക്ഷേപിച്ചിട്ടില്ല.

ആക്ഷേപം 17. ഒരു എം. എ. പരീക്ഷ പാസ്സായിട്ടുള്ള മാസ്റ്റർതന്നെ മട്രിക്കലേഷൻ ക്ലാസ്സ്മുതൽ എം. എ. ക്ലാസ്സുവരെ പഠിപ്പിക്കുന്നുണ്ട്. എല്ലാവരോടും ഒരുപോലെ എം. എ. ക്ലാസ്സിന്നുള്ള പുസ്തകങ്ങളെവാങ്ങി പഠിക്കുവാൻ പറകയാവട്ടെ എം. എ. ക്ലാസ്സിന്നുള്ള വിഷയങ്ങളെപ്പററി എല്ലാവൎക്കും ഒരുപോലെ പഠിപ്പിക്കയാവട്ടെ ചെയ്യുന്നില്ല. അങ്ങിനെ ചെയ്യാത്തതുകൊണ്ടു ആ മാസ്റ്റൎക്കു സമദൃഷ്ടിയില്ലെന്നു പറയാമൊ? ആ മാസ്റ്റർതന്നെ താണ ക്ലാസ്സിലേക്കു തക്കതായ ഒരു പുസ്തകത്തെ ഉണ്ടാക്കുകയൊ എ. ബി. സി. ഡി. പഠിപ്പിക്കുകയൊ ചെയ്താൽ ഉയൎന്നക്ലാസ്സിൽ പഠിപ്പിക്കുവാനും മററും ഉള്ള പഠിപ്പില്ലാത്ത ജ്ഞാനഹീനൻ എന്നു പറയാമൊ? ഒരു ആൾക്കു രണ്ടു കുട്ടികൾ ഉണ്ട്. ചെറിയകുട്ടിക്കു കളിപ്പാൻ മരംകൊണ്ടുള്ള ആനയെ ഉണ്ടാക്കികൊടുത്തു. മൂത്തിന്നു കുട്ടിയെ എഴുത്തിനിരുത്തി പഠിപ്പാൻ പുസ്തകത്തെ വാങ്ങികൊടുത്തു. ഇങ്ങിനെ ചെയ്തതുകൊണ്ടു പിതാവിനെ സമദൃഷ്ടിയില്ലാത്തവൻ എന്നൊ ജ്ഞാനഹീനൻ എന്നൊ പറയാമൊ? അപ്പോലെ ചിലർ യോഗജ്ഞാനത്തെ എല്ലാവൎക്കും ഒരുപോലെ ഉപദേശിക്കാതെ അല്പബുദ്ധികൾക്കു കൎമ്മകാണ്ഡത്തെ ഉപദേശിക്കുന്നതുകൊണ്ടും ബിംബപ്രതിഷ്ഠയെ

ചെയ്തുകൊടുക്കുന്നതുകൊണ്ടും അവരെ അജ്ഞാനികളായ മൂത്ത കർമ്മികൾ എന്നു പറയാമൊ?

സമാധാനം 17. എം. എ. പരീക്ഷ പാസ്സായിട്ടുള്ള മാസ്റ്റർ താണക്ലാസ്സിലേക്കുള്ള പുസ്തകത്തെ ഉണ്ടാക്കിയാലും, എ. ബി. സി. ഡി. പഠിപ്പിച്ചാലും അതു എം. എ. പദവിയിലേക്കു എത്തിക്കുവാനുള്ള വഴിയല്ലാതെ തെററിക്കുവാനുള്ള വിപരീതവഴിയല്ല. കളിക്കോപ്പു കൊടുത്തു കുട്ടിയെ വളർത്തുന്ന പിതാവും പഠിക്കേണ്ട കാലംവരുമ്പോൾ കുട്ടിയെ പഠിപ്പിച്ചു നല്ലവഴിക്കു തിരിക്കുന്നതല്ലാതെ എന്നും മരംകൊണ്ടുള്ള ആനയെ കുട്ടിക്കു ഉണ്ടാക്കികൊടുത്തു അജ്ഞാനകുഴിയിലേക്കു തള്ളിവിടുന്നില്ല. ബിംബപ്രതിഷ്ഠാദി കർമ്മപ്രവർത്തകന്മാർ ചൈതന്യമുള്ള മനുഷ്യരെ ചൈതന്യമില്ലാത്ത ശിലാദാരു ലോഹാദി പ്രതിമകൾക്കും അജ്ഞാനകർമ്മങ്ങൾക്കും എന്നെന്നും അടിമകളാക്കി ജ്ഞാനമാർഗ്ഗത്തിൽനിന്നു തെററിക്കുന്നു. ഇത്തരം കർമ്മപ്രവർത്തകന്മാരെ അജ്ഞാനികളായ മൂത്തകർമ്മികൾ എന്നല്ലാതെ ജ്ഞാനികൾ എന്നു പറഞ്ഞുകൂടാ. ഹിംസിക്കുന്ന ക്രൂരരെ ഹിംസകന്മാരെന്നല്ലാതെ അഹിംസാധർമ്മപരിപാലകന്മാർ എന്നു പറയാമൊ? വ്യഭിചരിക്കുന്നവരെ വ്യഭിചാരിണികൾഎന്നല്ലാതെ പതിവ്രതകൾഎന്നു പറയാമൊ? വിരൂപന്മാരെ വിരൂപന്മാർ എന്നല്ലാതെ സുന്ദരന്മാർ എന്നു പറയാമൊ? പണ്ടുള്ള ജ്ഞാനികൾ വിഗ്രഹാരാധനാദി കർമ്മപ്രവർത്തകന്മാരെ കപടഗുരുക്കൾ എന്നും വഞ്ചകന്മാർ എന്നും മററും പലവിധത്തിൽ നിന്ദിച്ചിരിക്കുന്നു. ഈക്കൂട്ടരുടെ വ്യാപാരത്തെ എം. എ. പരീക്ഷ പാസ്സായിട്ടുള്ള മാസ്റ്ററുടേയും സൽപിതാവിൻെറയും വ്യാപാരത്തോടു സാമ്യപ്പെടുത്തിയതു സാഹസമായിപ്പോയി.

ആക്ഷേപം 18. ദൈവം സഗുണമല്ലെന്നുള്ള സ്വാമികളുടെ മതത്തെ വിശ്വസിക്കുന്ന കൂട്ടർക്കു കല, കളവു, ചതി മുതലായ സകല കുററങ്ങളേയും ചെയ്യാമല്ലൊ. ദണ്ഡിപ്പാൻ ആരും ഇല്ലല്ലൊ.

സമാധാനം 19. അങ്ങിനെയുള്ള കുററങ്ങൾചെയ്താൽ രാജാവു

പിടിച്ചു തക്ക ശിക്ഷകൊടുക്കുന്നത് അനുഭവമല്ലയൊ? അതുകൊണ്ടാണ് ദൈവമില്ലെന്നു വാദിക്കുന്ന ചില നിരീശ്വരന്മാരും അനേക ദുഷ്ടന്മാരും അവക കുററങ്ങളെ ചെയ്യാതെ ഭയപ്പെട്ടു ഒതുങ്ങിയിരിക്കുന്നതു്. ദൈവത്തെ ഭയപ്പെട്ടിട്ടല്ല.

ആക്ഷേപം 19. കുററം തുമ്പുണ്ടായാലെ രാജാവു ശിക്ഷിക്കയുള്ളു. കുററങ്ങളെ മാച്ചുവെച്ചു രാജശിക്ഷയിൽപെടാതെ ബഹുപേർ കഴിച്ചുകൂട്ടുന്നുണ്ടു്. അപ്രകാരം സ്വാമിയുടെ മതത്തെ വിശ്വസിച്ചവക്കും ചെയ്യാമല്ലൊ.

സമാധാനം 19. ശിക്ഷിപ്പാൻ ഒരു ദൈവമുണ്ടെന്നും കാലനുണ്ടെന്നും ഘോരനരകമുണ്ടെന്നും വിശ്വസിച്ചിരിക്കുന്ന ആസ്തികമതക്കാർകൂടി ദൈവഭയം ലേശമില്ലാതെ കഠിനകുററങ്ങളെ ചെയ്തു മറച്ചുവെച്ചു രാജാവിനേയും തോല്പിക്കുന്നുണ്ടല്ലൊ. ആ അവസ്ഥക്കു ഞാൻ പേടിപ്പെടുത്തിയതുകൊണ്ടു പേടിക്കുമൊ? പാപകർമ്മങ്ങളിൽനിന്നു ദുർബുദ്ധികൾ പിൻവലിക്കുമൊ? അററമില്ലാത്ത കുററങ്ങളെ ചെയ്തിട്ടുംകൂടി ഒരു തവണയെങ്കിലും ദൈവമൊ ദൈവഭടന്മാരൊ പ്രത്യക്ഷത്തിൽ വന്നു ശിക്ഷിക്കാത്തതുകൊണ്ടു പാപികൾക്ക് എന്നല്ല യോഗ്യന്മാരാണെന്നു തെളിയുന്ന ചിലക്കും ദൈവത്തിൽനിന്നും നരകത്തിൽനിന്നും ലേശം ഭയമില്ല. ചക്രവത്തിഭടന്മാർ (പൊല്ലീസ്സുകാർ) പിടിക്കും, ഇടിക്കും, അടിക്കും, ജേലിൽ കുടുക്കും, തൂക്കികൊല്ലും എന്ന ഭയം കണക്കിലധികം ഉണ്ടുതാനും. എന്നിട്ടും ദിവസംപ്രതി കുററം ചെയ്തുചെയ്തു് ജേല് സ്ഥലം പോരാതെ വരുന്നു. ഇങ്ങിനെ ഇരിക്കുന്ന സ്ഥിതിക്കു ഞാൻ ഒരു ഗ്രന്ഥം ഉണ്ടാക്കി പേടിപ്പെടുത്തിയതുകൊണ്ടു പേടിക്കുമൊ? പാപകർമ്മങ്ങളിൽനിന്നു പേടിക്കാതെ ഇരിപ്പാനുള്ള പ്രമാണങ്ങളേയും പണ്ടുള്ളവർ വേണ്ടുവോളം ഉണ്ടാക്കി വെച്ചിരിക്കുന്നു. "ആത്മാവു ആരെയും കൊല്ലുന്നില്ല, ആത്മാവിനെയും ആക്കും കൊല്ലുവാൻ കഴികയില്ല" എന്ന് അർജ്ജുനനു ഉപദേശിച്ച ശ്രീകൃഷ്ണൻ ഗുരുജനവധത്തെയുംകൂടി ചെയ്യിച്ചിരിക്കുന്നു. ഞാൻ ആരെ കൊല്ലുന്നു? ഞാൻ ആത്മാവല്ലയൊ?

ഉപാധി (ദേഹേന്ദ്രിയ മനസ്സുകൾ) എന്തുചെയ്താലും അതൊന്നും ആത്മാവിന്നു ബാധകമല്ലഎന്നു വേദാന്തശാസ്ത്രവും ഘോഷിക്കുന്നു. ഇങ്ങിനെ വേദാന്തശാസ്ത്രത്തേയും ഭഗവൽഗീതയേയും പ്രമാണമാക്കി ബഹുജനങ്ങൾ പാപകർമ്മങ്ങളെ ചെയ്യുന്നു. "ഗംഗാസ്നാനം ചെയ്താലും മതി, മരണകാലത്തിൽ തുളസിവെള്ളം കുടിച്ചാലും മതി, അല്ലെങ്കിൽ അദ്ധ്യാത്മരാമായണത്തിൽനിന്നു ഒരു ശ്ലോകത്തേയൊ ശ്ലോകാർദ്ധത്തേയൊ പഠിച്ചാലും മതി, നാരായണാ എന്നൊന്നു് ഉച്ചരിച്ചാലുംമതി സർവ്വപാപങ്ങളും നശിക്കും" എന്നിങ്ങിനെ പാപമോചനവഴി കാണിക്കുന്ന അനവധിപ്രമാണങ്ങളെ പണ്ടുള്ളവർ കല്പിച്ചിരിക്കുന്നു. അതുകൊണ്ടും ആശാവശന്മാരും ദുഷ്ടചിത്തന്മാരും ലഘുവായ പ്രായശ്ചിത്തം നിമിത്തം പാപങ്ങളെ ക്ഷണം പരിഹരിക്കാമെന്നു കരുതി ആശക്കുതക്കവണ്ണംഉള്ള അന്യായകർമ്മങ്ങളെ ചെയ്യുന്നു. പാപികൾക്കു സഹായിപ്പാൻ ഇങ്ങിനെ അനേക പ്രമാണങ്ങളും പ്രമാണികളും ഇരിക്കെ ഞാൻ പേടിപ്പെടുത്തിയിട്ടു പേടിക്കുമൊ? മേൽപ്രകാരമൊന്നും ഞാൻ സഹായിച്ചിട്ടില്ല. മനസ്സിനെ ശരിക്കുനിൎത്തി നന്നാക്കിയിട്ടില്ലെങ്കിൽ എന്നും ദുഃഖംതന്നെയെന്നാണു് ഞാൻ സിദ്ധാന്തിച്ചിട്ടുള്ളതു്. ഒഴികഴിവില്ലാത്തതും അനുഭവംകൊണ്ടു സർവ്വമതക്കാൎക്കും സമ്മതിക്കേണ്ടതുമായ ഈ സിദ്ധാന്തത്തെ വിലവെക്കാത്തവരെ ഞാൻ ഭയപ്പെടുത്തിയിട്ടു ഫലമെന്തു്?

ആക്ഷേപം 20. കുററംചെയ്യുവരെ ദണ്ഡിക്കുന്ന ഒരു സഗുണദൈവമില്ലെന്നു കാണുമ്പോൾ ദൈവഭയമുള്ളവർകൂടി കുററം ചെയ്യാൻ സംഗതി വരുമല്ലൊ. അവർ പിന്നെങ്ങിനെ ശുദ്ധന്മാരാകും? എങ്ങിനെ മുക്തന്മാരാകും?

സമാധാനം 20. ദൈവഭയംകൊണ്ടു ചിലർ കുററംചെയ്യാതെ ഇരിക്കുന്നുണ്ടെങ്കിലും അവർ ശുദ്ധഹൃദയന്മാരായിട്ടില്ല. ശിക്ഷിക്കുമെന്ന ഭയംകൊണ്ടു ദോഷകർമ്മത്തെ ചെയ്യിട്ടില്ലെങ്കിലും മനസ്സിൽ ആ ദോഷവിചാരം അങ്കുരിച്ചുംകൊണ്ടിരിക്കും. പിന്നെങ്ങിനെമുക്തി കിട്ടും? രാജാവിനെ ഭയപ്പെട്ടു ഒരുവൻ കുല, കളവു

മുതലായ കുററങ്ങളെ ചെയ്യാത്തതു കൊണ്ടു അവൻ ശുദ്ധ ഹൃദയനാകുമൊ, മുക്തനാകുമൊ, മനസ്സിൽ ദുഷ്ടവിചാരം ഇല്ലാതെ ഇരുന്നാലെ ശുദ്ധഹൃദയനാകയുള്ളു. മുക്തനാകുവാനും സംഗതിവരികയുള്ളൂ. എത്രതന്നെ കുററങ്ങളെ ചെയ്താലും തന്നെ ശിക്ഷിക്കുവാൻ ആരും ഇല്ലാ എന്നറിഞ്ഞിട്ടും മനസാ വാചാ കർമ്മണാ കുററംചെയ്യാതെ ഇരിക്കുന്നവനാണ് ശുദ്ധഹൃദയൻ. മനസ്സിനെ ശുദ്ധമാക്കണം എങ്കിലെ മുക്തി (ആനന്ദം) സിദ്ധിക്കയുള്ളൂ. മനസ്സ് മലിനമായിപ്പോയാൽ അതുതന്നെ കാലൻ, അതുതന്നെ വിഷം എന്നു ഞാൻ അനുഭവപ്പെടുത്തി വിസ്തരിച്ചതുകൊണ്ടു ദൈവത്തിൽനിന്നു ഭയപ്പെടുന്നതിനേക്കാൾ ഭയപ്പെട്ടു പാപകർമ്മങ്ങളിൽനിന്നു പിൻവലിച്ചു മനസ്സിനെ നന്നാക്കുവാൻ സംഗതിയുണ്ടു്. ആസ്തികന്മാരുടെ ഈശ്വരനെ ലവലേശംവില വെക്കാത്ത നാസ്തികന്മാർകൂടി ആനന്ദത്തെ കാംക്ഷിക്കുന്നതു കൊണ്ടു അവർകൂടി മനസ്സിനെമലിനമാക്കുവാൻ വിചാരിക്കയില്ല.

"നാടുമുഴുവനും രാജാവും ഒരുവനു ശത്രുവായാൽ നാട്ടിൽനിന്നു ആട്ടിക്കളവാനൊ ശിരച്ഛേദംചെയ്തു പ്രാണഹാനിയെ ചെയ്വാനൊ കഴിയും.........മനസ്സു ശത്രുവായാൽ ഇഹലോകസുഖത്തെ മാത്രമല്ലല്ലൊ കെടുക്കുന്നത്, പരമാനന്ദപ്രാപ്തി എന്ന പരലോകവാസംകൂടി കെടുത്തുകളയുന്നു.........ഈ തരത്തിൽ ദോഷത്തെ ചെയ്വാനുള്ള ശക്തി ആർക്കാണുള്ളതു്? ഇഹലോകത്തിൽ സംസാരദുഃഖത്തെ അനുഭവിപ്പിപ്പാനും എന്നും നരകദുഃഖത്തെ നല്കുവാനുമുള്ള മഹാശത്രു മനസ്സുതന്നെ" ഇത്യാദിവാക്യങ്ങളാൽ എന്റെ മോക്ഷപ്രദീപത്തിൽ ദണ്ഡധരന്മാരേക്കാൾ (ഈശ്വരൻ, രാജാവു, കാലൻ) എന്നവരേക്കാൾ ഭയപ്പെടേണ്ട മഹാദണ്ഡധരൻ മനസ്സാണെന്നു ഞാൻ നല്ലവണ്ണം തെളിയിച്ചിട്ടുണ്ടു്. നന്നാകുന്നവർക്കു പാപത്തിൽനിന്നു ഭയപ്പെട്ടു പരോപദ്രവാദികൾ ചെയ്യാതെ നന്നായി നടപ്പാൻ ഇത്രമതി. അല്ലാത്തവരെ എത്രതന്നെ ഭയപ്പെടുത്തിയിട്ടും ഫലമില്ലായെന്നതു അനുഭവമല്ലയൊ?

ആക്ഷേപം 21. പുണ്യം ചെയ്യുവരെ സ്വൎഗ്ഗത്തിലാക്കുവാനും പാപംചെയ്യുവരെ നരകത്തിലാക്കുവാനും തക്ക ഒരു സഗുണ ദൈവം ഇല്ലെന്നു വരുമ്പോൾ മരണം തന്നെ മുക്തി. പുണ്യം ചെയ്യുവരും പാപം ചെയ്യുവരും ഒരുപോലെതന്നെ. എന്തും ചെയ്യാം. മരിക്കുന്നതുവരെ മാത്രമെ സംസാരദുഃഖം അനുഭവിക്കേണ്ടു എന്നു വിചാരിച്ചു ഒത്തവണ്ണം നടക്കുവാൻ അധികം അവകാശമുണ്ടു്.

സമാധാനം 21. ഒരുപദാൎത്ഥത്തിന്നും തീരെ നാശം ഇല്ല. മാററമേ (പരിണാമമെ) ഉള്ളു. ആത്മാവിന്നു അതു കൂടിയില്ല ആത്മാവു നശിക്കാത്ത വസ്തുവാകുന്നു എന്നതു സൎവ്വമതസമ്മതവും ആകുന്നു. പുണ്യത്തിന്നു സുഖത്തെയും പാപത്തിന്നു ദുഃഖത്തെയും കൊടുക്കുവാൻ സഗുണദൈവം ഇല്ലെന്നു വാദിക്കുന്ന നാസ്തികന്മാരുടെയും ആത്മാവു മനസ്സിന്റെ ദുസ്ഥിതികൊണ്ടു മഹാദുഃഖത്തേയും സുസ്ഥിതികൊണ്ടു മഹാനന്ദത്തെയും തനിയെ അനുഭവിക്കും. അനുഭവിപ്പിക്കുവാൻ ഒരു ജഡ്ജി വേണ്ടാ. ഈ സംഗതിയെ ഒരു ദൃഷ്ടാന്തംകൊണ്ടു തെളിയിക്കാം. സ്വപ്നത്തിൽ ഈ സ്ഥൂലദേഹം ശവംപോലെ കിടക്കുന്നു. മനസ്സിന്റെ ദുരവസ്ഥ മാത്രംകൊണ്ടു ദുസ്വപ്നാദികളിൽ മഹാസങ്കടം അനുഭവിക്കുന്നു. ഇതു എല്ലാമതക്കാൎക്കും അനുഭവമാകുന്നു. ഞാൻ ചില കാലങ്ങളിൽ ദുസ്വപ്നംനിമിത്തം അനുഭവിച്ചിട്ടുള്ള പ്രാണവേദനപോലെയുള്ള തീവ്രവേദന ജാഗ്രതവസ്ഥയിൽ രോഗാദ്യാപത്തുകൾ പിടിപെട്ടിട്ടും കൂടി അനുഭവിച്ചിട്ടില്ല. അങ്ങിനെ തന്നെ ചിലസുഖങ്ങളേയും സ്വപ്നത്തിൽ അനുഭവിച്ചിട്ടുണ്ടു്. ദൈവമൊ രാജാവൊ കാലനൊ മററാരെങ്കിലുമൊ സ്വപ്നത്തിൽ വന്നു എന്നെ ദണ്ഡിച്ചിട്ടൊ അനുഗ്രഹിച്ചിട്ടൊ ഈ രണ്ടവസ്ഥകളെ അനുഭവിപ്പിച്ചതാണെന്നു പറയാമൊ? ജാഗ്രദവസ്ഥയിൽ തന്നെ ചിലർ തന്റെ കൈകൊണ്ടു തന്റെ കഴുത്തിൽ കയറു കെട്ടി തൂങ്ങിയിട്ടും, ഉണ്ടയിട്ടു വെടിവെച്ചിട്ടും, കിണററിലൊ, കുളത്തിലൊ വീണിട്ടും ചാകുന്നു. ദൈവമൊ, കാലനൊ, കണ്ടാ

കണ്ണനൊ, രാജാവൊ മററാരെങ്കിലുമൊ ഇങ്ങിനെ ചെയ്തതാണെന്നു പറയാമൊ? തന്റെ ദുഷ്ടമനസ്സല്ലയൊ ഇങ്ങിനെ ചെയ്തതു്? ഈ പ്രകൃതത്തിൽ 2, 3 സമാധാനങ്ങളേയും മോക്ഷപ്രദീപത്തിൽ മനസ്സിനെപ്പററി പറഞ്ഞ ഭാഗങ്ങളേയും, ആനന്ദസൂത്രത്തിലെ ശിഷ്യോപദേശത്തേയും കൂട്ടിച്ചേർത്തു വായിക്കേണ്ടതാണു്. എന്നാൽ മനസ്സിന്റെ മഹേന്ദ്രജാലവും മാഹാത്മ്യവും മനസ്സിലാകും. ഞാൻ ഒരു കാലത്തു നിരന്തരം മനോനിഗ്രഹം ചെയ്കയുണ്ടായി. അക്കാലത്തു അഭ്യാസകാലത്തിലും അഭ്യാസം വിട്ടാലും ആനന്ദം തന്നെ. അതിന്നുപുറമെ സ്വപ്നത്തിൽ തനിയെ തന്നെ മനസ്സ ആത്മസ്ഥാനത്തിൽ ചെന്നു നിന്നു ആത്മാനന്ദത്തെ പ്രാപിക്കുകയുണ്ടായിട്ടുണ്ടു്. "നയോഗസ്പൃഥിവീതലേ" യോഗം ഭൂമിയിലില്ലെന്ന ഈ ദേവീഭാഗവതപ്രമാണം സർവ്വഥാ യഥാർത്ഥമാണെന്നു ഞാൻ കണ്ടതിനാൽ യോഗത്തെ ലോകോപകാരമാക്കിത്തീർക്കുവാൻവേണ്ടി മോക്ഷപ്രദീപാദി സിദ്ധഗ്രന്ഥങ്ങളെ ഞാൻ നിർമ്മിക്കയും അതുനിമിത്തം പലരും ശിഷ്യന്മാരായിത്തീരുവാൻ സംഗതിവരികയും ശിഷ്യസന്ദേഹനിവൃത്തിക്കുവേണ്ടി പലയുക്തിവാദങ്ങളും നിരന്തരം ചെയ്യപ്പെടേണ്ടതായി വരികയും ചെയ്തു. അതിനാൽ ഇക്കാലത്തു ചിലപ്പോൾ സ്വപ്നത്തിൽകൂടി യുക്തിവാദങ്ങൾ വർദ്ധിച്ചു യുക്തികളെ കണ്ടുപിടിക്കുന്നു. ഇതു എനിക്കു അനുഭവമാകുന്നു. അതുകൊണ്ടു മനസ്സിനെ സദാചാരത്തിലൊ അസദാചാരത്തിലൊ ഏതേതിൽ നിർത്തുന്നുവൊ, മനസ്സക്തി ഏതേതുകർമ്മങ്ങളിലൊ അവയുടെ ഫലത്തിനെ ആമനസ്സ തനിയെ തന്നെ ഈ സ്ഥൂലദേഹം നശിച്ചാലും (ചത്താലും) അനുഭവിപ്പിക്കും. ദൈവവും, രാജാവും, രാജഭടന്മാരും, കാലനും ആരും അനുഭവിപ്പിക്കേണ്ടാ. രാജാക്കന്മാരെക്കൂടി ബന്ധിച്ചു ദുഃഖങ്ങളിൽ ഇടുന്നതു ആരാണു്? മനസ്സല്ലയൊ? നമുക്കു ആർക്കെങ്കിലും അതിന്നു അധികാരമുണ്ടോ? മനസ്സിന്റെ അധികാരം വല്ലാത്തതുതന്നെ. കല്ലു്, മരം മുതലായവകൊണ്ടുള്ള തുച്ഛപ്രതിമകൾക്കുകൂടി ദൈവത്തിന്റെ സ്ഥാനമാനപൂജ്യതകളേയും അധികാരത്തേയും കൊടുത്തു ജനങ്ങളെ കിടുകിടെ വിറപ്പിക്കുന്നു. ഇങ്ങിനെ

ചെയ്യുന്നതും മനസ്സല്ലയൊ ? ഈ അധികാരം സൎവ്വശക്തനുകൂടി കാണുന്നില്ല. എന്തിന്നധികംപറയുന്നു, മനസ്സിന്റെ സുസ്ഥിതി തന്നെ സ്വൎഗ്ഗം, മനസ്സിന്റെ ദുസ്ഥിതിതന്നെ നരകം. ഈ രണ്ടു പദങ്ങളുടെ നിരുക്തിയെക്കൂടി നിരൂപിച്ചുനോക്കുക. "സുഷ്ഠുഉജ്യതെ സ്ഥീയതെസ്മിന്നിതിസ്വൎഗ്ഗഃ ഇതിൽ നല്ലവണ്ണംഇരിക്കുന്നു എന്ന ഹേതുവായിട്ടു സ്വൎഗ്ഗം എന്നു പറയപ്പെടുന്നു. സുഖമായിരിക്കുന്നതു സ്വൎഗ്ഗം" എന്നു സാരം. "നരാഃകായന്ത്യസ്മിന്നിതി നരകഃ ഇതിൽ മനുഷ്യർ നിലവിളിക്കുന്നു എന്ന ഹേതുവായിട്ടു നരകം എന്നു പറയപ്പെടുന്നു. ദുഃഖമായിട്ടിരിക്കുന്നതു് നരകം" എന്നു സാരം. ഇങ്ങിനെ യഥാൎത്ഥവിചാരം ചെയ്യുമ്പോൾ സ്വൎഗ്ഗം എന്ന വാക്കിനാൽ വിവരിക്കപ്പെട്ട സുസ്ഥിതി, മനസ്സിന്റെ ലയംകൊണ്ടുമാത്രമെ സിദ്ധിക്കയുള്ളു. നോക്കുക. സുഷുപ്തിയിൽ-ഗാഢനിദ്രയിൽ ഹിന്തുക്കളുടേയും, സൎവ്വമതക്കാരുടേയും, നാസ്തികന്മാരുടേയും മനസ്സു ഒരേനിലയിൽ അല്ലലില്ലാതെ ഇരിക്കുന്നു. സമാധിയിലും അങ്ങിനെതന്നെ. സ്വപ്നത്തിലും ജാഗ്രദാവസ്ഥയിലും ഓരോസംഗതിവശാൽ മനസ്സു വികാരപ്പെട്ടു ദുഃഖിച്ചു നിലവിളിക്കുന്നു. ഇതും സൎവ്വജീവികൾക്കും അനുഭവമാകുന്നു. അതുകൊണ്ടു ആന്തരമായ സ്വൎഗ്ഗവും, നരകവും മനസ്സിന്റെ സുസ്ഥിതിയും, ദുസ്ഥിതിയുംതന്നെ. "സ്വൎഗ്ഗനരകങ്ങളും ഈശ്വരനും ഇല്ല, എന്തുംചെയ്യാം. ശരീരം ഇരിക്കുമ്പോൾ സുഖദുഃഖങ്ങളെ അനുഭവിക്കുന്നതല്ലാതെ മരണശേഷം എന്താ അനുഭവിപ്പാനുള്ളതു്? ആരാണ് അനുഭവിപ്പിക്കുവാനുള്ള അധികാരി?" എന്നുവാദിക്കുന്ന കൂട്ടക്കാരെ ഒരു വിമാനത്തിൽ കയററിക്കൊണ്ടു പോയി സ്വൎഗ്ഗാദികളേയും ഈശ്വരനേയും കാണിച്ചുകൊടുത്താൽ മാത്രമെ അവർ സമ്മതിക്കയുള്ളു. സ്വൎഗ്ഗാദികൾ ഉണ്ടെന്നും, ഇല്ലെന്നും വാദിപ്പാനുള്ള യുക്തികളും, പ്രമാണങ്ങളും ഉണ്ടു്. അതുകൊണ്ടു ഇഷ്ടംപോലെ വാദിപ്പാനും കഴിയും. വാദം ഒരു കാലത്തും അവസാനിക്കയും ഇല്ല. ദുഃഖവും ശമിക്കയില്ല. അതു കൊണ്ടു മനസ്സിന്റെ ലയംതന്നെ സ്വൎഗ്ഗവും, മുക്തിയും, മനസ്സി

ന്റെ വികാരംതന്നെ നരകവും ദുഃഖവും എന്നവാസ്തവതത്വത്തെ ഓൎത്തു് മനസ്സിനെ ഒതുക്കുന്നതുതന്നെ മനുഷ്യജന്മത്തിന്റെ സാഫല്യം. മനസ്സിന്നു ഒതുക്കം (ശാന്തി) ഇല്ലെങ്കിൽ മഹാരാജാവായാലും തൃപ്തിയില്ലാതെ മററുള്ള മഹീപതികളുടെ മഹികളെ പിടിച്ചടക്കേണമെന്നു മതിമോഹം നിമിത്തം മഹാദുഃഖത്തെ അനുഭവിക്കും എന്നതു അനുഭവമല്ലേയൊ? മനസ്സിന്നു യോഗ്യതയില്ലെങ്കിൽ സ്വൎഗ്ഗത്തിന്റെ അധിപനായ ഇന്ദ്രനായാലും ദുഃഖം തന്നെ. ഇന്ദ്രൻ അഹല്യയെ രഹസ്യംപിടിച്ചു ഗൌതമശാപത്താൽ സഹസ്രഭഗനായി കുരൂപനായി കുണ്ഠിതനായി എന്നു ഹിന്തുക്കൾ ഘോഷിക്കുന്നില്ലയൊ? ഇങ്ങിനെ എന്തെല്ലാം? മനോയോഗ്യതയില്ലെങ്കിൽ മഹാസ്ഥാനത്തു എത്തിയാലും ദുഃഖം തന്നെ. മനോയോഗ്യതയുണ്ടെങ്കിൽ താണനിലയിൽ ഇരുന്നാലും മഹാസുഖംതന്നെ. ഒരുവന്നു മിക്കസമയത്തും അസഹ്യമായ ഉദരരോഗം ഉണ്ടെങ്കിൽ അവനെ രാജമാളികയിൽ കൊണ്ടുപോയി വേണ്ടുന്നതെല്ലാം കൊടുത്തു കിടത്തിയാലും ഉദരരോഗംനിമിത്തം ഉറക്കംകൂടി ഇല്ലാതെ നിലവിളിച്ചു ദുഃഖിക്കും. അങ്ങിനെയുള്ള രോഗം ഒന്നും ഇല്ലാത്തവനെ ചണ്ഡാലക്കുടിയിൽ കൊണ്ടുപോയി കിടത്തിയാലും സുഖമായി ഉറങ്ങും. ഇപ്രകാരംതന്നെ മനോയോഗ്യതയുള്ളവന്നു സൎവ്വത്ര സുഖം. അതില്ലാത്തവന്നു സൎവ്വത്ര ദുഃഖവും. അതുകൊണ്ടു മരണശേഷം സ്വൎഗ്ഗത്തിലൊ നരകത്തിലൊ പുനർജന്മം കൊണ്ടു ഭൂമിയിലൊ ഏതൊരു രാജ്യത്തിലിരുന്നിട്ടാണു് സുഖദുഃഖങ്ങളെ അനുഭവിക്കുക എന്ന ചോദ്യത്തിന്നു മനോരാജ്യത്തിലിരുന്നിട്ടാണു് എന്ന ഉത്തരം തന്നെ ഉത്തമം. എവിടെ ഇരുന്നാലെന്താണു്? സുഖദുഃഖകാരണവും സ്വൎഗ്ഗവും, നരകവും സൂക്ഷ്മത്തിൽ മനസ്സാണു് എന്നല്ലയൊ സിദ്ധിക്കുന്നതു്. അതിനെ നിലക്കനിൎത്തുന്നതുതന്നെ മുക്തി, അതുതന്നെ ശാശ്വതാനന്ദപ്രാപ്തി, അതുതന്നെ ജീവപരൈക്യം, അതുതന്നെ രാജയോഗസിദ്ധി.

ആക്ഷേപം 22. മോക്ഷപ്രദീപത്തിൽ ഭഗവൽഗീതാസാര

ത്തിൽ അതിപ്രിയനായ അജ്ജുനനു് കൃഷ്ണൻ എന്താ ഉപദേശിച്ചതു? യോഗമല്ലെയൊ? കേഠംക്കുക. "തപസ്വിഭ്യോധികൊ യോഗീ" ഇത്യാദിപ്രമാണംകൊണ്ടു അജ്ജുനനു യോഗത്തെയാണു കൃഷ്ണൻ ഉപദേശിച്ചതു എന്നു സ്വാമികഠം കല്പിച്ചിരിക്കുന്നു. വിഗ്രഹാരാധനയിൽ "ശ്രീകൃഷ്ണനാൽ നേരിട്ടു ഉപദേശിക്കപ്പെട്ട അജ്ജുനനുകൂടി കമ്മഠനായി കാലം കഴിച്ചുകൂട്ടുവാനെ കഴിവുണ്ടായിട്ടുള്ളു. ആത്മതത്വത്തെ അറിഞ്ഞു അഭയത്തെ പ്രാപിക്കുവാൻ കഴിഞ്ഞിട്ടില്ല. അജ്ജുനൻ ഭഗവൽഗീതയെ വിശ്വസിച്ചു നിഷ്കാമകമ്മംചെയ്യു പതിക്കുകയാണു് ചെയ്യതു്"" എന്നു പറഞ്ഞിരിക്കുന്നു. ഇതുകൊണ്ടു യോഗമല്ല കമ്മങ്ങളെയാണു് കൃഷ്ണൻ ഉപദേശിച്ചതു എന്നല്ലെയാ സിദ്ധിച്ചതു്. സ്വാമികഠം ഭഗവൽഗീതാസാരത്തിൽ കല്പിച്ചപ്രകാരം യോഗത്തെയാണു് ഉപദേശിച്ചതു എങ്കിൽ അജ്ജുനൻ അതിനെവിട്ടു കമ്മഠനായി കലി എന്ന ശബ്ദത്തിൽനിന്നു ഭയപ്പെട്ടു രാജ്യത്തെവിട്ടുപോയി പെരുവഴിയിൽ വീണുചാകുവാൻ കാരണം വരികയില്ലല്ലൊ.

സമാധാനം 22. അജ്ജുനനു യോഗത്തെ ഉപദേശിച്ചു എങ്കിലും, ആനന്ദത്തെ വേഗത്തിൽ അനുഭവിപ്പാൻ അജ്ജുനനു സംഗതിവന്നില്ല. കൃഷ്ണൻ കമ്മങ്ങളെ ഖണ്ഡിച്ചിട്ടും ഇല്ലാ. നിഷ്കാമകമ്മങ്ങളെ പ്രശംസിച്ചിട്ടും ഉണ്ടു്. അനേക കോടിജനം കമ്മങ്ങളെയാണു് അനുഷ്ഠിച്ചുകാണുന്നതും. അവരിൽ ആരും യോഗത്തെ അഭ്യസിച്ചു കാണുന്നതും ഇല്ല. ഈ സംഗതികളാൽ അജ്ജുനൻ കമ്മങ്ങളെ പൊത്തിപ്പിടിച്ചതാണു്. ഞാൻ കമ്മങ്ങളെ ശ്രുതിയുക്ത്യനുഭവപൂൎവ്വം തിലസദൃശമായി ഖണ്ഡിച്ചു യോഗത്തെ ഉപദേശിച്ചിട്ടുകൂടി എന്റെ ചില ശിഷ്യന്മാർ യോഗത്തെവിട്ടു തീൎത്ഥസ്നാനാദി കമ്മങ്ങളിൽ ഓടി അലയുന്നതു എനിക്കു അനുഭവമാകുന്നു. ആ സ്ഥിതിക്കു അജ്ജുനൻ കമ്മത്തിൽ പതിച്ചതു അത്ഭുതമല്ല.

ആക്ഷേപം 23. സ്വാമികഠം ഭഗവൽഗീതാസാരത്തിൽ "കൃഷ്ണനാൽ ഉപദേശിക്കപ്പെട്ട കമ്മങ്ങഠം യാഗാദികഠം അല്ലാ

എന്നല്ലെയൊ കല്പിച്ചിട്ടുള്ളതു്. പിന്നെങ്ങിനെ അൎജ്ജുനാദികഠം യാഗാദികൎമ്മങ്ങളെ പൊത്തിപ്പിടിച്ചു എന്നു പറഞ്ഞു? അതിന്നു അവകാശമുണ്ടൊ?

സമാധാനം 23. "കൃഷ്ണനാൽ ഉപദേശിക്കപ്പെട്ട കൎമ്മം, യാഗാദിയല്ല. കാലോചിതമായ പുരുഷപ്രയത്നമാണു്" എന്നതു എന്നാൽ കല്പിക്കപ്പെട്ട അൎത്ഥമല്ലെയൊ? അതു അൎജ്ജുനാദികഠംക്കു ബാധകമാണൊ? കൃഷ്ണനാൽ ഉപദേശിക്കപ്പെട്ട കർമ്മങ്ങഠം യാഗാദികഠംതന്നെ എന്നാണു് അൎജ്ജുനനും മററുള്ള ലോകങ്ങളും മനസ്സിലാക്കിയിട്ടുള്ളതു് അതുകൊണ്ടാണു ഭഗവൽഗീതാപാരായണക്കാർ കർമ്മഠന്മാരായിതീരുവാനും ജാതിഭേദകൎമ്മങ്ങളെ ഖണ്ഡിച്ചു യോഗത്തെ പ്രചരിപ്പിക്കുന്ന എന്റെ നേരെ ഭഗവൽഗീതയെആയുധമാക്കിപ്പിടിച്ചുംകൊണ്ടു എന്നോടു യുദ്ധത്തിന്നു വരുന്നതും. ഭഗവൽഗീതാകൎത്താവു കൎമ്മികളിൽനിന്നു ഭയപ്പെട്ടിട്ടു കൎമ്മങ്ങളെ അടിയോടെ ഖണ്ഡിക്കാതെ "നബുദ്ധിഭേദം ജനയേൽ" "പത്രം പുഷ്പം ഫലം തോയം" ഇത്യാദി വചനങ്ങളാൽ യാഗവിഗ്രഹാരാധനാദികൎമ്മങ്ങളേയും, 'ചാതുൎവ്വൎണ്യംമയാസൃഷ്ടം' ഇത്യാദിയാൽ ജാതിഭേദത്തെയും സ്ഥാപിച്ചതു് മഹാന്യൂനതയായിപ്പോയി. ആ ന്യൂനതയെ തീൎപ്പാൻ വേണ്ടിയിട്ടാണു് ഭഗവൽഗീതാസാരത്തെ ഞാൻ എഴുതിയതു. ആ സാരത്തെ പ്രകാശിപ്പിക്കുവാൻ സമ്മതിക്കാത്ത ഗീതയിലെ അസാരാംശത്തെയാണു ഭഗവൽഗീതക്കു ന്യൂനതയായി ഞാൻ നിരൂപിച്ചിട്ടുള്ളതു്. ഒരു വസ്തുവിനെ നിരൂപിക്കുമ്പോഠം അതിന്റെ ഗുണങ്ങളേയും ദോഷങ്ങളേയും നിരൂപിക്കുന്നതു പൂൎവ്വാപരവിരോധമല്ല.

ആക്ഷേപം 24. അന്നും ഇന്നും ഉള്ള പണ്ഡിതന്മാർ ജാതിഭേദാചാരത്തേയും യാഗാദികൎമ്മങ്ങളേയും നിഷ്കാമമായി അനുഷ്ഠിക്കേണം എന്നാണു് ഭഗവൽഗീത നിർബന്ധിക്കുന്നതു എന്നു വ്യാഖ്യാനിച്ചും അനുഷ്ഠിച്ചും വരുന്നു. ഗീതാകൎത്താവിന്റേയും അഭിപ്രായവും അങ്ങിനെതന്നെ എന്നു കണ്ണും തുറന്നു പറഞ്ഞി

രിക്കുന്നു. ആ സ്ഥിതിക്കു സ്വാമികൾ അതിനെഅനുസരിക്കാതെ എതിരായി ഭഗവൽഗീതാസാരത്തെ കല്പിച്ചതെന്താണു്?

സമാധാനം 24. ജാതിഭേദാചാരത്തെപോലെയും വിഗ്രഹാരാധനാദികർമ്മങ്ങളെപോലെയും ഭേദദൃഷ്ടിയെ വൎദ്ധിപ്പിച്ചു ഇഹപരസുഖങ്ങളിൽനിന്നു പതിപ്പിച്ചു ഹിന്തുക്കളെ കെടുക്കുന്നതു ഒന്നുംഇല്ല. ഇതരമതക്കാരും ഈ അജ്ഞാനാചാരങ്ങൾനിമിത്തം ഹിന്തുക്കളെ നിന്ദിക്കുന്നു. എന്നു മാത്രമല്ല ഹിന്തുമതജ്ഞാനികളും ജാതിഭേദയാഗാദികർമ്മങ്ങളെ ചെയ്യുന്നവരെ മൃഗപ്രായന്മാരായി നിന്ദിച്ചിരിക്കുന്നു. അങ്ങിനെയുള്ള കർമ്മങ്ങളെ വൎദ്ധിപ്പിച്ചു ജനങ്ങളെ മൃഗപ്രായന്മാരാക്കുന്ന അജ്ഞാനിയാണു് കൃഷ്ണൻ എന്നും, ശശവിഷാണം (മൊയൽകൊമ്പു)പോലെ ഇല്ലാത്ത ജാതിഭേദത്തെ കല്പിച്ചു ജാത്യാവിരുദ്ധകീരി പാമ്പുകളെപോലെ കടിപിടി കൂട്ടിച്ചു ഹിന്തുക്കളെ കെടുക്കുന്ന കെട്ട ദുഷ്ടബുദ്ധിയാണു് കൃഷ്ണൻ എന്നും പറവാൻ ഇനിക്കു ലജ്ജയുള്ളതുകൊണ്ടും ജാതിഭേദാദിനിമിത്തം ഹിന്തുമതത്തെ വെറുത്തു ആക്ഷേപിക്കുന്ന അന്യമതക്കാരുടെ ആക്ഷേപത്തെ അടക്കി അഭിനന്ദിപ്പിക്കേണമെന്ന വിചാരംകൊണ്ടും ഹിന്തുക്കളുടെ ഇടയിലുള്ള അജ്ഞാനകർമ്മങ്ങളെ അകററി യഥാശക്തി യോഗക്ഷേമത്തെ വൎദ്ധിപ്പിക്കേണമെന്ന ആലോചനകൊണ്ടും ഭഗവൽഗീതാസാരത്തെ അപ്രകാരം എഴുതിയതാകുന്നു. ഹിന്തുക്കളുടെ വൈദ്യം ഹിന്തുക്കളിൽതന്നെ ചില ഉയൎന്ന ജാതികൾ എന്നു നടിക്കുന്നവൎക്കേ പററൂ, മററുള്ളവൎക്കു പററില്ല എന്നു വരുന്നതു ഒന്നുകൊണ്ടും യോഗ്യതയല്ല. സൎവ്വഹിന്തുക്കളുടേയും അന്യമതക്കാരുടേയും വ്യാധിയെ നശിപ്പിച്ചു സുഖിപ്പിക്കുന്നതാകുന്നു ഹിന്തുവൈദ്യം എന്നു വരുന്നതാണു് സൎവ്വപ്രകാരത്തിലും യോഗ്യതാ. അപ്രകാരം ഹിന്തുമതചന്ദ്രൻ ദ്വിജന്മാരുടെ എന്നല്ല ആചണ്ഡാലപൎയ്യന്തമുള്ള ഹിന്തുക്കളുടേയും അന്യമതക്കാരുടേയും അജ്ഞാനതിമിരത്തെ നീക്കി ആനന്ദിപ്പിക്കുന്ന കലാനിധിയാകുന്നു എന്നു സിദ്ധിക്കുന്നതാണു് മഹായോഗ്യത. ചന്ദ്രൻ എല്ലാവൎക്കും പൊതുവിലുള്ള

തല്ലയൊ? അപ്രകാരമായാലെ ഒരു മതവും വിളങ്ങുകയുള്ളു. ഹിന്തുക്കളുടെ ഇടയിലും അന്യമതക്കാരുടെ ഇടയിലും ഭേദദൃഷ്ട്യാ അടിപിടികൂട്ടുന്നതാണ് ഹിന്തുമതം എന്നു വരുത്തുന്നതു എത്ര നിന്ദ്യമാണ്. എത്ര അശ്രേയസ്സാണ്. എത്ര അയശസ്സാണ്. എന്തൊരു ഭേദദൃഷ്ടിയാണ്. എന്തൊരജ്ഞാനമാണ്? അതുകൊണ്ടു ഭഗവൽഗീതാസാരത്തെ അപ്രകാരം സൎവ്വമതസാരഗ്രാഹിജനസമ്മതമാകുംവണ്ണം എഴുതിയതാകുന്നു. ലോകം മുഴുവനും ഒരു സമുദായമാണെന്നു കണ്ടുംകൊണ്ടിരിക്കുന്ന ഈ ബ്രഹ്മാനന്ദസ്വാമി ശിവയോഗിക്കു അപ്രകാരം എഴുതുന്നതാണ് അൎഹത. ഭഗവൽഗീതാകൎത്താവിന്റെയും മററുള്ള പണ്ഡിതന്മാരുടേയും അഭിപ്രായം അപ്രകാരമല്ലെങ്കിൽ വേണ്ടാ.

ആക്ഷേപം 25. "അവതാരങ്ങളും സിദ്ധികളും ഉണ്ടെന്നു പറഞ്ഞതു പൂൎവ്വപ്രമാണങ്ങളെ അനുസരിച്ചു പറഞ്ഞതാകുന്നു ഇനിക്കു അവയിൽ വിശ്വാസമില്ലാ എന്നു സ്വാമികൾ കല്പിച്ചതു് എന്താണ്"?

സമാധാനം 25. അണിമാദ്യഷ്ടസിദ്ധികളിൽ ഒരു സിദ്ധി ഒരു യോഗിക്കൊ, ജ്ഞാനിക്കൊ, അവതാരങ്ങൾ എന്നു വിചാരിക്കപ്പെടുന്നവൎക്കൊ ഉണ്ടായിരുന്നു എങ്കിൽ ലോകം മുഴുവനും ക്രിസ്ത്യാദിഭിന്നമതക്കാരെയും കൂടി ഒരെ മതമാക്കി ഏകയോഗക്ഷേമത്തിൽ ഇരുത്തുവാൻ കഴിയും. അങ്ങിനെ ഇരുത്തുകയും ചെയ്യും. അപ്രകാരം ഇരിക്കുന്ന അവസ്ഥക്കു ഒരു കുഡുംബക്കാരായ ഹിന്തുക്കൾ തന്നെ ജാതിഭേദക്ഷയവ്യാധിയിൽ പെട്ടിട്ടും കൎമ്മകാണ്ഡബ്രഹ്മരാക്ഷസന്റെ വായിലകപ്പെട്ടിട്ടും വൃഥാ നശിച്ചു പോകുന്നതിനെ കണ്ടുംകൊണ്ടു അവതാരസിദ്ധന്മാർ ഒരു കാലത്തും മൌനം ദീക്ഷിക്കയില്ലായിരുന്നു. സമദൃഷ്ടിയേയും ആനന്ദത്തേയും നൽകുന്ന യോഗജ്ഞാനസമ്പ്രദായത്തെ ഹിന്തുക്കളുടെ ഇടയിൽ പരത്താതെ ഇരിക്കയും ഇല്ലായിരുന്നു. യോഗജ്ഞാനസമ്പ്രദായത്തെ പരത്താതെ ഗ്രന്ഥത്തിൽ മാത്രം നിക്ഷേപിച്ചു കാലത്തെ കഴിച്ചതുകൊണ്ടു സൎവ്വരേയും വിസ്മയിപ്പിച്ചു വശീ

കരിക്കുന്ന അണിമാദിസിദ്ധികളിൽ ഒററസിദ്ധിയും അവക്കില്ലെ ന്നു തെളിയുന്നു.

ആക്ഷേപം 26. പരകായപ്രവേശം=തൻെറ ഇഷ്ടംപോലെ മറെറാരു ശരീരത്തിൽ പ്രവേശിക്കുക. ഈ സിദ്ധി ശങ്കരാചാൎയ്യ സ്വാമികൾക്ക് ഉണ്ടായിരുന്നുവെന്നും ഈ സിദ്ധികൊണ്ടു ടി. സ്വാമികൾ അമരുകരാജാവു മരിച്ചപ്പോൾ ആ ശവശരീരത്തിൽ പ്രവേശിച്ചു പല കാൎയ്യങ്ങളെയും നടത്തിഎന്നും തച്ചരിത്രത്തിൽ കാണുന്നു. അതെല്ലാം കണ്ടനുഭവിച്ചതുപോലെ ഇന്നും ഹിന്തുക്കൾ കൊണ്ടാടുന്നു. ഇങ്ങിനെ എത്ര സിദ്ധികൾ. എത്ര അവതാരങ്ങൾ? ഇവയെല്ലാം കളവാണൊ?

സമാധാനം 26. പരകായപ്രവേശസിദ്ധി ആചാൎയ്യസ്വാമികൾക്കുണ്ടായിരുന്നു എങ്കിൽ ഇന്നും അദ്ദേഹത്തിന്നു മരിക്കാതെ ഇരിക്കാം. തൻെറ മതത്തെ ലോകം മുഴവനും പരത്തുകയും ചെയ്യാം. എങ്ങിനെയെങ്കിൽ, ഓരൊരൊ മതങ്ങളിലുള്ള രാജാക്കന്മാരും ആചാൎയ്യന്മാരും മരിക്കുമ്പോൾ അതാതു ശവങ്ങളിൽ പ്രവേശിച്ചു അതാതു മതസ്ഥന്മാരെ ശങ്കരാചാൎയ്യസ്വാമികൾക്കു സ്വന്തമതസ്ഥന്മാരാക്കിത്തീക്കാം. ബാലമരണവും, തരുണമരണവും, വൃദ്ധമരണവും സാധാരണമാണ്. തൻെറ ഇഷ്ടംപോലെ ഓരോ ശരീരത്തിൽ പ്രവേശിച്ചു ഇന്നും തനിക്കു ചാകാതെ ഇരുന്നുംകൊണ്ടു ലോകത്തെ നന്നാക്കാം. പരകായപ്രവേശസിദ്ധി കൊണ്ടു ലോകമുള്ള കാലംവരെ മേലാലും ജീവിച്ചുകൊണ്ടു ആചാൎയ്യസ്വാമികൾക്കു സ്വമതത്തെ സ്ഥാപിക്കാം. അതിന്നുള്ള സിദ്ധിയിരിക്കെ എന്താ സ്വാമികൾ മദ്ധ്യായുസ്സിൽ മരിപ്പാൻ കാരണം? തൻെറ ഉദ്ദിഷ്ടകാൎയ്യം നിറവേററി, അതുകൊണ്ടു ദേഹത്തെ സ്വാമികൾ ത്യജിച്ചതാകുന്നു എന്നു വിചാരിപ്പാനും തരമില്ല. ഹിന്തുക്കളുടെ ഇടയിൽതന്നെ മതസംബന്ധമായ കലഹം അന്നും ഇന്നും ഉണ്ട്. ആചാൎയ്യരുടെ ജീവദശയിൽ ആ കലഹത്തെ നശിപ്പിക്കുവാൻ അദ്ദേഹത്തിന്നു കഴിഞ്ഞിട്ടില്ല. സിദ്ധികൾഎവിടെപ്പോയി? സിദ്ധികൾ ഉണ്ടെന്നും അവതാരമാ

ണെന്നുമുള്ള പ്രസിദ്ധി പിന്നെ എങ്ങിനെ ഉണ്ടായി എങ്കിൽ, ഒരു നരനിൽ അനന്യസാധാരണമായ ഒന്നൊ ഒന്നിലധികമൊ ഗുണങ്ങളെക്കണ്ടാൽ ജനങ്ങൾ ആ യോഗ്യനെ അവതാരമെന്നും സിദ്ധൻ എന്നും മററും പ്രശംസിക്കും. കവികളും അപ്രകാരം കവിതകൾകൊണ്ടു സ്തുതിക്കും. പിന്നെ ജനിക്കുന്നവരും ആ കവിതയെക്കണ്ടു അങ്ങിനെതന്നെ വർണ്ണിക്കും ഈ വിധത്തിലും,

2. ശിഷ്യന്മാർ ഗുരുഭക്തിനിമിത്തം സ്വഗുരുനാഥന്മാരെ അവതാരമെന്നും സർവ്വജ്ഞനെന്നും ലോകം ജയിച്ച മഹാനെന്നും മററും പുകഴ്ത്തി ഗുരുചരിത്രത്തെ എഴുതിയിട്ടും അതുകണ്ടു ഭാവികാലത്തിലുള്ളവരും അങ്ങിനെ വർണ്ണിക്കും. ഈ വിധത്തിലും,

3. രാജാക്കന്മാരിൽനിന്നുള്ള ലഭ്യത്തിനെ ആഗ്രഹിച്ചിട്ടും കവികൾ അവതാരപൂരുഷനാണ് വിശ്വം ജയിച്ച വീരനാണ് എന്നും മററും രാജാക്കന്മാരെ പ്രശംസിച്ച പ്രബന്ധങ്ങളെ എഴുതും ഈ വിധത്തിലും,

4. ചിലർ ഇന്ദ്രജാലാദി മഹാജാലവിദ്യകളെ പ്രകടിപ്പിച്ചിട്ടുണ്ടു്. അവരുടെ മാഹാത്മ്യംനിമിത്തം അതെല്ലാം യോഗസിദ്ധികളാണെന്നു തെററിധരിച്ചു പുകഴ്ത്തിയിട്ടുണ്ടു്. ഈ വിധത്തിലും മററുപ്രകാരത്തിലും അനവധി അവതാരങ്ങളും സിദ്ധന്മാരും സിദ്ധികളും ഗ്രന്ഥങ്ങളിൽ നിറഞ്ഞിട്ടുള്ളതാണ്. കവികളും മററും കൊടുത്തിട്ടുള്ള അവതാരസ്ഥാനമാനങ്ങളാണ്. ഇക്കാലത്തും അങ്ങിനെ ചെയ്തുകാണുന്നു. അവതാരസിദ്ധികളുടെ ആഗമം ഇപ്രകാരമാകുന്നു എന്നതിന്നു അല്പംകൂടി പറയാം. ഈശിത്വം എന്ന സിദ്ധിയുടെ മഹിമയെ ഓർത്താൽ അവസാനമില്ല. ആ സിദ്ധിയുള്ളവന്നു ലോകത്തെ മുഴുവനും തന്റെ ചൊൽപ്പടിക്കു നടത്താം. യോഗസാരസംഗ്രഹത്തിൽ പറഞ്ഞതാവിതു്.

“ഈശിത്വാചശക്തീനാം ഭൂതഭൌതികാനാം സ്വേച്ഛയാപ്രേരണം” ഇങ്ങിനെയുള്ള ഈശിത്വവും മററു സിദ്ധികളും ഉള്ള അവതാരങ്ങളും മഹാന്മാരും പണ്ടുള്ള ഹിന്തുക്കളുടെ ഇടയിൽ

ഉണ്ടായിരുന്നു എന്നു ഹിന്തുക്കൾ ഇന്നും ഘോഷിക്കുന്നു. സർവ്വ മതക്കാരെയും തൻെറ ചവിട്ടടിയിൽ ഇടുവാനും സർവ്വത്തിനെ സാധിപ്പാനും ഉള്ള അത്ഭുത സിദ്ധിയുള്ള ആ ഹിന്തുപൂർവ്വന്മാർ ജാതിമതഭേദേന തമ്മിൽ തല്ലുന്ന ഹിന്തുക്കളെയെങ്കിലും ഏക മതമാക്കി അവരിൽ മററുമതക്കാരിൽ കാണുന്നതുപോലെയെങ്കി ലുമുള്ള ഒരു ഐകമത്യത്തെ ഉണ്ടാക്കുവാൻ കഴിയാത്തതു എന്താ ണ്? അഷ്ടൈശ്വര്യാദി സിദ്ധികൾ എവിടെപ്പോയി? വേണ്ടുന്ന കൃത്യങ്ങളെ നിറവേററാൻ അവർ കഴിയാത്തതുകൊണ്ടു ആവക സിദ്ധികൾ അവർ ഇല്ലെന്നാണ് വിചാരിക്കേണ്ടതു. ഉണ്ടാ യിരുന്നു എന്നു വിചാരിക്കുന്ന പക്ഷം ആ അവതാരങ്ങൾക്കും സിദ്ധന്മാർക്കും ദയയും സമദൃഷ്ടിയും ജ്ഞാനവും ഇല്ലെന്നു പറയേ ണ്ടിവരും. ദയയുള്ളവരാണെങ്കിൽ ആട്ടിൻെറ വായും മൂക്കും അടക്കിപ്പിടിച്ചു വീർപ്പുമുട്ടിച്ചു വൃഷണംതിരുമ്പി ഞെക്കിക്കൊല്ലു ന്ന ദുഷ്ടയാഗാദിഹിംസാകർമ്മങ്ങളെ നിർത്തൽ ചെയ്യുമായിരുന്നു. സമദൃഷ്ടിയുള്ളവരാണെങ്കിൽ ഭേദദൃഷ്ടിയെ വർദ്ധിപ്പിച്ചു തമ്മിൽ തല്ലിപ്പിച്ചു വൃഥാ നശിപ്പിക്കുന്ന ജാതിഭേദത്തെ നശിപ്പിക്കുമാ യിരുന്നു. ആത്മസാക്ഷാൽകാരജ്ഞാനമുള്ളവരാണെങ്കിൽ ജ്ഞാ നവിരോധികളായ വിഗ്രഹാരാധനാദികർമ്മങ്ങളെ നിശ്ശേഷം നശി പ്പിച്ചു യോഗജ്ഞാനത്തെ മാത്രം സ്ഥാപിക്കുമായിരുന്നു. അ ങ്ങിനെ ചെയ്യാത്തതുകൊണ്ടു അവതാരങ്ങളും അണിമാദ്യഷ്ടസി ദ്ധന്മാരും പണ്ടുണ്ടായിരുന്നു എങ്കിൽ അവർ ദയാസമദൃഷ്ടിജ്ഞാ നഹീനന്മാരാകുന്നു എന്നു പറയേണ്ടിവരുന്നു. അതുകൊണ്ടു അണിമാദിസിദ്ധിസമ്പന്നൻ, അവതാരം, സ്വാമി, മഹാൻ, മഹ ർഷി, പണ്ഡിതൻ, പരമഹംസൻഎന്നുംമററുമുള്ള വലിയ വലിയ പേരിനെ സിദ്ധിച്ചിട്ടുള്ളവർ പറഞ്ഞതൊക്കെ ശരി എന്നു വി ശ്വസിക്കരുതു്. യുക്തിക്കും അനുഭവത്തിനും ഒത്തതിനെ മാത്ര മെ വിശ്വസിക്കാവൂ. അങ്ങിനെയുള്ള വചനം ഒരു അപ്രസി ദ്ധൻ പറഞ്ഞാലും സ്വീകരിക്കേണ്ടതാണു. ബഹുമാനപ്പട്ടിക യിൽ പെട്ടവർ പറഞ്ഞതെല്ലാം എടുത്തു ഘോഷിക്കുക, വിശ്വ

സിക്കുക, ആ പട്ടികയിൽ പെടാത്തവർ യുക്തമായതിനെ പറഞ്ഞതായാലും നിരാകരിക്കുക എന്ന സമ്പ്രദായം ഈ ഇരുപതാം നൂററാണ്ടിൽ മാന്യന്മാരുടെ ഇടയിലും കടന്നുകൂടിയിരിക്കുന്നതു്, നല്ലമരത്തിനെ വിഷവല്ലരി (ഇത്തിക്കണ്ണി) എന്നപോലെ ഹിന്ദുക്കളെ കെടുക്കുന്നു. ഇരിക്കട്ടെ. ഒരു സിദ്ധിയുണ്ടെങ്കിൽ ലോകത്തെ മുഴുവൻ നന്നാക്കാം. അങ്ങിനെ ഇരിക്കെ അഷ്ടസിദ്ധികളും അവതാരങ്ങളും ഉണ്ടായിട്ടുംകൂടി ഹിന്ദുക്കളെ നന്നാക്കാൻ കഴിയാത്തതു എന്താണ്? എന്ന് ഒന്നു മനസ്സിരുത്തി ആലോചിച്ചാൽ അറിയാം. യോഗദർപ്പണത്തിൽ പറഞ്ഞ ഈ പ്രമാണവും ആലോചനക്കു സഹായിക്കും.

'അജരാമരപിണ്ഡതാദ്യുക്തയസ്തുശ്രുതീരിതാഃ
മന്തവ്യാഉപചാരാർത്ഥാ രോചനാർത്ഥാ ഫലശ്രുതിഃ'

അർത്ഥം— ദേഹത്തിൽ ജരാനരകൾ ബാധിക്കാതെ യൌവനത്തോടുകൂടി മരിക്കാതെ ഇരിക്കാം. ഇത്യാദികളായി ശ്രുതികളിൽ (പ്രമാണങ്ങളിൽ) പറഞ്ഞതു് ഒരു സൽകാരവചനമാണ് എന്നാണ് മനസ്സിലാക്കേണ്ടതു്. (വാസ്തവമല്ല) ആ വലിയ ഫലശ്രുതി മനുഷ്യർക്കു രുചിപ്പാൻ വേണ്ടിയാകുന്നു. എന്നാൽ സമ്പത്തൊ, സന്തതിയൊ, സാമ്രാജ്യമൊ, രോഗശാന്തിയൊ എന്നും യൌവനത്തോടുകൂടി മരിക്കാതെ ഇരിക്കയൊ, പരകായപ്രവേശനസിദ്ധിയൊ, അണിമാദിസിദ്ധികളൊ, എന്തെല്ലാമാണ് ഒരു മനുഷ്യന്നു ആഗ്രഹമെങ്കിൽ അതെല്ലാം ദൈവഭജനംകൊണ്ടു സാധിക്കുമെന്നും പണ്ടു പലർക്കും സാധിച്ചിട്ടുണ്ടെന്നും പ്രമാണങ്ങളാൽ കാണിച്ചതു സംസാരികൾ നാസ്തികന്മാരാവാതെ ഇരിപ്പാൻ വേണ്ടി മാത്രം ചിലർ പ്രയോഗിച്ചതാകുന്നു. തത്വത്തെ പറഞ്ഞാൽ വിഷയവിരക്തൻ മാത്രമെ യഥാർത്ഥത്തെ അറിവാൻ യത്നിക്കു. അങ്ങിനെയുള്ളവർ കോടിയിൽ ഒന്നൊ രണ്ടൊ ഉണ്ടായിരിക്കാം. വിഷയാസക്തന്മാരായ സംസാരികളുംകൂടി ആസ്തികന്മാരായി പരദ്രോഹം ചെയ്യാതെ മനസ്സിനെ നന്നാക്കി നന്നാവേണമെങ്കിൽ അവരുടെ എല്ലാ അഭീഷ്ടങ്ങളെയും ദൈവം കൊ

ടുക്കുമെന്നുതന്നെ പറയേണം. അതിനാൽ അജരാമരപിണ്ഡത്വാദിസിദ്ധികൾ സിദ്ധിക്കുമെന്ന ഫലശ്രുതിയെ ഗ്രന്ഥങ്ങളിൽ ഘോഷിച്ചതാകുന്നു. ചോറുണ്ണാത്ത കൊച്ചുകുട്ടികളോട് അമ്മമാർ "അമ്പിളിയെ പിടിച്ചുതരാം, എന്റെ അരുമെ ഉണ്ണൂ" എന്നു പറയുമ്പോലെ, ഇതുമാതിരി പണ്ടു ചിലർ സംസാരികളെ പ്രലോഭവചനങ്ങൾ കൊണ്ടു ആസ്തികന്മാരാക്കിയതാകുന്നു. സിദ്ധികൾ യഥാർത്ഥകളാണെങ്കിൽ സിദ്ധിമാർഗ്ഗം തീരെ നശിക്കയില്ല. സിദ്ധികളിൽ സർവ്വസംസാരികൾക്കും ആശയുണ്ടു. അതിനാൽ സംസാരികളും സിദ്ധിയുള്ള മഹാനെ ആജീവനാന്തം സേവിച്ചു കിടക്കും. അങ്ങിനെ സേവിച്ചുകിടക്കുന്നവർക്കു ആ സിദ്ധൻ ഉപദേശിക്കും. അപ്പോൾ അവർക്ക് സിദ്ധിയുണ്ടാവും. അവരെ ആശ്രയിക്കുന്നവർക്കു അവരും ഉപദേശിക്കും. ഇങ്ങിനെ ബഹുജനം അഷ്ടൈശ്വര്യാദി സിദ്ധന്മാരെ പിന്തുടരുവാനുള്ളതുകൊണ്ടു സിദ്ധിമാർഗ്ഗം വർദ്ധിപ്പാനെ അവകാശമുള്ളു. നശിപ്പാൻ അവകാശമില്ല നോക്കുക. ആദികാലത്തിൽ ഒന്നോ അരയോ ജനം ഇംഗ്ലീഷു പഠിച്ചിരുന്നു. അങ്ങിനെ പഠിക്കുന്നവർക്കു ചില ഉദ്യോഗവലിപ്പം, പൂജ്യതാ, സമ്പാദ്യം മുതലായ സിദ്ധികൾ കണ്ടുതുടങ്ങിയപ്പോൾ വളരെ ജനം ഇംഗ്ലീഷു പഠിക്കുവാൻ തുടങ്ങി. ആദികാലത്തിൽ ഇംഗ്ലീഷു പഠിക്കുന്നതു കുറവാണ്. നമ്മുടെ കുലധർമ്മത്തിന്നു പോരാ എന്നു നടിച്ചിരുന്നവരും ഇംഗ്ലീഷു പഠിച്ചു കെങ്കേമന്മാരായി തീർന്നിരിക്കുന്നു. ഇതു ആശ്ചര്യമല്ല. ലോകത്തിൽ ബഹുമാനവും പ്രയോജനവും ഉള്ള വഴികളിൽ പ്രവേശിക്കുന്നതു ജനങ്ങളുടെ സ്വഭാവമാണ്. ഈ സ്ഥിതിക്കു അണിമാദിസിദ്ധികളെ സർവ്വ സംസാരികളും അത്യന്തം ആഗ്രഹിക്കുവാൻ അവകാശമുണ്ടു. സിദ്ധിപ്പാനും അവകാശമുണ്ട്. സംസാരത്തിന്റെ നടുവിലിരുന്നുംകൊണ്ടുതന്നെ ചൂഡാലാ എന്ന സ്ത്രീ അണിമാദിസിദ്ധികളോടു കൂടിയിരുന്നു എന്നു വാസിഷ്ഠത്തിൽ പറയുന്നു. ഇങ്ങിനെ പണ്ടു പലർക്കും സിദ്ധികളുണ്ടായ കഥകൾ പുരാണപ്രസിദ്ധികളാണ്. ഇങ്ങിനെ ഇരിക്കുന്ന അവ

ന്ധക്ക ഇക്കാലത്ത് ആവക സിദ്ധികൾ തീരെ നശിപ്പാൻ അവകാശമില്ല. പ്രബലപ്പെട്ടവാനെ അവകാശമുള്ളു. പ്രബലപ്പെടേണ്ട സിദ്ധിമാർഗ്ഗം തീരെ അസ്തമിച്ചതുകൊണ്ടു ഫലശ്രുതികൾ മുഴുവൻ യഥാർത്ഥകളല്ല. യഥാർത്ഥകളാണെങ്കിൽ എന്നും പതിനാറു വയഃപ്രായത്തിലും മററും ചിരംജീവികളായിരിക്കുന്നുണ്ടെന്നു ഹിന്തുക്കളാൽ ഘോഷിക്കപ്പെടുന്ന മാർക്കണ്ഡപ്രഭൃതികളിൽ ചിലരെയെങ്കിലും ഇന്നു നമുക്ക് കാണ്മാൻ അവകാശമുണ്ട്. സിദ്ധിമുക്തികളെ സമ്പാദിപ്പാനുള്ള ശാസ്ത്രങ്ങളെ നമ്മുടെ പൂർവ്വന്മാരായ മഹാത്മാക്കൾ എഴുതിയിട്ടുള്ളു തങ്ങളുടെ ദേഹം നശിച്ചാലും ആ ശാസ്ത്രങ്ങളെ പിന്തുടർന്നു ലോകം നന്നാകുവാൻ വേണ്ടിയാകുന്നു. അതുകൊണ്ടു അവർ ലോകത്തെ നന്നാക്കേണമെന്ന വിചാരക്കാരാകുന്നു എന്നു സിദ്ധിച്ചു. ആ വിചാരം അവർ ജീവിച്ചിരുന്നാലാണ് അധികം ഫലിക്കുക. ജരാമരണങ്ങൾ കൂടാതെ ഇരിക്കുന്നതിന്നും അഷ്ടൈശ്വര്യാദിസിദ്ധികളോടുകൂടിയിരിക്കുന്നതിന്നും വേണ്ടി അവർ എഴുതിയിട്ട ശാസ്ത്രങ്ങളെല്ലാം ഇക്കാലത്തു നിഷ്ഫലമായിത്തീർന്നിരിക്കുന്നു. അതുപ്രകാരം അഭ്യസിച്ചു സിദ്ധിവരുത്തുവാൻ വേണ്ടി അനേകജനം അതിപ്രയത്നം ചെയ്തിട്ടും സിദ്ധിച്ചിട്ടില്ല. ഞാനും യത്നിച്ചിട്ടു സാധിച്ചിട്ടില്ല. ആ ഗ്രന്ഥകാരന്മാർ ഇന്ന് ഉണ്ടെങ്കിൽ "എന്താ ഞങ്ങൾക്കു സിദ്ധിക്കാത്തതു്? ഇനി എങ്ങിനെയാണ് അഭ്യസിക്കേണ്ടതു്? ഞങ്ങളുടെ അഭ്യാസത്തിൽ എന്താ തെററ്? എന്നും മററും ചോദിച്ചു സംശയം തീർത്തു അഭ്യസിച്ചു ഇന്നും പലർക്കും ഇഷ്ടസിദ്ധിയെ പ്രാപിക്കാം. ഇതിന്നു കഴിവില്ലാതെ വന്നതു ആ സിദ്ധന്മാരുടെ ദേഹം നശിച്ചതു കൊണ്ടാകുന്നു. അവർക്കു ദേഹത്തെ നിലനിർത്തുവാനും മററുമുള്ള സിദ്ധികൾ ഉള്ളവരായിരുന്നു എങ്കിൽ അവരുടെ പരോപകാരവിചാരത്തെ പരിപൂർണ്ണമാക്കാതെ അവർ മരിക്കയില്ല. അതുകൊണ്ടു സിദ്ധികൾ യഥാർത്ഥകൾ അല്ല, യഥാർത്ഥകളാണെങ്കിൽ ഹിന്തുക്കൾക്കു സർവ്വലോകത്തെയും കീഴടക്കിയിരിക്കാമായിരുന്നു. ഫലശ്രുതികളിൽ അത്ര വിശ്വസിച്ചു

ഹിന്തുക്കൾ വിഗ്രഹാരാധനാദികളെ ഇന്നും അതികേമമായി നടത്തുന്നു. ഹിന്തുക്കൾ ചെയ്യുന്ന ഇളന്നീരഭിഷേകം, ക്ഷീരാഭിഷേകം, ശുദ്ധജലാഭിഷേകം മുതലായ അഭിഷേകങ്ങൾകൊണ്ടു നീരിളക്കം (ജലദോഷം) ഉണ്ടായിട്ടും ഇടവിടാതെ അമിതമായി നൽകുന്ന പായസാദി ഭക്ഷണപദാൎത്ഥങ്ങൾ കൊണ്ടു ദഹനക്ഷയം നേരിട്ടിട്ടും ഡാക്കർമാരെക്കൊണ്ടു ചികിത്സിപ്പാൻ സംഗതിവരാത്തതു ഹിന്തുക്കളുടെ ദൈവങ്ങളുടെ വിഗ്രഹങ്ങൾ, കരിങ്കല്ലു്, ചെമ്പ്, സ്വൎണ്ണം, മരം മുതലായവകൊണ്ടു തക്ഷന്മാരാൽ നിൎമ്മിക്കപ്പെട്ടചൈതന്യമില്ലാത്ത വസ്തുക്കളായതുകൊണ്ടാകുന്നു. കഷ്ടം. കഷ്ടം. യോഗശാസ്ത്രത്തിൽ അണിമാദി സിദ്ധികളെ കൊടുക്കുമെന്നു ഘോഷിക്കപ്പെട്ട യോഗാനന്ദചിഹ്നങ്ങളെ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഇനിക്കു് ജ്ഞാനാനന്ദസിദ്ധിയല്ലാതെ മുൻപ്രസ്താവിക്കപ്പെട്ട സിദ്ധികൾ ഉണ്ടായികാണുന്നില്ല. അങ്ങിനെ ഇരിക്കെ വിഗ്രഹാരാധനാവ്രതതീൎത്ഥാടനാദി ദുഃഖകൎമ്മങ്ങളെ ആചരിക്കുന്നവൎക്കു അജ്ഞാന ദുഃഖസിദ്ധിയല്ലാതെ എന്താ സിദ്ധിക്കുക? ആനന്ദാനുഭവനിഷ്ഠന്മാരായ യോഗികൾ പറഞ്ഞ യോഗശാസ്ത്രത്തിലുള്ള ഫലശ്രുതിയെ വിശ്വസിച്ചു ഗാത്രക്ഷേത്രത്തിൽതന്നെ മനസ്സിനെ നിൎത്തുന്നതുകൊണ്ടു ശാശ്വതാനന്ദസിദ്ധിക്കു (മുക്തിക്കു) സംഗതിവരുന്നു. അതു ലഭിച്ചാൽ പിന്നെ മററൊന്നും ലഭിക്കേണ്ടതില്ല. ആനന്ദാനുഭൂതിയില്ലാത്ത ആചാൎയ്യന്മാർ പറഞ്ഞ കൎമ്മകാണ്ഡത്തിലുള്ള ഫലശ്രുതിയെ വിശ്വസിച്ചു വിഗ്രഹാരാധനാദി കൎമ്മങ്ങളെ ചെയ്യുന്നതുകൊണ്ടു അജ്ഞാനദുഃഖപ്രാപ്തിക്കും സംഗതി വരുന്നു. ഇന്ദ്രജാലം, മഹേന്ദ്രജാലം മുതലായവയെ ശീലിച്ചു ചിലർ ആചാൎയ്യന്മാരുടേയും, യോഗികളുടേയും മററും വേഷംധരിച്ചു യോഗസിദ്ധിയാണു് വിഗ്രഹാരാധനാദി കൎമ്മസിദ്ധിയാണ് എന്നു പറഞ്ഞു പലതും കാണിച്ചു ചിലരെ ഭ്രമിപ്പിക്കുന്നുണ്ടു്. അതു ജാലത്തൊഴിലാണു്. യഥാൎത്ഥസിദ്ധിയല്ല. യഥാൎത്ഥസിദ്ധിയാണെങ്കിൽ ഹിന്തുക്കളുടെ കഷ്ടദശയെ നീക്കുവാൻ തങ്ങൾക്കു കഴിയാതെ കുഴങ്ങുന്നകാ

ലത്ത് ആ കഴക്കിൽനിന്ന നിവൃത്തിപ്പാൻ വേറെ ആരും വരേ ണ്ടിവരികയില്ലായിരുന്നു. ഗിസിനി, ടാഗ്ലാക്ക്, തിമൂർ, ഹൈദർ, ടിപ്പു എന്നകൂട്ടരും അവരുടെ ചില പൂർവ്വന്മാരും ഇന്ത്യയിൽ (ഈ ഭാരതഖണ്ഡത്തിൽ) ചെയ്ത അഴിമതികൾക്ക് അതിരുണ്ടോ? ഗ്രാമങ്ങളെ ചുട്ടിട്ടും, പേടിച്ചു നാടും വീടുംവിട്ട കരഞ്ഞു തൊഴിച്ചു ഓടിപോകുന്ന സ്ത്രീപുരുഷന്മാരെ ഹിംസിച്ചിട്ടും ഹിന്തുക്കളുടെ അനവധി ക്ഷേത്രങ്ങളേയും ബിംബങ്ങളേയും തട്ടിത്തകർത്തിട്ടും നമ്പൂരി ബ്രാഹ്മണരെയും മററും ചേലയിൽ ചേർത്തിട്ടും നായാട്ടുകാർ നായ്ക്കളോടും തോക്ക കന്താം മുതലായ ആയുധങ്ങളോടും കൂടി കാട്ടിൽകടന്ന കാടിളക്കി വേട്ടയാടി മൃഗങ്ങളെ ആട്ടിപ്പായിച്ചു വധിച്ചു അവയുടെ മാംസത്തെ ഭക്ഷണത്തിന്ന കെട്ടിപ്പേറി കൊണ്ടുപോകുന്നതുപോലെ സൈന്യങ്ങളോടും ആയുധങ്ങളോടും കൂടി ഇന്ത്യയിൽ കടന്ന ഹിന്തുക്കളെ ഹിംസിച്ചിട്ടും സ്ത്രീരത്നങ്ങളോടുകൂടി രത്നങ്ങളെ കൊള്ളയിട്ടിട്ടും അനിർവ്വചനീയങ്ങളായ അനവധി അക്രമങ്ങളെ തുടരെത്തുടരെ ചെയ്തിട്ടും ഈ ഇന്ത്യയെ അനേകകാലം ദുഃഖസമുദ്രത്തിൽ മുക്കിയല്ലൊ. ആ ദുഃഖസമുദ്രത്തിൽനിന്ന ഉദ്ധരിപ്പാൻ ഇംഗ്ലീഷുകാർ വേണ്ടിവന്നു. യോഗീശ്വരന്മാരുടേയും, സ്വാമിയാരന്മാരുടേയും, ആചാര്യന്മാരുടേയും, ബ്രാഹ്മണരുടേയും മററുള്ളവരുടേയും യോഗാധ്യാനങ്ങളുടേയും, വ്രതങ്ങളുടേയും, മന്ത്രങ്ങളുടേയും, വിഗ്രഹാരാധനാദികളുടെയും സിദ്ധികൾ എവിടെപ്പോയി? സർവ്വവശീകരണസിദ്ധിയും ശത്രുസംഹാരശ്രുപാഭിചാരസിദ്ധിയും അണിമാദിസിദ്ധികളും മററും അന്ന് കാശിക്കുപോയോ? ഒരു സിദ്ധിയേയും അന്നു കണ്ടില്ല. ഇന്നും ഒരു സിദ്ധിയും കാണപ്പെടുന്നില്ല. വളരെക്കാലം അഹോരാത്രം ഇംഗ്ലിഷ്പഠിച്ചു എത്ര വലിയ പരീക്ഷയായാലും അതിൽ ഹിന്തുക്കൾ പാസ്സാകുന്നു. സ്ഥാനമാനൈശ്വര്യാദി യോഗ്യതകളെ സമ്പാദിക്കുന്നു. ഹിന്തുക്കളിൽ ആരെങ്കിലുംഒരാൾ യോഗംകൊണ്ടൊ വിഗ്രഹാരാധനാദി കർമ്മങ്ങൾകൊണ്ടൊ ദൈവത്തെ പ്രസാദിപ്പിച്ചു ദൈവത്തിൽനിന്ന സിദ്ധിച്ച ഒരു സിദ്ധി

യെയും കാണിക്കാത്തതു എന്താണ്? കല്പസേവകൊണ്ടും യോഗം കൊണ്ടും ജരാമരണങ്ങൾകൂടാതെ എന്നെന്നും ജീവിച്ചിരിക്കാമെന്നു ഘോഷിക്കുന്ന കല്പശാസ്ത്രങ്ങളെയും യോഗശാസ്ത്രങ്ങളേയും നിർമ്മിച്ച കല്പധാരികളും യോഗികളും എവിടെപ്പോയി? സർവ്വന്മാരും കാലധർമ്മത്തെ പ്രാപിച്ചില്ലയോ? ഇക്കാലം കലികാലമായതുകൊണ്ടാണ് തത്താദൃശസിദ്ധന്മാരെയും സിദ്ധികളെയും കാണുവാനും സിദ്ധിപ്പാനും കഴിയാത്തതു എന്നു പറയുന്നു എങ്കിൽ അങ്ങിനെ പറയുന്നതു അത്യന്തം അബദ്ധമാണെന്നത് എൻെറ മോക്ഷപ്രദീപത്തിലെ കലികാലാപവാദഖണ്ഡന പ്രകരണത്തെ വായിച്ചാൽ അറിയും. അണിമാദിസിദ്ധികളെ വിശ്വസിക്കാത്ത ഇനിക്ക് അവതാരങ്ങളെ സ്വപ്നേപി വിശ്വസിപ്പാൻ അവകാശമില്ല. ദൈവം മുമ്പ് പല അവതാരങ്ങളെ ചെയ്തിട്ടുണ്ട്. ഇനിയും അവതരിക്കും എന്നു പറഞ്ഞ ഭഗവൽഗീതാദികളെ മുഴുവൻ ഞാൻ സമ്മതിക്കുന്നപക്ഷം ഞാൻ കഥയില്ലാത്തവനാണെന്നുവരും, ദൈവത്തെപ്പോലെ ദുർഗ്ഗുണനിധിയും കൊട്ടംപാപിയും മഹാവികൃതിയും മററാരും ലോകത്തിൽഇല്ലെന്നു ഞാൻ സമ്മതിക്കേണ്ടിവരും. ദൈവത്തിനെ ഉപദേശിച്ചു നല്ല വഴിക്കു നടത്തിക്കുവാൻ ദൈവത്തിനു ഒരുഗുരുവിനെ സമ്പാദിച്ചു കൊടുക്കേണ്ടിവരും. മനുഷ്യരുടേയും മററുള്ള സകല ജീവികളുടേയും കററത്തിനു ദൈവത്തെ പിടിച്ചു വിചാരണചെയ്തു ദൈവത്തെ ശിക്ഷിക്കുവാൻ ഒരു ജഡ്ജിയെ നിശ്ചയിക്കേണ്ടിവരും. ഇതിന്ന് ഇനിക്ക് ശക്തിയില്ല. ദൈവത്തെ ഈ തരത്തിലാക്കുന്നതു ഇനിക്കു ഹിതവും അല്ല. "ദൈവം സൃഷ്ടിക്കുന്നു, ഇടക്കിടെ അവതരിക്കുന്നു. ദൈവം അന്തർയ്യാമിയാകുന്നു. (സർവ്വജീവികളുടേയും ഉള്ളിലിരുന്നും കൊണ്ടു ജീവികളെക്കൊണ്ടു ഓരോന്നു ചെയ്യിപ്പിക്കുന്നു)" എന്നു വാദിക്കുന്നവരും യാഗാദികളാൽ ദൈവത്തിന്നു മാംസം, മദ്യം, പാൽ, പായസം മുതലായ ഇഷ്ടഭോജ്യവസ്തുക്കളെ കൊടുത്തു ദൈവത്തെ പോററുന്നവരും ആയ മനുഷ്യരാകുന്നു ദൈവത്തെ ശിക്ഷിച്ചു നന്നാക്കി നടത്താനുള്ള ഏർപ്പാടുകൾ ചെയ്യാൻ ശക്തന്മാരും കടപ്പെട്ടവരും.

ആക്ഷേപം 27. "നയോഗഃപ്പൃഥിവീതലെ" യോഗം ഭൂമിയിൽ ഇല്ല എന്നു ദേവീഭാഗവതത്തിൽ പറഞ്ഞതിന്നു അൎത്ഥമെന്താണ്? യോഗശാസ്ത്രം സംസ്കൃതത്തിൽ ഉണ്ട്. അതിനെ പലരും ഭാഷപ്പെടുത്തിയിട്ടുണ്ട്. യോഗികളെയും കാണുന്നുണ്ട്.

സമാധാനം 27. യോഗശാസ്ത്രത്തിൽ കപടപ്രമാണങ്ങൾ കലൎന്നുകിടപ്പുണ്ട്. യോഗം പലവിധത്തിലും ഉണ്ട്. നാവിന്റെ അടിനാഡിയെ അറുത്തു കപാലകുഹരത്തിൽ നാവിനെ പ്രവേശിപ്പിക്കുന്ന ഖേചരീമുദ്ര മുതലായ പല ദുൎഘടാഭ്യാസത്താൽ യോഗം അതിഭയങ്കരമായിട്ടും ഇരിക്കുന്നു. അവയെല്ലാം സംസ്കൃത വ്യുൽപത്തികൊണ്ടു ഭാഷപ്പെടുത്തുന്നു എന്നു മാത്രമല്ലാതെ കപടപ്രമാണങ്ങളേയും ദുൎഘടാംശങ്ങളേയും നീക്കി സുകരമായ സാരാംശത്തെ വെളിപ്പെടുത്തുവാൻ പണ്ഡിതന്മാൎക്കു കഴിയുന്നില്ല. അതിനാൽ ഭാഷപ്പെടുത്തിയിട്ടും പ്രയോജനമില്ല. സംസ്കൃതത്തിലും ഭാഷയിലും ഉള്ള പുസ്തകങ്ങളെ വായിച്ചു ചിലർ യോഗിവേഷങ്ങളെ ധരിക്കുന്നു. ചിലതെല്ലാം എഴുതി അച്ചടിച്ചുവിടുന്നു എന്നു മാത്രമെ ഉള്ളു. അങ്ങിനെ ചെയ്യുന്നതു ചിലർ ഉദരപോഷണം നിമിത്തവും യോഗംകൂടി അറിയാമെന്ന ഡംഭംനിമിത്തവും മററു സംഗതി വശാലും ആകുന്നു. അവർ യോഗത്താൽ ആത്മാനന്ദത്തെ അനുഭവിച്ചവരല്ല. അനുഭവിച്ചവരാകുന്നു എങ്കിൽ, "ക്ഷേത്രങ്ങളെയെല്ലാം പൊളിച്ചു നീക്കം ചെയ്തു ആ സ്ഥാനങ്ങളിൽ യോഗജ്ഞാനശാലകളെയാണ് സ്ഥാപിക്കേണ്ടത്", വിഗ്രഹാരാധനാ യാഗവ്രതതീൎത്ഥസ്നാനാദി കൎമ്മങ്ങൾ യോഗവിഘ്നങ്ങളാകുന്നു, അവ യോഗജ്ഞാനാനന്ദത്തിന്നു ഒരിക്കലുംഒരുവിധത്തിലും ആദിപടവാകയില്ലാ" എന്നു സധൈൎയ്യം സൎവ്വത്ര ഘോഷിക്കുമായിരുന്നു. അങ്ങിനെ ചെയ്തു കാണുന്നില്ല. എന്നല്ല കണി കാണ്മാൻകൂടി ഒരു യോഗജ്ഞാനശാല ഭൂമിയിൽ കാണപ്പെടുന്നില്ല, യോഗാനന്ദാനുഭവസ്ഥന്മാരായ യഥാൎത്ഥയോഗികൾ ഉണ്ടെങ്കിൽ ഇങ്ങിനെ വരികയില്ല. യോഗമഠം എന്നു പേരിട്ടു അതിൽ വിഗ്രഹാരാധനയെ ചെയ്യുകയും ഇല്ല. "പൊന്നമ്മാൾ എന്നു പേരും കഴുത്തിൽ വാഴനാരും" എന്നു പറഞ്ഞ

കൂട്ടത്തിൽ യോഗമാം, ജ്ഞാനമാം, യോഗി, ജ്ഞാനി എന്ന് പേരും അജ്ഞാനകർമ്മകാണ്ഡകാരണവന്റെ കാലടിയെ വണങ്ങികൊണ്ടുള്ള കർമ്മങ്ങളും അതുകൊണ്ടു 'നയോഗഃപൃഥിവീതലേ' യോഗം പൃഥിവിയിൽ ഇല്ലെന്നുപറഞ്ഞത് അർത്ഥവത്തായിത്തന്നെ ഇരിക്കുന്നു.

ആക്ഷേപം 28. 24-ാമത്തെ സമാധാനത്തിൽ "ജനങ്ങളെ മൃഗപ്രായന്മാരാക്കുന്ന അജ്ഞാനിയാണ് കൃഷ്ണൻ എന്നും മൊയൽ കൊമ്പുപോലെ ഇല്ലാത്ത ജാതിഭേദത്തെ കല്പിച്ചു............ ഹിന്തുക്കളെ കെടുക്കുന്ന കെട്ട ദുഷ്ടബുദ്ധിയാണു കൃഷ്ണൻ എന്നും പറവാൻ ഇനിക്കു ലജ്ജയുള്ളതുകൊണ്ടു..............ഭഗവൽ ഗീതാസാരത്തെ അപ്രകാരമെഴുതിയതാകുന്നു" എന്നു സ്വാമികൾ കല്പിച്ചുവല്ലോ. അങ്ങിനെ ലജ്ജിക്കത്തക്ക ന്യൂനത ഭഗവൽ ഗീതയിൽ എന്താ ഉള്ളതു്?

സമാധാനം 28—1,

"ന ബുദ്ധിഭേദം ജനയേദജ്ഞാനാം കർമ്മസംഗിനാം
ജോഷയേൽ സർവ്വകർമ്മാണി വിദ്വാൻ യുക്തസ്സമാചരൻ"

അർത്ഥം— ആത്മജ്ഞാനിയായവൻ കർമ്മത്തിൽ ആസക്തിയോടു കൂടിയിരിക്കുന്ന അജ്ഞാനികളുടെ ബുദ്ധിക്ക് ഇളക്കം വരുത്തരുത്, താനും അവരോടു ചേർന്നു കർമ്മത്തെ ചെയ്തു അവരെക്കൊണ്ടു യാഗാദി സകലകർമ്മങ്ങളേയും ചെയ്യിക്കേണം. ഇങ്ങിനെ ഭഗവൽഗീത വിധിച്ചതു ഭഗവൽഗീതക്കു മഹാ ന്യൂനതയായിപ്പോയി. ഇതു സാരഗ്രാഹികളായ ഒരു മതക്കാർക്കും രുചിക്കയില്ല. എല്ലാമതത്തിലുള്ള ജ്ഞാനികളും അജ്ഞാനികളെ ജ്ഞാനമാർഗ്ഗത്തിലേക്കു തിരിക്കുകയാണ് ചെയ്യുന്നതു്. അതിന്നുവേണ്ടി പ്രമാണങ്ങളേയും യുക്തികളേയും അനുഭവങ്ങളേയും ചൂണ്ടിക്കാണിച്ചുകൊടുത്തു ബുദ്ധിഭേദത്തെ ജനിപ്പിക്കേണം. (അജ്ഞാനസ്ഥിതിയിൽനിന്ന് ഇളക്കേണം) ഭൂമിയെ കൊത്തിയിട്ടൊ ഉഴുതിട്ടൊ ഇളക്കിയിട്ടു കളകളെ നീക്കി ബീജത്തെ വിതക്കേണം. അപ്രകാരം അജ്ഞാനികളുടെ ചിത്തഭൂമിയേയും ഇളക്കിത്തീർത്തു

കമ്മകാണ്ഡക്കളെകളെ നീക്കി ജ്ഞാനബീജത്തെ വിതക്കേണ്ടത് അത്യാവശ്യമാകുന്നു. ബുദ്ധിഭേദത്തെ ജനിപ്പിച്ചിട്ടല്ലയൊ ബുദ്ധമഹഷി ബുദ്ധമതത്തെ സ്ഥാപിച്ചത്? ബുദ്ധിഭേദത്തെ ജനിപ്പിച്ചിട്ടല്ലയൊ യേശുകൃസ്തു പൂവ്വാവസ്ഥയിൽനിന്നു പുതുക്കി ആ മതത്തിന്നു (New Testament) പുതിയ നിയമമെന്ന നാമത്തിന്നു അത്ഥമാക്കിയതു? ക്രൈസ്തവന്മാർ ഇപ്പോഴും പ്രസംഗിച്ചു പ്രസംഗിച്ചു ബുദ്ധിഭേദത്തെ ജനിപ്പിച്ചിട്ടല്ലയൊ ഹിന്തുക്കളെ ക്രിസ്തുമതത്തിൽ ചേക്കുന്നതു"? ബ്രാഹ്മണരും, നായന്മാരും, ഈഴവരും, തീയ്യന്മാരും മററും എത്രയാണ് ക്രിസ്തുമതത്തിൽ ചെന്നു ചേൎന്നുപോയതു? ഇപ്പോഴും എത്ര ഹിന്തുക്കൾ അതിൽ ചെന്നു ചേൎന്നുകൊണ്ടിരിക്കുന്നു? മുഹമ്മതുനബി ബുദ്ധിഭേദത്തെ ജനിപ്പിച്ചിട്ടല്ലയൊ ആ മതത്തെ സ്ഥാപിച്ചതു? മുഹമ്മദീയന്മാർ ബുദ്ധിഭേദത്തെ ജനിപ്പിച്ചിട്ടല്ലയൊ ഹിന്തുക്കളെ പലരെയും ആ മതത്തിൽ ചേക്കുന്നതു? ശങ്കരാചാൎയ്യസ്വാമികൾ വേദാന്തസ്ഥാപനക്കുവേണ്ടി ഹിന്തുക്കളുടെ ഇടയിൽതന്നെ ആചരിച്ചുവരുന്നദ്വൈതവാദിമതസ്ഥന്മാരുടെ ബുദ്ധിയെ ഭേദിപ്പിച്ചില്ലെയൊ? ദയാനന്ദസരസ്വതിയും ബുദ്ധിഭേദത്തെ ജനിപ്പിച്ചിട്ടല്ലയൊ ഹിന്തുക്കളുടെ ഇടയിൽ ആൎയ്യസമാജത്തെ ഏൎപ്പെടുത്തിയത്? ഞാനും ബുദ്ധിഭേദത്തെ ജനിപ്പിച്ചിട്ടല്ലയൊ ഇക്കാലത്ത് പലരേയും രാജയോഗവിമാനത്തിലേററി ചിദാനന്ദാകാശപദവിയിൽ സഞ്ചരിപ്പിക്കുന്നതു? യാഗാദികൎമ്മങ്ങളെഖണ്ഡിച്ചു ബുദ്ധിഭേദത്തെ ജനിപ്പിച്ചു യോഗത്തെ ഉപദേശിക്കാത്തതുകൊണ്ടാണ് ഭഗവൽഗീതകൊണ്ടു ജ്ഞാനം സിദ്ധിക്കാതെ അജ്ജ്ഞാനൻകൂടി കൎമ്മഠനായി പെരുവഴിയിൽ വീണു ചത്തത്. ശ്രീമഹാഭാരതത്തിൽ പ്രസ്ഥാനപൎവ്വത്തിൽ പറഞ്ഞിട്ടുള്ളതു നോക്കുക.

നന്നല്ലഭൂതലവാസംനമുക്കിനി വന്നുകലി-
യുഗമെന്നതു നിൎണ്ണയം,
'ഉത്തമന്മാരായധൎമ്മപുത്രാദികൾ ഉത്തരയാം
ദിക്കുനോക്കിനടക്കുമ്പോൾ,

"വൃത്രാരിപുത്രനും വീണാനതുമഥ-
പൃത്ഥ്വീപതിയോടു ചൊന്നാൻവൃകോദരൻ"
"അസ്ത്രങ്ങൾകൊണ്ടെന്നൊടൊത്തവരില്ലെന്നു-
വൃത്രാരിപുത്രനു മുണ്ടാരഹംഭാവം
എന്നതുകൊണ്ടവൻ വീണുമരിച്ചിതു"

(കലികാലത്തെ ഭയപ്പെട്ടു പാണ്ഡവർ പാഞ്ചാലിയോടുകൂടി ഉത്തരദിക്കിലേക്കു പുറപ്പെട്ടു പോകയും പാഞ്ചാലി മുതലായി ഓരോരുത്തർ വഴിയിൽ വീണു ചാകയും അതു ഭീമസേനൻ ധമ്മപുത്രരെ അറിയിക്കുകയും ചെയ്തു. അപ്പോൾ ഓരോരുത്തർ പതിച്ചു മരിപ്പാനുള്ള കാരണം ഇന്നിന്നതാണെന്നു ധമ്മപുത്രർ പറഞ്ഞതിൽ അജ്ജുനൻ വീണു ചാകുവാനുള്ള കാരണം "തനിക്കു ശരിയായി ഒരു വില്ലാളിയില്ലെ"ന്നു അഹംഭാവമാകുന്നു എന്നാണ് ധമ്മപുത്രർ പറഞ്ഞത്. ഇവിടെ അല്പം ഒന്നു നാം ആലോചിക്കുക. വിഷ്ണുരാതനിൽ ഇവർ രാജ്യഭാരത്തെ ഏല്പിച്ചു. അതു വേണ്ടതുതന്നെ. ഇവക്കു ഉത്തരദിക്കിലേക്കു പുറപ്പെട്ടു പോകുണ്ടു ആവശ്യമെന്ത്? സഞ്ചാരത്തിൽ പലവിധ അരിഷ്ടത്തിന്നല്ലയൊ അവകാശമുള്ളതു? അരമനയിൽ ആത്മനിഷ്ഠയോടുകൂടി ഇരുന്നു ആനന്ദിക്കരുതൊ? ആത്മതത്വത്തെ അറിഞ്ഞു ആനന്ദിപ്പാൻ ഉത്തരദിക്കിലേക്കു പുറപ്പെട്ടു പോകണമൊ? ഉത്തരദിക്കിലാണൊ ആത്മാവ്. ആത്മാവു ഹൃദയവാസിയല്ലയൊ? ഹൃദിസ്ഥനായ ആത്മാവിൽ രമിക്കുന്നവനെ കലി എന്തു ചെയ്യും? പഞ്ചസാര തിന്നുമ്പോൾ കലിക്കു കശപ്പിക്കുവാൻ കഴിയുമൊ? ആത്മജ്ഞാനിക്കു കലിയിൽനിന്നു ഭീതി ജനിക്കുമൊ? സത്തുക്കൾക്കു കലി എന്ന ഒരു യുഗംതന്നെ ഉണ്ടൊ?

"സതാംസത്യയുഗംസാക്ഷാൽ സർവ്വദൈവാസതാംകലിഃ"

അത്ഥം—സത്തുക്കൾക്കു എല്ലായ്പ്പോഴും സത്യയുഗംതന്നെ എന്നല്ലയൊ ഈ ദേവീഭാഗവതപ്രമാണംകൊണ്ടു സിദ്ധിച്ചതു? ഇതിനെ യുക്തികൊണ്ടും അനുഭവംകൊണ്ടും ഞാൻ മോക്ഷപ്രദീപത്തിൽ നല്ലവണ്ണം തെളിയിച്ചിട്ടും ഉണ്ടു്. കൊച്ചുകുട്ടികളെ ഭയ

പ്പെടുത്തുവാൻവേണ്ടി മാതാക്കന്മാർ "കമ്മനാണ്ടി വരുന്നു" എന്നു പറഞ്ഞാൽ കുട്ടികൾ ഭയപ്പെടും. അപ്പോലെ കലിവരുന്നു എന്നു ഭയപ്പെട്ടു രാജ്യംവിട്ടു ഓടിപ്പോകുന്നതാണൊ ആത്മജ്ഞാനിയുടെ ലക്ഷണം. കാലത്തിന്നു കലി എന്നൊരു നാമം കല്പിതമല്ലയൊ? അല്ലാതെ കലി എന്നു ഒന്നു വാസ്തവത്തിൽ ഉണ്ടോ? ഉണ്ട് എന്നുതന്നെ നാം വിചാരിക്കുക. എന്നാലും ആത്മജ്ഞാനിക്കു ഭയത്തിന്നു അവകാശമുണ്ടോ?

"ആനന്ദംബ്രഹ്മണൊവിദ്വാൻ നബിഭേതികുതശ്ചന"

ആത്മാനന്ദത്തെ അറിഞ്ഞവൻ ഒന്നിൽനിന്നും ഭയപ്പെടുകയില്ല എന്നല്ലയൊ ഈ ഉപനിഷത്തിൻെറ അൎത്ഥം. ഹിന്തുക്കളിൽ ചിലരാൽമാത്രം കലികാലമാണെന്നു തീൎച്ചപ്പെടുത്തപ്പെട്ട ഇക്കാലത്തുകൂടി സത്തുക്കൾ കലിയെ പേടിച്ചു ഉത്തരദിക്കിലേക്കു ഓടിപ്പോകുന്നില്ല. ആത്മജ്ഞാനമില്ലാത്ത കൎമ്മന്മാരാണ് "ഉത്തരദിക്കു പുണ്യഭൂമിയാണ്. അവിടെച്ചെന്നു മരിച്ചാൽ മുക്തി കിട്ടും" എന്നുഭ്രമിച്ചു അന്ത്യകാലത്തിൽ ഉത്തരദിക്കിലേക്കു ഓടിപ്പോകുന്നതു. ഇപ്പോഴും ഹിന്തുക്കൾ പലരും അങ്ങിനെ ചെയ്തു വരുന്നു. ഇങ്ങിനെ ആലോചിക്കുംതോറും ശ്രീകൃഷ്ണനാൽ നേരിട്ടു ഉപദേശിക്കപ്പെട്ട അൎജ്ജുനന്നുകൂടി ഭഗവൽഗീതകൊണ്ടു കൎമ്മനായി കാലംകഴിച്ചുകൂട്ടുവാനെ കഴിവുണ്ടായിട്ടുള്ളു. ആത്മതത്വത്തെ അറിഞ്ഞു ആനന്ദിച്ചു അഭയത്തെ പ്രാപിക്കുവാൻ കഴിഞ്ഞിട്ടില്ലാ എന്നതു സിദ്ധമായിരിക്കുന്നു. ആ സ്ഥിതിക്കു മററുള്ളവർ ഭഗവൽഗീതകൊണ്ടു മൂത്ത കൎമ്മികളായിത്തീരുന്നതിൽ എന്താ അത്ഭുതം? അതുകൊണ്ടു അജ്ഞാനികളുടെ ബുദ്ധിഭേദത്തെ വരുത്തരുത് ജ്ഞാനികളും അജ്ഞാനികളുടെ കൂട്ടത്തിൽ കൂടി ആ കൎമ്മങ്ങളെ ചെയ്യിപ്പിച്ചുകൊള്ളേണമെന്നു വിധിച്ചതിൽമീതെ ഒരു അന്യായവിധി ഇല്ലെന്നാണ് എൻെറ പക്ഷം. ഇങ്ങിനെയുള്ള വിധികളെ വിശ്വസിച്ചിട്ടാണ് ജ്ഞാനം നശിച്ചുപോയി ആൾവീതം ഓരോ വിഗ്രഹാരാധനയും ആൾവീതം ഓരോജാതിയും ഉറച്ചു അനേകജാതികളിലും അനേക ദേവന്മാരി

ലും ഭ്രമിച്ചു അടിപിടികൂട്ടിക്കൊണ്ടു ഇന്നും ഹിന്തുക്കൾ കിടക്കുന്നതു്. ഇങ്ങിനെ ഉള്ള വിധിയെ വിശ്വസിച്ചിട്ടാണു് ഹിന്തുമതതത്വത്തെ മനസ്സിലാക്കുവാൻ ജ്ഞാനമില്ലാതെ അന്യമതങ്ങളിലേക്കു ഹിന്തുക്കൾ പാഞ്ഞുപോകുന്നതു. അങ്ങിനെ വരുവാനെ തരമുള്ളു. ജ്ഞാനികൾ അജ്ഞാനികളുടെ കൂട്ടത്തിൽകൂടി ഭഗവൽഗീതാവചനപ്രകാരം അജ്ഞാനകർമ്മങ്ങളെ ചെയ്യുമ്പോൾ അജ്ഞാനികൾക്കു അജ്ഞാനം അതികട്ടിയായി ഉറച്ചുപോകുന്നു. എങ്ങിനെയെങ്കിൽ "ജ്ഞാനികളുംകൂടി യാഗവ്രത വിഗ്രഹാരാധനാദികർമ്മങ്ങളെ നമ്മോടുകൂടിചെയ്യുന്നു. അതുകൊണ്ടു നാം ചെയ്യുന്ന കർമ്മം അത്യന്തം ഉത്തമംതന്നെ, അവശ്യം ചെയ്യേണ്ടതു തന്നെ" എന്ന ദൃഢവിശ്വാസം അജ്ഞാനികൾക്കു വർദ്ധിക്കുന്നു. ആ വിശ്വാസം വർദ്ധിക്കുംതോറും അജ്ഞാനകർമ്മങ്ങൾവർദ്ധിക്കുന്നു അവ വർദ്ധിക്കുംതോറും അജ്ഞാനവും വർദ്ധിക്കുന്നു. അജ്ഞാനം വർദ്ധിക്കുംതോറും യോഗജ്ഞാനമാർഗ്ഗത്തെ പ്രകടിപ്പിക്കുന്ന ജ്ഞാനിയുടെ നേരെ വടി എടുക്കുന്നു. പിന്നെങ്ങിനെ കർമ്മികളുടെ ഇടയിൽ ജ്ഞാനം ഉണ്ടാകും? എങ്ങിനെ കർമ്മികൾ നന്നാകും? ഹിന്തുക്കൾ ഇക്കാലത്തു ഭേദദൃഷ്ട്യാ തമ്മിൽതല്ലി നശിക്കാതെ സംസാരകാര്യാദിഭരണനിപുണന്മാരായി ബാഹ്യത്തിൽ പുഷ്ടിയോടുകൂടിയിരിക്കുന്നതു ഇംഗ്ലീഷുവിദ്യാഭ്യാസംകൊണ്ടും ബ്രിട്ടീഷ് ഭരണം നിമിത്തവും ആകുന്നു. മതം നിമിത്തമല്ല ആത്മജ്ഞാനവും ആനന്ദവും കർമ്മികൾക്കുണ്ടാകേണമെങ്കിൽ "നബുദ്ധിഭേദം ജനയേൽ" ഇത്യാദികളായി ഗീതയിലും മററും കാണുന്ന കപടപ്രമാണങ്ങളെ അനുസരിക്കരുതു്. അജ്ഞാനികൾ ജ്ഞാനികൾക്കു ബാലന്മാരുടെ തരത്തിലാകുന്നു. അതുകൊണ്ടു അജ്ഞാനികളുടെ ബുദ്ധിഭേദത്തെ ജനിപ്പിച്ചു ജ്ഞാനികൾ ജ്ഞാനമാർഗ്ഗത്തിലേക്കു തിരിക്കേണ്ടതു അത്യാവശ്യമാകുന്നു. എന്നാൽ "ബുദ്ധിഭേദത്തെ ഉണ്ടാക്കിയിട്ടു അജ്ഞാനികളായ കർമ്മികൾ കർമ്മങ്ങളെ വിടുകയും ചെയ്തു. ജ്ഞാനം കിട്ടുകയും ചെയ്തില്ല. അപ്പോൾ രണ്ടുംകെട്ട തരത്തിലായില്ലയൊ" എന്നാണു് ചോദിക്കു

ന്നതു്. അജ്ഞാനകൎമ്മങ്ങളായ വിഗ്രഹാരാധനാ, വ്രതം, തീൎത്ഥ സ്നാനം, യാഗം മുതലായവയെ വിട്ടാൽ അജ്ഞാനവിഷംവൎദ്ധിച്ചു നശിക്കയില്ലല്ലൊ. (പട്ടിണി കിടന്നും അനവധി സംഭാരങ്ങളെ ഒരുക്കി പൂജിച്ചിട്ടും യാഗം ചെയ്തിട്ടും കാശ്യാദിയാത്രകളെ ചെയ്തിട്ടും ബുദ്ധിമുട്ടി വൃഥാ സ്വത്തിനേയും ജ്ഞാനസ്വത്തിനേയും നശിപ്പിച്ചു ചാകേണ്ടതില്ലല്ലൊ) ഇതു വലിയതായ ഒരു ലാഭമല്ലയൊ? രാജയോഗം വഴിക്കു സുഖമായി ജ്ഞാനത്തെ സമ്പാദിക്കയും ചെയ്യാം. ജ്ഞാനത്തെ അഭ്യസിച്ചാൽ ജ്ഞാനം ഉണ്ടാകയില്ലാ എന്ന് വിചാരിക്കുന്നത് യുക്തമൊ? വടക്കോട്ടു നടന്നാൽ വടക്കുഭാഗത്തിൽ എത്തുകയില്ലാ എന്നു വിചാരിക്കാമൊ? അങ്ങിനെ വിചാരിച്ചാലും വടക്കോട്ടു പോകേണ്ടവൻ അതിന്ന് വിപരീതമായി തെക്കോട്ടെക്കാണൊ നടക്കേണ്ടതു? അപ്രകാരം ജ്ഞാനം കിട്ടുകയില്ലാ എന്നു കരുതി അജ്ഞാനകൎമ്മപിശാചത്തിനെയാണൊ പൊത്തിപ്പിടിക്കേണ്ടത്? കഷ്ടം. കഷ്ടം! കൎമ്മങ്ങളെ വിട്ടിട്ടു് ജ്ഞാനം കിട്ടിയിട്ടില്ലെങ്കിൽ ഉഭയഭ്രഷ്ടനായിത്തീരുമല്ലൊ എന്നു പരിഭ്രമിക്കുന്നത് ആത്മാനന്ദാനുഭവമില്ലാത്ത വെറും പഠിപ്പുമാത്രം ഉള്ള പണ്ഡിതന്മാരുടെ വലയിൽ പെട്ടിട്ടാകുന്നു.

2. "ചാതുൎവ്വൎണ്യം മയാസൃഷ്ടം" "പരിചൎയ്യാത്മകം കൎമ്മ ശൂദ്രസ്യാപിസ്വഭാവജം." എന്നു ഭഗവൽഗീതാ—അൎത്ഥം നാലു ജാതി എന്നാൽ സൃഷ്ടിക്കപ്പെട്ടു. ശൂദ്രന്റെ കൎമ്മം ബ്രാഹ്മണശുശ്രൂഷയാകുന്നു. ഇങ്ങിനെ കല്പിച്ചതുകൊണ്ടു ശ്രീകൃഷ്ണൻ ശൂദ്രാദിദ്വേഷിയാണെന്നും ദ്വിജപക്ഷപാതിയാണെന്നും തെളിയുന്നു. മഹാന്മാൎക്കു ഇങ്ങിനെ ഭേദദൃഷ്ടി വരാമൊ? ജാതിക്കൂട്ടവും ഭേദദൃഷ്ടിയും എത്ര നിസ്സാരന്മാരുടെ ഇടയിൽ ഉള്ളതാണ്? "ചാതുൎവ്വൎണ്യം മയാസൃഷ്ടം" എന്നും മററും പറഞ്ഞതുകൊണ്ടു ബ്രാഹ്മണക്ഷത്രിയ വൈശ്യശൂദ്രന്മാർ എന്ന നാലുജാതിയെ സൃഷ്ടിച്ചു അവൎക്കുള്ള ധൎമ്മത്തെയും കല്പിച്ചതായിട്ടു ഭഗവൽഗീതയിൽ കാണുന്നുള്ളു. തീയർ മുതലായി അസംഖ്യം ജാതികളെ ഹിന്തു

മതത്തിൽതന്നെ കാണുന്നു. ഹിന്തുമതത്തിൽനിന്നു ഭിന്നിച്ച ക്രൈസ്തവമൊഹമ്മദീയ ബൌദ്ധാദിഭിന്നമതക്കാരെയും കാണുന്നു. ഇവരെ സൃഷ്ടിച്ച ദൈവംഏതാണ്? ഇവരുടെ ധമ്മം എന്താണ്? മീൻ പിടിക്കുകയൊ വണ്ടി ഓട്ടുകയൊ ശൂദ്രരെ ശുശ്രൂഷിക്കയൊ എന്താകുന്നു എന്നു ഗീതയിൽ ഒന്നും പറഞ്ഞിട്ടില്ല. ദ്വിജന്മാരെ ഒഴിച്ചു മററുള്ളവരെല്ലാം വെള്ളം വരുമ്പോൾ പുഴയിൽ ചാടി ഒലിച്ചു സമുദ്രത്തിൽ ചേൎന്നുകൊള്ളട്ടെ, അതാണ് മററുള്ളവൎക്കു ഊൎദ്ധ്വഗതിഎന്നൊ കൃഷ്ണന്റെ അഭിപ്രായം? ഒരു അവതാരമൊ സമദൃഷ്ടിയായ ജ്ഞാനിയൊ ആയിരുന്നാൽ സകല മനുഷ്യൎക്കും ഒരു ഗതിയെ കല്പിക്കേണ്ടതല്ലയൊ? "ജാതിഭേദകല്പനം ഐക മത്യാദിഗുണം അരികിൽ അണവാൻ പാടില്ലാതെ എന്നെന്നും ജാത്യാവിരുദ്ധ കീരി, പാമ്പു മുതലായ ജന്തുക്കളെപ്പോലെ കടി പിടികൂട്ടി ഇഹപരസുഖങ്ങളിൽനിന്നു ഹിന്തുക്കളെ പതിപ്പിക്കു ന്നതാണ് ജാതിഭേദം ശശവിഷാണംപോലെ ഇല്ലാത്തതാണ്" എന്നു ഞാൻ മോക്ഷപ്രദീപത്തിൽ ജാതിഭേദഖണ്ഡനപ്രകരണ ത്താൽ തെളിയിച്ചു കൊടുത്തിട്ടുംകൂടി "ഭഗവൽഗീതയിൽ ജാതി ഭേദം ഉണ്ടെന്നു ഭഗവാൻ കൃഷ്ണൻ പറഞ്ഞിട്ടില്ലയൊ" ശങ്കരാ ചാൎയ്യസ്വാമികളും വിവേകാനന്ദസ്വാമികളുടെ ഗുരുവായ രാമ കൃഷ്ണപരമഹംസനും മനുവും മററു മഹാന്മാരും ജാതിഭേദം വേണ്ട താണെന്നു പറഞ്ഞിട്ടില്ലയൊ? എന്നു മക്കടമുഷ്ടി പിടിക്കുന്നു. മൊയൽകൊമ്പുകൊണ്ടു കോണിപ്പടി (സോപാനം) ഉണ്ടാക്കി അതിൽകൂടെയാണ് സ്വൎഗ്ഗത്തിലേക്കു പോകേണ്ടത് എന്നു ശ്രീകൃഷ്ണനൊ, ശ്രീശങ്കരാചാൎയ്യരൊ, രാമകൃഷ്ണപരമഹംസനൊ, മനുവൊ ആർ പറഞ്ഞാലെന്താണ്? അതിനെ വിശ്വസിക്കേ ണ്ടതുണ്ടൊ? ഈ തരക്കാർ ഹിന്തുമതത്തിലല്ലാതെ ഏതൊരു മത ത്തിലാണുള്ളത്?

ആക്ഷേപം 29. ശങ്കരാചാൎയ്യസ്വാമികളും രാമകൃഷ്ണപര ഹംസനും ജാതിഭേദം വേണ്ടതാണെന്നു പറവാൻ സംഗതിയില്ലേ?

സമാധാനം 29. പ്രമാണത്തെ കാണിച്ചു തരാമല്ലൊ.

"ശൂദ്രാദിസ്പൃശ്നെസ്സ്നാനം കാൎയ്യം ശുദ്ധിമഭീപ്സതാ
അന്ത്യജാനാംസന്നികൎഷെചാപിമജ്ജനമാചരേൽ"
(എന്നു ശങ്കരാചാൎയ്യർ)

അൎത്ഥം—ശൂദ്രാദികളെ തൊട്ടാൽ കുളിക്കേണം. താണജാതിക്കാർ സമീപത്തിൽ വന്നാൽകൂടി കുളിക്കേണം. ഇങ്ങിനെഎങ്ങുമില്ലാത്ത അനാചാരത്തെ ഈ മലയാളത്തിൽ ഏൎപ്പെടുത്തി" നീ ശൂദ്രൻ, നീ ഈഴവൻ നീ പാണൻ, നീ പറയൻ, ദൂരെ ഓടിപ്പോ എന്നിങ്ങിനെ ആട്ടി ഓടിക്കുവാൻ ശങ്കരാചാൎയ്യർ സംഗതി വരുത്തിയിരിക്കുന്നു. അമേദ്ധ്യം തിന്നുന്ന നായ്ക്കൾക്കുകൂടി അരികിൽവരാം. സ്വജാതിയായ മനുഷ്യൎക്കു അരികിൽ അണവാൻ പാടില്ല. ഇതു് എന്തൊരു നിയമമാണു? വിവേകാനന്ദസ്വാമികളുടെ ഗുരു രാമകൃഷ്ണപരമഹംസനും "സ്വയമായ് പരിപക്വതയെ പ്രാപിച്ചഫലം ഭക്ഷണത്തിന്നു രുചി നൽകുന്നു എങ്കിലും ബലാൽകാരേണ പക്വമാക്കിയതു് രുചിനൽകുന്നില്ല അതുപ്പോലെ സിദ്ധനായവനു ജാതിവ്യത്യാസം നശിച്ചു സ്വയമായി സമത്വമുണ്ടാകുന്നു. എന്നാൽ മററുള്ളവൎക്കു ഈ ഉയൎന്നതായ ജ്ഞാനം ലഭിക്കുന്നതുവരെ ജാതിവ്യത്യാസം അവശ്യം ആവശ്യമാകുന്നു" എന്നു പറഞ്ഞിരിക്കുന്നു. ഈ പറഞ്ഞതിനെ വ്യാഖ്യാനിക്കുമ്പോൾ ഉയൎന്നതായ ജ്ഞാനം ലഭിക്കുന്നതുവരെ അജ്ഞാനത്തെ അഭ്യസിക്കേണമെന്ന അൎത്ഥമല്ലയൊ സിദ്ധിക്കുന്നതു്? ജാതിവ്യത്യാസം അജ്ഞാനകല്പിതമല്ലയൊ, അതിനെ ആചരിക്കുമ്പോൾ എങ്ങിനെ ഉയൎന്ന ജ്ഞാനം സിദ്ധിക്കും? എങ്ങിനെ സമത്വം ഉണ്ടാകും? ഇരുട്ടിനെ പൊത്തിപ്പിടിച്ചാൽ വെളിച്ചം സിദ്ധിക്കുമൊ? ബോധം ഉണ്ടാകുന്നതുവരെ മദ്യംകുടിക്കേണമെന്നു പറഞ്ഞതിനെ വിശ്വസിച്ചു മദ്യംകുടിച്ചാൽ ബോധംകെട്ടു തല കുത്തി വീഴുകയെ ഉള്ളു. അപ്രകാരം ജാതിവ്യത്യാസം "അവശ്യം ആവശ്യമാകുന്നു" എന്നു എത്രകാലം ആചരിക്കുന്നുവൊ അത്രകാലം ഉയൎന്നതായ ജ്ഞാനം ലഭിക്കുന്നതല്ല. അങ്ങിനെ

ആചരിക്കുന്ന ഹിന്തുക്കൾ ഇന്നും ജാതിഭേദത്താൽ തമ്മിൽ തല്ലു ന്നത് നമുക്ക് അനുഭവമല്ലയൊ? അനേകായിരം കാലമായിട്ടും ജാതിഭേദം ഇല്ലെന്നു ജ്ഞാനം സിദ്ധിച്ചു ഐകമത്യത്തോടുകൂടി ഇരിപ്പാൻ ഹിന്തുക്കൾക്ക് കഴിഞ്ഞിട്ടില്ല ഹിന്തുക്കളെപ്പോലെ ക്രിസ്ത്യന്മാരും മൊഹമ്മദിയന്മാരും ബൌദ്ധന്മാരുംമററും ജാതി ഭേദത്താൽ നശിക്കുന്നില്ല. എന്നല്ല അ മതത്തിലുള്ള മൂഢപ്പെ ണ്ണുങ്ങൾക്കുകൂടി ജാതിഭേദഭ്രാന്തി കാണുന്നില്ല. അതിന്നുകാരണം അവർ ജാതിഭേദത്തെ ആചരിക്കാത്ത ഏക സംഗതിമാത്രം ആ കുന്നു. ഹിന്തുമതത്തിലുള്ള പണ്ഡിതന്മാൎക്കും ജാതിഭ്രാന്തി കട്ടി യായിരിക്കുന്നു. അതിന്നു കാരണം, അവർ ജാതിഭേദത്തെ ആദി മുതൽക്കെ ആചരിച്ചു പഴകി വന്ന ഏക സംഗതി മാത്രം ആ കുന്നു. സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കുകൂടി ഹിന്തുമതപണ്ഡി തന്മാൎക്കുള്ള ജാതിഭേദഭ്രാന്തി കാണപ്പെടുന്നില്ല. സ്കൂൾകുട്ടികൾ സ്കൂളിൽനിന്നു വന്നു ഊണുകഴിപ്പാനൊ മററൊ അകത്തു കട ന്നാൽഅയ്യൊ "അയിത്തമായിട്ടു (അശുദ്ധമായിട്ടു) കുളിക്കാതെഅ കത്ത് കടന്നാൽ കണ്ണുപൊട്ടിചാകുമല്ലൊ" എന്നുപറഞ്ഞുഅവരു ടെഅമ്മയച്ഛന്മാർനിലവിളികൂട്ടുന്നു. അമ്മയച്ഛന്മാൎക്കു തൊണ്ണൂറു വയസ്സായിട്ടും അവർ ഇങ്ങിനെ നിലവിളി കൂട്ടുന്നത് ആദിമുതൽ അവർ ജാതിഭേദത്തെ ആചരിച്ച് വന്നതുകൊണ്ടാകുന്നു. സ്കൂ ളിൽ പലജാതിക്കാർ എന്നുപറയുന്ന കുട്ടികളും ഒരുമിച്ചിരുന്ന് പരിചയിച്ചതു കൊണ്ടാകുന്നു ആ കുട്ടികൾക്കു അനാചാരവിഷം അമ്മയച്ഛന്മാൎക്കുള്ളതുപോലെ കാണപ്പെടാത്തതു. ജാതിഭേദ മൂൎത്തിഭേദസഹിതവിഗ്രഹാരാധനാദികളായ ഭേദാചാരങ്ങൾ സമ ദൃഷ്ടികാരണമാകുന്നു എന്നു പറയുന്നത് അഗ്നിയുടെ ആലിംഗനം ശൈത്യസിദ്ധിക്കു കാരണമാകുന്നു എന്നുപറയുന്നതുപോലെ അ സംബന്ധമായിരിക്കുന്നു. അതുകൊണ്ട് "ജാതിവ്യത്യാസം അവശ്യം ആവശ്യ"മെന്ന് രാമകൃഷ്ണപരമഹംസൻ പറഞ്ഞത് ശരിയല്ല. "സ്വയമായി പരിപക്വതയെ പ്രാപിച്ച ഫലം ഭക്ഷണത്തിന്നു രുചി നല്കുന്നു എങ്കിലും ബലാൽക്കാരേണ പക്വ

മാക്കിയതു രുചി നൽകയില്ല" എന്ന് രാമകൃഷ്ണപരമഹംസൻ പറഞ്ഞതു് ശരിതന്നെ. ആ ഉദാഹരണം ജാതിഭേദവിഷയത്തിലേക്ക് പറവുന്നതല്ല. സിദ്ധന്മാർ ജാതിഭേദം വേണ്ടെന്നും കാണിപ്പാൻവേണ്ടിയാണ് മേൽപറഞ്ഞ ഉദാഹരണം കൊടുത്തിട്ടുള്ളതു്. രാമകൃഷ്ണപരമഹംസന്റെ ജീവചരിത്രത്തിൽ 218-ാം വചനം നോക്കുക,

"ശൂദ്രന്തുകാരയേദ്ദാസ്യം ക്രീതമക്രീതമേവവാ
ദാസ്യായൈവഹിസൃഷ്ടോസൌബ്രാഹ്മണസ്യസ്വയംഭുവാ"

എന്നു മനുസ്മൃതി ശൂദ്രനെക്കൊണ്ടു ദാസ്യപ്രവൃത്തി എടുപ്പിച്ചുകൊള്ളണം. അങ്ങിനെ ചെയ്യുന്നതു കൂലി കൊടുത്തിട്ടും കൂലി കൊടുക്കാതെയും ആവാം. എന്തുകൊണ്ടെന്നാൽ ബ്രാഹ്മണശുശ്രൂഷക്കുവേണ്ടി മാത്രമാണ് ബ്രഹ്മാവ് ശൂദ്രനെ സൃഷ്ടിച്ചിട്ടുള്ളതു. ഇങ്ങിനെ മനു പറഞ്ഞിരിക്കുന്നു. സ്വാതന്ത്ര്യമില്ലാതെ അടിമയായിക്കിടക്കുന്നതിൽമീതെ ഒരു ദുഃഖം മറെറാന്നില്ല. ഒരു നായിനെ ചങ്ങലയിട്ടാൽ അതുകൂടി കരഞ്ഞു നിലവിളിക്കുന്നു. സ്വാതന്ത്ര്യമില്ലാതെ കെട്ടിൽ കിടക്കുന്നതുകൊണ്ടാണ് അങ്ങിനെ നിലവിളിക്കുന്നതു്. നായിനെപ്പോലെ നായന്മാർ ബ്രാഹ്മണർ അടിമകളായി കിടക്കേണമെന്നല്ലയോ മനു, രാമകൃഷ്ണപരമഹംസൻ മുതലായവരുടെ നിയമം? ഇങ്ങിനെ ഒരു നിയമം ഏർപ്പെടുത്തിയതിനെക്കാൾ ശൂദ്രരെ ഇരുട്ടറയിലിട്ടു കൊല്ലുവാൻ ഒരു നിയമം ഉണ്ടാക്കി വെക്കുന്നതായിരുന്നു ഉത്തമമായിരുന്നതു്. ഹിന്തുക്കളിൽതന്നെ ചിലർമാത്രമെ ഉന്നതാവസ്ഥയിൽ ഇരുന്നുകൂടു, ചിലർ അധഃപതിച്ചു കിടന്നു കൊള്ളണം എന്ന നിയമം എന്തു നിയമമാണ്? ഇങ്ങിനെയല്ലയൊ മനു, ശ്രീകൃഷ്ണശങ്കരാചാര്യ, രാമകൃഷ്ണപരമഹംസ പ്രഭൃതികളായ പ്രമാണികളും പ്രമാണങ്ങളും നിയമിച്ചതു്? ശൂദ്രനു ദ്വിജശുശ്രൂഷയല്ലാതെ തപസ്സ് ചെയ്തുകൂടാ എന്ന സിദ്ധാന്തംകൊണ്ടല്ലയൊ ശ്രീരാമൻ തപസ്സുചെയ്യുന്ന ശൂദ്രകന്റെ കണ്ഠത്തെ ഛേദിച്ചതു? 'ദ്വിജന്മാർ മാത്രമെ അരി മുതലായ സാരപദാർത്ഥങ്ങളെ ഭക്ഷി

ച്ചുകൂട, ശൂദ്രാദികൾ തവിട്ട തിന്നുകൊള്ളണം" എന്നൊരു നിയമത്തെ പൂർവ്വന്മാർ പാസ്സാക്കാഞ്ഞതു് ശൂദ്രാദികളുടെ ഭാഗ്യം. എന്താ ഇങ്ങിനെപറയുന്നതു എന്നു വിചാരിക്കേണ്ടാ. നോക്കുക.

1. "നൈവശാസ്ത്രംപഠെന്നൈവശ്രൃണയാദ്വൈദികാക്ഷരം
നസ്നായാദ്ദുദയാൽപൂർവ്വംതപോമന്ത്രഞ്ചവർജയേൽ
2. ഇതിഹാസപുരാണാനിനപഠേഛ്രോതുമർഹതി
3. അത്യാപന്നസ്യശൂദ്രസ്യവൃത്തിഃകാരുകടക്രിയാ
4. നപഠേൽസംസ്കൃതാംവാണിം
5. നോർദ്ധ്വപുണ്ഡ്രീഭവേന്നൈവപുണ്ഡ്രംഗോമയഭസ്മനാ
ധാരയേദപിപ്രചുല്ലീസ്ഥഭസ്മനാധാരയെൽശുചിഃ"

ഈ പ്രമാണങ്ങൾ ശൂദ്രധമ്മത്തെപ്പററി ശാങ്കരസ്മൃതിയിൽ പറഞ്ഞവയിൽ ഉള്ളവയാകുന്നു അത്ഥം.

1. ശൂദ്രനു ശാസ്ത്രത്തെ പഠിച്ചുകൂടാ; വേദത്തെ കേട്ടുകൂടാ; തീച്ചതന്നെ സംശയമില്ല ഉദിക്കുന്നതിന്നുമുമ്പ് കളിച്ചുകൂടാ, മന്ത്രം ജപിച്ചുകൂടാ, തപസ്സ് ചെയ്തുകൂടാ. 2. ഇതിഹാസങ്ങളേയും, രാമായണം മുതലായവയേയും, പുരാണങ്ങളേയും (ദേവീഭാഗവതം മുതലായ അഷ്ടാദശപുരാണങ്ങളേയും) വായിച്ചുകൂടാ; കേൾക്കാം. 3. ശൂദ്രനു ഉപജീവനത്തിന്നില്ലാതെ ബുദ്ധിമുട്ടുമ്പോൾ ആശാരിപ്പണിയെടുത്തിട്ടും, പായനെയ്തിട്ടും, ഉപജീവനം കഴിക്കാം. (ശാസ്ത്രം പഠിച്ചിട്ടോ, പുരാണാദികൾ വായിച്ചിട്ടോ ഉപജീവനം കഴിച്ചുകൂടാ എന്നഭിപ്രായം) 4. ശൂദ്രനു സംസ്കൃതഭാഷയെ പഠിച്ചുകൂടാ. 5. ശൂദ്രനു ഊർദ്ധ്വപുണ്ഡ്രം പാടില്ല. ഗോമയഭസ്മംകൊണ്ടു (ചാണകം ചുട്ട ഭസ്മം കൊണ്ടു) കുറിയിട്ടുകൂടാ. ബ്രാഹ്മണരുടെ അടുക്കളയിലെ അടുപ്പിലെ ചാരംകൊണ്ടു കുറിയിട്ടുകൂട. ഇതു് എന്തൊരു ഭേദദൃഷ്ടിയാണ്? എന്തൊരസൂയയാണ്. ഇങ്ങിനെ ചെയ്തുവെച്ചതല്ല അധികം അന്യായം. അനാഥപ്രാണികളെ ഹിംസിപ്പാൻ വിധിച്ചതാണ്.

മനുസ്മൃതി 3—ാം അദ്ധ്യായം

"ദ്വൌമാസൌമത്സ്യമാംസേന ത്രീൻമാസാൻഹാരിണേനതു
ഔരഭ്രേണാഥചതുരശ്ശാകുനേനാഥപഞ്ചവൈ
ദശമാസാംസ്തൃപ്യന്തിവരാഹമഹിഷാമിഷൈഃ"

അൎത്ഥം—മത്സ്യമാംസംകൊണ്ടുശ്രാദ്ധംകഴിച്ചാൽ പിതൃക്കറം രണ്ടുമാസംവരെയും. മാനിൻെറ മാംസംകൊണ്ടു കഴിച്ചാൽ മൂന്നു മാസവും, ആട്ടിൻെറമാംസംകൊണ്ടു നാലുമാസവും, പക്ഷികളുടെ മാംസംകൊണ്ടു അഞ്ചുമാസവും, കാട്ടുപന്നി, പോത്ത് ഇവയുടെ മാംസംകൊണ്ടു ശ്രാദ്ധംഊട്ടിയാൽ പിതൃക്കറം പത്തുമാസം വരേയും തൃപ്തിപ്പെടും. ഇങ്ങിനെ ശ്രാർദ്ധവിധിയിൽവിധിച്ച ഹിംസ അനവധി.

"യാഗേപശുവധഃകൎത്തവ്യഃ" യാഗത്തിൽ പശുവിനെ വധിക്കേണം. അങ്ങിനെ ഒരുവക ഹിംസാ പ്രമാണവചനങ്ങളെക്കൊണ്ടു രുചി ജനിക്കാതെതന്നെ വ്യാഘ്രാദി ജന്തുക്കറം പശു മുതലായ പ്രാണികളെ പിടിച്ചു തിന്നുന്നതുപോലെ മനുഷ്യർ "ദൈവം നമുക്ക് തിന്നുവാൻവേണ്ടി സൃഷ്ടിച്ചതാണ്" എന്നു പറഞ്ഞുകൊണ്ടു അനാഥപ്രാണികളെ അനവധി ഹിംസിക്കുന്നു. ഈ സ്ഥിതിക്ക് ഇങ്ങിനെ പ്രമാണംകൂടി ഉണ്ടാക്കി വെക്കേണമൊ? ഈപ്രമാണങ്ങളെ ദയാളുക്കറം തീയിലിട്ടു ചുടേണ്ടവയാണ്. ഇവയെ വിശ്വസിച്ചു ഹിംസിക്കരുത്. പൂച്ച എലിയെ പിടിച്ചു തിന്നുന്നു, കുറുക്കൻ കോഴിയേയും ഞണ്ടിനേയുംപിടിച്ചു തിന്നുന്നു. വ്യാഘ്ര്യം പശു മുതലായ മൃഗങ്ങളെപ്പിടിച്ചു രക്തംകുടിച്ചു തിന്നുന്നു അപ്രകാരം നമ്മുടെ പിതൃക്കളും, ദേവന്മാരും, ഉണ്ടാകുന്നുണ്ടും, കാളിയും, കൂളിയും, മററും കോഴി ആടുമുതലായ ജന്തുക്കളെച്ചാടിപ്പിടിച്ചു കടിച്ചു രുധിരം കുടിച്ചു തിന്നുകൊള്ളട്ടെ. അവൎക്കു അതിന്നു ശക്തിയില്ലെന്നു വിചാരിക്കുന്നുഎങ്കിൽ അത് യുക്തമല്ല, മൂട്ടക്കറ, അട്ടക്കറ, കൊതുവിന്നും (മക്കണജല്ലുകമശകങ്ങറംക്കറം)കൂടി മനുഷ്യരക്തത്തെക്കുടിച്ചു തങ്ങളെപ്പോററുവാനുള്ള ശക്തികാണുമ്പോറം നമ്മുടെ പിതൃക്കറംക്കറം, ദേവന്മാൎക്കും ആടു മാടു കോഴികളെപ്പിടിച്ചു രക്തം കുടിച്ചു തങ്ങളെപ്പോററുവാൻ ശക്തിയില്ലെന്നുവിചാരിക്കാമൊ? അവൎക്കു അവരെ

പ്പോററുവാൻകൂടി ശക്തിയില്ലെങ്കിൽ അവരുടെ സേവകൊണ്ടു നമുക്ക് എന്താ സിദ്ധിപ്പാനുള്ളതു? ഹിംസാപാപം മാത്രം. അ ല്ലാതെ ഒന്നും ഇതുവരെ ആക്കും സിദ്ധിച്ചു കണ്ടിട്ടില്ല, മേലും സിദ്ധിക്കയില്ല. "ഉപാധിക്ക് എന്തും ചെയ്യാം ആത്മാവിന്നു ഇനിക്ക് ബാധകമല്ല. ഞാൻ ബ്രഹ്മമാണ്" എന്നു വാദിക്കുന്ന വേദാന്തികളുടെ ഹിംസ ഒന്നു വേറെ. അജ്ജുനനെക്കൊണ്ടു കൃഷ്ണൻ ഗുരുജനങ്ങളെക്കൂടി കൊല്ലിച്ചിരിക്കുന്നു. എന്നു വാദിച്ചു ഭഗവൽഗീതാപാരായണക്കാരുടെ വകയായി ഒരുതരം ഹിംസാ. ഭഗവൽഗീതാദികളിൽ ദയാദിധമ്മങ്ങളെ വിധിച്ചിട്ടെന്തുഫലം ഹിംസാകമ്മങ്ങളോടും, ജാതിഭേദത്തോടും, പക്ഷഭേദത്തോടും കൂടി ഭഗവൽഗീതാദി പ്രമാണങ്ങളെ അനവധി കല്പിച്ചു അപ്ര കാരംതന്നെ ആചരിപ്പിച്ചു ഉറപ്പിച്ചതുകൊണ്ടും "സവ്വസംഗ പരിത്യാഗം ചെയ്തു സന്യാസിക്കുമാത്രമെ ജാതിഭേദാചാരങ്ങളെ വിട്ടു നടന്നുകൂടു. മററുള്ളവരെല്ലാം ജാതിധമ്മങ്ങളെ അനുസരിച്ചു തന്നെ നടക്കേണം" എന്നു പ്രമാണികളും പ്രമാണങ്ങളും നിർബ്ബ ന്ധിച്ചതുകൊണ്ടും നിർബ്ബന്ധിക്കുന്നതുകൊണ്ടും സമദൃഷ്ടി പ്രധാ നമായ യോഗജ്ഞാനശാസ്ത്രത്തിനെ പ്രചരിപ്പിച്ചു ഭേദദൃഷ്ടിയേ യും അജ്ഞാനത്തേയും ഹിംസയേയും നശിപ്പിപ്പാൻ കഴിയാതെ വന്നുപോയി. അതുകൊണ്ടാണ് അനേകായിരം കാലമായിട്ടും ഇന്നും ജാതിഭേദാനാചാരകമ്മങ്ങളിൽതന്നെ ഹിന്തുക്കൾ കിടക്കു ന്നത്. ഇതിന്ന് ഭഗവൽഗീത മഹാസഹായിനിയായിട്ടും ഇരി ക്കുന്നു. എന്നത് ഇതുവരെ പറഞ്ഞതുകൊണ്ടു തന്നെ സിദ്ധ മായല്ലൊ. ഇനിയും കേൾക്കുക.

3. "യജ്ഞദാനതപഃകമ്മനത്യാജ്യം കാൎയ്യമെവതൽ
യജ്ഞോദാനംതപശ്ചൈവപാവനാനിമനീഷിണാം"

യാഗദാനതപഃകമ്മങ്ങൾ വിദ്വാന്മാക്കു ചിത്തശുദ്ധിയെ ചെ യ്യുന്നവയാകുന്നു. അതുകൊണ്ടു അവയെ ഉപെക്ഷിപ്പാൻപാടില്ല. നിശ്ചയമായിട്ടും ചെയ്യേണം. എന്നു ഭഗവാൻ അരുളിചെയ്തി രിക്കുന്നു എന്നു കമ്മവേദാന്തികൾ വാദിച്ചു കമ്മകാണ്ഡക്കുടൽ

നടുവിൽതന്നെ മുങ്ങിപ്പൊങ്ങി കാലത്തെ കഴിച്ചുകൂട്ടുന്നു. യൊഗാനന്ദമാൎഗ്ഗം ഭഗവൽഗീതയിൽ പറഞ്ഞിട്ടുണ്ടെങ്കിലും ആ ആനന്ദത്തെ അണുവോളവും അവൎക്ക അനുഭവിപ്പാൻ സംഗതി വരുന്നില്ല. അതിന്നു ദൃഷ്ടാന്തം—യൊഗപ്രസിദ്ധങ്ങളായും എന്നാൽ അനുഭൂതങ്ങളായും ഇരിക്കുന്ന ചന്ദ്രസൂൎയ്യാദി ജ്യോതിസ്സ്, നാദം മുതലായ ആനന്ദചിഹ്നങ്ങളെ എന്റെ മോക്ഷപ്രദീപത്തിൽ വൎണ്ണിച്ചതിനെ കണ്ടിട്ട് "നയനരോഗംകൊണ്ടാണ് ചന്ദ്രാദി ജ്യോതിസ്സുകളെ കാണുന്നത്. ചെകിടടപ്പ് എന്ന കൎണ്ണരോഗം കൊണ്ടാണ് നാദത്തെ കേൾക്കുന്നത്. രാജയോഗത്തെ അഭ്യസിച്ചാൽ ഭ്രാന്ത് പിടിക്കും" എന്നുംമററും ഭഗവൽഗീതാപാരായണക്കാർ എഴുതി അച്ചടിപ്പിച്ചിരിക്കുന്നു. ബിംബപ്രതിഷ്ഠാദി കൎമ്മപ്രവൎത്തകന്മാർ അതിനെ അനുമോദിക്കയും അനുമോദനപത്രം കൊടുക്കുകയും ചെയ്തിരിക്കുന്നു. അനുഭവിച്ച നാദജ്യോതിസ്സുകളെ വൎണ്ണിച്ച പുരാതന രാജയോഗികൾ, നയനരോഗികളും, കൎണ്ണരോഗികളും, ഭ്രാന്തന്മാരുമാണൊ? യോഗാനന്ദചിഹ്നത്തെ അണുവോളമെങ്കിലും അനുഭവിപ്പാൻ സംഗതി വന്നവർ ഇങ്ങനെ പറയുകയില്ല.

'നാദാനുസന്ധാനസമാധിഭാജാം, യോഗീശ്വരാണാംഹൃദിവൎദ്ധമാനം ആനന്ദമേകംവചസാമഗമ്യം' എന്നപ്രമാണത്തിൽപറഞ്ഞപ്രകാരം നാദത്തെ അനുസന്ധാനം ചെയ്യുന്ന യോഗീശ്വരന്മാരുടെ ഹൃദയത്തിലുള്ള ആനന്ദം വാചാമഗോചരമാണ് എന്നാണ് പറയുക. അമൃതത്തിന്റെ രസത്തെ അമൎത്ത്യന്മാരല്ലാതെ മൎത്ത്യന്മാർ അറിയുകയില്ല. യോഗജ്ഞാനത്തെ യോഗികളല്ലാതെ ഭഗവൽഗീതാപാരായണക്കാരും, ബിംബപ്രതിഷ്ഠാദികൎമ്മപ്രവൎത്തകന്മാരും കൎമ്മാദ്വൈദാന്തികളും അറിയുകയില്ല. ഇതുവരെ അറിഞ്ഞിട്ടും ഇല്ല. "നയോഗഃപൃഥിവീതലെ" യോഗം ഭൂമിയിലില്ല എന്നു പറഞ്ഞ ദേവീഭാഗവതവചനത്തിന്നു അപ്പീലില്ല. ഇങ്ങിനെയിരിക്കുന്ന ഇക്കാലത്ത് നമ്മുടെ സിദ്ധഗ്രന്ഥങ്ങൾനിമിത്തം പലരും യോഗാനന്ദികളായിട്ടു ഈ ഭൂമി ചിലേടത്ത് യോഗശാലാശാലി

നിയായി യോഗവതിയായിട്ടും സന്ദശിക്കപ്പെട്ടവാൻ സംഗതി വന്നതാണ് ആശ്ചയ്യം. ഭഗവൽഗീതാപാരായണക്കാരും മററും ആക്ഷേപിക്കുന്നതും അതിനെ അനുമോദിക്കുന്നതും ആശ്ചയ്യമല്ല. ഭഗവൽഗീതാദി പ്രോക്തയാഗാദികമ്മങ്ങൾ ഈശ്വരപ്രസാദത്തിന്നും, ചിത്തശ്ശുദ്ധിക്കം ഉതകുന്നതല്ല. അതിന്നു പ്രമാണം.

"നദേവാനചശാസ്ത്രാണി നവ്രതാനിതപാംസിന
നമഖാനചദാനാനിചിത്തശ്ശുദ്ധേസ്തുകാരണം"

എന്നു ദേവീഭാഗവതാ അത്ഥം—ദേവന്മാരും ശാസ്ത്രങ്ങളും, വ്രതങ്ങളും, തപസ്സുകളും, ദാനങ്ങളും ചിത്തശ്ശുദ്ധിക്ക് ഉതകുന്നതല്ല. ഇങ്ങിനെ പ്രമാണം ഇരിക്കെ ഭഗവൽഗീതാ യാഗംകൊണ്ടു ദേവന്മാരെ പ്രസാദിപ്പിപ്പാൻ പറഞ്ഞത് ശരിയൊ? ദേവന്മാക്കുതന്നെ മനശ്ശുദ്ധിയില്ല. നോക്കുക. ദേവേന്ദ്രൻ ഗൌതമമഹഷിയുടെ ഭാര്യയായ അഹല്യയെ രഹസ്യം പിടിപ്പാൻ വേണ്ടി ചെന്നു കോഴിക്കൂകി മുനി സ്നാനത്തിന്നായിപ്പോയി അപ്പോൾ അഹല്യയെ അംഗീകരിക്കയും ഗൌതമൻ അറിഞ്ഞു ശപിക്കയും ചെയ്തു. ആ ഗൌതമശാപംകൊണ്ടു സഹസ്രാക്ഷൻ (ദേവേന്ദ്രൻ) സഹസ്രഭഗനായി എന്നും ദേവേന്ദ്രന്റെ വൃഷണം അററുപോയി എന്നും പിന്നെ ദേവന്മാരെല്ലാവരുംകൂടി മേഷത്തിന്റെ (ആട്ടിന്റെ) വൃഷണത്തെ ഒട്ടിച്ചു ദേവേന്ദ്രനെ മേഷാണ്ഡനാക്കിയെന്നും പുരാണം പറയുന്നു. ദേവേന്ദ്രന്റെ അവസ്ഥ എവിടെ കോഴിക്കൂകി കള്ളനായിതീന്ന കുത്സിതാവസ്ഥ എവിടെ? ഉവ്വശി, മേനക, രംഭാ മുതലായ അനവധി ദേവസുന്ദരികൾ ഇരിക്കെ മഹഷിപത്നിയുടെ പാതിവ്രത്യംകെടുപ്പാൻ ഇടവരുത്തേണമൊ? ആരെങ്കിലും ഉഗ്രതപസ്സ് ചെയ്യുന്നുണ്ടെന്നറിഞ്ഞാൽ അപ്പോൾ ദേവേന്ദ്രൻ സ്വഭായ്യമാരെ അയച്ചു തപോഭംഗം വരുത്തും. മേനകയെ അയച്ചു വിശ്വാമിത്രമഹഷിയുടെ തപസ്സിന്ന് വിഘ്നം വരുത്തി. ഇങ്ങിനെ എത്ര കഥ. ആരെങ്കിലും സ്വഭായ്യമാരെ അന്യന്നയച്ചു കൊടുക്കുമൊ? ഇത് എത്ര കുത്സിതം? സഗരമഹാരാജാവ് അശ്വമേധയാഗം ചെയ്വാൻ ആരംഭിച്ചു. അശ്വ

ത്തെ നടത്തിയപ്പോൾ അമരപ്രഭ (ദേവേന്ദ്രൻ) അതിനെ കട്ടുകൊണ്ടുപോയി പാതാളത്തിൽ കെട്ടി സഗരൻെറ അറുപതിനായിരം പുത്രന്മാരെയും കൊല്ലിച്ചു. ഇങ്ങിനെ ഓരോരാ ദേവന്മാരുടെയും അവതാരങ്ങളുടെയും മററും ദുശ്ചേഷ്ടിതം പറവാൻ പുറപ്പെട്ടാൽ അവസാനമില്ല. അവനവൻെറ മനസ്സിനെ ശുദ്ധമാക്കുവാൻ കഴിയാത്ത ദേവന്മാരെ യാഗാദികൾകൊണ്ടു ആരാധിച്ചാൽ നമ്മുടെ മനസ്സിന്ന് എങ്ങിനെ ശുദ്ധിയുണ്ടാകും? ഇതേവരെ ആക്കെങ്കിലും ഉണ്ടായിട്ടുണ്ടോ? ഇല്ല. യാഗം, വിഗ്രഹാരാധന, വ്രതം മുതലായ കർമ്മങ്ങളെ അനുഷ്ഠിക്കുന്നവരാണ് ഭേദദൃഷ്ടികൊണ്ടു അധികം തമ്മിൽതല്ലുന്നതും "ഹാ. ഹു, പൊ, ഓട്" എന്ന് ആട്ടിവിലക്കുന്നതും, ജ്ഞാനികളുടെനേരെ വടിയെടുക്കുന്നതും, ഇതാണൊദേവതാരാധനാദി കർമ്മങ്ങൾകൊണ്ടുള്ള ചിത്തശുദ്ധി? കർമ്മങ്ങൾ അജ്ഞാനത്തെ വദ്ധിപ്പിക്കയെ ഉള്ളു. അതിന്നു പ്രമാണം.

"യഥാമാവാസ്യാന്ധകാരം മേഘാവരണം വദ്ധയതിതഥാ കർമ്മ അജ്ഞാനം വദ്ധയതി" കറുത്തവാവിലുള്ള ഇരുട്ടിനെ മഴക്കാർ വദ്ധിപ്പിക്കയെയുള്ളു. അപ്രകാരം കർമ്മം അജ്ഞാനത്തെ വദ്ധിപ്പിക്കയെ ഉള്ളു.

"കാലംയജ്ഞതപൊദാന തീത്ഥദേവാച്ചനഭ്രമൈഃ
ചിരമാധിശതോപെതാഃക്ഷപയന്തി മൃഗാഇവ"

എന്നു വാസിഷ്ഠം അത്ഥം—യാഗം, തപസ്സ്, ദാനം, തീത്ഥസ്നാനം, വിഗ്രഹാരാധനാ ഇവയിൽ ഭ്രമിച്ചു അനേകകാലം വ്യസനത്തോടുകൂടി ജനങ്ങൾ മൃഗങ്ങളെപ്പോലെ കാലം കഴിച്ചുകൂട്ടുന്നു. യാഗാദികർമ്മങ്ങളുടെ ദോഷങ്ങളെ ശ്രുതിയുക്ത്യനുഭവപൂവ്വം എൻെറ മോക്ഷപ്രദീപത്തിലും, ആനന്ദസൂത്രത്തിലും വളരെ വിസ്തരിച്ചു തെളിയിച്ചിട്ടുള്ളതുകൊണ്ടു ഇതിൽവിസ്തരിക്കുന്നില്ല.

4. "പിതാഹമസ്യജഗതൊ" ഞാൻ ഈ ലോകത്തിൻെറ പിതാവാകുന്നു എന്നു കൃഷ്ണൻ ഗീതയിൽ പറഞ്ഞിരിക്കുന്നു. പിതൃധമ്മം എന്താണെന്നു നാം ഒന്നു ആലോചിക്കുക. ജഗത്തിൽ

പിതാക്കന്മാർ അവരവരുടെ പുത്രന്മാരെ സൎവ്വപ്രകാരത്തിലും നന്നാക്കുന്ന സ്വപുത്രന്മാൎക്കു എല്ലായ്പോഴും യോഗക്ഷേമങ്ങളെ കാംക്ഷിക്കയുംചെയ്യുന്നു. അപ്പോൾ പുത്രന്മാരെ നന്നാക്കി അവൎക്കു യോഗക്ഷേമങ്ങളെ ചെയ്യുന്നതാണ് പിതൃധൎമ്മം എന്നു സിദ്ധിച്ചു. പക്ഷെ ഇഷ്ടത്തിന്നു തക്കവണ്ണം അവയെ ചെയ്വാനും പുത്രന്മാരെ നല്ലവഴിക്കുതന്നെ നടത്തുവാനും ശക്തിയില്ലായ്കയാൽ ചില പുത്രന്മാർ വികൃതികളായി കെട്ടുപോകുന്നു. സൽപുത്രന്മാരാണെങ്കിലും അവൎക്കു പിടിപെടുന്ന രോഗാദ്യരിഷ്ടങ്ങളിൽ ചിലതു നീക്കുവാൻ കഴിയാതെ പിതാക്കന്മാർ വ്യസനിക്കയും ചെയ്യുന്നു ഇതിന്നുകാരണം ഇവരുടെ കഴിവില്ലായ്മമാത്രം ആകുന്നു. ജഗൽപിതാവ് സൎവ്വശക്തനാണെന്നു സൎവ്വമതക്കാരും സമ്മതിക്കുന്നതുകൊണ്ടു ആ പിതാവിന്നു കഴിയാത്തതായിട്ടു ഒന്നും ഇല്ല, എന്നതും സിദ്ധമാണല്ലൊ. ആ സ്ഥിതിക്കു ജഗൽപിതാവും സൎവ്വശക്തനും ആയ കൃഷ്ണന് സ്വപുത്രന്മാരായ ഈ സൎവ്വലോകജനങ്ങളേയും നല്ലവഴിക്കു നടത്തിക്കാമല്ലൊ. എന്തുകൊണ്ടാണ് അങ്ങിനെ ചെയ്യാതെ തമ്മിൽ തല്ലുവാൻ ഇടവരുത്തി താൻ ഒരു കക്ഷിയിൽ ചേൎന്നു മറ്റുള്ളവരുടെ കഴുത്ത് മുറിക്കുന്നതു? പിതാവിന്നു ഇങ്ങനെ പക്ഷഭേദം വരാമോ? അവനവന്റെ കൎമ്മത്തിന്നനുസരിച്ചു പിതാവു പുത്രന്മാരെയും രാജാവു പ്രജകളെയും സ്നേഹിക്കയും ശിക്ഷിക്കയും ചെയ്യുന്നതാകുന്നു. അല്ലാതെ പിതാവിന്നും രാജാവിന്നും ചിലരിൽ സ്നേഹമുണ്ടായിട്ടും ചിലരിൽ ദ്വേഷമുണ്ടായിട്ടും അങ്ങിനെ ചെയ്യുന്നതല്ല. അപ്രകാരം സൎവ്വപിതാവും സ്നേഹദ്വേഷങ്ങൾകൊണ്ടു ചെയ്യുന്നതല്ല. അവനവന്റെ കൎമ്മങ്ങൾക്ക് അനുസരിച്ചു ചെയ്യുന്നതാകുന്നു" എന്നുസമാധാനിക്കുന്നു എങ്കിൽ അതു ശരിയല്ല. പിതാവിന്നും രാജാവിന്നും മക്കളുടേയും പ്രജകളുടേയും ഉള്ളിൽ പ്രവേശിച്ചിട്ടൊ മറ്റു വല്ല പ്രകാരത്തിലൊ ശരിയായവഴിക്കുതന്നെ നടത്തുവാൻശക്തിയില്ല. അതുകൊണ്ടു പുത്രന്മാരും, പ്രജകളും തെറ്റിനടക്കുമ്പോൾ ശിക്ഷിക്കേണ്ടിവന്നുപോകുന്നു. സൎവ്വപിതാവായ കൃഷ്ണൻ സൎവ്വശക്ത

നായതുകൊണ്ടു സവ്വന്മാരുടെയും ഹൃദയത്തിൽ പ്രവേശിച്ചിട്ടൊ മററു പ്രകാരത്തിലൊ എല്ലാവരേയും യാതൊരു തെററുംകൂടാതെ നല്ലവഴിക്കുതന്നെ നടത്താം. അപ്പോൾ ദുഷ്ടന്മാർ ഉണ്ടാകയും ഇല്ല. അങ്ങിനെ ചെയ്യാതെ പുത്രന്മാർ ദുഷ്ടന്മാരായിത്തീരുന്നതിനെ കാത്തുകൊണ്ടിരുന്നു കണ്ടുപിടിച്ചു കണ്ഠഛേദം ചെയ്യുന്നതും ചെയ്യിപ്പിക്കുന്നതുമാണൊ പിതൃധമ്മം? സിംഹവ്യാഘ്രാദി ദുഷ്ടജന്തുക്കൾകൂടി അവയുടെ കുട്ടികളെ കൊല്ലുകയൊ, കൊല്ലിക്കയൊ ചെയ്യില്ലല്ലൊ. "ഞാൻ അവതാരമാണ്, ഞാൻ ഈ ജഗത്തിൻെറ പിതാവാണ്" എന്നുപറഞ്ഞ കൃഷ്ണൻെറ വാക്കു കൊണ്ടുതന്നെ കൃഷ്ണന് നിൽക്കക്കള്ളിയില്ലാതെ വന്നുപോയി. അജ്ജുനനോടു എന്തും പറയാമെന്നൊ? "ഹെ കൃഷ്ണ! ജഗൽപിതാവായ അങ്ങുന്നു പുത്രന്മാരെ ശരിക്കുനടത്താതെ യുദ്ധംചെയ്യിച്ചു കൊല്ലിക്കുന്നതും കൊല്ലുന്നതും എന്തിനാണ്? ദുയ്യോധനാദി സ്വജനങ്ങളെയും, ഭീഷ്മാദി മഹാഗുരുജനങ്ങളെയും, പുത്രമിത്രാദികളെയും എന്നെകൊണ്ടു കൊല്ലിക്കുന്നതു എന്തിനാണ്? പുത്രന്മാരെ ശരിക്കു നടത്തിക്കാത്ത തെററ് ഭവാൻെറവകയല്ലെ?" എന്നു ഒരുചോദ്യം അജ്ജുനൻ ചെയ്യേണ്ടതായിരുന്നു. ജഗൽപിതാവായ കൃഷ്ണന്നു അവതാരവും, യുദ്ധവും, പുത്രഹിംസയും കൂടാതെ കഴിപ്പാൻ വേറെയും വഴിയുണ്ടു്. അതു എന്താകുന്നു എങ്കിൽ ഒന്നാമത്തെ സൃഷ്ടിയിൽതന്നെ ചന്ദ്രന്നു ശീതളത്വത്തെയും കരിമ്പിന്നു മധുരത്തേയും മററും സൃഷ്ടിച്ചതുപോലെ മനുഷ്യക്കു മഹാഭക്തി, ജ്ഞാനം, സമദൃഷ്ടി, ദയ, പരസ്പരോപകാരപരതാ, രാഗദ്വേഷാദിരാഹിത്യം മുതലായ സകല സൽഗുണങ്ങളെമാത്രം സൃഷ്ടിച്ചതാണെങ്കിൽ സവ്വന്മാരും പാപകമ്മങ്ങളെ ചെയ്യാതെ ജഗൽപിതാവായ കൃഷ്ണനെ ഭജിച്ചു നല്ലസ്ഥിതിയിൽ തന്നെ കഴിച്ചുകൂട്ടുമല്ലൊ. അവരുടെ സൽഗുണങ്ങളെ അവർ ഉപേക്ഷിച്ചാലുംകൂടി പോകയില്ല. ചന്ദ്രൻെറ ശീതളത്വത്തെ ചന്ദ്രൻ ഉപേക്ഷിച്ചാലും പോകുമൊ? ഇല്ല. അപ്പോൾ ദുഷ്ടന്മാരായിതീരുവാൻ ആക്കും നിവ്വാഹമില്ല. കൃഷ്ണൻ അങ്ങിനെ ചെ

യ്യാതെ പുത്രന്മാർ ദുഷ്ടന്മാരായിത്തീരുവാൻ കാത്തുംകൊണ്ടിരുന്നു കലഹിച്ചു കഴഞ്ഞു മുറിക്കുന്നതും, മുറിപ്പിക്കുന്നതുമാണൊ പിതൃധൎമ്മം? അവതാരവും, യുദ്ധവും, പുത്രഹിംസയും കൂടാതെ കഴിപ്പാൻ ജഗൽപിതാവായ കൃഷ്ണനു വേറെയും വഴിയുണ്ട്. അതായതു് സൃഷ്ടിക്കാതെ ഇരിക്കുകതന്നെ. സൃഷ്ടിച്ചിട്ടു വല്ല ലാഭവുംഉണ്ടൊ? പിന്നെന്തിനു സൃഷ്ടി? പക്ഷേ മക്കളെഉണ്ടാക്കി അവർ വ്യാധികൊണ്ടും ദാരിദ്ര്യംകൊണ്ടും മററു പലതരത്തിലും ദുഃഖിക്കുന്നതും അവർ കലഹിച്ചു നശിക്കുന്നതും, നശിപ്പിക്കുന്നതും ജഗൽപിതാവായ കൃഷ്ണൻ ഒരു ലാഭമായി കരുതിയിരിക്കുമൊ? അങ്ങിനെ കരുതുന്നതും അതിനെ അനുസരിച്ചു ചെയ്യുന്നതുമാണൊ പിതൃധൎമ്മം? ജഗൽപിതാവായ കൃഷ്ണന്റെ ധൎമ്മം അങ്ങിനെയാണെന്നു് വരികിൽ നഷ്ടപ്പദിനമൊ, വസൂരിയൊ, പ്ലേഗൊ മററൊ ഉണ്ടാക്കി ദുഷ്ടപുത്രന്മാരെ കൊന്നു ഒബ്ബ്യവാദനായിരിക്കരുതൊ? എന്നാൽ ജഗൽപിതാവാണെന്നു താൻതന്നെ പറഞ്ഞുംകൊണ്ടു പുത്രന്മാരെ വൃഥാ ഹിംസിക്കുന്നതുകൊണ്ടു "പുത്രഹിംസാപ്രിയനാണ് ജഗൽപിതാവായ കൃഷ്ണൻ" എന്ന ലോകാപവാദം കൂടാതെ കഴിക്കാമായിരുന്നുവല്ലൊ. പക്ഷെ തന്റെ കൈകൊണ്ടു തന്നെ ചില പുത്രന്മാരുടെ കണ്ഠത്തെ ഛേദിക്കുന്നതിലും യുദ്ധകോലാഹലത്തിലും ജഗൽപിതാവായ കൃഷ്ണനു് കൌതുകമുണ്ടായിരിക്കാം. അതുകൊണ്ടായിരിക്കാം പ്ലേഗ് മുതലായ രോഗംകൊണ്ടു ദുഷ്ടന്മാരെ മുഴവൻ കൊന്നൊടുക്കാതെ യുഗംതോറും അവതരിക്കും.

"സംഭവാമിയുഗെയുഗെ" എന്നു കൃഷ്ണൻ പറഞ്ഞതു? ആ വിചാരത്തിൽ അവതരിക്കുന്ന പക്ഷവും ഒന്നാമതു് മനുഷ്യരെ മുഴവൻ കൊന്നൊടുക്കുന്നതിനല്ലയൊ ഒരു അവതാരം വേണ്ടതു്? എന്തുകൊണ്ടെന്നാൽ മനുഷ്യരെപ്പോലെ ദുഷ്ടജന്തുക്കൾ ലോകത്തിൽ ഇല്ല. നോക്കുക, ആടു, മാടു, എരുമ മുതലായ ജന്തുക്കളുടെ കുട്ടികളെ കുററിയിൽ പിടിച്ചു കെട്ടിയിട്ടു അവയുടെ പാലിനെ കറന്നെടുക്കുന്നു. അവയുടെ കുട്ടികൾ അതുകണ്ടുകൊണ്ടു മുല

കുടിപ്പാൻ പൊരിഞ്ഞു മൂഞ്ച (മുഖം) കൊണ്ടു മുട്ടിയിട്ടും മററും പല വികാരങ്ങളെ കാണിക്കുന്നു, കരയുന്നു. ചില പാപികൾ ഒററത്തുള്ളിപ്പാൽ പൈക്കുട്ടിക്കു കൊടുക്കയില്ല. പശുക്കളും കുട്ടികളും വ്യസനിക്കുക എന്നല്ലാതെ എന്തുചെയ്യും? നമുക്കു മീതെ ഒരു ജാതിയുണ്ടെന്നുവെക്കുക അവർ നമ്മുടെ കുട്ടികളെ പിടിച്ചു കെട്ടിയിട്ടു അമ്മമാരുടെ മുലപ്പാൽ മുഴുവൻ കറന്നുകൊണ്ടു പോകുന്നു എങ്കിൽ നമുക്കു എത്ര സങ്കടമായിരിക്കും?

2. കാള, പോത്ത്, നായ മുതലായ ചില ജന്തുക്കളുടെ വൃഷണത്തെ കീറി മനുഷ്യർ മണി എടുക്കുന്നു. ചിലർ അവയുടെ വൃഷണത്തെ ഇടുക്കുകോലിട്ടു ഇടുക്കി ഞെക്കി ഉടയ്ക്കുകയും ചെയ്യുന്നു. ആ സമയത്തു അവക്കുള്ള സങ്കടം കാണുന്നവൎക്കു കൂടി അസഹ്യമായിരിക്കുന്നു. അങ്ങിനെ ആ പ്രാണികൾക്കു സ്ത്രീവിഷയസുഖത്തെ ജന്മപൎയ്യന്തം അനുഭവിപ്പാൻ പാടില്ലാത്ത വിധത്തിലാക്കിത്തീൎക്കുന്നു. മനുഷ്യരൊ ധാതുക്ഷയം ഉണ്ടെന്നു കണ്ടാൽ ധാതുവൃദ്ധികരങ്ങളായ ഔഷധങ്ങളെ സേവിച്ചിട്ടും ജന്മപൎയ്യന്തം സ്ത്രീവിഷയസുഖത്തെ അനുഭവിപ്പാൻ ശ്രമിക്കുന്നു. മേൽപറഞ്ഞ പ്രാണികളുടെ എന്നപോലെ മനുഷ്യരുടെ വൃഷണങ്ങളെ കീറി മണിഎടുക്കുവാനൊ ഉടയ്ക്കുവാനൊ ആരെങ്കിലും സമ്മതിക്കുമൊ? മനുഷ്യനുള്ളതുപോലെ മററുള്ള പ്രാണികൾക്കും സുഖദുഃഖങ്ങൾ ഉണ്ടെന്നറിഞ്ഞിട്ടുംകൂടി പ്രാണികളെപീഡിക്കുന്നതു നരധൎമ്മമൊ നരിധൎമ്മമൊ? ഓരോ പ്രാണികളെ അറക്കുമ്പോൾ അവ പ്രാണവേദന സഹിച്ചുകൂടാതെ കൈകാലുകൾ പിടച്ചു കാട്ടുന്ന മരണദുഃഗോഷ്ടി കണ്ടാലും ആൎത്തനാദം കേട്ടാലും ആർ സഹിക്കും. മനുഷ്യർ ഏതെല്ലാംവിധത്തിലാണ് പ്രാണികളെ ഹിംസിക്കുന്നതു്? 20—21 ഭാഗങ്ങളെ അല്പം വായിച്ചു നോക്കുക. മനുഷ്യർ ചെയ്യുന്ന ഹിംസയെപ്പററി എഴുതുന്നതായാൽ ഈ അവസരത്തിൽ സാധിക്കുന്നതല്ല. കടലിലും, കരയിലും, കാട്ടിലും, നാട്ടിലും, വീട്ടിലും, മലയിലും, ആകാശത്തിലും ഉള്ള സൎവ്വപ്രാണികളെയും മനുഷ്യരെയും ഹിംസിക്കുന്ന നരി

ആർ എന്നു ചോദിച്ചാൽ നരൻ എന്ന ഉത്തരം പറഞ്ഞാൽ മാത്രമെ ശരിയായ ഉത്തരമാകയുള്ളു. സിംഹവ്യാഘ്രാദിക്രൂരജന്തുക്കളെക്കൊണ്ടു മനുഷ്യർ ചെയ്യുന്നതിൽ ഒരു ശതാംശം ഉപദ്രവം ഇല്ല. അവ ക്ഷുത്തു ബാധിക്കുമ്പോൾ ഒന്നിനെ പിടിച്ചുതിന്നും. അവയ്ക്കു മററു ആഹാരം ഇല്ലതാനും. വിശേഷബുദ്ധിയും ഇല്ല. അതുകൊണ്ടു അവ ഹിംസിക്കുന്നതു അന്യായമല്ല. മനുഷ്യനു ഹിംസിക്കാതെ കഴിച്ചുകൂട്ടുവാൻ അനവധി ഭക്ഷണവസ്തുക്കൾ ഉണ്ടായിട്ടും വിശേഷബുദ്ധിയുണ്ടായിട്ടും "ഹിംസിക്കരുത്" ദയയിൽമീതെ ഒരു ധൎമ്മമില്ല, പ്രാണിഹിംസയിൽമീതെ ഒരു അധൎമ്മവുമില്ല" എന്നുപദേശിപ്പാൻ ശാസ്ത്രങ്ങളും മഹാന്മാരും ഉണ്ടായിട്ടുംകൂടി ആട്ടിന്റെ വായും മൂക്കും അടക്കിപ്പിടിച്ചു വീപ്പുമുട്ടിച്ചു വൃഷണം തിരുമ്പിയിട്ടും അറുത്തിട്ടും അടിച്ചു പതച്ചിട്ടും, വെടിവെച്ചിട്ടും ക്രൂരശസ്ത്രങ്ങളെപ്രയോഗിച്ചിട്ടും കൊല്ലുന്നതിൽ മീതെ ഒരു അന്യായകൎമ്മം ലോകത്തിൽ എന്താ ഉള്ളതു്? മനുഷ്യൻ ആകണ്ഠം ആഹാരംകഴിച്ചു ക്ഷുത്തടങ്ങി കിടക്കുമ്പോഴും പല ആലോചനതന്നെ. ചിലരുടെ ആലോചന ചിലരുടെ കഴുത്തു മുറിക്കേണ്ടതരത്തിലായിരിക്കും. ഇവരെ ഹിംസിച്ചാൽ സകല പ്രാണികൾക്കും സ്വാതന്ത്ര്യവും സൌഖ്യവും സിദ്ധിക്കും. ജഗൽപിതാവായ കൃഷ്ണനു ലേശം കരുണയോ, സമദൃഷ്ടിയൊ, നീതിയൊ ഉണ്ടെങ്കിൽ മനുഷ്യരെ കൊന്നു അനാഥപ്രാണികളായ ആടു, കോഴി മുതലായ സകല പ്രാണികളെ രക്ഷിപ്പാനല്ലയൊ അവതാരം ചെയ്യേണ്ടതു്? അങ്ങിനെ ചെയ്യാതെ മനുഷ്യൎക്കു സങ്കടം നേരിടുമ്പോൾമാത്രം അവതരിച്ചു രക്ഷപ്പെടുത്തിയാൽ മതിയൊ? ജഗൽപിതാവിന്റെ ധൎമ്മം പക്ഷഭേദമാണൊ? ജഗൽപിതാവിന്റെധൎമ്മം പ്രബലകക്ഷിയിൽ ചേരുന്നതാണോ? "മനുഷ്യർ കൃഷ്ണനെ പൂജിക്കും, സ്തുതിക്കും, നമസ്കരിക്കും പലവിധത്തിലും ബഹുമാനിക്കും. ആടു, കോഴി മുതലായവയ്ക്കു സഹായിച്ചാൽ ആവിധ ബഹുമാനവും മററും സിദ്ധിക്കയില്ല" എന്നു കരുതി ദേവമനുഷ്യാദി പ്രബലപക്ഷത്തിൽ ജഗൽപിതാവായ

കൃഷ്ണൻ കൂടുന്നതാണൊ? ഇതാണൊ പിതൃധർമ്മം? ഞാൻ ഈ ജഗത്തിന്റെ പിതാവാകുന്നു" എന്നു കൃഷ്ണൻ പറഞ്ഞതിനെ പ്പററി ആക്ഷേപിക്കുന്നതായാൽ ഉത്തരം പറവാൻ നിർവ്വാഹമി ല്ലാതെ കൃഷ്ണൻ കുഴങ്ങിപ്പോകുമായിരുന്നു. "എന്നല്ല ജഗൽപി താവ് എന്നു പറഞ്ഞതു തെററിപ്പോയി ദുർഗ്ഗുണങ്ങൾക്കു ഇരി പ്പിടമാകുന്നു" എന്നുകൂടി കൃഷ്ണനു സമ്മതിക്കേണ്ടിവരും. "എലി ക്കു മരണം പൂച്ചക്കു വിളയാട്ടം" എന്നു പറഞ്ഞകൂട്ടത്തിൽ ജഗൽ പിതാവായ കൃഷ്ണന്റെ വിളയാട്ടം പുത്രന്മാൎക്കു പ്രാണവേദനയാ യിട്ടിരിക്കുന്നു. ദാരിദ്ര്യവും മഹാവ്യാധിയും രണ്ടും പിടിപെട്ടു ദുഃഖിക്കുന്നവർ എത്ര? രാഗദ്വേഷാദി രോഗം നിമിത്തം ദുഃഖി ക്കാത്തവർ ആർ? ജനനമരണദുഃഖങ്ങൾ ഇല്ലാത്തവർ ആർ? മനുഷ്യരെ ഒഴിച്ചു മററുള്ള പ്രാണികളുടെ ദുഃഖമൊ പറയേണ്ട തില്ല; മനുഷ്യരിൽനിന്നു അവയ്ക്കു നേരിടുന്ന അസഹ്യമായ ദുഃഖത്തെ ഞാൻ അല്പം പറഞ്ഞുവല്ലൊ. അതിനു പുറമെ ചെ റിയ മത്സ്യത്തെ വലിയ മത്സ്യം; തവളയെ പാമ്പു; പശുവിനെ പുലി; എലിയെ പൂച്ച ഇങ്ങിനെ അനേക തരത്തിലുള്ള ദുർബ്ബല പ്രാണികളെ പ്രബലപ്രാണികൾ ജീവനോടുകൂടി ചാടിപ്പിടിച്ചു കൊന്നുതിന്നുന്നു, ഇതും എന്തൊരു സങ്കടമാണ്? ജഗൽപിതാവു തന്റെ പുത്രന്മാരിൽ പ്രബലന്മാർ, എളിയപുത്രന്മാരെ പിടിച്ചു തിന്നേണ്ടതരത്തിലും തമ്മിൽതല്ലേണ്ട തരത്തിലും മഹാവ്യാധി കളിൽപെട്ടു ദുഃഖിക്കേണ്ട വിധത്തിലും ആണൊ സൃഷ്ടിക്കേണ്ടതു? ജഗൽപിതാവ് അവതരിച്ചിട്ടും സമദൃഷ്ടി, ജ്ഞാനം, ഐക മത്യം മുതലായ ഗുണങ്ങൾ അരികിൽ അണവാൻ നിർവ്വാഹമി ല്ലാത്തവിധത്തിൽ ജാതിഭേദയാഗാദികളായ അജ്ഞാനകൎമ്മങ്ങ ളെയാണൊ സ്ഥാപിക്കേണ്ടതു്? ജ്ഞാനികളെ അടിച്ചു ഓടിക്കു മാറാക്കുകയാണൊ ചെയ്യേണ്ടതു്? ജഗൽപിതാവ് ഹൃദയത്തി ലിരുന്നുംകൊണ്ടു് പുത്രന്മാരെ ഭ്രമിപ്പിച്ചിട്ടും സങ്കടത്തിൽ ചാടി ക്കുകയാണൊ ചെയ്യേണ്ടതു്? ജഗൽപിതാവായ ഈശ്വരനാണ് ഭ്രമിപ്പിക്കുന്നതു് എന്നല്ലയൊ ഗീത പറയുന്നതു്. "ഈശ്വരസ്സ

ർവ്വഭൂതാനാം ഹൃദ്ദേശേജ്ജുനതിഷ്ഠതി, ഭ്രാമയൻസർവ്വഭൂതാനിയന്ത്രാരൂഢാനിമായയാ" ഹേ, അജ്ജുന! സൃഷ്ടിയന്ത്രത്തിന്മേൽ കയറിയ മനുഷ്യാദിസർവ്വപ്രാണികളേയും മായകൊണ്ടു ചുററിത്തിരിച്ചുകൊണ്ടു ഈശ്വരൻ സകല പ്രാണികളുടേയും ഹൃദയത്തിലിരിക്കുന്നു എന്നത്ഥം. ഈശ്വരൻ ഹൃദയത്തിലിരുന്നുംകൊണ്ടു ഇങ്ങിനെ പ്രവൃത്തിച്ചുകൊണ്ടിരിക്കുമ്പോൾ പ്രാണികളെല്ലാം ആ വഴിക്കുതന്നെ അതാതിനെ ചെയ്യാതെ ഈശ്വരന്നു എതിരായി ചെയ്യുവാൻ എങ്ങിനെ ശക്തന്മാരായിത്തീരും? കൊടുങ്കാററടിക്കുമ്പോൾ അതിന്റെ വഴിക്കുതന്നെ പൊടികളും ശുഷ്കപത്രങ്ങളും മററും പോകുന്നതല്ലാതെ ആ വങ്കാററിന്നു എതിരായി പോകുവാൻ കഴിയുമൊ? നദീപ്രവാഹത്തിൽപെട്ട എരുമ്പുകൾ ആ പ്രവാഹം വഴിക്കുതന്നെ ഒലിച്ചുപോകുന്നതല്ലാതെ അതിന്നു എതിരായി നീന്തിക്കയറുവാൻ കഴിയുമൊ? പിതാവു തന്റെ കുട്ടിയുടെ കയ്യിൽ കത്തികൊടുത്തു കുട്ടിയുടെ കയ്യിന്നെപ്പിടിച്ചു തിരിച്ചു ആ കുട്ടിയുടേയും മററു കുട്ടിയുടേയും കഴുത്തിൽകുത്തിച്ചു കൊല്ലുകയും കൊല്ലിക്കയും ചെയ്യുമ്പോൾ കുട്ടി എന്തുചെയ്യും? അപ്രകാരം ജഗൽപിതാവു ഉള്ളിലിരുന്നുകൊണ്ടു തിന്മകളെ ചെയ്യിപ്പിക്കുമ്പോൾ പുത്രന്മാരായ പ്രാണികൾ എന്തുചെയ്യും? ഇങ്ങിനെ എല്ലാം ജഗൽപിതാവു ചെയ്യുകയും ചെയ്യിപ്പിക്കയും ചെയ്തിട്ടു പിടിച്ചു ശിക്ഷിക്കുന്നതു പുത്രന്മാരെയും ആകുന്നു നോക്കുക.

"താനഹംദ്വിഷതഃക്രൂരാൻസംസാരേഷുനരാധമാൻ
ക്ഷിപാമ്യജസ്രമശുഭാനാസുരീഷ്വേവയോനിഷു"

അത്ഥം—ദ്വേഷിക്കുന്നവരും, ക്രൂരന്മാരും, അശുഭന്മാരും, നരാധമന്മാരും ആയവരെ ഞാൻ എപ്പോഴും സംസാരങ്ങളിൽ അസുരയോനികളിൽ തന്നെ തള്ളിയിടുന്നു, എന്നു ഭഗവൽഗീതയിൽ ജഗൽപിതാവായ കൃഷ്ണൻ പറഞ്ഞിരിക്കുന്നു. എന്തിന്നു വേണ്ടി തന്റെ പുത്രന്മാരെ നീചയോനികളിൽ തള്ളിയിടുന്നു? ഉൽകൃഷ്ടയോനികളിൽ ആക്കി ഉദ്ധരിക്കുന്നതല്ലയൊ ഉത്തമം?

പുത്രന്മാരെ നല്ലവണ്ണം സൃഷ്ടിപ്പാനും നല്ലവഴിക്കുതന്നെ നടത്തു വാനും ശക്തിയുള്ള ജഗൽപിതാവ്, അങ്ങിനെ ചെയ്യാതെ അ വരെ അധഃപതിപ്പിക്കുന്നതാണൊ പിതൃധമ്മം? അതാണൊ ധമ്മസംസ്ഥാപനം? അതാണൊഅവതാരകാര്യ്യം? നമ്മുടെ ജഗൽ പിതാവായ കൃഷ്ണനു ഒരു മേലധികാരിയുണ്ടെങ്കിൽ ജഗൽപിതാ വിനെ എന്നെന്നും നരകത്തിൽ ഇടും. "എന്റെ കുററമല്ല, മായയാണ് (ത്രിഗുണങ്ങളാണ്) ഇങ്ങിനെയെല്ലാം തകരാറാക്കു ന്നതു്" എന്നുപറഞ്ഞു ജഗൽപിതാവിന്റെ കുററത്തെ മായയിൽ ആരോപിച്ചു രക്ഷപ്പെടുവാനും നിവ്വാഹമില്ല. ജഗൽപിതാ വിന്റെ വാക്കോഴി തന്നെ ജഗൽപിതാവിന്നു വിരോധമായിരി ക്കുന്നു, കേൾപ്പിൻ.

"പിതാഹമസ്യ ജഗതൊമാതാ ധാതാപിതാമഹഃ"

അത്ഥം—ഈ ജഗത്തിന്റെ പിതാവും മാതാവും (മായയും) മുത്തച്ഛനും സൃഷ്ടികത്താവും ഞാൻ ആകുന്നു എന്നു, കൃഷ്ണൻ ഭഗ വൽഗീതയിൽ പറഞ്ഞിരിക്കുന്നു. അതുകൊണ്ടു വേറെ ഒരു പ്രകൃ തിയുണ്ടു് തകരാറാക്കിത്തീപ്പാൻ എന്നു പറയുന്നു എങ്കിൽ അതു സാധുവാകയില്ല. ഈശ്വരൻ വിധേയമായമായയുംകൊണ്ടും താൻ ഒതുക്കിയാൽ ഒതുങ്ങാത്ത പ്രകൃതിയും ഇല്ല. മന്ത്രി പ്രജകളെ ദ്രോഹിക്കുന്നതു കണ്ടാൽ ആ മന്ത്രിയെ ഒതുക്കേണ്ട ഭാരം രാജാ വിന്നാണ്. അപ്രകാരം പുത്രന്മാരെ വികൃതികളാക്കുന്നതു പ്രകൃതി യാകുന്നു എങ്കിൽ ആ പ്രകൃതിയെ ഒതുക്കേണ്ട ഭാരം ജഗൽപിതാ വിന്റേതാകുന്നു.

5. "സമോഹംസവ്വഭൂതേഷു നമേദ്വേഷ്യോസ്തിനപ്രിയഃ"

ഞാൻ എല്ലാ പ്രാണികളിലും സമനാകുന്നു ഇനിക്കു് ദ്വേ ഷ്യനും ഇല്ല പ്രിയനും ഇല്ല. എന്നു ജഗൽപിതാവായ കൃഷ്ണൻ ഗീതയിൽ പറഞ്ഞിരിക്കുന്നു അതിൽ തന്നെ,

"ഇഷ്ടോസിമേദൃഢമിതിതതൊവക്ഷ്യാമിതേഹിതം"

"താനഹംദ്വിഷതഃക്രൂരാൻസംസാരേഷുനരാധമാൻ
ക്ഷിപാമ്യജസ്രമശുഭാനാസുരീഷ്വേവയോനിഷു"

ഇത്യാദി വചനങ്ങൾകൊണ്ടു ഹേ "അൎജ്ജുന! നീ ഇനിക്ക ഏററവും പ്രിയനായതുകൊണ്ടു നിണക്ക് ഹിതമായിട്ടുള്ളതിനെ പറയാം. ആ ക്രൂരന്മാരും, അശുഭന്മാരും, നരാധമന്മാരും ആയ ദ്വിഷത്തുക്കളെ ഞാൻ എന്നും നീചയോനികളിൽ തന്നെ തള്ളിയിടും" എന്നു പറഞ്ഞിരിക്കുന്നു. ഇതുകൊണ്ടു ജഗൽപിതാവിന്നു പ്രിയനും ദ്വേഷ്യനും ഇല്ലെന്നു പറഞ്ഞതിന്നു നേരെ വിപരീതമായി പ്രിയനും ദ്വേഷ്യനും ഉണ്ടെന്നു സമ്മതിക്കേണ്ടിവന്നു? അൎജ്ജുനൻ പ്രിയനായതുകൊണ്ടല്ലയൊ സ്വസഹോദരിയായ സുഭദ്രയെ മോഷ്ടിപ്പാൻകൂടി കൃഷ്ണൻ അൎജ്ജുനന്നു സഹായിച്ചതും. ദേവന്മാൎക്കും ഭക്തന്മാൎക്കും കാണിച്ചുകൊടുക്കാത്ത വിശ്വരൂപം കൂടി അൎജ്ജുനന്നു കാണിച്ചുകൊടുത്തിട്ടു ഹേ അൎജ്ജുന! നിണക്കമാത്രമെ ഞാൻ ഈ രൂപത്തെ കാണിച്ചു തന്നിട്ടുള്ളു. എന്ന് കൃഷ്ണൻതന്നെ ഗീതയിൽ പറഞ്ഞതും. അൎജ്ജുനന്നുവേണ്ടി എന്തെല്ലാമാണ് ചെയ്തിട്ടുള്ളതു? ദുൎയ്യോധനാദികളെ മുടിക്കുവാൻ എന്തൊക്കെയാണ് ചെയ്തിട്ടുള്ളതു്? ജഗൽപിതാവിന്റെ പ്രവൃത്തി മുഴുവനും പക്ഷഭേദവും അന്യായവും ആകുന്നു. സമത്വം എവിടെ? "ഞാൻ സമനാണ്, ഇനിക്ക് പ്രിയനും ദ്വേഷ്യനും ഇല്ല. രാഗദ്വേഷാദികൾ അരുത്, അഹിംസാദിധൎമ്മത്തോടുകൂടിയിരിക്കേണം" എന്നും മററും ഉപദേശിപ്പാൻ അറിഞ്ഞുകൂടാത്തവർ ചുരുക്കമാണ്. നടവടികൊണ്ടാണ് അന്യന്മാൎക്ക് ഉപദേശിക്കേണ്ടതു. ഭഗവൽഗീതയുടെ ഗതി അങ്ങിനെയല്ല.

ഈ ദുൎയ്യോധനന്റെ ഉപദ്രവംനിമിത്തം പാണ്ഡവാദി പല സജ്ജനങ്ങൾക്കും ഉപദ്രവം ഉണ്ടു. "അതുകൊണ്ടു ആ ദുഷ്ടനെ നിഗ്രഹിച്ചു സാധുജനരക്ഷയെ ചെയ്വാൻ വേണ്ടി അൎജ്ജുനനെക്കൊണ്ടു വധിപ്പിച്ചതാകുന്നു" എന്നു സമാധാനിക്കുന്നു എങ്കിൽ, അതു ശരിയല്ല. "അച്ഛേദ്യോയമദാഹ്യോയ" മിത്യാദിശ്ലോകം കൊണ്ടു "ആത്മാവിനെ ശസ്ത്രങ്ങൾകൊണ്ടു ഛേദിപ്പാനും, അഗ്നിയെക്കൊണ്ടു ദഹിപ്പിപ്പാനും, ജലത്തെക്കൊണ്ടു അലിയിപ്പിപ്പാനും, കാററിനെകൊണ്ടു ശോഷിപ്പിപ്പാനും കഴികയില്ല. ഒരു

വിധത്തിലും ആക്കും ആത്മാവിനെ ഉപദ്രവിപ്പാനൊ, നശിപ്പിപ്പാനൊ കഴികയില്ല. അതുകൊണ്ടു ഞാൻ കൊല്ലുന്നവല്ലൊ, പാപമാണല്ലൊ എന്ന ഭയംവേണ്ടാ, ശോചിക്കേണ്ടാ, ഹേ! അജ്ജുന! യുദ്ധം ചെയ്യുക” എന്നിങ്ങിനെ ഉപദേശിച്ചു ധൈയ്യത്തെ നൽകിയിട്ടാണ് അജ്ജുനൻ യുദ്ധത്തിന്ന് സന്നദ്ധനായതു. അജ്ജുനൻ നിശിതശസ്ത്രങ്ങൾകൊണ്ടു കണ്ടെത്തെ ച്ഛേദിച്ചാലും ആത്മാവിന്നു ഉപദ്രവനാശങ്ങൾ പററാത്ത അവസ്ഥക്ക് ദുയ്യോധനൻെറ അനീതികൊണ്ടും സജ്ജനങ്ങളുടെ ആത്മാവിന്നു യാതൊരു ഹാനിയും പററില്ലല്ലൊ, പിന്നെ എന്തിന്ന് ദുയ്യോധനവധത്തെ ചെയ്യിപ്പിച്ചു? “ആത്മാവിന്നു ഒന്നും പററുന്നില്ലെങ്കിലും ദേഹത്തിന്ന് ഉപദ്രവം ഏൽക്കുന്നു, അതുകൊണ്ടു ദുയ്യോധനാദികളെ വധിപ്പിച്ചതാകുന്നു” എന്നു പറയുന്നു എങ്കിൽ ‘അന്തവന്തഇമേ ദേഹാഃ’ ദേഹങ്ങൾ നാശത്തോടുകൂടിയവയാകുന്നു അതിനാൽദേഹനാശത്തെപററിയും ക്ലേശിപ്പാൻ അവകാശമില്ല” എന്നു കൃഷ്ണൻ ഉപദേശിച്ചിരിക്കുന്നു. അപ്പോൾ കൃഷ്ണൻെറ അഭിപ്രായപ്രകാരംതന്നെ ദുയ്യോധനൻെറ ദുന്നീതിനിമിത്തം ദേഹോപദ്രവത്തെപ്പററിയും ക്ലേശിപ്പാൻ അവകാശമില്ല. പിന്നെന്തിന്ന് ദുയ്യോധനാദികളെ കൊല്ലിച്ചു? പാണ്ഡവന്മാക്ക രാജ്യലാഭത്തിന്നുവേണ്ടിത്തന്നെ. സ്വലാഭത്തിന്നുവേണ്ടി ഹിംസിക്കാമെന്നു ഗീത അനുവദിച്ചിട്ടുണ്ടു എന്നു തീച്ചപ്പെട്ടില്ലയൊ? “യസ്യനാഹംകൃതൊഭാവ” ഇത്യാദി ശ്ലോകം സ്തുതിപരമല്ലെന്നു സമ്മതിച്ചെമതിയാവു. പാണ്ഡവർ രാജ്യം ഭരിച്ചിട്ടില്ലെങ്കിൽ രാജ്യം ഒലിച്ചുപോകും എന്നു വിചാരിപ്പാനും തരമില്ല. ഒരു രാജാവല്ലെങ്കിൽ മററൊരു രാജാവു് ഉണ്ടാകും. ഇന്നു ഇന്ത്യയെ ഭരിക്കുന്നതു പാണ്ഡവന്മാരാണൊ? എത്രയൊ രാജാക്കന്മാർ കാലധമ്മത്തെ പ്രാപിച്ചുപോയി, എത്രയൊ രാജാക്കന്മാർ രാജ്യത്തെ ഉപേക്ഷിച്ചു സന്യസിക്കയും ഉണ്ടായി. അതുകൊണ്ടു രാജ്യം ഒലിച്ചുപോയൊ? ഇല്ല, രാജ്യഭരണത്തെ വിട്ടു സന്യസിച്ചതുകൊണ്ടു പുരാതന രാജാക്കന്മാർ മുക്തിയെ പ്രാപിച്ചതും ഇല്ല. ആ കൂട്ട

ത്തിൽ അൎജ്ജുനനും സന്ന്യസിച്ചതുകൊണ്ടു രാജ്യത്തിന്നാവട്ടെ അൎജ്ജുനന്നാവട്ടെ ദുൎഗ്ഗതി ഒരിക്കലും നേരിടുക ഇല്ല. അൎജ്ജുനൻ ധീരനല്ല, സന്ന്യാസത്തിന്നു അധികാരിയല്ല എന്നുവിചാരിപ്പാനും തരമില്ല. പാശുപതാസ്ത്രത്തിന്നുവേണ്ടി തപസ്സിനെ ചെയ്യു മ്പോഴും ദേവസ്ത്രീകൾവന്നു വികാരപ്പെടുത്തിയിട്ടുകൂടി അൎജ്ജുന ൻെറ മനസ്സ് ഇളകിയിട്ടില്ലപ്പോൾ, യുദ്ധത്തിൽ ഗുരുജനവധ പാപഭയാദികളായ പല സംഗതി നിമിത്തം അൎജ്ജുനൻ അത്യ ന്തം നിരാശനായിട്ടും ഭവിച്ചിരിക്കുന്നു. അങ്ങിനെയല്ല അൎജ്ജു നൻ അയോഗ്യനാകുന്നു എന്നുതന്നെ വിചാരിക്ക, എന്നാലും രാജ യോഗത്താൽ പരമാനന്ദ പദവിയെ (മുക്തിയെ) പ്രാപിക്കാമ ല്ലൊ. ഇങ്ങിനെയിരിക്കെ അൎജ്ജുനൻ പരമാനന്ദപദവിയെ പ്രാ പിപ്പാൻ ഇച്ഛിച്ചു ഹിംസാദിദോഷ ഭൂയിഷ്ഠമായ യുദ്ധത്തിൽ നിന്നു പിൻവലിപ്പാൻ തുനിഞ്ഞുംഇരിക്കെ അൎജ്ജുനനെ പല പ്രകാരത്തിൽ ഉപദേശിച്ചിട്ടും

"തതഃസ്വധൎമ്മംകീൎത്തിഞ്ചഹിത്വാപാപമവാപ്സ്യസി"

നീ യുദ്ധം ചെയ്യുീട്ടില്ലെങ്കിൽ സ്വധൎമ്മത്തെയും കീൎത്തിയേ യും വിട്ടു പാപത്തിൽ പതിക്കും എന്നു ഭേദോപായത്തെ പ്രയോ ഗിച്ചു ഭയപ്പെടുത്തിയിട്ടും ഘോരയുദ്ധകൎമ്മത്തിൽ പിടിച്ചിറക്കി എത്ര മഹാന്മാരെയും എത്ര മിത്രപുത്രപൌത്ര ബാന്ധവാദികളെ യും അൎജ്ജുനനെക്കൊണ്ടു കൊല്ലിച്ചു? എത്ര സ്ത്രീകളെ വിധവക ളാക്കിത്തീൎത്തു? അനാഥപ്രാണികളായ എത്ര ഗജതുരഗജന്തുക്കളെ ഹിംസിച്ചു. ഇരുകക്ഷിയിലും നേരിട്ട നാശത്തിന്നും ശോകത്തി ന്നും കയ്യും കണക്കുമില്ല. രക്തപ്രവാഹത്തിലും സ്ത്രീജനങ്ങളുടെ നയനനദീജലപ്രവാഹത്തിലും കുരുരാജ്യം ഒലിച്ചുപോയില്ല എന്നു ചുരുക്കിപ്പറവാനെ കഴിയൂ. അൎജ്ജുനൻെറ ഇഷ്ടപ്രകാരം സന്ന്യ സിപ്പാൻ സമ്മതിച്ചതാണെങ്കിൽ ഇത്രവലിയതായ രാജ്യക്ഷോ ഭവിപത്ത് നേരിടില്ല. അൎജ്ജുനന്നു ജീവന്മുക്തനായി ആനന്ദി ക്കയും ചെയ്യാമായിരുന്നു. ആത്മജ്ഞാനം ലഭിക്കാതെ അൎജ്ജു നൻ കൎമ്മഠനായി പെരുവഴിയിൽ വീണുചാകുവാനും സംഗതി വരികയില്ലായിരുന്നു. ഇങ്ങിനെ ആലോചിക്കുമ്പോൾ ശ്രീകൃഷ്ണൻ

ഭയങ്കരയുദ്ധത്തെ ഉണ്ടാക്കിയതു അൎജ്ജുനാദികളിലുള്ള സ്നേഹം നിമിത്തം അവരെ രാജപദവിയിൽ ഇരുത്തേണമെന്നു കാമം കൊണ്ടും കൃഷ്ണനെ മാട്ടുക്കാരൻ എന്നും മററും തിരസ്കരിച്ച ദുൎയ്യോധനാദികളെ മുടിക്കേണമെന്ന ദ്വേഷംകൊണ്ടും ആകുന്നു എന്നതു സിദ്ധമായി. "നിഷ്കാമമായി കൎമ്മം ചെയ്യുക, കാമദ്വേഷാദികൾ അരുതു്" എന്നു വാക്കുകൊണ്ടു മാത്രം ഉപദേശിക്കുക. കാമത്തോടും ദ്വേഷത്തോടുംകൂടി കൎമ്മത്തെ ചെയ്യാൻ പ്രവൃത്തികൊണ്ടു ഇട കൊടുക്കുകയും ചെയ്തു. വിശേഷം. രാജ്യത്തിന്നുവേണ്ടി ഗുരുജനങ്ങളെക്കൂടി കണ്ഡംതുണ്ഡമായി കണ്ഡിക്കുന്ന കൎശകൎമ്മമാണൊ നിഷ്കാമകൎമ്മം? രാജ്യാദി വിഷയങ്ങളിൽ കാമമൊ (ആശയൊ) ശത്രുക്കളിൽ ദ്വേഷമൊ ഇല്ലെങ്കിൽ ഗുരുജനകണ്ഠത്തെക്കൂടി ഛേദിക്കുന്ന യുദ്ധകൎമ്മംകൊണ്ടു എന്താവശ്യം? ഈ കൎമ്മം എങ്ങിനെ നിഷ്കാമമായിരിക്കും? എങ്ങിനെ ഈശ്വരാൎപ്പണമായി ഈശ്വരപ്രിയങ്കരമായിത്തീരും? ഈശ്വരൻ യുദ്ധപ്രിയനാണൊ?

6. "ഈശ്വരസ്സൎവ്വഭൂതാനാം ഹൃദ്ദേശേൎജ്ജുന തിഷ്ഠതി"

ഇത്യാദിനാ (ഈശ്വരൻ ഉള്ളിലിരുന്നു മായകൊണ്ടു സൎവ്വന്മാരെയും ഭ്രമിപ്പിക്കുന്നു എന്ന ഗീതാവചനംകൊണ്ടു) മറെറാരു തരത്തിലും ജഗത്തിന്നു വലിയതായ ദോഷം നേരിടുന്നു. എങ്ങിനെയെന്നാൽ "ഈശ്വരൻ എന്നെക്കൊണ്ടു ചെയ്യിപ്പിക്കുന്നു ഞാൻ എന്തുചെയ്യട്ടെ" എന്നു പലരും പറയുന്നു, പലതും ചെയ്യുന്നു. അന്യായകൎമ്മങ്ങളെ ചെയ്യുമ്പോഴും നമ്മുടെ കൂട്ടൎക്കു ഇതു നല്ല സമാധാനം. മേൽപറഞ്ഞ ഗീതാവചനത്തെ അടിസ്ഥാനമാക്കീട്ടല്ലയൊ വിവേകാനന്ദസ്വാമികളുടെ ഗുരുവായ രാമകൃഷ്ണപരമഹംസനും ഇങ്ങിനെ പറഞ്ഞതു? വചനം 392. "സൎവ്വപ്രവൃത്തികളുടേയും കൎത്താവ് ഈശ്വരനായിരിക്കയാൽ നാം ഈശ്വരന്റെ കയ്യിൽ ഒരു ആയുധംമാത്രമാകുന്നു" 22-ാംവചനം "തസ്കരനോടു കക്കുവാനും ഉടമസ്ഥനോടു തസ്കരനെ നോക്കുവാനും ദൈവം പറയുന്നു." ദൈവം ഈ തരത്തിൽ രാമകൃഷ്ണപരമഹംസൻ പറഞ്ഞതുപോലെയാണെങ്കിൽ ദൈവത്തെയാണ് മനുഷ്യരുടെ സ

കല കുററത്തിന്നും ദണ്ഡിക്കേണ്ടതു. ഒരുവൻ ഒരു ആയുധം കൊണ്ടു മററൊരാളെ കുലപ്പെടുത്തിയാൽ ആ ആയുധത്തിനെ പിടിച്ചു ശിക്ഷിക്കുന്നില്ല. ആ കുലപാതകകൎത്താവിനെമാത്രമെ പിടിച്ചു ശിക്ഷിക്കുന്നുള്ളു. അപ്രകാരം സകല കുററത്തിന്നും കൎത്താവായ ഈശ്വരനെയാണ് ശിക്ഷിക്കേണ്ടതു. ജനങ്ങളെ ശിക്ഷിപ്പാൻ ന്യായമില്ല. ജനങ്ങൾ ഈശ്വരന്റെ ഒരായുധം മാത്രം എന്നല്ലയൊ രാമകൃഷ്ണപരമഹംസൻ പറഞ്ഞതു? കള്ളൻ കക്കുന്നതും ദൈവം പറഞ്ഞിട്ടാണ് എന്നല്ലയൊ രാമകൃഷ്ണപരമഹംസൻ പറഞ്ഞതു. കഷ്ടം ജഗൽപിതാവിനെ സൎവ്വപ്രകാരത്തിലും കുററക്കാരനാക്കുവാൻ ഭഗവൽഗീത സംഗതിവരുത്തിയതു മഹാന്യൂനതയായിപ്പോയി.

7. ജഗൽപിതാവായ കൃഷ്ണൻ ഭഗവൽഗീതയിൽ നിഷ്കാമമായി കൎമ്മം ചെയ്വാൻ ഉപദേശിക്കുന്നു. ജഗൽപിതാവായകൃഷ്ണനും ദേവന്മാരും സകാമന്മാരായിട്ടും ഇരിക്കുന്നു. നോക്കുക.

1. "പത്രംപുഷ്പംഫലംതോയംയോമെഭക്ത്യാപ്രയച്ഛതി
തദഹംഭക്ത്യുപഹൃതംഅശ്നാമിപ്രയതാത്മനഃ
2. അനന്യാശ്ചിന്തയന്തോമാംയേജനാഃപൎയ്യുപാസതെ
തെഷാംനിത്യാഭിയുക്താനാം യോഗക്ഷേമംവഹാമ്യഹം
3. ഇഷ്ടാൻഭോഗാൻഹിവോദേവാദാസ്യന്തെയജ്ഞഭാവിതാഃ"

എന്നു ഭഗവൽഗീത. അൎത്ഥം—1. പത്രമൊ, പുഷ്പമൊ, ഫലമൊ, തോയമൊ ഭക്തിയോടുകൂടി നിവേദിക്കുന്നതിനെ ഞാൻ ഭക്ഷിക്കും. 2. ഏതുജനങ്ങളാണ് അന്യദേവതകളെ ഉപാസിക്കാതെ എന്നെ ചിന്തിച്ചുകൊണ്ടു എന്നെ സേവിക്കുന്നതു. എന്നിൽ നിഷ്ഠയോടുകൂടിയ അവരുടെ യോഗക്ഷേമത്തെ ഞാൻ വഹിക്കുന്നു. (എന്നാൽ അവൎക്കു ലഭിക്കപ്പെടാത്തതിനെ ഞാൻ സാധിപ്പിച്ചു പരിപാലിക്കും എന്നുസാരം) 3. ദേവന്മാർ യാഗം കൊണ്ടു ആരാധിക്കപ്പെട്ടവരായിട്ടു ഇഷ്ടങ്ങളായ ഭോഗങ്ങളെ നിങ്ങൾക്കു അവർ തരും എന്നു കൃഷ്ണൻ പറഞ്ഞിരിക്കുന്നു. ഇതുകൊണ്ടു കൃഷ്ണനെയും, ദേവന്മാരെയും പൂജാദ്രവ്യങ്ങൾകൊണ്ടു

പ്രീതിപ്പെട്ടതെന്നം എങ്കിലെ ഇഷ്ടങ്ങളെ നൽകയുള്ളു എന്നു സിദ്ധിക്കുന്നു. അതുകൊണ്ടാണ് കർമ്മികൾ അങ്ങിനെ ചെയ്യുന്നതും. ദ്രവ്യങ്ങളാൽ പൂജിക്കാതെതന്നെ ദേവന്മാർ ഇഷ്ടവരത്തെ നൽകുന്നതല്ലയൊ ഉത്തമം? ദേവന്മാൎക്കും, ജഗൽപിതാവായ കൃഷ്ണനും തങ്ങളെ പൂജിക്കണമെന്ന അഭിമാനവും ഫലേച്ഛയും ആവാം. മനുഷ്യന്നു ഫലേച്ഛ പാടില്ല എന്നനിയമം ശരിയൊ? ജഗൽപിതാവിനെക്കാളും, ദേവന്മാരെക്കാളും ആശ അററവരാണൊ ഈ മനുഷ്യന്മാർ?

"സന്തസ്സ്വയംപരഹിതെ വിഹിതാഭിയോഗാഃ"

സത്തുക്കൾ സ്വയം പരപ്രേരണ ഫലേച്ഛകൾ കൂടാതെതന്നെ പരോപകാരത്തിൽ തൽപരന്മാരാകുന്നു എന്നല്ലയൊ പ്രമാണം? അനുഭവവും അങ്ങിനെയല്ലയൊ? അപ്രകാരം ജഗൽപിതാവായ കൃഷ്ണനും, ദേവന്മാരും ഫലേച്ഛ കൂടാതെതന്നെ മനുഷ്യൎക്കും, സകല പ്രാണികൾക്കും ഹിതത്തെചെയ്വാൻ കടപ്പെട്ടവരല്ലയൊ? കൊച്ചുകുട്ടികൾ വല്ലതും പിതാവിന്നു കൊടുത്താലെ പിതാവ് ആ കുട്ടികളുടെ യോഗക്ഷേമങ്ങളെ നിൎവ്വഹിക്കൂ എന്നു പറയുന്നത് ശരിയൊ? ഒരു നാട്ടിലും ആ നടവടി ഇല്ലല്ലൊ. ആഹാരസമയത്ത് കുട്ടികളെ കണ്ടില്ലെങ്കിൽ പിതാവു അന്വേഷിച്ചു പിടിച്ചു കൊണ്ടുവന്നു ചോറുകൊടുക്കുന്നു. അങ്ങിനെ അതാതു കാലത്തു വേണ്ടുന്നതിനെ എല്ലാം നിറവേററുന്നു. ജഗൽപിതാവിൻെറ അവസ്ഥക്കു നാം എത്രയൊ കൊച്ചുകുട്ടികളല്ലയൊ? ആ അവസ്ഥക്കു മേൽപ്രകാരം ആവശ്യപ്പെടാമൊ? ദാരിദ്ര്യം, മഹാവ്യാധി മുതലായ ഓരോ മഹാസങ്കടങ്ങളിൽപെട്ടു ഈകൊച്ചുകുട്ടികൾ (മനുഷ്യർ) ദുഃഖിക്കുന്ന ദുഃഖങ്ങളെ കണ്ടാൽ ഒരു ലേശം കരുണയുണ്ടെങ്കിൽ ഒരുമുഹൂൎത്തത്തിൽതന്നെ സകലമനുഷ്യരേയും മുക്തന്മാരാക്കുവാൻ ജഗൽപിതാവ് സ്വയമേവ കടപ്പെട്ടിരിക്കുന്നു. "മമൈവാംശൊജീവലോകെ ജീവഭൂതഃ" എൻെറ അംശംതന്നെയാണ് ഈ ജീവന്മാർ എന്നും, ഞാൻ ജഗൽപിതാവാണ്, ഈശ്വരനാണ് എന്നും മററും കൃഷ്ണൻ ഗീതയിൽ കൊട്ടിഘോഷിച്ചി

രിക്കുന്നു. തന്റെ അംശങ്ങളായ പുത്രന്മാർ ഈ ദേഹം നിമിത്തം തന്നെ ദുഃഖസമുദ്രത്തിൽ മുങ്ങിപ്പൊങ്ങുന്നു. അതിന്റെ പുറമെ "യജ്ഞാദികളെക്കൊണ്ടു ദേവന്മാരെപ്രീതിപ്പെടുത്തുവിൻ ശീതം, ഉഷ്ണം, ക്ഷുത്ത്, പിപാസ മുതലായ ദ്വന്ദ്വങ്ങളെ സഹിപ്പിൻ, തപോവിഗ്രഹാരാധനാദി കൎമ്മങ്ങളെ ചെയ്യിൻ" എന്നുകല്പിച്ചു മേൽക്കുമേൽ ദുഃഖം വൎദ്ധിപ്പിക്കേണമൊ? പുണ്ണിലൊരു കൊള്ളി വെയ്ക്കുന്നതുപോലെ" എന്നു പറഞ്ഞകൂട്ടത്തിൽ വേദനസഹിച്ചു കൂടാത്ത പുണ്ണിൽ കോലിട്ടുകുത്തുവാൻ ജഗൽപിതാവു കല്പിക്കുന്നതു ശരിയൊ? ഒരു ന്യായാധിപതി ഇനിക്കു വല്ലതും തന്നു എന്നെ പൂജിച്ചാലെ കേസ്സ് ഗുണമാക്കിത്തരു എന്നുപറയുന്നത് ഒരിക്കലും ന്യായമായിരിക്കയില്ല. ന്യായാധിപതി അങ്ങിനെ പറഞ്ഞാലും ജഗൽപിതാവു പുത്രന്മാരിൽനിന്നു വല്ലതും കിട്ടേണമെന്നു ആഗ്രഹിക്കാതെയുംതന്നെ ഭജിക്കേണമെന്നു അഭിമാനിക്കാതെയും സംസാരസമുദ്രത്തിൽനിന്നു പുത്രന്മാരെ ഉദ്ധരിപ്പാൻ കടപ്പെട്ടിരിക്കുന്നു. ഒരു കുട്ടി കുളത്തിൽവീണു മുങ്ങിപ്പൊങ്ങുന്നതിനെ കണ്ടാൽ ആകുട്ടിയുടെ അച്ഛനല്ലാത്ത അന്യൻകൂടി അതി വേഗത്തിൽ ചാടിപ്പിടിച്ചു കയററിവിടും. ആ കുട്ടിയോടു പ്രതിഫലം തരേണമെന്നൊ, തന്നെ പൂജിക്കേണമെന്നൊ ഉടമ്പടി (കരാറു) ചെയ്തിട്ടല്ല അങ്ങിനെ ചെയ്യുക. പ്രായം തികഞ്ഞവർ തന്നെ വല്ല ആപത്തിൽപെട്ടു കാണുമ്പോഴും ദയാശീലന്മാർ അവരെ പ്രതിഫലേച്ഛകൂടാതെ തന്നെ ആ ആപത്തിൽനിന്നു ഉദ്ധരിച്ചു രക്ഷപ്പെടുത്തുന്നു. നമ്മുടെ ജഗൽപിതാവായ കൃഷ്ണൻ പ്രതിഫലേച്ഛയോടുകൂടി "എന്നെ പൂജിച്ചാൽ മാത്രമെ സംസാരസമുദ്രത്തിൽനിന്നു കയററി വിടു" എന്നു തീൎച്ചപ്പെടുത്തിയതു വളരെ അന്യായം തന്നെ.

ആക്ഷേപം 33. കൃഷ്ണൻ എന്നെ പൂജിക്കേണമെന്നു പറഞ്ഞതിന്റെഅൎത്ഥം സൎവ്വശരീരങ്ങളിലും ഞാൻഎന്ന ശബ്ദത്തിന്റെ പൊരുളായി വിളങ്ങുന്ന നിൎഗ്ഗുണബ്രഹ്മത്തിൽ മനസ്സിനെ ലയിപ്പിക്കേണം എന്നാകുന്നു. അല്ലാതെ ശ്യാമളകൃഷ്ണമൂൎത്തിയെ പൂജിക്കേണമെന്നല്ലാ.

സമാധാനം 33. ആ നിൎഗ്ഗുണബ്രഹ്മം സംസാരിക്കയില്ല. ഞാൻ ജഗൽപിതാവാണ് എന്നെ പൂജിക്കണം, എന്നെ നമസ്കരിക്കണം എന്നും മററും അഭിമാനിക്കയില്ല, ദ്വേഷിക്കയും ഇല്ല. സ്നേഹിക്കയും ഇല്ല. യാതൊന്നുകൊണ്ടും അത് വികാരപ്പെടുകയില്ല. ഉപാധിരഹിതനായി ഞാൻ എന്ന ശബ്ദത്തിൻെറ ലക്ഷ്യാൎത്ഥമായിരിക്കുന്ന ആ നിൎഗ്ഗുണബ്രഹ്മത്തിൽ മനസ്സിനെ നിൎത്തി ആനന്ദിച്ചു അതിനെ അറിവാൻ പത്രവും, പുഷ്പവും, ഫലവും, തോയവും ഒന്നും ആവശ്യമില്ല. "പത്രം, പുഷ്പം, ഫലം, തോയ" മിത്യാദിശ്ലോകത്താൽ പത്രമൊ, പുഷ്പമൊ, ഫലമോ, തോയമൊ ഭക്തിയോടുകൂടി തരുന്നതിനെ ഞാൻ ഭക്ഷിക്കും എന്നു പറഞ്ഞതുകൊണ്ടു സ്ഥൂലോപാധികനായ കൃഷ്ണനെ പൂജാദ്രവ്യങ്ങൾകൊണ്ടു പൂജിക്കേണമെന്നു തന്നേയാണ് സിദ്ധാന്തിച്ചിട്ടുള്ളത്. അതുകൊണ്ടാണ് അനേകായിരം ഉറുപ്പിക ചിലവ് ചെയ്തു ക്ഷേത്രംകെട്ടി പ്രതിഷ്ഠിച്ചു അനവധി പൂജാദ്രവ്യങ്ങളെ സംഭരിച്ചു കൃഷ്ണവിഗ്രഹത്തെ പൂജിച്ചും, സ്തുതിച്ചും നമസ്കരിച്ചും, എഴുന്നെള്ളിച്ചും വരുന്നസമ്പ്രദായം കൎമ്മികളിൽ പ്രസിദ്ധപ്പെട്ടിരിക്കുന്നത്. ജഗൽപിതാവായ കൃഷ്ണനും ദേവന്മാൎക്കും തങ്ങളെ പൂജിക്കേണമെന്ന അഭിമാനവും ഫലേച്ഛയും ആവാം, രാഗദ്വേഷാദികളും ആവാം, എന്തും കല്പിക്കാം, എന്തും ചെയ്യാമെന്നു അഭിപ്രായപ്പെടുന്ന ഭഗവൽഗീതാ, വെള്ളത്തിൽ മുങ്ങിപ്പൊങ്ങി വെള്ളംകുടിച്ചു പള്ളവീൎത്തു ചാകാറായ കുട്ടിയെ തൻെറ പിതാവു കണ്ടാൽ വല്ലാതെ വ്യസനിച്ചു ക്ഷണമാത്രംകൊണ്ടു പിടിച്ചു കയററുന്നതുപോലെ സംസാരദുഃഖസമുദ്രത്തിൽ മുങ്ങിപ്പൊങ്ങി വലയുന്ന സകല സന്താനങ്ങളേയും ജഗൽപിതാവു ദൎശനമാത്രത്തിൽ ഉദ്ധരിക്കേണ്ടതാകുന്നു എന്നു ജഗൽപിതാവിനോടാണ് ഉപദേശിക്കേണ്ടത്. അങ്ങിനെ ചെയ്യാതെ യാഗവ്രതവിഗ്രഹാരാധനാദി കൎമ്മങ്ങൾകൊണ്ടും മററും ജനങ്ങളെ ഹിംസിപ്പാൻ പുറപ്പെട്ടതു അന്യായമായിപ്പോയി.

8. ജഗൽപിതാവു കൂടക്കൂടെ അവതരിക്കുന്നതുകൊണ്ടും

ഹിന്ദുക്കൾ മഹാ കഷ്ടദശയിൽ പെടുന്നു. എങ്ങിനെയെന്നാൽ അവതാരങ്ങൾ ആകൃതികൊണ്ടും ചേഷ്ടകൾകൊണ്ടും വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. അവരെ പ്രസാദിപ്പിപ്പാനുള്ള മന്ത്രങ്ങളും, ധ്യാനങ്ങളും, സ്തോത്രങ്ങളും, പൂജാവിധികളും പലതരത്തിലും ഭേദിച്ചിരിക്കുന്നു. അതുകൊണ്ടും ഹിന്തുക്കൾക്കു ഭേദദൃഷ്ടിയും, അനവധി യത്നവും, ദുഃഖവും വൎദ്ധിക്കുന്നു. ജഗൽപിതാവ് ഒരേ ആകൃതിയിൽതന്നെ അവതരിച്ചതാണെങ്കിൽ ഈ തരത്തിൽ ഭേദദൃഷ്ട്യാ കലഹിപ്പാനും ചിലർ ശിവപ്രതിഷ്ഠ, രാമപ്രതിഷ്ഠ, സുബ്രഹ്മണ്യപ്രതിഷ്ഠ എന്നിങ്ങനെ അനേകരൂപത്തിൽ പ്രതിമകളെ ഉണ്ടാക്കി ഒരേ ക്ഷേത്രത്തിൽ അനവധി ജഗൽപിതാക്കന്മാരെ പൂജിപ്പാനും ഭേദദൃഷ്ടി വൎദ്ധിച്ചു ഏക ദൈവാരാധനയിൽനിന്നു തെററി ദുഃഖിപ്പാനും, കുട്ടികൾ "എൻെറ അച്ഛനാണ് മീതെ നിൻെറ അച്ഛൻസാരമില്ല" എന്നു പറഞ്ഞു പരസ്പരം അടിപിടികൂടുന്നതുപോലെ "ശിവനാണ് മീതെ, അല്ല ശിവൻകോപിയാണ്, എൻെറ വിഷ്ണുഭഗവാനാണ് മീതെ, വിഷ്ണു ശാന്തനാണ്, രാമനാണ് മീതെ, അല്ലാ സുബ്രഹ്മണ്യനാണ് മീതെ" എന്നിങ്ങിനെ ശൈവവൈഷ്ണവാദി ഭേദേന ഇന്നും തമ്മിൽ തല്ലുവാനും. കൎമ്മന്മാൎക്കു ജ്ഞാനികളെ അസഭ്യം പറവാനും സംഗതി വരികയില്ലായിരുന്നു. ജഗൽപിതാവിൻെറ അവതാരവും, സൃഷ്ടിയും, അന്തൎഭ്ഭാമിത്വവും സകലവും ആത്മരക്ഷാപാഠങ്ങളായിട്ടുതന്നെ ഇരിക്കുന്നു. ഭഗവൽഗീതാദിഹിന്തുമത ഗ്രന്ഥങ്ങൾ, ജഗൽപിതാവിനെ ദോഷകക്ഷിയാക്കിയതു മഹാ അന്യായമായിപ്പോയി. മേലാലെങ്കിലും വിദ്വാന്മാർ ജഗൽപിതാവിനെ (ദൈവത്തെ) സൎവ്വകുററക്കാരനാക്കിത്തീൎക്കുന്ന ഭഗവൽഗീതാദികളെപ്പോലെയുള്ള ഗ്രന്ഥങ്ങളെ ഉണ്ടാക്കാതെ ഇരിപ്പാൻ അപേക്ഷിച്ചുകൊള്ളുന്നു. ആത്മാനന്ദാനുഭവമില്ലാത്ത വെറും പഠിപ്പുള്ള വിദ്വാന്മാർ അങ്ങിനെയുള്ള ഗ്രന്ഥങ്ങളെ ഉണ്ടാക്കുന്നതുകൊണ്ടു ദൈവത്തിന്ന് യാതൊരു കുററവും ഇല്ല. പക്ഷെ ലോകം ദുഃഖസമുദ്രത്തിൽ ആണ്ടുപോകുന്നു. ഇനിയും വേദങ്ങളും, ഭഗവൽഗീതയുംമററും ദൈവം നേരിട്ടോ,

അവതരിച്ചിട്ടോ പറഞ്ഞതവയാകുന്നു എന്നു വിശ്വസിക്കുന്ന പക്ഷക്കാർ ദൈവത്തിന്നും, അവതാരങ്ങൾക്കും താഴെ പറയുംപ്രകാരം ഉപദേശിക്കേണ്ടതാണ്.

1. ദൈവമെ! നീ സൃഷ്ടിക്കരുത്, സൃഷ്ടിച്ചതുകൊണ്ടാണ് ഞങ്ങൾ പലതരത്തിലും കഷ്ടപ്പെട്ടു ദുഃഖിക്കുന്നത്. വ്യാധി, അകാലമരണം, ദാരിദ്ര്യം മുതലായ കഷ്ടങ്ങൾക്ക കയ്യും കണക്കുമുണ്ടൊ?

2. സൃഷ്ടിക്കുന്നപക്ഷം ചന്ദ്രൻ എപ്പോഴും ശീതളനായിത്തന്നെ ഇരിക്കുന്നു. തപിക്കുന്നില്ല. അപ്രകാരം ഒരു വിധത്തിലും ഞങ്ങൾ തപിക്കാതെ സദാ ആനന്ദികളായി ഇരിക്കേണ്ട തരത്തിൽതന്നെ സൃഷ്ടിക്കണം. അങ്ങിനെയുള്ള സൽഗുണങ്ങൾ കൊണ്ടു മാത്രം സൃഷ്ടിച്ചാൽ ഞങ്ങൾക്ക് ഒരിക്കലും പാപം ചെയ്യാൻ തോന്നുകയില്ല, കഴികയും ഇല്ല. ചന്ദ്രന്നു തന്റെ ശീതളത്വത്തെ കളവാൻ കഴിയുമൊ? ഇല്ല.

3. തിന്നാൽ രോഗത്തെ ഉണ്ടാക്കുന്നവയും, ചാകുന്നവയും ആയ വിഷവസ്തുക്കളെയും, ജീവികളെ ഉപദ്രവിക്കുന്നവയും, പിടിച്ചു തിന്നുന്നവയും ആയ സർപ്പവൃശ്ചികവ്യാഘ്രാദി ദുഷ്ടജന്തുക്കളെയും സൃഷ്ടിക്കരുതു.

4. ഉള്ളിലിരുന്നുംകൊണ്ടു നീ ഞങ്ങളെക്കൊണ്ടു പാപകർമ്മങ്ങളെ ചെയ്യിക്കരുത്. നല്ലകർമ്മങ്ങളെ മാത്രമെ ചെയ്യിക്കാവു.

5. അവതരിച്ചിട്ടും നീ വേണ്ടാത്ത കല്പനകളെ കല്പിച്ചു ഞങ്ങളെ നീ ദുഃഖത്തിൽ ചാടിക്കരുത്. ഭഗവൽഗീതാദികളിലുള്ള നിന്റെ കല്പനയെ അനുസരിച്ചു ഞങ്ങൾ നിന്നെ പൂജിച്ചിട്ടും, യാഗാദികൾകൊണ്ടു ദേവന്മാരെ പ്രസാദിപ്പിച്ചിട്ടും വ്രതാദികളെ എടുത്ത് കഠിന പട്ടിണികിടന്നിട്ടും തീർത്ഥസ്നാനാദികൾക്കായി അലഞ്ഞിട്ടും എത്ര വളരെ പണം ചിലവു ചെയ്യുന്നു; എത്ര വളരെ കായക്ലേശം അനുഭവിക്കുന്നു? ഞങ്ങൾക്ക് മോക്ഷത്തിന്നുള്ള ചിത്തശുദ്ധി സമദൃഷ്ട്യാദിഗുണങ്ങളും സിദ്ധിക്കുന്നില്ല. ഇഹലോക സമ്പദാദികളും ഉണ്ടാകുന്നില്ല. ഇനിയൊരു ജന്മത്ത്

അതെല്ലാം കിട്ടുമെന്നു ചിലപ്രമാണങ്ങൾ പറയുന്നു. അതു ശരിയല്ല. വാതാദി കഠിനരോഗത്തിൽ പെട്ടവർ, വളരെ പണം ചിലവുചെയ്തു ചികിത്സിച്ചിട്ടും, പത്ഥ്യത്തിൽ കിടന്നു ബുദ്ധിമുട്ടിയിട്ടും, ആ രോഗത്തിന്നു ശാന്തികിട്ടാതെ വൈദ്യനോടു സങ്കടംപറയുമ്പോൾ "ഈ ജന്മംമുഴവൻ ചികിത്സിപ്പിൻ എന്നാൽ ഇനിയത്തെ ജന്മത്ത് രോഗശാന്തിവരും" എന്നു കല്പിക്കുന്നതു ശരിയൊ? ജഗൽപിതാവെ നീ ഭഗവൽഗീതയിൽ "ക്ഷിപ്രംഹി മാനുഷെലോകെസിദ്ധിർഭവതി" മനുഷ്യലോകത്തിൽ സിദ്ധിവേഗത്തിൽ ഉണ്ടാകും എന്നു കല്പിച്ചിരിക്കുന്നു അനുഭവത്തിൽ ഒന്നും കാണുന്നില്ല മേലാൽഇങ്ങിനെകല്പിക്കാതെഇരിപ്പാൻഅപേക്ഷ.

6. ഹെ പിതാവെ! ദൈവമേ! നിൻെറ പുത്രന്മാരായ ഞങ്ങൾസംസാരദുഃഖസമുദ്രത്തിൽ മുങ്ങിപ്പൊങ്ങി കരകാണാതെ കരയുന്ന കരച്ചിൽ കണ്ടാൽ ആ മാത്രക്ക് നീ കരകയററി വിടേണ്ടതല്ലയൊ? അങ്ങിനെ ചെയ്യാതെ പൂജാദ്രവ്യങ്ങളെ സംഭരിച്ചു എന്നെ പൂജിക്കു, എന്നെ നമസ്കരിക്ക്, യാഗാദികൾകൊണ്ടു ദേവന്മാരെ തൃപ്തിപ്പെടുത്ത് എന്നുംമററും നാനാവിധത്തിൽ കല്പിക്കുന്നതു എത്രവലിയ കുറവാണ്? നീ വലിയ ദുരഭിമാനിയും, പ്രതിഫലേച്ഛുവും പുത്രന്മാരിൽ നിന്നുംകൂടി കയ്ക്കൂലി വാങ്ങുന്ന ദുർഗ്ഗുണനിധിയും ആകുന്നു എന്നല്ലയൊ ഈ കല്പനകൊണ്ടു സിദ്ധിക്കുന്നത്? നീതിയൊ, കരുണയൊ, വാത്സല്യമൊ ലേശമുള്ളവർ ഇങ്ങിനെ കല്പിക്കയില്ലല്ലൊ ലോകത്തിൽ ഒരു മഹാദുഷ്ടനായ വ്യഷ്ടിപിതാവുകൂടി തൻെറ പുത്രന്മാരോടു ഇങ്ങിനെ കല്പിക്കുന്നില്ലല്ലൊ. തൻെറ പുത്രൻ കുളത്തിൽ മുങ്ങിപ്പൊങ്ങി വെള്ളം കുടിച്ചു ചാകുമ്പോൾ പ്രതിഫലം തന്നാലെ പിടിച്ചു കയററിവിടു എന്നു കല്പിക്കുന്ന പിതാവു ഭൂതകാലത്തിലും, ഈ വത്തമാനകാലത്തിലും ഉണ്ടായിട്ടില്ല, ഇനി ഭാവികാലത്തിൽ ഉണ്ടാകയും ഇല്ല. പുത്രന്മാർ അപേക്ഷിക്കാതെതന്നെ അവക്കു സവ്വഹിതത്തെയും ചെയ്യുന്നതല്ലയൊ പിതൃധമ്മം? മേലാലെങ്കിലും ആ ധമ്മത്തെ സ്വീകരിക്കേണമെ. ഈ ഞങ്ങളെല്ലാം നിന്നെ കരുണയും, വാ

സൌഖ്യവും, നീതിയും സർവ്വസൽഗുണങ്ങളും നിറഞ്ഞ പിതാവാ യിട്ടല്ലയൊ കരുതി ഭജിച്ചു പോരുന്നതു. ആ അവസ്ഥക്കും ഞങ്ങളുടെ സർവ്വാഭീഷ്ടത്തെയും നൽകുവാൻ നീ കടപ്പെട്ടിരിക്കെ അങ്ങിനെ ചെയ്യുന്നതൊ ഇല്ല. ഒന്നു കാണ്മാൻകൂടി നീ സംഗതി വരുത്തിത്തരുന്നില്ലല്ലൊ. ക്ഷുൽപിപാസാദികൾകൊണ്ടു കൊച്ചു കുട്ടികൾ കരഞ്ഞുകരഞ്ഞു വലയുമ്പോൾ തിരിഞ്ഞുനോക്കാത്ത പിതാവു ലോകത്തിൽ ഉണ്ടോ? അതുകൊണ്ടു ഇപ്പോഴുള്ള ദുൎഗ്ഗുണങ്ങളെ എല്ലാം നീ ഉപേക്ഷിച്ചു ഞങ്ങളെ രക്ഷിക്കേണമെ എന്നു പ്രാൎത്ഥിച്ചിട്ടൊ ഉപദേശിച്ചിട്ടൊ ജഗൽപിതാവിനെ നന്നാക്കേണ്ടതാണ്. ഭഗവൽഗീതാദി ഹിന്തുമത ഗ്രന്ഥങ്ങളിൽ പറഞ്ഞതെല്ലാം ശരി എന്നു വിശ്വസിക്കുന്നപക്ഷം സർവ്വ കററത്തിന്നും കൎത്താവും കാരയിതാവും ഈശ്വരനാകുന്നു എന്നുംജ്ഞാനോപദേശംകൊണ്ടു നന്നാക്കേണ്ടതു ഈശ്വരനെയാകുന്നു എന്നും ഉള്ള ആക്ഷേപം ആരാലും അനിവാൎയ്യമായിട്ടിരിക്കുന്നു. അതുകൊണ്ടാണ് ഞാൻഭഗവൽഗീതാസാരത്തെ മോക്ഷപ്രദീപത്തിൽ അപ്രകാരം എഴുതിയതു. അതിനെ അനുസരിക്കാത്തവർ അവരുടെ ഈശ്വരനെയും അവതാരങ്ങളേയും ആദിയെ ഉരച്ചു വാക്കേണ്ടതായിരിക്കുന്നു. അങ്ങിനെ ചെയ്യുന്നതു ഓട്ടു, ചെമ്പ്, വെള്ളി, സ്വൎണ്ണം മുതലായ ലോഹങ്ങൾകൊണ്ടും മരക്കഷണങ്ങൾകൊണ്ടും കരിങ്കല്ലിന്റെ കഷണങ്ങൾകൊണ്ടും പോരാ എന്നു വരുന്നു. അതുകൊണ്ടു ഭഗവൽഗീതാദി ഗ്രന്ഥപാരായണക്കാരായ കൎമ്മകാണ്ഡകാൎയ്യസ്ഥന്മാർ അവരുടെ ജഗൽപിതാവിനെ (ദൈവത്തെ) നന്നാക്കട്ടെ. പിന്നെ ഭഗവൽഗീതാദികളിൽ ഞാൻ കാണിച്ച ന്യൂനതകളെ പരിഹരിച്ചു പുസ്തകങ്ങളെ എഴുതട്ടെ. എന്നിലും എന്റെ സിദ്ധഗ്രന്ഥങ്ങളിലും ന്യൂനതയെ കല്പിപ്പാനുള്ള യോഗ്യത അവൎക്കില്ല. "ഉണ്ണിയെക്കണ്ടാലറിഞ്ഞുകൂടെ ഊരിലെപഞ്ചം" ജാതിഭേദമാകുന്ന കുഷ്ഠവ്യാധിയും, പക്ഷഭേദമാകുന്ന പക്ഷവാതരോഗവും, അജ്ഞാനമാകുന്ന തിമിരരോഗവും, കൎമ്മകാണ്ഡഭ്രാന്തതയും പിടിപെട്ടവരല്ലയൊ ആ കൎമ്മ

കാണ്ഡകാൎയ്യസ്ഥന്മാർ? അതുകൊണ്ടല്ലയൊ അവർ എന്നെ അഹങ്കാരിയെന്നും മതാഭിമാനഭ്രാന്തൻ.............എന്നുംമററും ശകാരിച്ചു പുസ്തകത്തെ എഴുതിയതും ബിംബപ്രതിഷ്ഠാകൎത്താവും മററും അനുമോദിച്ചതും അനുമോദനപത്രത്തെ കൊടുത്തതും? ഇവരുടെ ശകാരവൎഷത്തിൽ ഇവരുടെ ഭഗവൽഗീതയും കൃഷ്ണനുമാണല്ലൊ ഒലിച്ചുപോയത്. ഇനിയും കേൾക്കുക.

"യേമെമതമിദംനിത്യമനുതിഷ്ഠന്തിമാനവാഃ"

"അഥചെത്വമഹങ്കാരാൽ നശ്രോഷ്യസിവിനംക്ഷ്യസി"

ഇത്യാദിശ്ലോകങ്ങൾകൊണ്ടു "എന്റെ മതത്തെ അനുസരിക്കുന്നവർ മുക്തന്മാരായിത്തീരും. അഹങ്കാരംകൊണ്ടു നീ ഞാൻ പറഞ്ഞതിനെ കേൾക്കയില്ലെങ്കിൽ നീ നശിക്കും" എന്നു അഭിമാനിച്ചു കല്പിച്ചതു കൃഷ്ണനല്ലയൊ? അതുകൊണ്ടു "മതാഭിമാനഭ്രാന്തൻഎന്നും മതാഭിമാനഭ്രാന്തനെക്കൊണ്ടു ലോകത്തിന്നു യാതൊരു ഗുണവും സിദ്ധിക്കയില്ല എന്നും അഹങ്കാരത്തിന്റെ പ്രസരിപ്പു നിമിത്തം കണ്ണാരുന്തുടങ്ങളായ ആത്മപ്രശംസ ഇടവിടാതെവൎഷിക്കുന്ന ഒരാൾ അനഹങ്കാരിയായ വിഗ്രഹാരാധകനെക്കാൾ തുലോം താഴ്ന്ന നിലയിൽ ആകുന്നു എന്നും ഞാൻ യോഗ്യനാണെന്നു നെററിയിൽ ഒരു പരസ്യം എഴുതിപ്പററിക്കേണമൊ"എന്നും മററും ഈ ബ്രഹ്മാനന്ദസ്വാമി ശിവയോഗിയെ ശകാരിച്ച ശകാരവൎഷത്തിൽ ഇവരുടെ കൃഷ്ണനും ഭഗവൽഗീതയും അല്ലയൊ ഒലിച്ചുപോയതു? ഇനിയും കേൾക്കുക.

"മന്മനാഭവമൽഭക്തോമദ്യാജീമാംനമസ്കുരു" ഇത്യാദിശ്ലോകങ്ങൾകൊണ്ടു "എന്നിൽ മനസ്സിനെ വെക്കുക, എന്റെ ഭക്തനായി ഭവിക്ക്, എന്നെ പൂജിക്ക്, എന്നെ നമസ്കരിക്ക്, ഞാൻ ഈശ്വരനാണ്, ഞാൻജഗൽപിതാവാണ്" എന്നുംമററും പലപ്രകാരത്തിൽ ഞാൻ, ഞാൻ എന്നഹങ്കരിച്ചു ആത്മപ്രശംസയെ ഇടവിടാതെ ഗീതയിൽ വൎഷിച്ചു ഞാൻ യോഗ്യനാണെന്നു ഗീതാരൂപേണ നെററിയിൽ ഒരുപരസ്യം എഴുതിപ്പതിച്ചതു ഇവരുടെ കൃഷ്ണനൊ ഈ ബ്രഹ്മാനന്ദസ്വാമിയൊ? ഞാൻഇങ്ങിനെ

"എന്നെപൂജിക്ക്, എന്നെനമസ്കരിക്ക്" എന്നുംമററും എൻെറ ഗ്രന്ഥങ്ങളിൽ ശബ്ദിച്ചിട്ടില്ല. സുഗന്ധപുഷ്പത്തെ ജനങ്ങൾ ശിരസ്സിൽ ചൂടുന്നതു "ഞാൻ സുഗന്ധപുഷ്പമാണ്, നിങ്ങൾ എന്നെ ശിരസാപൂജിക്കേണം" എന്നു പുഷ്പം ആവശ്യപ്പെട്ടിട്ടാണൊ? പൂജ്യനായ പുരുഷനെ ലോകങ്ങൾ തനിയെ പൂജിച്ചുകൊള്ളുന്നു. "എന്നെ പൂജിക്ക് ഞാൻ പൂജ്യനാണ്" എന്നു ഘോഷിക്കേണമൊ? അങ്ങിനെ ഭഗവൽഗീതയിൽ ഘോഷിച്ചത് ഇവരുടെ കൃഷ്ണനൊ ഈ ബ്രഹ്മാനന്ദസ്വാമി ശിവയോഗിയൊ? കൃഷ്ണൻ അന്തൎയ്യാമിയാണ്, ഈശ്വരനാണ്, അവതാരമാണ്" എന്നു പറയുന്ന അവസ്ഥക്കം ഇങ്ങിനെ വാചാഘോഷിക്കേണമൊ? ഘോഷിക്കാതെതന്നെ ഹിന്തുക്കളെക്കൊണ്ടും സൎവ്വമതക്കാരെക്കൊണ്ടും തന്നെ പൂജിപ്പിപ്പാൻ കൃഷ്ണനു കഴിയുമല്ലൊ. ക്രിസ്ത്യാദി ഭിന്നമതക്കാർ കൃഷ്ണനെ ദൂഷിക്കുന്നത് എന്താണ്? ഹിന്തുമതത്തിൽ തന്നെ ശൈവന്മാർ കൃഷ്ണനെ പൂജിക്കാത്തത് എന്താണ്? "കൊററിക്കു വെച്ചുവെടി കൊളുക്കൊഴിക്കു കൊണ്ടു" എന്നു പറഞ്ഞ കൂട്ടത്തിൽ ഈ ബ്രഹ്മാനന്ദസ്വാമിയെ ശകാരിച്ചതു കൃഷ്ണനാണ് കൊണ്ടതു. "മലൎന്നുകിടന്നു തുപ്പിയാൽ മാറത്തുവീഴും" എന്നാലോചിപ്പാൻകൂടി ഈ ദൂഷകന്മാക്കു ബുദ്ധിയില്ലാതെ വന്നുപോയല്ലൊ. "ജാതിഭേദങ്ങളും വിഗ്രഹാരാധനാദികൎമ്മങ്ങളും അവശ്യം ആവശ്യങ്ങളാണ്, ശൂദ്രനെ തൊട്ടാൽ കുളിക്കേണം, അതിലും താഴ്ന്നവക്കു അരികിൽ അണവാൻകൂടിപാടില്ല, ശൂദ്രനു ബ്രാഹ്മണൻെറ അടുപ്പിലെ ചാരംകൊണ്ടു കുറിയിട്ടുകൂടാ, ശൂദ്രനു സംസ്കൃതം പഠിച്ചുകൂടാ, ആടു, കോഴി മുതലായ പ്രാണികളെ കൊന്നു പിതൃക്കളെയും, ദേവന്മാരെയും പ്രീതിപ്പെടുത്തേണം" എന്നുംമററും അന്യായപ്രമാണങ്ങളെ കല്പിച്ചു ജാതിഭേദത്തെ വൎദ്ധിപ്പിച്ചിട്ടും ബിംബപ്രതിഷ്ഠാദികളെ ചെയ്യിപ്പിച്ചിട്ടും, അനാഥപ്രാണിഹിംസകളെ ചെയ്യിപ്പിച്ചിട്ടും എന്നെന്നും സമദൃഷ്ടി വരാത്തവിധത്തിൽ ഭേദദൃഷ്ടിയേയും, അജ്ഞാനത്തേയും, ഹിംസയേയും ഹിന്തുക്കളുടെ ഇടയിലുള്ള പ്രമാണികൾക്കു പ്രചരിപ്പി

ക്കാം. അഹങ്കരിക്കാം. ആത്മപ്രശംസയെ ചെയ്യാം, അംഗനാ രത്നങ്ങളെ അപഹരിക്കാം. ദിക്കുതോറും പ്രസംഗിച്ചു ദിഗ്ജയം കൊള്ളാം എന്തുചെയ്താലും അവർ യോഗികളും, ജ്ഞാനികളും, പൂജ്യന്മാരുംതന്നെ. അതിന്നു ആക്ഷേപമില്ല. ജാതിമതഭേദമെന്നിയെ ഒരുപോലെ ഏവരേയും ആനന്ദപദവിയിൽ ഏററുന്ന രാജയോഗത്തെയും, സമദൃഷ്ടിയേയും, അഹിംസാ എന്ന പരമധൎമ്മത്തെയും ഈ ബ്രഹ്മാനന്ദസ്വാമി ശിവയോഗിക്കു പ്രചരിപ്പിച്ചുകൂടാ. അങ്ങിനെ ചെയ്യുന്നതു അഹങ്കാരമാണ്. ആത്മപ്രശംസയാണ് എന്നുംമററും പറഞ്ഞ് ആക്ഷേപിക്കുക. ഇതു അസൂയാ വിലാസം എന്നൊ, അന്ധവിശ്വാസവിലാസം എന്നൊ, അജ്ഞാനവിലാസം എന്നൊ പറയേണ്ടതു. അതൊ ഇതുമൂന്നും മൂത്ത് മൂൎത്തീകരിച്ച മൂൎത്തിവിലാസം എന്നൊ പറയേണ്ടതു? ഞാനും അജ്ഞാനകൎമ്മകാണ്ഡക്കാരണവരുടെ തൃക്കാലടികളിൽ അടിമപ്പെട്ടു ജാതിഭേദങ്ങളും, വിഗ്രഹാരാധനാദികളും, ഹിംസകളും വേണ്ടതുതന്നെയാണ് എന്നു സമ്മതിച്ചു ബിംബപ്രതിഷ്ഠാദ്വാരേണ മോക്ഷമാൎഗ്ഗത്തെ കല്ലിട്ടടപ്പാനും ജാതിഭേദത്തെ നിലനിൎത്തുവാനും അജവധപ്രധാനയാഗാദി ദുഷ്ടകൎമ്മങ്ങളെ പ്രശംസിപ്പാനും തുടങ്ങിയാൽ കൎമ്മകാണ്ഡകാൎയ്യസ്ഥന്മാർ എന്നെയും എന്റെ ഗ്രന്ഥങ്ങളേയും ആക്ഷേപിക്കയില്ല എന്നല്ല, അനുമോദിക്കയും അനുമോദന പത്രങ്ങളെ തരികയും ചെയ്യും. ഇവരുടെ ആക്ഷേപത്തേയും അനുമോദനത്തേയും ഞാൻ വിലവെച്ചാൽ ഇനിക്കു ലോകത്തിന്നു യോഗക്ഷേമത്തെ ചെയ്വാൻ സാധിക്കുന്നതല്ല. കൎമ്മകാണ്ഡപ്പുരിഷകൾ ഇവരുടെ ദൈവമായ വിഷ്ണുവിന്റെ-ബുദ്ധന്റെ മതത്തെക്കൂടി നാടുകടത്തിയവരല്ലയൊ? ബുദ്ധനിൽ ഉള്ള ഈൎഷ്യ അടങ്ങാതെ ബുദ്ധാനുസാരികളെക്കൂടി "ബൌദ്ധനെ സേവിച്ചു ജീവിക്കയെക്കാട്ടിൽ ഊൎദ്ധ്വംവലിച്ചു മരിക്കതന്നെസുഖം" എന്നു നിന്ദിച്ചവരല്ലയൊ? ആ സ്ഥിതിക്കു എന്നെ നിന്ദിക്കുന്നതു അത്ഭുതമല്ല.

പദ്യങ്ങൾ.

1. ബുദ്ധൻവിഗ്രഹപൂജനാദികരണംഖണ്ഡിക്കയാലാമഹാ
സിദ്ധൻതന്നെനിഷിദ്ധനാക്കി നിതരാം നിന്ദിച്ചപോലെന്നെയും
ക്രുദ്ധാന്തക്കരെണാന്ധകർമ്മഠജനംനിന്ദിപ്പതല്ലത്ഭുതം
സിദ്ധാന്തത്തെയറിഞ്ഞു നമ്മുടെജനം നന്ദിപ്പതാണത്ഭുതം.

2. ഉടച്ചോരുമൂലത്തിനാൽ കർമ്മകാണ്ഡം
കൊട്ടത്താർദയാനന്ദനും ഹാവിഷത്തെ
കട്ടത്തോരുകോപത്തൊടവ്വണ്ണമെന്നെ
പ്പെട്ടത്താത്തതും പാക്കിലത്യത്ഭുതംതാൻ.

3. ചിത്തപ്രസാദവിനയാദിഗുണംപരത്തും
ക്രിസ്തുനെഹാകുരിശിലന്നു തറച്ചുകൊന്നാർ
മർത്ത്യൗഘമായതു കണക്കെയിവൻെറനേരെ
ശസ്ത്രക്രിയക്കു തുനിയാത്തതു മത്ഭുതംതാൻ.

4. ഹസ്തേമുപ്പതുവെള്ളിനൽകിവശമാക്കിക്രിസ്തുവിൻശിഷ്യനെ
ക്രിസ്തുനെപ്പിടികൂടിമൂഢപടലം ക്രൂശിൽതറച്ചീടിനാർ
അപ്പോൾകർമ്മികളെൻെറ ശിഷ്യരെവശത്താക്കി ദ്വേഷിച്ചീടിലും
മൽപ്രാണക്ഷതിചെയ്യിടാത്തതു മഹത്തായീടുമത്യത്ഭുതം.

5. വാക്കൊട്ടുംവകവെച്ചിടാതെമൃതിയില്ലാത്മാവിനെന്നോതിയ
സോക്രട്ടീസ്സിനുനൽകിനാർ വിഷമഹോപോക്രിതന്മാരാവതൊ
പാത്തട്ടിങ്കലിവണ്ണമക്രമിജനം പണ്ടിന്നുമുണ്ടിപ്പൊഴെ
ന്നോത്തിട്ടെന്നെദ്വേഷിച്ചുകർമ്മികൾ വിടാൻമൂലംപെരുത്തത്ഭുതം.

6. ബുദ്ധൻ തന്നെവധിപ്പതിന്നുനിജശിഷ്യൻദേവദത്തൻശഠൻ
ക്രുദ്ധിച്ചന്നുമതിന്നുചെയ്തതു കണക്കിന്നെൻെറശിഷ്യദ്വയം
ബദ്ധാശക്കവശത്തിലായ്പലവിധം നമ്മോടുചെയ്യുന്നു ഈ
സിദ്ധൻതന്നൊടുപറകില്ലവർ മനോദുർമ്മോഹമൊന്നുംദൃഢം.

7. ന്യായംവിട്ടുദ്വേഷിക്കിലും പലവിധംദ്രോഹിച്ചു കൊണ്ടീടിലും
ഈയെൻഹിംസയെവിട്ടു കർമ്മികൾ വസിച്ചീടുന്നതത്യത്ഭുതാ

ആയുസ്സിൻബലമൊ, അതൊ ഇതുനൃപൻശിക്ഷിക്കുമെന്നുള്ളൊരാ
ഭീയൊ, എന്നുടെ സിദ്ധിയൊ, സുകൃതിസംഘത്തിന്റെ സൽ
ഭാഗ്യമൊ?

8. പണ്ടേപണ്ടുള്ളതെല്ലാം ശരിശരിയതിനി-
ല്ലൊട്ടുമേവാദമെന്നായ്
കൊണ്ടാടിക്കൊണ്ടു പാരിൽപ്പെരുമയൊടമരും
പണ്ഡിതന്മാർക്കുനമ്മിൽ
ഉണ്ടാമൊതെല്ലുപോലുംരസമരിശമതൊ-
ന്നൊന്നിയെ കർമ്മകാണ്ഡം
കണ്ഡിച്ചോനല്ലയോഞാൻ പലതുമവർദ്ദോഷി-
ക്കട്ടെ കാട്ടട്ടെഗോഷ്ഠി.

9. മാമലോകരെക്കർമ്മഠരാക്കിനിത്യം
മാലേറെനൽകുന്നതുസങ്കടംമെ
ഹെലോകരേ! യുക്തവചസ്സിനെച്ച-
ണ്ഡാലൻപറഞ്ഞാലുമെടുത്തിടേണം

10. യുക്തന്മാരെന്റെതത്വം പരിചിനൊടറിയും യുക്തിഹീന
(ർക്കതെല്ലും
മത്തത്വത്തെഗ്രഹിപ്പാൻ കഴിവുവരികയേയില്ലതിന്നില്ല വാദം
സത്യം, പാണ്ഡിത്യഡംഭാൽച്ചിലർ, ചിലരറിവില്ലായ്കയാലന്ധ
(വിശ്വാ-
സത്താലും കർമ്മകാണ്ഡക്കടലടിയിടയിൽപെട്ടു ഹിന്തുക്കൾകെട്ടു.

11. ഇക്കർമ്മക്കടലിൽ കിടന്നുവലയും ദുഃഖത്തിനെത്തീർക്കുവാ-
നിക്കാലം സുഖരാജയോഗവഴിയെക്കാണിക്കുമെന്നിൽച്ചിലർ
ധിക്കാരത്തൊടുദോഷമോതിയെഴുതിട്ടിക്കിൽപരത്തീടിലും
ദിക്കൊക്കെപ്രചരിച്ചുകൊണ്ടുമുദമുണ്ടാക്കുന്നു മൽപുസ്തകം.

12. കാന്തംസൂചിയെയെന്നപോലെ സുകൃതിക്കൂട്ടത്തെയെന്നാ
(ശ്രമോ
പാന്തത്തിങ്കൽവരുത്തിടുന്നു, തനിയേയെൻഗ്രന്ഥകാന്തംദൃഢം
സ്വാന്തത്തിങ്കലസൂയമൂത്തു നിതരാം നിന്ദിച്ചിടും മാനുഷ

ഭ്രാന്തന്മാരുടെ ദൂഷണത്തെവിലവെക്കുന്നില്ലസൽസന്തതി.

13. ബിംബസ്ഥാപനകൊണ്ടു ശർമ്മവഴിയെക്കല്ലിട്ടടക്കും മഹാ
കർമ്മാചാര്യരനേകരുണ്ടവർ വശത്താകുന്ന മാലോകരും
തന്മോഹത്തെയകററിട്ടുന്നൊരിവനെത്തെമ്മാടിയെന്നോതിയാൽ
സമ്മാനിച്ചുവരുന്നപണ്ഡിതരുമുണ്ടത്യത്ഭുതം പാർക്കുകിൽ.

14. ക്ഷേത്രംവിഗ്രഹപൂജനം വ്രതചയംതീർത്ഥാടനം മുഖ്യമെ-
ന്നോർത്തിട്ടിങ്ങിനെയാർത്തിപൂണ്ടുഴലുമീ മർത്ത്യർക്കുമോക്ഷത്തിനായ്
ഗാത്രത്തിങ്കൽവിളങ്ങിടുന്നപരനെക്കാട്ടുന്ന യോഗത്തിനെ
കീർത്തിക്കുന്നൊരുനമ്മിലീർഷ്യശരിയൊഹേപണ്ഡിതപ്രൌഢരേ!

15. കർമ്മക്കാരണവന്റെ കാര്യമഖിലംനോക്കുന്ന ഹേ കൂട്ടരേ!
എന്നേലെന്തിനു വൈരമെന്തിനുവൃഥാ ദൂഷ്യം കഥിക്കുന്നുമാം
ബ്രഹ്മാനന്ദപദത്തിൽ വാഴ്വതിനായ് സന്മാർഗ്ഗമോതുന്നുഞാൻ
അമ്മാർഗ്ഗത്തിനുവിഘ്നകർമ്മമഖിലം നിർമ്മൂലമാക്കുന്നുഞാൻ.

16. ഉമ്മാൻക്രൂടിയയച്ചിടാത്തൊരു മഹാതെമ്മാടിയായീടുമ-
കർമ്മക്കാരണവന്റെ കല്പനകൾ കേട്ടേററം ഭയപ്പെട്ടഹൊ
ഇമ്മാലോകരുമിമ്മഹീരമണരും കർമ്മങ്ങളിൽ പെട്ടുസൽ-
ധർമ്മംവേണ്ടതറിഞ്ഞിടാതെ വെറുതേജന്മം കഴിക്കുന്നഹാ.

17. സ്വത്തില്ലാത്തദരിദ്രരോടു സമമായ് ഹിന്തുക്ഷ്മാപാലരും
ക്ഷുത്തുംദാഹവുമേററുനോററു ചിലനാളേററം തപിക്കുന്നഹാ
ഇത്താപത്തെയിവർക്കു ചേർത്തിവരുമക്കർമ്മാസുരന്തന്നുടെ
ശത്രുത്വേനവിളങ്ങുമെന്നിലിവരിന്നെന്താണു നോക്കാത്തത്?

പേയോഭ്രാന്തോപിടിച്ചാലലയുമതുകണ-
ക്കങ്ങുമിങ്ങും പലപ്പോൾ
പായുംതീർത്ഥത്തിലാടാൻദിശിദിശി; സുഖമായ്
വാണിടേണ്ടും ജനങ്ങൾ
കായത്തിൽത്താപമേവം നൃപരിലുമധികം
ചേർത്തിടുംകർമ്മകാണ്ഡ-
ത്തീയാററും രാജയോഗാമൃതമിവർ വിലവെ-
ക്കാത്തതെന്തൊന്നുകൊണ്ടു.

19. കുഷ്ഠവ്യാധികണക്കെ ഹിന്തുനിരയെ കൊല്ലുന്നജാതിവ്യഥാ
കഷ്ടംതീൎത്തുവരുന്നനമ്മുടെ മഹാമോക്ഷപ്രദീപത്തിനെ
ഇഷ്ടംപൂണ്ടുവരുത്തിനോക്കി വളരെപ്പേരാത്മലാഭത്തിനാൽ
തുഷ്ട്യാവാഴ്ത്തുവതിങ്കലീൎഷ്യശരിയൊ ഹേ! പണ്ഡിതപ്രൌഢരേ!

20. ശ്വാനന്മാരുടെമാതിരിക്കടിപിടി കൂട്ടുന്നജാതിഭ്രമാൽ
നാനാദോഷമുദിച്ചിടുന്നതു മഹാന്മാൎക്കൊക്കബോദ്ധ്യംദൃഢം
ഞാനാദോഷമകററിടുന്നളവിലെൻ മോക്ഷപ്രദീപത്തിനാൽ
ഊനംനമ്മിലുരപ്പതിന്നുശരിയോ ഹേ! പണ്ഡിതപ്രൌഢരെ!

21. മുമ്പുണ്ടായമഹജ്ജനങ്ങളധികം നിന്ദിച്ചജാതിഭ്രമ-
ക്കമ്പംപൂണ്ടുഴലുന്നകൎമ്മഠരെയും തൽകൎമ്മകാണ്ഡത്തെയും
വമ്പന്മാരവർപോയബോധവഴിയെക്കാട്ടുന്നൊരെന്നിൽപരം
തുമ്പില്ലായ്മയുരപ്പതിന്നുശരിയോ ഹേ! പണ്ഡിതപ്രൌഢരെ!

22. നിന്ദിപ്പിൻ, കൎമ്മിവൎഗ്ഗത്തിനെമൃഗസമമാ-
യെവർനിന്ദിച്ചുവോ ആ
വന്ദ്യന്മാരാം വസിഷ്ഠാദികളെ യിവനെയെ-
ന്തിന്നുനിന്ദിച്ചിടുന്നു
ഒന്നുംഞാൻസ്വന്തമോതീലവരുടെവചനം
വിസ്തരിച്ചേൻ, വിശേഷാൽ
മന്ദന്നും രാജയോഗാമൃതസുഖമെവന്നും
കിട്ടുമാറാക്കിവെച്ചേൻ.

23 ക്ഷീണന്നുംശക്തന്നും പാൽരസകരമതുപോൽ
രാജയോഗം നിനച്ചാൽ
ആണിന്നും പെണ്ണിന്നും പിന്നൊരുലിപിയറിയാ-
ത്തോൎക്കുമാഢ്യൎക്കുമാകും
പാണന്നും പാട്ടികൾക്കും പറയനുമൊരുപോൽ
മുക്തി നൽകുന്നതല്ലോ
കാണാതീ യോഗതത്വം തെറിപറയരുതേ
പണ്ഡിതപ്രൌഢരേ ഹേ!

24. ഉണ്ടെന്നാൽ രാജയോഗാമൃതരസമൊരുവൻ
ബിംബപൂജാദികർമ്മ-
ക്കുണ്ടിൽ ച്ചാടില്ലമററുള്ളവരെയുമതിനായ്
പ്രേരണം ചെയ്കയില്ല,
കണ്ടീടാതാരസത്തെപ്രഥമപടവഹോ
ബിംബപൂജാദിയെന്നായ്-
ക്കൊണ്ടാടീടുന്നനമ്മെത്തെറിപറയുകയും
ചെയ്തുകൊള്ളുന്നുദകഷിൽ.

25. ശാസ്ത്രത്തിൻെറ പഠിപ്പുകൊണ്ടു പലതുംകെട്ടിച്ചമക്കാംമൂഢാ
കീത്തിക്കാംശിവയോഗമിങ്ങിനെയിവണ്ണം ജ്ഞാനമെന്നൊക്കയും
മൂത്ത്യാരാധനതൊട്ടകർമ്മപടലംവേണ്ടുന്നതാണെന്നതും
ഓത്താലിങ്ങിനെ ചൊല്ലിടുന്നവർ, പരംതത്വം ഗ്രഹിക്കാത്തവർ.

26. തത്വംനന്നായ്ഗ്രഹിച്ചാരതിനെളവിപര-
ത്തീടുവാനായ്ശ്രമിക്കം
വിത്തംതൽസാദ്ധ്യതയ്ക്കായ്ച്ചിലവിടുമതുചെ-
യ്യാതെപൂജാദികൾക്കായ്
അത്യന്തംതൃപ്തിപൂണ്ടിട്ടനവധിധനവും
നഷ്ടമാക്കുന്നകൂട്ടർ
സത്യംതത്വംഗ്രഹിക്കാത്തവരറിവിനഹോ
ലോകരേ! ശങ്കവേണ്ടാ

27. ജ്ഞാനീഞാൻ, പണ്ഡിതൻഞാൻ,
കവികുലതിലകൻ, ഞാൻമഹായോഗിരാജൻ
ഞാനാഢ്യൻ, സ്വാമിയെന്നും ബഹുമതിയെ
ലഭിച്ചുള്ളപേരുണ്ടനേകം
ആരുംകർമ്മാസുരൻതൻഗളതലമരിവാ-
നദ്യമിക്കുന്നതേയി-
ല്ലാനന്ദത്തെക്കൊടുക്കുന്നമൃതവഴി
പുരത്താനുമില്ലാരുമിന്നു.

28. ദേവേന്ദ്രൻതന്നോടൊപ്പംബഹുമഹിമയെഴം
ഹിന്തുരാജാക്കളുണ്ട്
ഭാവിച്ചാലാനൃപന്മാർക്ഷണമതിസുഖമാം
രാജയോഗംപരത്താം
ആ വമ്പന്മാരിലാരും കരുണയുടെലവം
വെച്ചിടുന്നില്ലിതിങ്കൽ
ഏവൻഹാരാജയോഗംസകലദിശിപര-
ത്തീടുവാൻതക്കബന്ധു?

29. ഞാനെന്മെ ബീയെയോ സൽജഡ്ജിയൊ നൃപനോ
പൂണരുതുലുള്ള പൂജ്യൻ
താനോയൂറോപ്യനോ ഞാനധികധനികനോ
ആയിരുന്നീടിലെന്നെ
താനേമാനിക്കമെന്നെത്തെറിപറകയുമി-
ല്ലില്ലയോഗംപരത്താൻ
നൂനംരാജാക്കളും തൽപ്രബലരുമധികം
ഘോരുമെന്നോടുകൂടി.

30. ശക്തിക്കൊത്തകണക്കെയുക്തവഴിയെപ്പാരിൽപരത്തും
(വിധൌ
ശക്തന്മാർബഹുകർമ്മകാണ്ഡനിരതന്മാരിന്നുശത്രുക്കളും
യുക്തികൊട്ടുമടുത്തിടാത്തവചനംചൊല്ലുന്നഹാപണ്ഡിതർ
ദിക്കൊക്കിങ്ങിനെഹിന്തുസന്തതിവൃഥാദുഃഖിക്കമാറായിഹാ.

31. ഗീതാനിഷ്കാമകർമ്മത്തിനെയരുളിയിരി-
ക്കുന്നുവെന്നോർത്തുനിങ്ങൾ
ഘോരതാമോഹത്തിനെപ്പൂണ്ടഹഹ സുഖകരം
രാജയോഗംവെടിഞ്ഞാൽ
സ്ഫീതാനന്ദംലഭിക്കാ, പെരുവഴിയതിലാ-
യർജ്ജുനൻ ചത്തപോലെ
പാതംനേരിട്ടു ചാകും വിടുകവിടുകഹേ
കർമ്മകാണ്ഡഭ്രമത്തെ.

32. അന്നംഭക്ഷിക്കുവാനീയഖിലമനുജരി-
ങ്ങൎഹരാകുന്നുവെല്ലൊ
തിന്നീടാംപഞ്ചസാരാശിശുവിനുമതുപോൽ
രാജയോഗത്തെയാൎക്കും
നന്നായ് ശീലിച്ചുകൊള്ളാം പരമപദവിയിൽ
ചേൎന്നുദുഃഖങ്ങൾതീൎക്കാം
എന്നുംവാഴാം സുഖത്തോടതിനു മുതിരുവിൻ
ലോകരെ നിങ്ങളൊക്കെ.

33. കണ്ടേൻകാണേണ്ടമാൎഗ്ഗം ശിവശിവശിവനേ
ചൊല്ലുവാൻശക്തിയില്ലേ
ഉണ്ടേനാനന്ദമാകുന്നമൃതമിതുലഭി-
ക്കാത്തതെല്ലൊബുധൎക്കും
കൊണ്ടേൻരോമാഞ്ചമാകും കവചമിതുയമൻ
കൂടി ഭേദിച്ചിടില്ലാ
ഉണ്ടോ ഹാ രാജയോഗത്തിനു സദൃശമതം
കണ്ടതാരീരസത്തേ.

34. കണ്ടോൻമണ്ടുമോ, കൎമ്മകാണ്ഡകഠിനതീക്കുണ്ടിൽ വീണീ
(ടുമൊ
കണ്ടാമിണ്ടിപറഞ്ഞുകൊണ്ടുവരുമോ, യോഗത്തെനിന്ദിക്കുമോ
പണ്ടുള്ളോരുപറഞ്ഞതൊക്കെ ശരിയെന്നോതീടുമൊ, ഗീതയും
കൊണ്ടെന്നോട്ടുകയൎത്തു ചാടിവരുമോ, മിണ്ടീടുമോവല്ലതും.

35. സാരം ഗീതയിലുണ്ടതല്പമധികം നിസ്സാരമാണുള്ളതു്
നേരെല്ലാമതുകൃഷ്ണനാൽ കഥിതമെന്നുള്ളോരു മോഹത്തിനാൽ
പോരിന്നായതെടുത്തുപോരുമവർ തൻമോഹംകളഞ്ഞീടുവാൻ
ഓരോന്നുന്നതഗീതതന്റെയുമഹം സ്വല്പംതെളിച്ചീടിനേൻ

ബുദ്ധൻ വിഷ്ണുവിന്റെ അവതാരമാണെന്നു ഹിന്തുക്കൾ സമ്മതിച്ചിട്ടുള്ളതിന്നു പ്രമാണം.

"ദുഷ്ടയജ്ഞവിഘാതായ പശുഹിംസാനിവൃത്തയെ
ബൌദ്ധരൂപംദധൌയോസൌ തസ്മൈദേവായതേനമഃ"

ഇതു ദേവീഭാഗവതത്തിൽ വിഷ്ണുസ്തുതിയിലുള്ള ഒരു പദ്യമാകുന്നു. അൎത്ഥം—യാതൊരു ഭഗവാൻ ദുഷ്ടങ്ങളായയാഗങ്ങളെനശിപ്പിപ്പാൻവേണ്ടിയും പശുഹിംസയെ നിൎത്തൽചെയ്വാൻ വേണ്ടിയും ബുദ്ധരൂപത്തെ ധരിച്ചുവൊ ആ ദേവനായ അങ്ങെക്കു നമസ്കാരം. ഹിന്തുക്കൾ അവതാരങ്ങൾ എന്നു കരുതി ഇന്നും പൂജിച്ചുവരുന്ന ഒരവതാരത്തിന്നും ബുദ്ധന്നുള്ളതുപോലെ സമദൃഷ്ടി ദയാദിഗുണങ്ങൾ ഇല്ല എന്നതു ഇതരമതക്കാൎക്കും ബോദ്ധ്യമാണു. ഇങ്ങിനെ ഇരിക്കുന്ന പരിശുദ്ധബുദ്ധനെ ഹിന്തുക്കളുടെ ദൈവത്തെ കക്കുന്ന കള്ളൻ (ചോരൻ) എന്നുംമററും ഹിന്തുക്കൾനിന്ദിച്ചിരിക്കുന്നു. അതിന്നു പ്രമാണം.

"യഥാഹിചോരസ്സതഥാഹിബുദ്ധസ്തഥാഗതംനാസ്തികമത്രവിദ്ധി
തസ്മാദ്ധിയശ്ശുങ്ക്യതമഃ പ്രജാനാംനനാസ്തികെനാഭിമുഖൊബുധസ്സ്യാൽ"

രാമായണത്തിൽ അയോദ്ധ്യാകാണ്ഡത്തിലുള്ള പദ്യമാണു ഇതു്. അൎത്ഥം—ചോരനെപ്പോലെതന്നെ ആ ബുദ്ധനും, ബുദ്ധൻ നാസ്തികനാണ് നിരീശ്വരനാണ് എന്നറിയുക. അതുകൊണ്ടു ബുദ്ധമതജനങ്ങൾ വളരെ ഭയപ്പെടണം. വിദ്വാനായവൻ ആ നാസ്തികനിൽ മുഖം കൊടുക്കരുതു (വിശ്വസിക്കരുതു.) ഈ മഹാനുഭാവന്റെ അനഘങ്ങളായ അഗണ്യഗുണങ്ങൾ എവിടെ? അസഹ്യമായും അതിതുച്ഛമായും ഇരിക്കുന്ന ഈ നിന്ദാവചനം എവിടെ? ജാതിഭേദവിഗ്രഹാരാധനാദ്യജ്ഞാന കൎമ്മങ്ങളെ ഖണ്ഡിച്ച ഒററ സംഗതിയാണ് ഇങ്ങിനെ നിന്ദിപ്പാൻ കാരണം. ഈ ഒററ സംഗതിതന്നെ എന്നെ നിന്ദിപ്പാനും കാരണം. ഹിന്തുക്കളുടെ ഇടയിൽ പൂജ്യനാകണമെങ്കിൽ ജാതിഭേദത്തെയും അതിനെ അടിസ്ഥാനമാക്കിയിട്ടുള്ള യാഗവിഗ്രഹാരാധനാദി കൎമ്മങ്ങളേയും അനുസരിക്കേണം എന്നാൻ ചത്തുപോയാലും ഹിന്തുക്കൾ പൂജിക്കും. ക്ഷേത്രംകെട്ടി ശ്രീകൃഷ്ണശ്രീരാമാദികളെ ഇന്നും പൂജിക്കുന്നില്ലയൊ? ബുദ്ധനിന്ദയല്ലാതെ ബുദ്ധക്ഷേത്രം ഉണ്ടൊ? ആടു, കോഴി മുതലായവയെ അറുത്തു ദുൎമ്മൂൎത്തികളേയും, പ്രേതങ്ങളേയും

കൂടി പൂജിക്കുന്ന ഹിന്തുക്കൾക്ക കയ്യും കണക്കമില്ല. ഇക്കാല ത്തിലും മരിക്കുന്ന മഹാസംസാരികളുടേയും മൃതകൎമ്മാചാൎയ്യന്മാരുടേയും സ്മാരകമായി അനേകായിരം ഉറുപ്പിക ഹിന്തുക്കൾ ചിലവു ചെയ്യുന്നു. ബുദ്ധന്റെ സ്മൃതിക്ക ഒററപ്പൈ ചിലവു ചെയ്തിട്ടുണ്ടൊ?

ആക്ഷേപം 34. ബുദ്ധൻ നിരീശ്വരനാണ്, നിരീശ്വരന്റെ സ്മാരകമായി ആരെങ്കിലും എന്തെങ്കിലും ചെയ്യുമൊ, നിരീശ്വരനെ നിന്ദിക്കയല്ലയൊ ചെയ്യേണ്ടതു? സ്വാമികളും ആ തരക്കാരൻ തന്നെ, അതുകൊണ്ടല്ലയൊ വിഗ്രഹാരാധനാദി കൎമ്മങ്ങളെ സ്വാമികൾ ഖണ്ഡിച്ചതു. അതുനിമിത്തം എന്തു വന്നുകൂടി. പണ്ടൊരു ബ്രാഹ്മണൻ യാഗംചെയ്യാൻ ആട്ടിനെപ്പിടിച്ചു കൊണ്ടുപോകുമ്പോൾ ശുദ്രസംഘംഒത്തുകൂടി 'ഇതു ആടല്ല നായാണു' എന്നുപറഞ്ഞു തെററിധരിപ്പിച്ചതുപോലെ കൎമ്മിസംഘംഒത്തുകൂടി സ്വാമികളേയും സ്വാമികൃതികളേയും തെററിധരിപ്പിക്കുന്നു. അതിന്നു പല ഉപായങ്ങളേയും എടുത്തുവരുന്നു. അതിലൊരു വകയാണു സ്വാമികളെ ദൂഷിച്ചു എഴുതിയതിന്നു ഒരു കൎമ്മാചാൎയ്യനും, ഒരു പണ്ഡിതനും അനുമോദിച്ചു പ്രസിദ്ധം ചെയ്യാൻ പ്രേരിച്ചതും അനുമോദനപത്രം കൊടുത്തതും.

2. "ശിവയോഗിയോടു ചില ചോദ്യങ്ങൾചെയ്തു ഉത്തരം പറവാൻ കഴിഞ്ഞില്ല. തൊണ്ടയിലെ വെള്ളം വററിപ്പോയി. ബ്രഹ്മാനന്ദസ്വാമി ശിവയോഗിയെക്കൊണ്ടു ബിംബാരാധനാദി കൎമ്മങ്ങളെ ഞാൻസമ്മതിപ്പിച്ചു" എന്നൊരുവക. സ്വാമിയെ കണ്ടിട്ടില്ലാത്ത ഒരു പൊണ്ഡനാണു ഇങ്ങിനെ എഴുതി പണ്ഡിതനാണെന്നു ഞെളിയുന്നതു ഇങ്ങിനെയുള്ള കപടത്തൊഴിൽ കൎമ്മകാണ്ഡ രാക്ഷസപ്പരിഷയല്ലാതെ ആർ ചെയ്യും?

3. സ്വാമികളുടെ ശിഷ്യന്മാരെ ചിലരെ വശത്തുവെച്ചു സ്വാമികളേയും സ്വാമികൃതികളേയും ദൂഷിപ്പിക്കുക ശിഷ്യന്മാർ തന്നെ ദൂഷ്യംപറയുമ്പോൾ ജനങ്ങൾ സ്വാമികളെ ക്ഷണത്തിൽ തെററിധരിക്കുമല്ലൊ എന്നാണു അവരുടെ ആലോചന.

4. അദ്ദേഹത്തിൻെറ-ബ്രഹ്മാനന്ദസ്വാമി ശിവയോഗിയുടെ സ്വാത്മപ്രതിപത്തി തുടങ്ങിയുള്ള വൃത്തികളേയും മോക്ഷപ്രദീപാദി പുസ്തകങ്ങളിലുള്ള അത്യബദ്ധങ്ങളായ വിഷയങ്ങളേയും ഓരോന്നോരോന്നായി തെളിയിച്ചുകൊണ്ടു............എഴുതാൻ വിചാരിക്കുന്നു' എന്നൊരുവക

5. ബിംബപ്രതിഷ്ഠാപകനെക്കാൾ ബ്രഹ്മാനന്ദസ്വാമി എത്രയൊ താണനിലയിലാണെ എന്നൊരുവക. അതുകൊണ്ടു കർമ്മകാണ്ഡഖണ്ഡനം മേലാലങ്ങുന്നു ചെയ്യരുതു. "കർമ്മിണഃകോടികോടയഃ" എന്നു പറഞ്ഞപ്രകാരം കർമ്മികൾ കോടിഃകോടിയാണു. അനേകം ആളുകൾകൂടി ഒരുമ്പെട്ടാൽ ഒരു സത്യവാനെ അസത്യവാൻ എന്നും ഒരു പതിവ്രതയെ വ്യഭിചാരിണിഎന്നും പ്രസിദ്ധമാക്കാൻ പ്രയാസമില്ല. ആ സത്യവാനേയും പതിവ്രതയേയും അറിയാത്തവർ തെററിധരിക്കയും ചെയ്യും. ബ്രാഹ്മണൻ ആട്ടിനെ നായാണെന്നു തെററിധരിച്ചില്ലയൊ? "ജീവിന്നോപിശാചതാമുപഗതഃഖ്യാതഃ കവിർബൽഹണഃ" ജീവിച്ചിരിക്കുന്ന പ്രസിദ്ധപ്പെട്ട ബൽഹണകവിയെ പിശാചാക്കീലയൊ?

സമാധാനം 34. എന്നിലും എൻെറ കൃതികളിലും എന്തെല്ലാമാണു ദോഷം ആരോപിക്കുന്നതു എങ്കിൽ ആരോപിച്ചുകൊള്ളട്ടെ, ബിംബപ്രതിഷ്ഠാപകനേക്കാൾ എന്നല്ല ഒരു കഴുതയേക്കാൾ താഴ്ന്നവനാണു ബ്രഹ്മാനന്ദസ്വാമി ശിവയോഗി എന്നു് എഴുതി പ്രസിദ്ധം ചെയ്തുകൊള്ളട്ടെ. ഇനിക്കുഹാനിയില്ല.

ബുദ്ധനെ "ചോരനെ"ന്നും മററും നിന്ദിച്ചിട്ടും ബുദ്ധൻെറ ശുദ്ധതക്കും ബുദ്ധതക്കും അണുവോളമെങ്കിലും ഹാനി നേരിട്ടിട്ടുണ്ടോ? ഇന്നും സാരഗ്രാഹികളായ സത്തുക്കളുടെഇടയിൽ ബുദ്ധൻ പൂർവ്വാധികം വിളങ്ങിക്കൊണ്ടിരിക്കുന്നു. സാരഗ്രാഹികളുടെഇടയിൽ എൻെറ കൃതികളും എന്നും വിളങ്ങിക്കൊണ്ടിരിക്കും ബുദ്ധനെ നിരീശ്വരൻ എന്നല്ലാ മഹാജ്ഞാനി എന്നാണു് മനസ്സിലാക്കേണ്ടതു. "നദേവസ്സ്വാത്മനഃപരഃ" ആത്മാവിൽനിന്നുവേറിട്ടു ഒരു ദൈവമില്ല എന്നാണു ഈ ഉപനിഷത്തിൻെറ അർത്ഥം.

ഇതാണു ബുദ്ധന്റെ സിദ്ധാന്തവും. അതറിയാതെ ബുദ്ധനെ നിരീശ്വരൻ എന്നു നിന്ദിക്കുന്ന ഹിന്തുക്കളും ഹിന്തുമതജ്ഞാനികളെയും നിരീശ്വരന്മാർ എന്നു പറഞ്ഞു നിന്ദിക്കേണം വന്ദിപ്പാൻ പാടില്ല. എന്തുകൊണ്ടെന്നാൽ

"ഈശ്വരഃപ്രേരിതൊഗച്ഛേൽ സ്വർഗ്ഗംനരകമേവവാ

സസദൈവപരാധീനഃപശുരേവനസംശയഃ" എന്നു വാസിഷ്ഠം

അൎത്ഥം—സ്വൎഗ്ഗത്തെയോ, നരകത്തെയൊ പ്രാപിക്കുന്നതു് ഈശ്വരൻ പ്രേരിച്ചിട്ടാണു് എന്നു് വിചാരിക്കുന്നവൻ ഒരു മൃഗമാണു്. അങ്ങിനെ വിചാരിക്കുന്നവൻ എല്ലായ്പ്പോഴും പരാധീനൻതന്നെ. ഇങ്ങിനെ പറഞ്ഞതുകൊണ്ടു് വസിഷ്ഠരും നിരീശ്വരനാണെന്നു നിന്ദിക്കേണ്ട ഘട്ടത്തിൽ പണ്ടേ എത്തിയിരിക്കുന്നു.

1 "ബ്രഹ്മൈവാഹമനീശ്വരഃ"

2 സ്വയമെവെശ്വരസ്തത്വമജ്ഞാത്വാമുഹ്യതെജനഃ

3 മാമേവാഹമനുധ്യായേനാന്യം ദേവംകദാചന

എന്നുശിവജ്ഞാനദീപിക. അൎത്ഥം—1. ബ്രഹ്മംതന്നെഞാൻ, ഞാൻ നിരീശ്വരനാണു്. 2. താൻതന്നെ ഈശ്വരൻ, തത്വത്തെ അറിയാതെ ജനം മോഹിക്കുന്നു. 3. ഞാൻ എന്നെത്തന്നെ ധ്യാനിക്കുന്നു. എന്നിൽനിന്നു അന്യമായ ഒരു ദൈവത്തെ ഒരിക്കലും ഞാൻ ധ്യാനിക്കുന്നില്ല ഇങ്ങിനെ പറഞ്ഞ ശിവജ്ഞാനദീപികാകൎത്താവും നിരീശ്വരനാണെന്നു നിന്ദിക്കേണ്ടതരത്തിൽ എത്തി. വേദാന്തശാസ്ത്രത്തിന്റെ സിദ്ധാന്തം വേറെ ദൈവമില്ല. താൻതന്നെയാണു ദൈവം=ബ്രഹ്മം എന്നാണല്ലൊ ഇങ്ങിനെ തത്വം ആലോചിക്കുമ്പോൾ ബുദ്ധനെ നിന്ദിച്ചതു ഹിന്തുമതജ്ഞാനി നിന്ദയായിട്ടാണു കലാശിച്ചതു്. "ഈ ദേഹത്തെ ഒഴിച്ചു ആത്മാവു എന്നു ഒന്നില്ല" എന്നാണ് ബുദ്ധന്റെ പക്ഷം എന്നാക്ഷേപിക്കുന്നതും ശരിയല്ല. മുക്തി എന്ന പദത്തിന്റെ പൎയ്യായനാമമാണു "നിൎവ്വാണം" എന്നപദം "മുക്തിഃ കൈവല്യ്യനിൎവ്വാണം" എന്നു അമരകോശം. നിൎവ്വാണത്തെ പ്രാപിക്കണമെന്നു ബുദ്ധൻ പറഞ്ഞിരിക്കുന്നു. അതിന്നു മന

സ്സിനെ നന്നാക്കുവാൻ ബുദ്ധൻ മററുള്ള മതക്കാരേക്കാൾ അധി കം നിർബ്ബന്ധിക്കയും ചെയ്തിരിക്കുന്നു. അതുകൊണ്ടു മനസ്സ് ആത്മസ്വരൂപത്തെ (നിർവ്വാണത്തെ=മുക്തിയെ) പ്രാപിക്കേണ മെന്നല്ലയൊ സിദ്ധിച്ചതു? ദേഹത്തെവിട്ടു ആത്മാവില്ലെങ്കിൽ ദേഹനാശത്തോടുകൂടി കാൎയ്യം കലാശിച്ചുവല്ലൊ. നിർവ്വാണം എന്ന മഹാനന്ദാവസ്ഥയുണ്ടെന്നു ബുദ്ധൻ പറയേണ്ട ആവശ്യമുണ്ടൊ ഇല്ല. കഷ്ടം കഷ്ടം "കല്ലിനെ കഴുകി പൂജിക്കേണം, കാശിക്കു പോകണം, കാവടി കെട്ടണം, വ്രതമിട്ടിണി കിടക്കണം, പശു വിൻെറ (ആട്ടിൻെറ) മൂക്കും വായും അടക്കിപ്പിടിച്ചു വൃഷണം തിരുമ്പികൊന്നു യാഗം ചെയ്യണം. മത്സ്യാദികളായ അനാഥ പ്രാണികളെ കൊന്നു ആ മാംസംകൊണ്ടു ശ്രാദ്ധം ഊട്ടി പിതൃ പ്രീതി വരുത്തണം. ജാതിഭേദം വേണം, ശൂദ്രനെ തൊട്ടാൽ കുളിക്കണം. അതിലും താഴ്ന്നവൎക്കു അരികിൽ അണഞ്ഞുകൂടാ ആട്ടി ഓട്ടിപ്പായിക്കണം" എന്നും മററുമുള്ള അജ്ഞാനവിധികളെ ഏൎപ്പെടുത്തി ജനങ്ങളെ അധഃപതിപ്പിക്കുന്ന അവതാരങ്ങളും ആചാൎയ്യന്മാരും പൂജ്യന്മാർ? ആ അജ്ഞാനസമ്പ്രദായത്തെ അടിയോടെ തട്ടിത്തകൎക്കുന്ന മഹാജ്ഞാനി ബുദ്ധൻ മഹാനിന്ദ്യൻ എന്നല്ലയൊ ഹിന്തുക്കൾ തീൎച്ചപ്പെടുത്തിയതു്. ഇങ്ങിനെയുള്ള ഹിന്തുക്കളുടെ സന്തതി എന്നെ നിന്ദിക്കുന്നതെല്ലാം എൻെറ പരിശുദ്ധതയെ പ്രകാശിപ്പിക്കുന്നതായിട്ടേ പരിണമിക്കയുള്ളൂ. അതുകൊണ്ടു കൎമ്മവേദാന്തിയോഗികൾ, വാചാമാത്രം എന്നെയും എൻെറ കൃതികളേയും ദൂഷ്യംപറഞ്ഞാൽ പിന്നെക്കു മാഞ്ഞുപോകും. ശിവയോഗിയെ (എന്നെ) ജയിച്ചു എന്നും മററും എഴുതി പ്രസിദ്ധപ്പെടുത്തിയാലെ ഭാവികാലത്തിലുണ്ടാവാൻ പോകുന്ന സാരഗ്രാഹികൾക്കു ഇവരുടെ വികൃതികളെക്കണ്ടു ഇവരെ നിന്ദിച്ചു ചിരിപ്പാനും എൻെറ സുകൃതികളെക്കണ്ടു ആനന്ദിച്ചു വിസ്മയിപ്പാനും അധികം അവകാശമുള്ളൂ. വിരൂപൻ ഉണ്ടെങ്കിലെ സുന്ദരനെ ഗണിക്കൂ. ദുഃഖമുണ്ടെങ്കിലെ സുഖത്തിൻെറ മഹിമ അറിയൂ. ഇരിട്ടുണ്ടെങ്കിലെ വെളിച്ചത്തിന്നും വിലകൂടു.

ആക്ഷേപം 35. യോഗത്തിൽ ചന്ദ്രസൂൎയ്യാഗ്നിനക്ഷത്രാദിക ളായ പല ജ്യോതിസ്സുകളേയും, ദേവന്മാരേയും, സിദ്ധന്മാരേയും പല വസ്തുക്കളെയും കണ്ടു മണിനാദാദികളെ കേട്ടു എന്നും മററും പല അനുഭവങ്ങളെ ബ്രഹ്മാനന്ദസ്വാമികൾ പറയുന്നു. ദൈവം അദൃശ്യവും അഖണ്ഡവുമായിരിക്കമ്പോൾ ഇങ്ങിനെ പല പ്രകാരം പറയുന്നതു അസംബന്ധമാകുന്നു" എന്നു ഭഗവൽഗീതാപാരായണക്കാരായ ചില വേദാന്തികൾ ആക്ഷേപിക്കുന്നു.

സമാധാനം 35. "അഹമാത്മാ ഗുഡാകേശഃ" "ആദിത്യാനാമഹം വിഷ്ണു" ഇത്യാദി ശ്ലോകങ്ങൾകൊണ്ടു ഭഗവൽഗീതാ പത്താം അദ്ധ്യായത്തിൽ ആത്മാവും, സൂൎയ്യനും, ചന്ദ്രനും, സിംഹവും, സമുദ്രവും, അകത്തും പുറത്തും പലതായി കാണപ്പെടുന്ന സൎവ്വചരാചരവും ഞാൻ ആകുന്നു, എന്നു കൃഷ്ണൻ പറഞ്ഞിരിക്കുന്നു. "ബ്രഹ്മൈവജീവ: സകലാ ജഗച്ച" ബ്രഹ്മംതന്നെയാണ് ജീവനും പലപ്രകാരത്തിൽ കാണപ്പെടുന്ന ജഗത്തും എന്നു വേദാന്തശാസ്ത്രത്തിലും പറഞ്ഞിരിക്കുന്നു. ആ സ്ഥിതിക്കു യോഗികൾ പലവിധ ജ്യോതിസ്സുകളായിട്ടും നാദങ്ങളായിട്ടും മററും കണ്ടതും കേട്ടതും ഇവരുടെ കൃഷ്ണൻ തന്നെ, അല്ലെങ്കിൽ ബ്രഹ്മംതന്നെ എന്നു തീൎച്ചപ്പെടുത്തി ഇരിപ്പാനെ ഭഗവൽഗീതാ കൎമ്മാഃവേദാന്തികൾക്കു അവകാശമുള്ളു. ഇവൎക്കു ആക്ഷേപിപ്പാൻ അവകാശമില്ല. കല്ലും, മരവും, മണ്ണും, മാട്ടം, മശകവും, പാമ്പും ചെമ്പുംചേമ്പും, മേ[illegible]്യവും, അമേദ്ധ്യവും എല്ലാം അവരുടെ ബ്രഹ്മമാണ് എന്നു അവൎക്കു ലജ്ജയില്ലാതെ പറയാം. യോഗികൾ ചിദാകാശത്തിൽകണ്ട ദിവ്യജ്യോതിസ്വരൂപാദികൾ മാത്രം അവരുടെ കൃഷ്ണനൊ ബ്രഹ്മമൊ എന്നു പറവാൻ പാടില്ല? പറവാൻ പാടില്ലെങ്കിൽ ബ്രഹ്മത്തിൽനിന്നു ഭിന്നവസ്തുക്കളാണ് ബ്രഹ്മാനന്ദസ്വാമി ശിവയോഗിയും യോഗാനന്ദചിഹ്നങ്ങളും, മോക്ഷപ്രദീപാദി സിദ്ധഗ്രന്ഥങ്ങളും എന്നു അവർ തീൎച്ചപ്പെടുത്തിക്കൊള്ളട്ടെ. അങ്ങിനെ തീൎച്ചപ്പെടുത്തിയതുകൊണ്ടായിരിക്കാം നമ്മെ ദൂഷിക്കുന്നതു്. അല്ലെങ്കിൽ "ഏകമേവാദ്വിതീയം"

ഒന്നേ ഉള്ളു രണ്ടില്ല. ആ ഒന്നു (ബ്രഹ്മം) തന്നെയാണു സമസ്തചരാചര ജഗത്തു എന്നു വാദിക്കുന്ന കമ്മഠവേദാന്തികൾക്കു ഈ ബ്രഹ്മാനന്ദസ്വാമിയേയും മററും ദുഷിപ്പാൻ അവകാശമുണ്ടോ? ആ ദൂഷണം ബ്രഹ്മദൂഷണമായിരിക്കുന്നുവല്ലോ. "ബ്രഹ്മത്തിൽ നിന്നു വേറിട്ടു ഒന്നും ഇല്ല എന്നല്ലയോ അവർ പറയുന്നതു്" "ഏകമേവാദ്വിതീയം" ഒന്നേഉള്ളു രണ്ടില്ല എന്നു വാക്കുകൊണ്ടു മാത്രം അദ്വൈതികളായിട്ടും പ്രവൃത്തികൊണ്ടു ദ്വൈതികളിലും വെച്ചു ദ്വൈതികളായിട്ടും കാണപ്പെടുന്നതു കഷ്ടംതന്നെ. സ്വപ്നകാലത്തിൽ അനേകം കാഴ്ചകൾ കാണപ്പെടുന്നു. സുഷുപ്തിയിൽ (ഗാഢനിദ്രയിൽ) എത്തിയാൽ അതൊന്നും കാണപ്പെടുന്നില്ല. അപ്പോലെ മനോനിരോധകാലത്തിൽ മനോഹരാനന്ദചിഹ്നങ്ങൾ അനവധിഅനുഭവിക്കപ്പെടുന്നു അവയേയാണു ഞാൻ വർണ്ണിച്ചതു. മനസ്സു ലയിച്ചാൽ ദ്വൈതം കാണപ്പെടുന്നില്ല. അദ്വൈതം തന്നെ. അതുതന്നെ ജീവപരൈക്യം, മുക്തി, നിർവ്വികല്പകസമാധി, നിർവ്വാണം. കൈവല്യം, രാജയോഗം, ആനന്ദപ്രാപ്തി എന്നും മററുമുള്ള പര്യായപദങ്ങളാൽ പറയപ്പെടുന്നതു്. മനോലയാനന്തരമുള്ള അവസ്ഥയെ പറവാൻ കഴികയില്ല. അതിനെ ഞാൻ വിസ്തരിച്ചിട്ടും ഇല്ല. അതു ബോധാതീതാവസ്ഥയാകുന്നു അങ്ങിനെ ഇരിക്കെ "ഞാൻ തേജസ്സിനെ കണ്ടു, നാദത്തെകേട്ടു", എന്നു ബ്രഹ്മാനന്ദസ്വാമി പറയുന്നതു അദ്വൈതഹാനിയാകുന്നു. എങ്ങിനെ എന്നാൽ "ഞാൻ എന്ന കർത്താവും തേജസ്സു എന്ന കർമ്മവും കണ്ടു എന്ന ക്രിയയും ഇങ്ങിനെ മൂന്നു വിധമായിട്ടിരിക്കുന്നതുകൊണ്ടു ദ്വൈതമായി" എന്നു ചിലർ ആക്ഷേപിക്കുന്നു. ഞാൻ പൂർണ്ണമനോലയത്തിന്നു പൂർവ്വം പറഞ്ഞവസ്ഥയെപ്പിടിച്ചു് ഇങ്ങിനെ ആക്ഷേപിപ്പാൻ ലേശം അവകാശമില്ല. അസൂയകൊണ്ടു എന്തെങ്കിലും ആക്ഷേപിക്കുക തന്നെ.

ആക്ഷേപം 36. "കണ്ടവർ മിണ്ടില്ലാ, മിണ്ടിയവർ കണ്ടവരല്ല" എന്നു പറഞ്ഞപ്രകാരം "സ്വാനുഭവമുള്ള ജ്ഞാനികൾ താന്താങ്ങൾ അനുഭവിച്ച ആത്മാനന്ദാവസ്ഥയെ പുറത്തേക്കു വി

ടില്ല. ബ്രഹ്മാനന്ദസ്വാമി അങ്ങിനെ ചെയ്തതുകൊണ്ടു അനുഭവസ്ഥനല്ല" എന്നു ചിലർ ആക്ഷേപിക്കുന്നു.

സമാധാനം 36. അനുഭവിച്ചതിനെ പറവാൻ പാടില്ലെങ്കിൽ താന്താങ്ങൾ അനുഭവിച്ച യോഗാനന്ദാനുഭവങ്ങളെ ഘോഷിക്കുന്ന യോഗജ്ഞാനശാസ്ത്രങ്ങൾ എങ്ങിനെ ഉണ്ടായി? ആ ശാസ്ത്രങ്ങൾ ഉണ്ടാക്കിയവർ, അനുഭവസ്ഥന്മാരായ ജ്ഞാനികളല്ല, അജ്ഞാനികളാണെന്നു പറയേണ്ടിവരുമല്ലൊ കഷ്ടം കഷ്ടം! ഷൾപദങ്ങളല്ലാതെ പുഷ്പരസത്തെ തവളകൾ അറിയുമൊ പുഷ്പരസത്തെ (മധുവിനെ ശേഖരിക്കുവാൻ തവളകൾക്കു കഴിയുമൊ? നപുംസകന്മാൎക്കു സുന്ദരീസംയോഗസുഖം അറിവാനൊ കുട്ടിയുണ്ടാക്കുവാനോ കഴിയുമോ? അപ്രകാരം യോഗാനന്ദത്തെ അറിവാനൊ വൎണ്ണിപ്പാനൊ ആനന്ദപ്രദമായ ഗ്രന്ഥത്തെ നിൎമ്മിപ്പാനൊ സ്വാനുഭവസ്ഥന്മാൎക്കല്ലാതെ അനുഭവഹീനന്മാൎക്കു സാധിക്കുമോ? ഇങ്ങിനെ ധൃഷ്ടതയോടുകൂടി അജ്ഞപക്ഷത്തെ അടിച്ചുടക്കുമ്പോൾ "അഹങ്കാരിയാണ്" എന്നും മററും ആക്ഷേപിക്കുക ലോകയോഗക്ഷേമങ്ങൾക്കു ഉപകരിക്കുന്ന അഹങ്കാരം അത്യന്തം ഉത്തമധൎമ്മമാകുന്നു എന്നാണ് എന്റെ പക്ഷം എന്റെ അഹങ്കാരത്തിൽനിന്നുണ്ടായ കൃതി ഹിന്തുമതത്തിൽ പിടിപെട്ടിരിക്കുന്ന ജാതിഭേദമാകുന്ന കുഷ്ഠരോഗത്തേയും പക്ഷപാതമാകുന്ന പക്ഷവാതരോഗത്തേയും അജ്ഞാനമാകുന്ന തിമിരരോഗത്തേയും നീക്കുന്നതിന്നുള്ള സിദ്ധൌഷധമായിത്തീൎന്നിരിക്കുന്നു. ഹിന്തുക്കളെ ഹിംസിക്കുന്ന കൎമ്മകാണ്ഡബ്രഹ്മാണ്ഡരാക്ഷസനെ ഹനിപ്പാനുള്ള ദിവ്യാസ്ത്രമായിത്തീൎന്നിരിക്കുന്നു. ഹിന്തുമതസമുദ്രത്തിൽ മുങ്ങിപ്പൊങ്ങി മയങ്ങി ദുഃഖിക്കുന്ന സഹോദരന്മാരെ ആനന്ദക്കരയണയിക്കുന്ന തീക്കപ്പലായിത്തീൎന്നിരിക്കുന്നു. വല്ല പ്രത്യുപകാരം ചെയ്വാനൊ ഒററപ്പൈപോലും ഫീസ്സ് തരുവാനൊ കഴിയാത്ത ആട്ടുകോഴി മുതലായ അനാഥപ്രാണികളുടെ പക്ഷത്തെപിടിച്ചു വാദിച്ചു അവയെ ഹിംസാസങ്കടത്തിൽനിന്നു വിടുവിക്കുന്ന വാദിഷ്ഠരായിത്തീൎന്നിരിക്കുന്നു. ഇങ്ങിനെ എന്റെ അഹങ്കാരം ലോ

കത്തിന്നു ഉപകാരമായിട്ടാണു തീൎന്നിട്ടുള്ളതു. ആത്മാനന്ദത്തെ അനുഭവിക്കാത്തവരുടെ അഹങ്കാരാത്മപ്രശംസകൾ, പരസ്പരം തൊട്ടുവാനും തൊട്ടതു തിന്നുവാനും കൂടി പാടില്ലാതെ അകററി ആട്ടി ഓടിക്കുന്ന ജാതിഭേദകുഷ്ഠവ്യാധിയേയും ഇഷ്ടംപോലെ സഞ്ചരിപ്പാൻ പാടില്ലാതെ ഒരേ ഭാഗത്തിൽ (ദ്വിജപക്ഷത്തിൽ) കിടന്നു കാലം കഴിക്കേണ്ടു തരത്തിലുള്ള പക്ഷഭേദപക്ഷവാതരോഗത്തേയും യഥാൎത്ഥവഴി കാണ്മാൻ പാടില്ലാതെ കൎമ്മകാണ്ഡക്കുണ്ടിലും കഴിയിലും ചാടിച്ചു ദുഃഖിപ്പിക്കുന്ന അജ്ഞാനതിമിരരോഗത്തേയും ഹിന്തുമതത്തിന്നു ഉണ്ടാക്കുന്ന അപത്ഥ്യപദാൎത്ഥമായിത്തീൎന്നിരിക്കുന്നു. ഹിന്തുക്കളെ ഹിംസിക്കുന്ന കർമ്മകാണ്ഡരാക്ഷസനു ബന്ധുവായിത്തീൎന്നിരിക്കുന്നു. ആടു, കോഴി മുതലായ അനാഥപ്രാണികളെ അറക്കുന്നതിന്നു ആയുധമായിത്തീൎന്നിരിക്കുന്നു. ഇങ്ങിനെ ആത്മാനന്ദാനുഭവമില്ലാത്തവരുടെ അഹങ്കാരാത്മപ്രശംസാകൃതികൾ ലോകത്തിന്നു ഉപദ്രവമായിത്തീൎന്നിരിക്കുന്നു. അഹങ്കാരമൊ, ആത്മപ്രശംസയൊ എന്തായാലും ലോകത്തിന്നു ഹിതമായിത്തീരുന്നതു ധർമ്മം, അഹിതമായിത്തീരുന്നതു അധർമ്മം എന്നാണ് എന്റെ സിദ്ധാന്തം. അഹങ്കാരത്തിന്റെ യഥാൎത്ഥത്തേയും പ്രയോജനത്തേയും അറിയാതെ അധിക്ഷേപിക്കുന്നവർ എന്റെ മോക്ഷപ്രദീപത്തിലെ "അഹങ്കാരശങ്കാഖണ്ഡന പ്രകരണത്തെ ഒന്നു വായിച്ചു നോക്കേണ്ടതാണ് നോക്കിയിട്ടും അധിക്ഷേപിക്കുന്നവർ കണ്ടുകൂടായ്മ (അസൂയ) കൊണ്ടാണു" "കണ്ടുകൂടായ്മക്കും കഷണ്ടിക്കും മരുന്നില്ല" എന്നല്ലയൊ പഴഞ്ചൊല്ലു.

മനസ്സുതന്നെയാണ് സ്വൎഗ്ഗവും നരകവും എന്നതിന്നുപ്രമാണം

"യൽകൎമ്മകുരുതെദേഹീ തൽഫലപ്രാപ്തയെപരെ
സ്വർഗ്ഗംവാനരകംവാപി വിദ്ധ്യേവമനോമയം"

എന്നു ശിവജ്ഞാനദീപികാ.

അൎത്ഥം—ദേഹി, താൻചെയ്ത കർമ്മത്തിന്റെ ഫലത്തെ അനുഭവിപ്പാനായിക്കൊണ്ടു മനോരൂപമായ സ്വൎഗ്ഗത്തേയും നരകത്തേയും

പ്രാപിക്കുന്നു. ദൈവം ഈശ്വരൻ, ബ്രഹ്മം, ആത്മാവു, ആനന്ദം എന്നും മററും പല പൎയ്യായനാമങ്ങളാൽ എന്നാൽ പറയപ്പെട്ടതു ഒരേ ശക്തിയെത്തന്നെയാണ്. അല്പബുദ്ധികൾക്കും രാജയോഗത്തെ അഭ്യസിക്കാമെന്നതിന്നു പ്രമാണം.

"ഉന്മന്യവാപ്തയെ ശീഘ്രം ഭ്രൂധ്യാനം മമസമ്മതം
രാജയോഗപദംപ്രാപ്തും സുഖോപായോല്പചേതസാം"

എന്നു ഹഠയോഗപ്രദീപികാ. "സൎവ്വസാദ്ധ്യസ്തുയോഗോയം," എന്നു ശിവജ്ഞാനദീപികാ. അൎത്ഥം—വേഗത്തിൽ മനോലയം സിദ്ധിപ്പാനായിക്കൊണ്ടു ഭ്രൂധ്യാനമാണ് എനിക്കു സമ്മതമായിട്ടുള്ളതു. അല്പബുദ്ധികൾക്കും രാജയോഗപദത്തെ (ആനന്ദാവസ്ഥയെ) പ്രാപിപ്പാൻ ഇതു എളുപ്പത്തിലുള്ള സുഖസാധനമാകുന്നു. 2 ഈ യോഗം സൎവ്വന്മാൎക്കും സാധിക്കാവുന്നതാകുന്നു. ഈ സ്ഥിതിക്കു ബുദ്ധിമാന്മാൎക്കു പറയേണ്ടതുണ്ടോ? ഇങ്ങിനെ സൎവ്വൎക്കും സാദ്ധ്യമായ സുഖസാധനത്തെവിട്ടു "യോഗഃകൎമ്മസുകൌശലം" യോഗം കൎമ്മങ്ങളിലുള്ള കൌശലമാകുന്നു എന്നാണു ഭഗവൽഗീതയിൽ പറഞ്ഞിട്ടുള്ളത് എന്നു പറഞ്ഞു നിഷ്കാമമായി യോഗവിരോധികളായ യാഗവിഗ്രഹാരാധനാവ്രതാദികളെ അനുഷ്ഠിക്കുന്നതും നാനാവിധയോഗാഭ്യാസത്തെ ചെയ്യുന്നതും "രാജയോഗം" അതിവിഷമമെന്നു വെറുപ്പു ജനിപ്പിക്കുന്നവിധത്തിൽ രാജയോഗത്തിൻെറ അന്തമില്ലാതെ രാജയോഗം എന്നപേരോടു കൂടി പുസ്തകത്തെ എഴുതിവിടുന്നതും 'ബ്രഹ്മാനന്ദസ്വാമി ശിവയോഗി ഭ്രൂധ്യാനത്തെയല്ലയൊ പറഞ്ഞിട്ടുള്ളതു, അതു എന്ത്' എന്നു അഗണ്യമായി പറയുന്നതും, ഭഗവൽഗീതായോഗശംസ്ത്രാദികളിൽ കലൎന്നുകിടക്കുന്ന കപടപ്രമാണങ്ങളിൽ ഭ്രമിച്ചിട്ടാകുന്നു. "നാനാകപടശാസ്ത്രേഭ്യോമുഹ്യന്തി സുധിയോപിവൈ" നാനാകപടശാസ്ത്രങ്ങൾ ഹേതുവായിട്ടു മഹാബുദ്ധിമാന്മാർ കൂടി മോഹാലസ്യപ്പെട്ടു കിടക്കുന്നു എന്നു ശിവജ്ഞാനദീപിക പലേടത്തും പറഞ്ഞതു പരമാൎത്ഥംതന്നെ ഈ പരമാൎത്ഥത്തെ ഘോഷിക്കുന്ന ശിവജ്ഞാനദീപികയിലും കപടപ്രമാണങ്ങളെ കലൎന്നിരിക്കുന്നു. എൻെറ കൃതികളാൽ ആ കപടപ്രമാണങ്ങളെ കണ്ടുപിടിപ്പാൻ കഴിവുണ്ടായിരിക്കുന്നു. നോക്കുക.

പ്രശസ്തിപദ്യങ്ങൾ.

പി. കെ. കഞ്ഞമ്പുപണിക്കർ.

1 "ഉള്ളത്തിലുള്ളധിക ഡംഭനിമിത്തമായി
കള്ളപ്രമാണമെഴുതിച്ചിലർ തീൎത്തുപണ്ടു്
പിള്ളക്കപോലു മതിനിന്ദ്യമതെന്നുരപ്പാൻ
കള്ളംവെടിഞ്ഞു തെളിയിച്ചതിനായ് തൊഴുന്നേൻ.

2 മന്നിങ്കലുള്ള ജഡബുദ്ധികൾ മിക്കപേരും
നിന്ദിച്ചിടുന്നിതു നിമിത്തമഹോ ഭവാനെ
പൊന്നിന്നു പിച്ചളയിതെന്നുരചെയ്കമൂലം
വന്നീടുമൊ ജഗതി മാററിന്നു ഹാനിതെല്ലും"

ഹെ ആക്ഷേപക! കള്ളപ്രമാണങ്ങളെ കണ്ടുപിടിപ്പാൻ പിള്ളക്കുകൂടി കണ്ണുകൊടുത്ത എന്റെ അഹങ്കാരത്തേയോ ആക്ഷേപിക്കേണ്ടതു, പണ്ഡിതന്മാരുടെ കണ്ണിന്നുകൂടി തിമിരമുണ്ടാക്കി കൎമ്മകാണ്ഡാന്ധകൂപത്തിൽ പതിപ്പിക്കുന്ന ഹിന്തുമതഗ്രന്ഥകൎത്താക്കന്മാരുടെ അഹങ്കാരത്തെയോ ആക്ഷേപിക്കേണ്ടതു്? അജ്ഞാനതിമിരരോഗം ഏതിന്നാണ് പിടിപെട്ടിട്ടുള്ളതു

കലികാലാപവാദഖണ്ഡനപ്രശസ്തിപദ്യങ്ങൾ.

(കെ. എം. പണ്ഡിതർ)

1 വന്ദിക്കേണ്ടൊരു ജാതിതന്നെ വിലവെക്കുന്നില്ല കാലംകലി
എന്നോതുന്നതു കേമനാകിലുമഹോ മോക്ഷപ്രദീപത്തിനെ
നന്നായ്നോക്കിയബാലനോടതു പറഞ്ഞാൽ ബാലനാ (മൎത്ത്യനെ
മന്ദാക്ഷത്തൊടു മണ്ടുവാനിടവരുത്തും യുക്തിവാദത്തിനാൽ

2 കലിക്കുദോഷമോതിടുന്ന മാനുഷന്റെ വീശയെ
ക്കരിച്ചുവിട്ടുകൊള്ളുമീ പ്രദീപമെന്നപുസ്തകം
കരത്തിലുള്ളവൻ കരുത്തസിംഹമിന്നു കൎമ്മ-
പ്രമത്തഹസ്തിമസ്തകത്തിനെത്തകൎത്തുകൊള്ളുവാൻ"

കലികാലാപവാദത്തെ പ്രമാണയുക്ത്യനുഭവപൂൎവ്വം ഖണ്ഡിക്കയാൽ ഇങ്ങിനെ പ്രശസ്തിയെ പ്രാപിച്ച എന്റെ മോക്ഷപ്രദീപ

ത്തെയൊ ആക്ഷേപിക്കേണ്ടതു്? "കാലം കലിയാണ് അതാണു പണ്ടുപണ്ടെയുള്ള ആചാരപ്രമാണങ്ങളെ ഖണ്ഡിക്കുന്നതു, കാലം കലിയാണ് അതാണു നീചന്മാർ തലപൊന്തിപ്പാൻ കാരണം" എന്നും മറ്റും പലവിധം അസംബന്ധം പറയുന്ന പ്രമാണപ്രമാണികളെയൊ ആക്ഷേപിക്കേണ്ടത്?

ജാതിഭേദഖണ്ഡനപ്രശസ്തിപദ്യം എം. കെ. വാരിയർ

1 ദൂരത്തുമാറിമറയേണ്ടവനായ നീയെൻ
ചാരത്തുവന്നു, ശനി, യെന്നഴലാന്നുചൊല്ലി
ശ്ശൂരതപമോടു കടുവായ് കലഹിക്കവോർത്തൻ
ക്രൂരതപവും പുതിയബുക്കിതിലസ്തമിക്കും"

അനുഭവപുരസ്സരം യുക്തിയുക്തമായി ജാതിഭേദത്തെ തിലസദൃശം ഖണ്ഡിക്കയാൽ ഇങ്ങിനെ പ്രശസ്തിയെ പ്രാപിച്ച എന്റെ മോക്ഷപ്രദീപത്തേയൊ ആക്ഷേപിക്കേണ്ടതു. ജാതിഭേദത്താൽ ഭേദദൃഷ്ടിയെ വദ്ധിപ്പിച്ച എന്നെന്നും ഐകമത്യം വരാത്തവിധത്തിൽ ഹിന്തുക്കളെ തമ്മിൽതല്ലിപ്പിച്ചു നശിപ്പിക്കുന്ന മനുസ്മൃതി ഭഗവൽഗീതാദി പ്രബന്ധങ്ങളേയൊ ആക്ഷേപിക്കേണ്ടതു്? ജാതിഭേദകുഷ്ഠവ്യാധി ഏതിന്നാണ് പിടിപെട്ടിട്ടുള്ളതു്?

ഹിംസാനിരോധനപ്രശസ്തിപദ്യം എം. കെ. വാരിയർ.

1 "ഹിംസാനിഷേധമതിനുള്ളൊരു യുക്തിചൊല്ലി
കംസാരിവാക്കമൊരു ക്രൂസലൊഴിഞ്ഞിളക്കം
സംസാരസിന്ധുവിനെഴും കരകണ്ടയോഗി
ഹംസാധിപൻ ജഗതിവന്ദ്യനെവക്കമെന്നും"

......"ഇവിടെ തിരുവനന്തപുരത്തു ആററുകാൽ എന്നസ്ഥലത്തു ഒരു ഭദ്രകാളി ക്ഷേത്രം ഉണ്ട്. ഈ ക്ഷേത്രത്തിൽ ആണ്ടുതോറും കുംഭമാസത്തിൽ പാട്ടു തുടങ്ങി പത്താംദിവസം കുരുതി എന്നൊരടിയന്തരം നടന്നുവരിക പതിവാണ്. ഇതിൽ ഏറക്കുറെ 100 ആടുകളും 500ന്നുമേൽ കോഴികളും വധിക്കപ്പെട്ടുവരുന്നു. അസ്മാദൃശന്മാരുടെ പ്രസംഗങ്ങളാവട്ടെ എന്റെ സുഭാഷിതരത്നാകരത്തിലെ "കോഴി, ആടു മുതലായ" ഇത്യാദിപദ്യങ്ങളാവട്ടെ ഈ ദുരിതകർമ്മത്തെ നിറുത്തുന്നതിന്നു ശക്തങ്ങളായില്ല. അങ്ങി

നെയിരിക്കെയാണ അവിടത്തെ മോക്ഷപ്രദീപം ആദിക്കി ലുള്ള ഒരാളുടെ കൈവശം കിട്ടിയതു്. അധികം വിസ്തരിച്ചിട്ട ആവശ്യമില്ലല്ലൊ. ഈ വരുന്ന കുംഭമാസത്തിൽ ഈ ദുഷ്ട കർമ്മം നടത്താൻ പാടില്ലെന്ന ആദിക്കുകാർ ഐകകണ്ഠ്യേന തീച്ചപ്പെടുത്തുകയും ഈ കാൎയ്യത്തിൻെറ ത്യാജ്യതയെ വെളി പ്പെടുത്തുന്നതിന്ന ഒരു പരസ്യം മോക്ഷപ്രദീപത്തിലെ ചില ഭാഗങ്ങൾകൂടി ഉദ്ധരിച്ചു പ്രസിദ്ധപ്പെടുത്തേണമെന്ന നിശ്ചയി ക്കയും ചെയ്തിരിക്കുന്ന "പ്രദീപത്തിന" അജ്ഞാനതിമിരനിരാ കരണത്തിൽ എത്രമാത്രം ശക്തിയുണ്ടെന്നുള്ളതിന്ന ഇതിലധികം ഒരു ദൃഷ്ടാന്തം വേണമെന്നില്ലല്ലൊ. കെ. സി. കേശവപിള്ള.

ഹെ ആക്ഷേപക! ഇങ്ങിനെ ഹിംസയെ നിൎത്തൽചെയ്യാനുള്ള ശക്തി ഹിന്തുമതവേദാദികൾക്കുകൂടി ഉണ്ടായില്ലല്ലൊ. അങ്ങി നെ പ്രശസ്തിയെ പ്രാപിച്ചു ഹിംസകന്മാരെക്കൂടി ഹിംസയിൽ നിന്ന പിൻവലിപ്പിച്ചു അഹിംസാധൎമ്മത്തെ പരിപാലിക്കുന്ന എൻെറ സിദ്ധഗ്രന്ഥങ്ങളെയൊ ആക്ഷേപിക്കേണ്ടതു? "യാഗ ത്തിലും പിതൃകൎമ്മങ്ങളിലും ഹിംസിക്കാം" എന്നും, "ഉപാധി ചെയ്യുന്നതു ആത്മാവിന്ന ബാധകമല്ല" എന്നും ഉപദേശിച്ചു അഹിംസകന്മാരെക്കൊണ്ടുകൂടി അനാഥപ്രാണികളെ ഹിംസി പ്പിക്കുന്ന ഹിന്തുമതഗ്രന്ഥങ്ങളേയൊ ആക്ഷേപിക്കേണ്ടതു?

ഭിക്ഷാടനഖണ്ഡനപ്രശസ്തിപദ്യം എം. കെ. വാരിയർ.

1. "ഭിക്ഷാടനത്തിചിഹ ഭർത്തൃഹരിക്കുവേണ്ട
ശിക്ഷാവിശേഷമഴൽ വിട്ടുവിധിച്ച വിദ്വാൻ
അക്ഷാമചിൽസുഖരതൻ ശിവയോഗി യോഗ-
രക്ഷാപരൻ സുകൃതിമന്നിനു മണ്ഡനംതാൻ"

ഭിക്ഷാടനദോഷത്തെ തെളിയിച്ചു ഭിക്ഷയെടുക്കുന്നതിൽ നിന്നു പിൻവലിപ്പിച്ചു ആശ്വസിപ്പിക്കുന്ന എൻെറകൃതിയേയൊ ആക്ഷേപിക്കേണ്ടതു? സന്യസിപ്പിച്ചു ഭിക്ഷയെടുപ്പിച്ചു തനി ക്കും അന്യന്മാക്കും ഉപദ്രവത്തെ ഉണ്ടാക്കുന്ന കൃതികളേയൊ ആ ക്ഷേപിക്കേണ്ടതു്? ഇന്ത്യയിൻ (ഈ ഭാരതഖണ്ഡത്തിൽ) എത്ര

ഭിക്ഷക്കാരാണ്? എന്തു ഉപദ്രവമാണ്? ദാരിദ്ര്യത്തേയും മടിയേയും കൂടി വർദ്ധിപ്പിക്കുന്നതല്ലാതെ മററെന്തു ഗുണമാണു ഭിക്ഷുദാനത്താൽ സിദ്ധിപ്പാനുള്ളതു?

കർമ്മകാണ്ഡബ്രഹ്മരാക്ഷസവധ പ്രശസ്തികമ്മിപ്പാട്ടു.

1\. "ഹിന്തുമതത്തെ ബാധിച്ച കർമ്മ
സ്കന്ധമാകും ബ്രഹ്മരാക്ഷസന്റെ
അന്തത്തെ ജ്ഞാനാസ്ത്രംകൊണ്ടു ചെയ്തുലോക
ബന്ധുവാമംഗയെവന്ദിക്കുന്നേൻ

4\. നാരായണൻ കൊന്നു രാക്ഷസരെ
ഘോരകർമ്മകാണ്ഡരാക്ഷസനെ
വേരോടറുക്കയാൽ അങ്ങും നാരായണൻ
ധീരനാ മംഗയെ വന്ദിക്കുന്നേൻ.

വി. കെ. പത്മനാഭൻ.

ഹേ ആക്ഷേപക! അനേകകോടി കർമ്മസൈന്യസമേതനായ കർമ്മകാണ്ഡ ബ്രഹ്മരാക്ഷസനെ ഹനിപ്പാൻ കഴിയാതെ അവനെ ഭയപ്പെട്ടു പൂജിച്ചു അന്യന്മാരെക്കൊണ്ടും പൂജിപ്പിച്ചു വന്ന അവതാരാദി കൃതികളേയൊ ആക്ഷേപിക്കേണ്ടതു? ആ ബ്രഹ്മരാക്ഷസനെ ജ്ഞാനശസ്ത്രംകൊണ്ടു ഖണ്ഡംഖണ്ഡമായി ഖണ്ഡിച്ചു അഭയത്തെ നൽകുന്ന എന്റെ കൃതികളേയൊ ആക്ഷേപിക്കേണ്ടതു? എന്റെ കൃതിയെ വായിച്ചു അഭിനന്ദിച്ചു എഴുതിയ എഴുത്തുകൾ എത്ര? എന്റെ കൃതിയിൽ പറയുംപ്രകാരം അഭ്യസിച്ചു രാജയോഗാനന്ദത്തെ അനുഭവിച്ചു ആനന്ദാതിശയത്താൽ ആശ്ചര്യപ്പെട്ടു എഴുതിയ എഴുത്തുകൾ എത്ര? അതെല്ലാം അച്ചടിപ്പിക്കുന്നതായാൽ കുറച്ചു ദിവസംകൊണ്ടു വായിച്ചു തീരേണ്ട ഒരു മഹാപുസ്തകമായിത്തീരും. അവയിൽനിന്നു കുറച്ചു കത്തുകളെ ആനന്ദസോപാനത്തിൽ ചേർത്തിട്ടുണ്ടു. എന്റെ അഹങ്കാരം രാജയോഗചന്ദ്രനു അവതാര ഭൂമിയായിട്ടാണു തീർന്നിട്ടുള്ളതു എന്നുതെളിയിപ്പാൻ രണ്ടുമൂന്നു രേഖകളെ ഇതിലും ചേർത്തുകൊള്ളുന്നു.

മംഗളാശംസാ.

"സ്വാത്ഥപരന്മാരായ ചില ഹിന്തുക്കളുടെ പ്രാപ്തിക്കുറവും അസമദൃഷ്ടിയും നിമിത്തം ഇതേവരെ പ്രമാണഗത്ഥങ്ങളിൽ ആണ്ടുകിടന്നിരുന്ന 'രാജയോഗ' ചന്ദ്രന്റെ അവതാര ഭൂമിയായ ബ്രഹ്മശ്രീസ്വാമിപാദങ്ങൾ സവ്വദാ വിജയീഭവിക്കട്ടെ. സാക്ഷാൽ ജ്ഞാനനിധിയായ തിരുമനസ്സിലേക്കു ഈ ഉത്രാടം തിരുനാൾ അറുപതാമത്തെതാണ്". അജ്ഞാനഘോരതിമിരഹന്താവായും സമസൃഷ്ടിപ്രിയനായും മോക്ഷമാൎഗ്ഗപ്രദശ്ശകനായും ഇരുന്നരുളുന്ന ആചാൎയ്യപാദങ്ങൾ ഇനിയും വളരെക്കാലം ആയുരാരോഗ്യങ്ങളോടുകൂടി ലോകത്തിന്നു യോഗക്ഷേമത്തിന്നുവേണ്ടി സവ്വോൽകഷേണ വത്തിക്കട്ടെ.

വഞ്ചിപ്പാട്ട്.

യുക്തിപൂവ്വം മനുഷ്യൎക്കു ശക്തിതത്വം ധരിപ്പിച്ചു
മുക്തിമാൎഗ്ഗം തെളിക്കുന്നതേതൊരു മാന്യൻ
മാനസത്തെ നിവ്വികല്പധ്യാനയോഗമതിലെന്നും
ലീനമാക്കിസ്സുഖിക്കുന്നതേതൊരുമാന്യൻ
അന്തികത്തിലണയുന്നോൎക്കന്തരാത്മാവിനെക്കാണി-
ച്ചന്ധവിശ്വാസങ്ങൾ നീക്കുമന്തണനേതൊ
രാജയോഗം തെളിയിച്ചു വ്യാജമെല്ലാമകലിച്ചു
തേജസാവാണിട്ടം യോഗിരാജനുമാരൊ
ബന്ധനാകുംനീചകൎമ്മകാണ്ഡ രക്ഷോവരൻ തന്നെ
ഖണ്ഡനംചെയ്യരുളുന്ന പുണ്യവാനേതൊ
പാരിലജ്ഞാനാന്ധകാരം പാരമായിച്ചമഞ്ഞപ്പോൾ
ചാരുമോക്ഷപ്രദീപത്തെ കാട്ടിയതാരൊ
ആമഹാത്മാ ശിവയോഗിസ്വാമികൾ തന്നവതാര
ശ്രീമദിക്കുംദിനമാണിന്നറികെല്ലാരും............
............ഷഷ്ടിപൂത്തിതികയുന്നശിഷ്യനാമിത്തിരുമേനി
ഷഷ്ടിയല്പത്രയുംകൂടി പാത്തരുളേണം
..........യോഗിരാജൻതിരുമേനിരോഗമേശാതനുവേലം
ഭാഗധേയാലരുളേണം യോഗമാതാവെ

രാജയോഗതരുവിൻെറ ബീജമാകും ശിവയോഗി
രാജനെക്കൊത്തരുളേണംകന്മഷഹീനെ............
എറണാകുളം ശിഷ്യന്മാർ വിദ്വാൻ കവി കറുപ്പൻ.

സുജനമിത്രം.

"ജാതിമതഭേദമെന്നിയെ സവ്വരേയും യുക്തിയുക്തമായ വാദപ്രതിവാദത്താൽ സമ്മതിപ്പിച്ചു ജ്ഞാനോപദേശം ചെയ്തു അനുഭവപ്പെടുത്തുന്ന ഒരു അവതാര മൂത്തിയാണു ഈ യോഗിരാജൻ എന്നു സവ്വരാലും നിസ്സംശയം സമ്മതിക്കപ്പെടേണ്ടതാണു....... അതുകൊണ്ടു പ്രസ്തുത ദിവ്യപുരുഷൻ ജ്ഞാനശസ്ത്രംകൊണ്ടു അജ്ഞാനോൽഭൂതങ്ങളായിരിക്കുന്ന അനാചാരാദിവനങ്ങളെവെട്ടിവെളുപ്പിച്ചു ലോകത്തെ അന്ധപരമ്പരയിൽനിന്നു മാററി ഐകമത്യത്തെ രഞ്ജിപ്പിച്ചു യോഗക്ഷേമം വരുത്തി മോക്ഷോപദേശം ചെയ്യേണ്ടതിലേക്കു അനേകശതവഷങ്ങൾ ശക്തിസമേതം ലോകത്തിൽ സ്ഥിതി ചെയ്യേണ്ടതിന്നു പ്രാത്ഥിച്ചുകൊണ്ടു ഇവിടെ വിരമിക്കുന്നു. സ്വാമിഭക്തൻ.

ബ്രഹ്മശ്രീ പരമഹംസബ്രഹ്മാനന്ദസ്വാമി ശിവയോഗി സൽഗുരു
പാദാരവിന്ദങ്ങളിലെ ഏകോത്തരഷഷ്ടിപൂത്തിതിരുനാൾ
മംഗളാശംസാപദ്യങ്ങൾ.

1 മറകളിൽ മറവായിപ്പെട്ടൊരാ രാജയോഗം
പുറവിലിഹപരത്തീട്ടുള്ള യോഗീശ്വരന്നു്
അറുപതൊടൊരു വഷം പൂണ്ണമായ്വന്നതിന്നീ-
യറിവുടയമഹാത്മാ വാഴണം ദീർഘകാലം

2 ധമ്മാധമ്മമറിഞ്ഞിടാതമിതമാ മജ്ഞാനകമ്മങ്ങളാൽ
വന്മാലേററുവലഞ്ഞുകൊണ്ടുയിർ വെടിഞ്ഞീടുന്ന മാലോകരെ
നിമ്മായംനിജബോധശാശ്വതസുഖംനല്കീട്ടുരക്ഷിച്ചിടും
ബ്രഹ്മാനന്ദമഹാശയൻഭുവിവിളങ്ങീടുന്നുയോഗീശ്വരൻ.

3 ക്ഷീരാംഭോരാശിമദ്ധ്യേ ചുഴുപതിയെയെടുത്തന്ധകാരംകെടുത്തി
പ്പാരാകെക്കാന്തിചത്താവിധമഖിലമതംമദ്ദനം ചെയ്തുബുദ്ധ്യാ

പേരാളുംരാജയോഗക്കുളുർമതിയെയുദിപ്പിച്ചോരീപുണ്യ
(വാനാ-
ണ്ടീരാറാറെട്ടുമൊന്നും സുഖമൊടുതികയുന്നിദ്ദിനംസദ്ദിനം
(താൻ
4 മാലോകർക്കുമാലകററി സുഖമുണ്ടാക്കാനെളുപ്പത്തിലായ്
ശീലിപ്പാനുതകുന്നയോഗവഴിയെപ്പാലിച്ചുമാലെന്നിയെ
പാലോടുന്നനിറംകലർന്നയശസാമൌഢ്യാന്ധകാരംകള-
ഞ്ഞീലോകത്തിനു വെണ്മചേർത്ത ശിവയോഗീന്ദ്രൻ ചിരം
(വാഴണം
5 വെള്ളംതീമണ്ണുകാററും ഗഗനവുമിവയാലുള്ളൊരീ
(യമ്പലത്തി-
ന്നുള്ളിൽദ്ദൈവംവസിക്കെ മുതലുചിലവുചെയ്തമ്പലത്തെ
(ച്ചമച്ചു
കള്ളംകൈവിട്ടുകല്ലിൽക്കവിണുതൊഴുതിടും കൂട്ടരെയുക്തി
(പൂർവ്വം
പിള്ളർക്കുംഹാജയിപ്പാനറിവരുളിയയീയോഗിവാഴേണമെന്നും

11—6—1913 ആനന്ദചന്ദ്രോദയ യോഗശാല,
തളാപ്പ്, കണ്ണൂർ.

ആലത്തൂർ പരിപാവന സിദ്ധാശ്രമത്തെ അലങ്കരിക്കുന്ന
ബ്രഹ്മശ്രീ പരമഹംസ ബ്രഹ്മാനന്ദശിവയോഗീശ്വരൻ
തിരുമനസ്സിലെ സന്നിധാനത്തിൽ അവിടുത്തെ
ശിഷ്യലോകങ്ങളായ അടിയങ്ങൾ സഭയ
ഭക്തി ബഹുമാനാദരം സമർപ്പിക്കുന്ന
മംഗളപത്രം.

ഭഗവൻ യോഗിരാജ! കരുണാപയോധെ!

തിരുമേനി സർവ്വോൽകർഷേണവർത്തിച്ചാലും തിരുമനസ്സിലെ ജന്മർക്ഷമായ ഇന്നു അടിയങ്ങൾക്കു എന്നുവേണ്ടാ സാരഗ്രാഹികൾക്കെല്ലാവർക്കും ഒരു സുദിനമായിത്തീർന്നിരിക്കുന്നു. തിരുമേനിയുടെ ഈ അവതാരദിവസം സാരജ്ഞന്മാരെ സന്തൃപ്തന്മാരാക്കി

ത്തീക്കുന്നതിന്ന പ്രത്യേക കാരണങ്ങൾ ഉണ്ടു്. സ്വച്ഛപ്രവൃത്തതിന്നും സ്വകാൎയ്യസിദ്ധികൾക്കുംവേണ്ടി പുരോഹിതസംഘം ഹിന്തുമതലോകത്തിൽ അവിടവിടെയായിപ്പടുത്തുവെച്ചിരുന്ന ഉല്പക്കോട്ടകൾ ജ്ഞാനസാഗരമായ തിരുമേനിയുടെ യുക്തിവാദങ്ങളാകുന്ന അലകളെക്കൊണ്ടു ഇതാ പുഴങ്ങിവീണുതുടങ്ങിയിരിക്കുന്നു. തത്വാൎത്ഥബോധകങ്ങളായ തിരുമനസ്സിലെ ഗ്രന്ഥരത്നങ്ങൾ തിരുമേനിയുടെ ഭൂതാനുകമ്പയ്ക്കു ഉത്തമദൃഷ്ടാന്തങ്ങളായി സമുല്ലസിക്കുന്നു. ക്ഷണികമായ ഭൌതികാനുഭവത്തെ തൃണവൽ (തൃണംപോലെ) ഗണിച്ചു തത്വസാരത്തെ അവലംബിപ്പിക്കുവാൻ മോക്ഷപ്രദീപങ്ങളായ സിദ്ധഗ്രന്ഥങ്ങൾക്കല്ലാതെ മറ്റൊന്നിന്നും കഴിഞ്ഞിട്ടില്ല. സത്യത്തേയും സാരത്തേയും സധൈൎയ്യം പ്രതിപാദിക്കപ്പെട്ടിട്ടുള്ളതുകൊണ്ടാണു് അന്യസഹായം കൂടാതെ ആ ഗ്രന്ഥങ്ങൾ ലോകത്തിൽ നിരങ്കുശമായി പ്രചരിച്ചുതുടങ്ങിയിരിക്കുന്നതും. വേദപുരാണേതിഹാസാദിസ്വരൂപമായ ഹിന്തുമതമഹാസമുദ്രത്തിൽ ആൎയ്യമഹൎഷിമാർ നിക്ഷേപിച്ചിരുന്ന ആനന്ദമതചന്ദ്രനെ ഉദ്ധരിച്ചിരിക്കുന്ന യോഗീന്ദ്ര! മഹാപ്രഭൊ! മഹാത്മൻ! ഭഗവാന്റെ മഹിമാവിശേഷങ്ങളെ അടിയങ്ങൾ എങ്ങിനെ വൎണ്ണിക്കേണ്ടു. വിഷമദൃഷ്ടികൾ നട്ടുവളൎത്തിയ വൈജാത്യക്കൊട്ടങ്കാട്ടിന്റെ അന്തരാളത്തിൽ അജ്ഞാനതിമിരാന്ധന്മാരായി കൃത്യാകൃത്യജ്ഞാനമില്ലാതെ താമസപ്രകൃതികളായി കിടന്നിരുന്ന അടിയങ്ങൾ, ഹേ യോഗിരാജൻ! തിരുമനസ്സിലെ കരുണയുടെ ഫലമായ രാജയോഗാനന്ദമതചന്ദ്രന്റെ പ്രകാശമാനങ്ങളായ കിരണകന്ദളങ്ങളാൽ ആനന്ദാഹ്ലാദഭരിതന്മാരായിത്തീൎന്നിരിക്കുന്നു എന്നുള്ളതു ഈ അറുപത്തിമൂന്നാമത്തെ തിരുനാളിൽ പ്രത്യേകം ഉൽഘോഷിക്കട്ടെ. സത്യഗുരൊ നമസ്കാരം. സാരവിത്തെ നമസ്കാരം. തിരുമനസ്സിലെ ആയുരാരോഗ്യസൌഖ്യങ്ങളെ അഭിലഷിച്ചുംകൊണ്ടു ഈ എളിയ ശിഷ്യന്മാർ ഇതിനെ ഇവിടെ ഉപസംഹരിക്കുന്നു.

1091 ചിങ്ങം 6-ാംനു-

ഇങ്ങിനെ ആനന്ദലഹരീപരവശന്മാരാക്കി അതിരില്ലാതെ സ്തുതിപ്പിക്കുന്ന രാജയോഗചന്ദ്രന്റെ അവതാരഭൂമിയായ എന്റെ അഹങ്കാരത്തേയൊ ആക്ഷേപിക്കേണ്ടതു, ഈ രാജയോഗചന്ദ്രനെ കൎമ്മകാണ്ഡമേഘപടലത്താൽ ഇതുവരെ മറച്ചുവെച്ചിരുന്ന അവതാരാചാൎയ്യപ്രഭൃതികളുടെ അഹങ്കാരത്തേയൊ ആക്ഷേപിക്കേണ്ടതു്? ഹിന്തുക്കളുടെ ഇടയിൽ ആകാശഗമനം ചെയ്യാനുള്ള വിമാനം ഉണ്ടായിരുന്നപോൽ. അക്കഥ പറഞ്ഞിട്ടു എന്തുഫലം? ഇന്നു ആൎക്കെങ്കിലും അതുകൊണ്ടു ഉപകാരമുണ്ടോ? ഇല്ല. അതുപോലെ അസ്തമിച്ചുപോയ രാജയോഗവിമാനത്തെ ഇപ്പോൾ കണ്ടുപിടിച്ചു ജാതിമതഭേദമെന്നിയെ പലരേയും ആ വിമാനത്തിൽ ഏററി ചിദാനന്ദാകാശപദവിയിൽ സഞ്ചരിപ്പിക്കുന്ന എന്റെ അഹങ്കാരത്തേയൊ നിന്ദിക്കേണ്ടതു്. രാജയോഗവിമാനത്തിൽ കരേറുന്ന സഹോദരന്മാരുടെ കാലിൽപിടിച്ചുവലിച്ചു കീഴ്പെട്ടു ഇട്ടു കൎമ്മകാണ്ഡക്കല്ലിലും മുള്ളിലും ഇട്ടിഴച്ചുകൊല്ലുന്ന ബിംബപ്രതിഷ്ഠാകൎത്താക്കന്മാരായ മൂത്തകൎമ്മികളുടെ അഹങ്കാരത്തേയൊ നിന്ദിക്കേണ്ടതു്? സ്വന്തം സമ്പാദ്യത്തിന്നു അവനും അവന്റെ താഴ്വഴിക്കും മാത്രമേ അവകാശമുള്ളു. അന്യന്മാൎക്കു അവകാശമില്ല, അപ്പോലെ വേദശാസ്ത്രങ്ങൾക്കു ദ്വിജന്മാൎക്കും, തൽസന്തതിക്കും മാത്രമെ അധികാരമുള്ളു. ശൂദ്രനു വേദം കേൾപ്പാൻകൂടി പാടില്ല, ദ്വിജന്മാർ പറഞ്ഞതിനെക്കേട്ടു അടിമയായി കിടന്നുകൊള്ളണം എന്നും മററും നിൎബ്ബന്ധിച്ചിട്ടുള്ള ഹിന്തുമതഗ്രന്ഥങ്ങളേയൊ നിന്ദിക്കേണ്ടതു്? ചന്ദ്രൻ എങ്ങിനെ സകല മനുഷ്യൎക്കും പൊതുവായിട്ടുള്ളതൊ അപ്രകാരം ആ ചണ്ഡാലപൎയ്യന്തമുള്ള ഹിന്തുക്കൾക്കു എന്നുമാത്രമല്ല കൃസ്ത്യാദി ഭിന്നമതക്കാൎക്കും ഹിന്തുവേദം ഒരു പൊതുസ്വത്താണ് എന്നു സ്ഥാപിച്ച എന്റെ മോക്ഷപ്രദീപത്തേയൊ നിന്ദിക്കേണ്ടതു്. പക്ഷഭേദമാകുന്ന പക്ഷവാതരോഗം ഏതിന്നാണു പിടിപെട്ടിട്ടുള്ളതു്? സകല സംസാരവിഷയത്തേയും ഉപേക്ഷിച്ചവൎക്കല്ലാതെ മോക്ഷമാൎഗ്ഗത്തിൽ പ്രവേശിച്ചുകൂടാ എന്നു കല്പിച്ചു ഭയപ്പെടുത്തി

സംസാരികളെ മോക്ഷപദവിയിൽനിന്നു പിൻവലിപ്പിച്ചു ദുഃഖിക്കുമാറാക്കിയ ഹിന്തുമതമോക്ഷശാസ്ത്രങ്ങളേയൊ ആക്ഷേപിക്കേണ്ടതു്? ആ ദുഃഖത്തെ നീക്കുമാറുപദേശിച്ചു സംസാരികളെക്കൂടി രാജയോഗാനന്ദപദവിയിൽ പ്രവേശിപ്പിച്ചു സുഖിപ്പിക്കുന്ന എന്റെ മോക്ഷപ്രദീപാദികളേയൊ ആക്ഷേപിക്കേണ്ടതു്? "അറിവില്ലാത്ത കർമ്മികളുടെ ബുദ്ധിക്കു ഭേദം ജനിപ്പിക്കരുതു്, വിദ്വാനും അവരോടുകൂടി കർമ്മത്തെചെയ്തു യാഗാദി സകല കർമ്മങ്ങളേയും അവരെക്കൊണ്ടു ചെയ്യിപ്പിക്കേണം" എന്നു വിധിച്ചു അറിവില്ലാത്തവർക്കു ഹിന്തുമതതത്വത്തെ അറിവാൻ നിവ്വാഹമില്ലാതെയാക്കി അന്യമതങ്ങളിലേക്കു ഓട്ടിച്ചിട്ടും അജ്ഞാനകർമ്മങ്ങളിൽ അലയിച്ചിട്ടും ദുഃഖിപ്പിക്കുന്ന ഭഗവൽഗീതാദികളേയൊ ആക്ഷേപിക്കേണ്ടതു്? അറിവില്ലാത്തവർക്കു ബുദ്ധിഭേദത്തെ ജനിപ്പിച്ചു അറിവിനെ നൽകി ദുഃഖത്തെഅകററി ആശ്വസിപ്പിക്കുന്ന എന്റെ മോക്ഷപ്രദീപാദി കൃതികളേയൊ ആക്ഷേപിക്കേണ്ടതു്? "ഈശ്വരൻ ഉള്ളിലിരുന്നു മായകൊണ്ടു സവ്വപ്രാണികളേയും ഭ്രമിപ്പിക്കുന്നു. യാഗാദികർമ്മങ്ങളാൽ ഈശ്വരൻ പ്രസാദിച്ചു ചിത്തശുദ്ധിയെ നൽകും" ഇത്യാദിവചനങ്ങളാൽ ഈശ്വരൻ എന്തും ചെയ്യിപ്പിക്കുന്നവനാണു്, ഈശ്വരൻ പ്രതിഫലേച്ഛുവാണു് പൂജാപ്രിയനാണു്, സംസാരസമുദ്രത്തിൽ മുങ്ങിപ്പൊങ്ങി മയങ്ങി കരകാണാതെ കരയുന്ന തന്റെ കൊച്ചുകുഞ്ഞുങ്ങൾ കൈക്കൂലി കൊടുത്താലെ കര കയററു, അതു നിർദ്ദയനാണു്, ഈശ്വരൻ വികൃതിയാണു്, സവ്വദുർഗ്ഗുണനിധിയാണു്, എന്നു ആക്ഷേപിപ്പാൻ ഇടവരുത്തിയ ഭഗവൽഗീതാദി വചനങ്ങളേയോ ആക്ഷേപിക്കേണ്ടതു്. "തണലിനോടു ദേഹത്തെ ചേർത്താൽ ഏവനും താപം നീങ്ങും തണുപ്പും സിദ്ധിക്കും. അപ്രകാരം ആനന്ദത്തോടു "ഈശ്വരനോടു മനസ്സിനെ ചേർത്താൽ ഏവനും ദുഃഖം നീങ്ങും. ആനന്ദവും സിദ്ധിക്കും. തണലിന്നു പക്ഷഭേദങ്ങൾ ഇല്ല, അപ്രകാരം ഈശ്വരനും പക്ഷഭേദാദിദോഷങ്ങൾ ഇല്ല" എന്നുപദേശിച്ചു ഈശ്വരനെ കുററക്കാരനാക്കാതെ ശാശ്വതാനന്ദാവസ്ഥയെ സ്ഥാപിക്കുന്ന എന്റെ മോക്ഷപ്രദീപാദി

വചനങ്ങളേയൊ ആക്ഷേപിക്കേണ്ടതു്? സ്വസമുദായത്തിന്റെ ഉന്നതിക്കു ജ്ഞാനവിശേഷത്തെയാണു ഉണ്ടാക്കി കൊടുക്കേണ്ടതു എന്നറിയാതെ ബ്രാഹ്മണർ കാട്ടിക്കൂട്ടുന്നതുപോലെ കാണിക്കുന്നതാണു് ഉന്നതി എന്നു കരുതി ബിംബപ്രതിഷ്ഠയെ ചെയ്തുകൊടുത്തു പൂണുനൂലിടുവിച്ചു മുഖത്താർ ഉടുപ്പിച്ചു ശാന്തിക്കോലം കെട്ടിച്ചുവിടുന്ന ശൂദ്രാദി സമുദായാചാൎയ്യന്മാരുടെ പ്രവൃത്തിയേയൊ ആക്ഷേപിക്കേണ്ടതു്? ജാതിമതഭേദമെന്നിയെ സൎവ്വസമുദായത്തിന്നും യോഗജ്ഞാനവിശേഷത്തെ നൽകുന്ന എന്റെ കൃതികളേയൊ ആക്ഷേപിക്കേണ്ടതു്? മലയാള തറവാടുകളിലെ ചില കാരണവന്മാർ കഞ്ഞിക്കൂടി കൊടുക്കാതെ കുഞ്ഞുകുട്ടി സഹിതം കുടുംബത്തെ പട്ടിണിയിട്ടു പരിതപിക്കുന്നതുപോലെ ഏകാദശ്യാദിവ്രതങ്ങളാൽ ഹിന്തുക്കളെ പട്ടിണിയിട്ടു പരിതപിപ്പിക്കുന്ന കർമ്മകാണ്ഡക്കാരണവരേയൊ ദൂഷിക്കേണ്ടതു്? ആ കാരണവരുടെ കൈകാൎയ്യത്തെ ദുർബ്ബലപ്പെടുത്തി സുഖഭോജന സന്തുഷ്ടന്മാരാക്കി ആനന്ദിപ്പിക്കുന്ന എന്റെ മോക്ഷപ്രദീപന്യായാധിപതിയേയൊ ദൂഷിക്കേണ്ടതു്?

"സുഖഭോജനസന്തുഷ്ടോ ദേഹരക്ഷണതൽപരഃ
സാക്ഷീഭൂതാഭ്യസേൽധീമാൻ ശിവയോഗമനുത്തമം"

ദേഹഹിതമായ ഭക്ഷണത്തെ കഴിച്ചു ദേഹത്തെ സംരക്ഷിച്ചുകൊണ്ടു, സന്തുഷ്ടനായി മനസ്സിന്നു സാക്ഷിയായിരുന്നുംകൊണ്ടു ഉത്തമോത്തമമായ രാജയോഗത്തെ അഭ്യസിക്കേണമെന്നല്ലയൊ ഈ പ്രമാണത്തിന്റെ അൎത്ഥം? വെയിലും, മഴയും, മഞ്ഞും, കാററും മററും ഏററ ഏററവും ദുഃഖിച്ചു ക്ഷേത്രതീൎത്ഥഭ്രമത്താൽ ദിശിദിശി ഭ്രാന്തന്മാരെപ്പോലെ ഹിന്തുക്കളെ ഓടി അലയിക്കുന്ന കർമ്മകാണ്ഡദുർദേവതയേയൊ നിന്ദിക്കേണ്ടതു്? ആ ദുർദേവതാബാധയെ നീൎത്തി ഗാത്രക്ഷേത്രാത്മതീൎത്ഥത്തിൽ മുക്കി ആനന്ദിപ്പിക്കുന്ന എന്റെ മോക്ഷപ്രദീപദിവ്യശക്തിയേയൊ നിന്ദിക്കേണ്ടതു്? "വേദശാസ്ത്രാദികളിൽ പറഞ്ഞിട്ടുള്ളതിനെപ്പററി നമുക്കു എന്താ ആലോചിപ്പാനുള്ളതു്? അതെല്ലാം ഈശ്വരനാലും

മഹഷിപ്രഭൃതികളാലും വിധിക്കപ്പെട്ടതും നമ്മുടെ പൂർവ്വന്മാരാൽ ആചരിക്കപ്പെട്ടതും അല്ലയൊ? എന്നും മററും അഭിപ്രായപ്പെട്ട ജാതിഭേദവിഗ്രഹാരാധനാദികളുടെ ദോഷത്തെപ്പററി അണുവോളവും ആലോചിപ്പാൻകൂടി അനുവദിക്കാതെ അനേകംപേരെ അന്ധവിശ്വാസത്തിൽതന്നെ ആണ്ടുകിടക്കുമാറാക്കുന്ന പണ്ഡിതന്മാരുടെ കൃതികളേയൊ ആക്ഷേപിക്കേണ്ടതു്? ആ പണ്ഡിതന്മാരുടെ അഭിപ്രായത്തെയും, കൃതികളേയും, അന്ധവിശ്വാസത്തേയും അടിയോടെ തട്ടിത്തകൎത്തു അസാരാംശത്തെ നീക്കി സാരാംശത്തെ കണ്ടുപിടിപ്പാൻ ബുദ്ധിശക്തിയുക്തികളേയും, ആലോചനയേയും, ആനന്ദത്തെയും നൽകുന്ന എന്റെ കൃതികളേയൊ ആക്ഷേപിക്കേണ്ടതു്? എന്റെ കൃതികളെ വായിച്ചു ബഹുപേർ അന്ധവിശ്വാസത്തെ വിട്ടു "ആനന്ദചന്ദ്രോദയാ"ദി രാജയോഗശാലകളെ ഏർപ്പെടുത്തിയിരിക്കുന്നു. അവർ അനുഭവിച്ച ആനന്ദാതിശയാവസ്ഥയെ ആനന്ദസോപാനത്തിൽ കൊട്ടിഘോഷിച്ചിരിക്കുന്നു. ഇങ്ങിനെ രാജയോഗാനന്ദത്തെപററി ആശ്ചയ്യപ്പെട്ടു അളവില്ലാതെ പ്രശംസിപ്പാനൊ ഒരു രാജയോഗശാലയെ ഏർപ്പെടുത്തുവാനൊ ഭഗവൽഗീതാദിപാരായണക്കാൎക്കൊ, ഹിന്തുമതവേദശാസ്ത്രാദികളെല്ലാം അരച്ചുകലക്കി ആചമിച്ച ആചായ്യന്മാൎക്കൊ, ഞാൻ യോഗി, ഞാൻ ജ്ഞാനി, ഞാൻ അന്താനന്ദൻ, ഞാൻ ഇന്താനന്ദൻ, ഞാൻ അമിതാനന്ദൻ. ഞാൻ സ്വാമിയാർ, ഞാൻ പരമഹംസൻ എന്നുംമററും വലിയ വലിയ പേരിനെ സമ്പാദിച്ച കെങ്കേമന്മാൎക്കൊ, പ്രഭുപ്രമാണിപ്രഭൃതികൾക്കൊ ഇതേവരെ സംഗതി വന്നുവൊ? ഇല്ല. എന്റെ പുസ്തകത്തെ വായിച്ചവൎക്കല്ലയൊ അതിന്നു സംഗതി വന്നതു്? ഈ ഏക സംഗതി കൊണ്ടുതന്നെ ഹിന്തുമതവേദശാസ്ത്രാദികളേക്കാൾ അജ്ഞാനതിമിരനിരാകരണത്തിലും ആനന്ദാതിശയദാനത്തിലും അധികശക്തിവിശേഷം എന്റെമോക്ഷപ്രദിപാദികൾക്കു ഉണ്ടെന്നുള്ളതു പ്രത്യക്ഷപ്പെട്ടിരിക്കുന്നുവല്ലൊ. മേൽപറയപ്പെട്ട യോഗ്യന്മാൎക്കു യോഗാനന്ദത്തെ അനുഭവിപ്പാൻ സംഗതിവന്നിരുന്നു

എങ്കിൽ അവർ അതിനെ പ്രശംസിക്കും. യോഗശാലകളെ ഏൎപ്പെടുത്തും, യോഗത്തെ പ്രചരിപ്പിപ്പാൻവേണ്ടി എന്തുംചെയ്യും. എന്നതിനെ ഒരു ദൃഷ്ടാന്തംകൊണ്ടു ഞാൻ തെളിയിക്കാം. "അധരമധുവധൂനാംഭാഗ്യവന്തഃപിബന്തി" "നീവിമോക്ഷോഹിമോക്ഷഃ" സ്ത്രീകളുടെ അധരമധുവിനെ പാനംചെയ്യുന്നവർ ഭാഗ്യവാന്മാരാകുന്നു. സ്ത്രീകളുടെ നീവിയെ മോചിക്കുന്നതാണു (തുണിക്കുത്തഴിക്കുന്നതാണു) മോക്ഷം എന്നു മഹാകവികൾ വൎണ്ണിച്ചിരിക്കുന്നു. സ്ത്രീകളുടെ കചകുചാദികളായ ഓരോ അംഗങ്ങളെപ്പററി വൎണ്ണിച്ചു കവിതകൾ കെട്ടീട്ടുള്ളതിനു കയ്യും കണക്കുമില്ല, ഇന്നും അങ്ങിനെ തന്നെ. സ്ത്രീവിഷയത്തിലേക്കു സൎവ്വസ്വത്തിനേയും ജീവിതത്തേയുംകൂടി സമൎപ്പണം ചെയ്യുന്നു. സ്ത്രീസംഗസുഖത്തെ അനുഭവിച്ചതുകൊണ്ടാണു ഇങ്ങിനെ ചെയ്യുന്നതും ചെയ്തിട്ടുള്ളതും ഇതുപോലെ ആത്മസംഗസുഖത്തെ (യോഗാനന്ദത്തെ) അനുഭവിച്ചിരിക്കുന്നു എങ്കിൽ ഇന്നുള്ളവർ അനേക കവിതകൾകൊണ്ടു യോഗാനന്ദത്തേയും അതിരില്ലാതെ സ്തുതിക്കുമായിരുന്നു. പണത്തെ തൃണംപോലെ ഗണിക്കാതെ യോഗശാലകൾക്കും യോഗപ്രചാരത്തിനുംവേണ്ടി വീശി എറിയുകയും ചെയ്യുമായിരുന്നു. യാഗവ്രതവിഗ്രഹാരാധനാദികൎമ്മങ്ങൾ യോഗവിഘ്നങ്ങളാകുന്നു. യോഗജ്ഞാനത്തിനു ഒരിക്കലും ഒരുവിധത്തിലും ആദിപടവാകുയില്ല എന്നും കൊട്ടിഘോഷിക്കുമായിരുന്നു. അങ്ങിനെചെയ്യുന്നതോ ഇല്ല. ആ ആനന്ദപ്രദമായ യോഗത്തിൻെറ സ്മാരകമായിട്ടെങ്കിലും ഒററയോഗശാലയെ ഏൎപ്പെടുത്തിയിട്ടുണ്ടോ? അതും ഇല്ല. എന്നല്ലയോഗവിരോധികളായ യാഗവിഗ്രഹാരാധനാക്ഷേത്രനിൎമ്മാണാദികൾക്കുവേണ്ടി അനേകായിരംഉറുപ്പിക ചിലവുചെയ്തുകൊണ്ടും ഇരിക്കുന്നു. "യോഗം ആദിയിൽ അഭ്യസിച്ചുകൂടാ, ഏവൎക്കും അഭ്യസിച്ചുകൂടാ, ആദിയിൽ വിഗ്രഹാരാധനാദികളാണു വേണ്ടതു"' എന്നു പ്രസംഗംകൊണ്ടും പുസ്തകമെഴുതിയിട്ടും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. യോഗപ്രസിദ്ധ വിസ്മയാനന്ദചിഹ്നങ്ങളായ മണിനാദജ്യോതിസ്സുകളെ നാം വൎണ്ണിച്ചതിനെ കേട്ടു "ചെകിടടപ്പു" എന്ന കൎണ്ണരോഗംകൊണ്ടാണു നാദം കേൾ

ക്കുന്നതു, നേത്രരോഗംകൊണ്ടാണു സൂൎയ്യാദിജ്യോതിസ്സുകളെ കാണുന്നതു" എന്നു എഴുതി പ്രസിദ്ധം ചെയ്തിരിക്കുന്നു. ഇപ്രകാരമെല്ലാം ചെയ്തവരും ചെയ്യുന്നവരുമായ കൎമ്മവേദാന്തി യോഗികൾ സ്വപ്നേപി യോഗാനന്ദത്തെ അനുഭവിച്ചവരല്ലാ എന്നതു അവരുടെ വ്യാപാരംകൊണ്ടുതന്നെ തെളിയുന്നുവല്ലൊ. അനുഭവിച്ചവരാണെങ്കിൽ യോഗത്തെ ഉദ്ധരിക്കാതെ മേൽപറഞ്ഞ പ്രകാരം യോഗത്തിന്നു വിരോധമായി പ്രവൃത്തിക്കുമൊ? സ്ത്രീവിഷയത്തിൽ ആസക്തൻ അതിന്നു വിരോധമായി പ്രവൃത്തിക്കുന്നുണ്ടൊ? കള്ളുകുടിയനും കഞ്ചാവുകുടിയനും കൂടി കുടിക്കു വിരോധത്തെ ചെയ്യുന്നുണ്ടൊ? ഇല്ല. എന്നല്ല സ്ത്രീമദ്യപാനാദിവിഷയങ്ങളിൽ ലജ്ജയില്ലാതെ അനവധി പണത്തെ നശിപ്പിക്കുന്നു, കായത്തേയും കെടുക്കുന്നു. രസം പിടിപെടുകയാൽ നികൃഷ്ടവിഷയങ്ങളിൽകൂടി ഇങ്ങിനെ ജനങ്ങൾ പ്രവൃത്തിക്കുമ്പോൾ രാജയോഗരസം പിടിപെട്ടാൽ പിന്നെ പറയേണ്ടതുണ്ടൊ? അതിൽ രസിച്ചു അതിനെ എല്ലാവൎക്കും ഉപകാരപ്പെടുത്തുവാൻ ശ്രമിക്കുന്നതല്ലാതെ പണ്ഡിതപ്രഭൃതികൾ ക്ഷേത്രനിൎമ്മാണ വിഗ്രഹാരാധനാദി ദുഃഖകൎമ്മങ്ങളിൽ ജനങ്ങളെ ഒരിക്കലും ചാടിക്കയില്ല. നാളികേരത്തിന്റെ അന്തൎഭാഗത്തിലുള്ള ആസ്വാദ്യാംശത്തെ ഭുജിച്ചവർ, ആദ്യം ചകിരി തിന്നേണം, പിന്നെ ചിരട്ട തിന്നേണം, അതിന്നുശേഷമെ അന്തൎഭാഗത്തിലുള്ള അംശം തിന്നുകൂട എന്നുപദേശിച്ചു കുട്ടികളെ കഷ്ടത്തിൽ പെടുത്തുകയില്ല. ചകിരിയും, ചിരട്ടയും തിന്നേണം എന്നുപദേശിക്കുന്നതുപോലെയാണു ആദിയിൽ വിഗ്രഹാരാധനാദി കൎമ്മങ്ങളെ അനുഷ്ഠിക്കേണമെന്നു വിധിക്കുന്നതു. ഇങ്ങിനെയുള്ള കൎമ്മകാണ്ഡപ്രവൎത്തകന്മാരുടെ ശാസ്ത്രാൎത്ഥജ്ഞാന സാമൎത്ഥ്യത്തേയും വാചാലതയേയും വ്യാഖ്യാനങ്ങളേയും, തൎജ്ജമകളേയും, സർട്ടിഫിക്കറ്റുകളേയും കണ്ടു ഭ്രമിച്ചു ഇവർ പറയുന്നതു പരമാൎത്ഥമെന്നു വിശ്വസിച്ചു സുഖസാദ്ധ്യമായ യോഗത്തെ വിട്ടു ദുഃഖകൎമ്മകാണ്ഡത്തിൽ പതിക്കരുതു. ഇവർ താഴെ പറയുന്ന ശ്ലോകത്തിന്നു ഉദാഹരണഭൂതന്മാരാകുന്നു.

"യേതുവിദ്യാൎത്ഥവിജ്ഞാനെ വിദ്വാംസ ഇതികീൎത്തിതാഃ
ആത്മതത്വംനജാനന്തി ദൎവ്വീപാകരസംയഥാ"

എന്നു അമനസ്കഖണ്ഡം. അൎത്ഥം—ശാസ്ത്രങ്ങളുടെ അൎത്ഥത്തെ അറിയുന്നതുകൊണ്ടു വിദ്വാന്മാർ എന്നു ശ്രുതിപ്പെട്ടവർ ദൎവ്വി (ചട്ടകം) പാകം ചെയ്യുന്ന പദാൎത്ഥത്തിന്റെ രസത്തെ അറിയാത്തതുപോലെ ആനന്ദതത്വത്തെ അറിയാത്തവരാകുന്നു. ആനന്ദതത്വത്തെ അറിയാത്ത ഇത്തരം വാചാ ജ്ഞാനികളുടെ കൃതികളെക്കണ്ടു കൎമ്മികൾ കിടുകിടെ വിറയ്ക്കുന്നു. അതിന്നു പ്രമാണം.

"ഇദംപാപമിദംപുണ്യമിതിബിഭ്യതികൎമ്മാഃ
ദൃഷ്ട്വാകൈതവശാസ്ത്രാണിവാഗ്ഡംഭഘടിതാനിവൈ"
"തേഷാംഗത്യന്തരംസിദ്ധം ജന്മമൃത്യുജരാസ്പദം"

എന്നു ശിവജ്ഞാനദീപികാ അൎത്ഥം—പണ്ഡിതംമാനികളാൽ നിൎമ്മിക്കപ്പെട്ട കപടശാസ്ത്രങ്ങളെ കണ്ടിട്ടു "ഇതു പാപം ഇതു പുണ്യം" എന്നിങ്ങിനെ കൎമ്മികൾ ഭയപ്പെടുന്നു. അവൎക്കുള്ള ഗതി ജനനമരണ ജരാദുഃഖംതന്നെ. ഇത്രയും പറഞ്ഞതു ആട്ടിനെ നായാക്കിയതുപോലെയും ജീവിച്ചിരിക്കുമ്പോൾ തന്നെ പ്രസിദ്ധപ്പെട്ട ബൽഹണകവിയെ പിശാചാക്കിയതുപോലെയും എന്നെയും എന്റെ രാജയോഗാനന്ദ കൃതികളെയും തെററിദ്ധരിപ്പിക്കുന്ന കൎമ്മവേദാന്തിയോഗി പ്രഭൃതികളുടെ ദുസ്സാമൎത്ഥ്യമാകുന്ന മേഘപടലത്താൽ ഇനിയും രാജയോഗചന്ദ്രൻ തീരെ മറഞ്ഞു സൎവ്വത്ര അജ്ഞാനതിമിരം വന്നു മൂടാതെ ഇരിപ്പാൻവേണ്ടിയാകുന്നു. ആത്മപ്രശംസക്കു വേണ്ടിയല്ല. ആത്മപ്രശംസാ എന്നതിന്നു അൎത്ഥം—ആത്മാവിനെ പ്രശംസിക്കുക=തന്നെ പുകഴ്ത്തുക എന്നാകുന്നു. തന്നെപ്പുകഴ്ത്തികളാണു ആത്മപ്രശംസകന്മാരാണു ഹിന്തുക്കൾ. എന്തുകൊണ്ടെന്നാൽ "ഞങ്ങൾ ആൎയ്യന്മാരാണു=ശ്രേഷ്ഠന്മാരാണു" എന്നു ഹിന്തുക്കൾ പ്രശംസിക്കുന്നു, അന്യന്മാർ ശ്രേഷ്ഠന്മാരല്ലാ എന്നും തീൎച്ചപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടാണ് കൃസ്ത്യാദി ഭിന്നമതക്കാരെ ആരേയും ഹിന്തുക്കളുടെ ക്ഷേത്രാദികളിൽ കടത്താത്തതും ഹിന്തുമതത്തിൽ ചേ

ത്താത്തതും അവരോട് കൂടികഴിയാത്തതും അവരെ തൊട്ടാൽ കുളിക്കുന്നതും. ഇങ്ങിനെ ചെയ്യുന്ന ഹിന്തുക്കളെപ്പോലെ ഭേദദൃഷ്ടിയുള്ള തന്നെത്താൻപൂകഴ്ത്തികൾ (ആത്മപ്രശംസകന്മാർ) ലോകത്തിൽ ഒരു മതക്കാരും ഇല്ല. ഈ സ്ഥിതിക്കു ഞാൻ ആത്മപ്രശംസകനായിത്തീന്നാൽകൂടിയും ആക്ഷേപിപ്പാൻ അവകാശമുണ്ടോ? ഹിന്തുക്കളുടെ ആത്മപ്രശംസയാകുന്ന സാംക്രമികരോഗം (പകച്ച്വ്യാധി) എന്നേയും പിടിപെട്ടു എന്നു സമാധാനിപ്പാനല്ലയൊ അവകാശമുള്ളതു? ഞാൻ ഈശ്വരനാണു ഞാൻ അവതാരമാണു്, ഞാൻ ലോകഗുരുവാണു്, എന്നെ പൂജിക്കേണം, എന്നെ നമസ്കരിക്കേണം എന്നും മററും അനേക വിധത്തിൽ ഹിന്തുമതകത്താക്കന്മാർ ആത്മപ്രശംസയെ ചെയ്തിരിക്കുന്നു. ഞാൻ അങ്ങിനെ ചെയ്തിട്ടില്ല. അഥവാ അങ്ങിനെ ഞാൻ ആത്മപ്രശംസയെ ചെയ്താൽകൂടിയും എന്നെ ആക്ഷേപിപ്പാൻ അവകാശമുണ്ടോ? ഹിന്തുമതകർത്തൃപ്രഭൃതികളുടെ ആത്മപ്രശംസയാകുന്ന സാംക്രമികരോഗം എന്നെയും പിടിപെട്ടു എന്നു സമാധാനിപ്പാനല്ലയൊ അവകാശമുള്ളതു? ഹിന്തുക്കളുടേയും ഹിന്തുമതകത്താക്കന്മാരുടേയും ആത്മപ്രശംസാ, എത്രയാ യോഗ്യതയുള്ള ഈ ഇന്ത്യാഭൂമിദേവിയെ (ഭാരതഖണ്ഡത്തെ) ജാതിഭേദകുഷ്ഠരോഗിണിയും പക്ഷഭേദപക്ഷവാതരോഗിണിയും. അജ്ഞാനതിമിരരോഗിണിയും കമ്മകാണ്ഡദുഷ്ടദേവതാവിഷ്ടയുമാക്കി നികൃഷ്ടയാക്കിത്തീക്കുന്നതുപോലെ എന്റെ ആത്മപ്രശംസാ ദൂഷിപ്പിക്കുന്നില്ല. ഈ ഭൂദേവിയെ പ്രസ്തുത കുഷ്ഠരോഗദുഷ്ടദേവതാബാധയിൽനിന്നു വിമുക്തയാക്കി രാജയോഗ രാജിതയാക്കി വിശിഷ്ടയാക്കുന്നതാണ് എന്റെ ആത്മപ്രശംസ.

ജാതിഭേദാദികൾകൊണ്ടു ഈ ഭൂദേവിയെ നികൃഷ്ടയാക്കീട്ടുണ്ടു്. (ഹിന്തുക്കൾ പതിച്ചിട്ടുണ്ടു്) എന്നതു അനുഭവസിദ്ധമാണു്. അതിന്നു പ്രമാണം വേണ്ട. എങ്കിലും ഒന്നിരിക്കട്ടെ.

''ഏതസ്മിൻഭാരതേവർഷേ നാനാകമ്മപ്രവൎത്തകാഃ
ജാതിമാനാഭിഭൂതാശ്ചകൃതഘ്നാസ്സത്യവജ്ജിതാഃ''

എന്നു ശിവജ്ഞാനദീപികാ. അൎത്ഥം—ഈ ഭാരതഖണ്ഡത്തിലുള്ളവർ യാഗവിഗ്രഹാരാധനാദി നാനാകൎമ്മപ്രവൎത്തകന്മാരാകുന്ന ജാതിഭേദാഭിമാനത്താൽ പരവശപ്പെട്ടവരാകുന്നു. കൃതഘ്നന്മാരാകുന്ന (കൃതംഘ്നന്തീതി കൃതഘ്നാഃ) ചെയ്തതിനെ നശിപ്പിക്കുന്നവരാകുന്നു. എന്നാൽ മഹാത്മാക്കൾ ചെയ്ത യോഗജ്ഞാനത്തെ കെട്ടത്തവരാകുന്നു എന്നുസാരം. സത്യം വിട്ടവരാകുന്നു= സത്യത്തെ ആത്മസ്വരൂപത്തെ പ്രാപിക്കാത്തവരാകുന്നു എന്നഭിപ്രായം. യോഗജ്ഞാനത്തെ വിട്ടു ജാതിഭേദാചാര വിഗ്രഹാരാധനാദി കൎമ്മങ്ങളിൽ പെട്ടാൽ സത്യത്തെ വിട്ടു വട്ടത്തിൽ തിരിയുക എന്നല്ലാതെ മറെറന്തു ഗതി? കേൾക്കുക


"സ്വസ്വവൎണ്ണാശ്രമാചാരനിരതാഃ സൎവ്വമാനവാഃ
നജാനന്തി പരം ധൎമ്മം വൃഥാനശ്യന്തിഡാംഭികാഃ"

(എന്നു ഗാരുഡം) അൎത്ഥം—ഞാൻ ഇന്ന ജാതി, ഞാൻ ഇന്ന ആശ്രമി, എന്റെ ആചാരം ഇന്നത് എന്നിങ്ങിനെ അവനവന്റെ ജാത്യാചാരങ്ങളിലും ആശ്രമാചാരങ്ങളിലും ശ്രദ്ധിച്ചിരിക്കുന്ന മനുഷ്യന്മാരാരും മോക്ഷധൎമ്മത്തെ അറിയുന്നില്ല.

അഭിമാനികളായി വൃഥാ നശിച്ചുപോകുന്നു. ഈ പ്രമാണത്തിന്നു ഉദാഹരണഭൂതന്മാരായിട്ടുതന്നെ ഹിന്തുക്കൾ കാലം കഴിക്കുന്നതു കഷ്ടംതന്നെ. പണ്ടുപണ്ടേയുള്ള കൎമ്മഠന്മാരുടെ അവസ്ഥ മേൽകാണിച്ച പ്രമാണപ്രകാരം ഇരിക്കുമ്പോൾ ഇക്കാലത്ത് പുതിയ പൂണുനൂൽ ധാരണയോടുകൂടി പലതരക്കാരും കൎമ്മകാണ്ഡക്ലാസ്സിൽ ചേൎന്നതും ചേരുന്നതും കഷ്ടത്തിലുംവെച്ചു മഹാകഷ്ടംതന്നെ.

"ഗതാനുഗതികോലൊകോനലോകഃപാരമാൎത്ഥികഃ"

മുമ്പു നടന്നവരെ പിന്തുടരുക എന്നല്ലാതെ ലോകം പരമാൎത്ഥത്തെ നോക്കുന്നില്ല എന്ന ഈ വചനം പ്രബലമായിട്ടുതന്നെ ഇരിക്കുന്നു. ഹേ ആക്ഷേപക! അങ്ങിനെയാവട്ടെ, നിണക്കു സ്വസ്തി ഭവിക്കട്ടെ.



അനുഗ്രഹപദ്യം

ആകല്പം വിലസിച്ചിടട്ടെ ഭുവിമന്മോക്ഷപ്രദീപാദികൾ
യോഗക്ഷേമമുദിച്ചിടട്ടെ യവയാലോടട്ടെ കർമ്മഭ്രമം
ശോകംവിട്ടു വസിച്ചിടട്ടെ നിതരാം ലോകത്തിലെല്ലാവരും
സ്തോകംപോലുമുപദ്രവം കൊതുവിനും തട്ടാതിരിക്കട്ടെമേൽ.

ഇതി ബ്രഹ്മാനന്ദസ്വാമി ശിവയോഗി
വിരചിതേ ആനന്ദവിമാനേ
ആക്ഷേപസമാധാനപ്രകരണം സമാപ്തം.
ആനന്ദ ഏവ വിജയതേ
അഹിംസൈവ പരമോധർമ്മഃ



ബ്രഹ്മാനന്ദസ്വാമി ശിവയോഗി സിദ്ധഗ്രന്ഥങ്ങൾ.

ആനന്ദാദർശം	(1927)	2	8	0
ആനന്ദാദർശാംശം	(1928)	0	6	0
ടി. ഇംഗ്ലീഷിൽ	(1935)	0	8	0
ടി. ഹിന്ദിയിൽ	(1935)	0	8	0
മോക്ഷപ്രദീപം	(1905)	2	0	0
ടി. ഹിന്ദിയിൽ	(1929)	2	8	0
ടി. തമിഴിൽ	(1949)	3	0	0
ടി. ഇംഗ്ലീഷിൽ	(1950)	5	0	0
ആനന്ദസോപാനം	(1913)	1	4	0
ആനന്ദവിമാനം	(1916)	1	4	0
ആനന്ദസൂത്രം	(1910)	1	4	0
ടി. തമിഴിൽ	(1935)	1	0	0
ടി. ഇംഗ്ലീഷിൽ	(1951)	3	0	0
സിദ്ധാനുഭൂതി	(1903)	0	7	0
വിഗ്രഹാരാധനഖണ്ഡനം	(1916)	0	5	0
ടി. തമിഴിൽ	(1953)	0	6	0
ആനന്ദമതപരസ്യം	(1919)	0	4	0
ടി. ഇംഗ്ലീഷിൽ	(1951)	0	8	0
ആനന്ദകമ്മി	(1920)	0	4	6
സ്ത്രീവിദ്യാപോഷിണി	(1899)	0	4	0
ആനന്ദകല്പദ്രുമം	(1905)	0	3	6
ശിവയോഗരഹസ്യം	(1893)	0	3	0
രാജയോഗപരസ്യം	(1914)	0	3	0
ആനന്ദഗുരുഗീത	(1928)	0	4	0
ആനന്ദഗാനം	(1923)	0	2	0

ആവശ്യപ്പെടേണ്ടും വിലാസം:—

യോഗിനീദേവി, ആനന്ദമതാദ്ധ്യക്ഷാ

ബ്രഹ്മാനന്ദസ്വാമി ശിവയോഗി സിദ്ധാശ്രമം

ആലത്തൂർ പോസ്റ്റ്, (S. മലബാർ).